KOTTAYAM PUBLIC LIBRARY
Call No. 200 Acc. No. 13911
ടീലാർ, ജി. സി.
അമ്മച്ചി

116

# അമ്മച്ചി

13911

ജി. സി. ടീലാർ

NATIONAL BOOK STALL
SPCS LTD.

Printed and Published by P. A. Joseph
for the proprietor at the L. F. Industrial Press,
Thevara 1962.

0/60

Reprint from Kudumbadeepam

*Copyright Reserved*

# പ്രസ്താവന

പത്രാധിപപ്പണിയിൽ കാൽശതാബ്ദം കഴിച്ചുകൂട്ടിയിട്ടുള്ള എൻെറ സ്നേഹിതൻ ഫാദർ ലേത്തൂസ് ഒരിക്കൽ എന്നോടു ചോദിച്ചു "ഏതു ഗ്രന്ഥത്തെ അവലംബമാക്കിയാണു അങ്ങ് 'അമ്മച്ചി' എഴുതുന്നതു്" എന്നു! എൻെറ ഈ "അമ്മച്ചി"യെപ്പററി ഈ ചോദ്യം ഇനിയും പലരിൽനിന്നും ഉണ്ടായേക്കാൻ സാധ്യതയുണ്ടു്. അതിനാൽ ജിജ്ഞാസുക്കൾക്കുവേണ്ടി അതിൻെറ മറുപടി ഇവിടെ എഴുതിക്കൊള്ളട്ടെ.

കടലാസ്ഗ്രന്ഥങ്ങളെക്കാൾ ഞാൻ വിലമതിക്കുന്ന വേറൊരുതരം ഗ്രന്ഥങ്ങളുണ്ടു്. ചോരയും നീരും ഓടുന്ന ഗ്രന്ഥങ്ങളാണവ. മനുഷ്യരിൽനിന്നും നേരിട്ടു ലഭിക്കുന്നിടത്തോളം ആശയങ്ങൾ അലമാരിയിൽ തിങ്ങിയിരിക്കുന്ന പുസ്തകങ്ങളിൽ നിന്നും നമുക്കു കിട്ടുകയില്ലെന്നുള്ള അഭിപ്രായമാണു എനിക്കുള്ളതു്. ഏതാണ്ടൊരുട്ടക്കിനു സംസാരിക്കുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നു. നല്ല സംസാരം എത്രനേരം കേട്ടിരിക്കുവാനും എനിക്കു മടുപ്പില്ല. ഓരോ മനുഷ്യനും സംസാരിക്കുന്നതെന്താണ്?

ഓരോരുത്തർക്കു് പറയാനുണ്ടു് പല കാര്യങ്ങൾ. മനുഷ്യൻെറ നാവു സംസാരിക്കുന്നു എന്നു നമുക്കു തോന്നും. യഥാർത്ഥത്തിൽ അയാളുടെ സ്വഭാവമാണു സംസാരിക്കുന്നതു്. അയാൾ എന്തും പറഞ്ഞുകൊള്ളട്ടെ. തൈരു കടഞ്ഞു നെയ്യെടുക്കുന്നതുപോലെ, നിരീക്ഷണ ബുദ്ധികൾക്കു്, ഒരുവൻെറ സംസാരത്തിൽ നിന്നു് അയാളുടെ സ്വഭാവം ഗ്രഹിക്കാം. തന്നെപ്പററിത്തന്നെ പഠിക്കുന്നതാണു് ഏററം വലിയ ജ്ഞാനം എന്നു ഗ്രീക്കു താത്വികന്മാർ പറയാറുണ്ടായിരുന്നു. തന്നെത്തന്നെയും മററുള്ളവരെയുംകൂടി പഠിച്ചാൽ പഠനം പൂർത്തിയായി എന്നു പറയാമായിരിക്കും.

പുസ്തകം വായിക്കുന്നവർ പുസ്തകത്തോടു സംസാരിക്കാറില്ലല്ലോ. എൻെറ "ഗ്രന്ഥങ്ങ"ളുടെ മുമ്പിൽ ഞാനും സംസാരിക്കാറില്ല. മററുള്ളവർ സംസാരിക്കുന്നതു കേട്ടു ഞാൻ അങ്ങനെ നിന്നുപോകും. അനേകം പുരുഷന്മാരുടേയും സ്ത്രീകളുടെയും സംസാരം ഞാൻ കേട്ടിട്ടുണ്ടു്. ഞാൻ സംസാരിക്കേണ്ട അവസരം ദുർലഭമായേ എനിക്കുണ്ടായിട്ടുള്ളു. അതുകൊണ്ടായിരിക്കാം ഞാൻ ഒരെഴുത്തുകാരനായിത്തീർന്നതു്. വായിക്കുന്നതിനേക്കാൾ കേൾക്കുന്നതിനെപ്പററിയാണു് ഞാൻ കൂടുതലായി ചിന്തിക്കുക. "അമ്മ" മാസികയിൽ

വരുന്ന "ആത്മകഥകൾ" ഞാൻ വളരെ ശ്രദ്ധിച്ചു വായിക്കും. ദൂരെ ഇരുന്നുകൊണ്ടുള്ള അവരുടെ സംസാരം തന്നെയാണല്ലോ അത്. അങ്ങനെ അടുക്കലും ദൂരെയുമുള്ള സ്ത്രീപുരുഷന്മാരെപ്പററി ഒരു പഠനം ഞാൻ നടത്തി. കുടുംബജീവിതത്തെക്കുറിച്ച് ഒരു ലേഖനപരമ്പര "കുടുംബദീപ"ത്തിനു നൽകുവാൻ ആ പഠനമാണ് എന്നെ സഹായിച്ചത്. അതാണീ പുസ്തകം.

ഭാര്യയുടെ വിഹിതത്തിൽ കുടുംബജീവിതത്തിന്റെ ഒരു വശം മാത്രമേ അടങ്ങുന്നുള്ളു. എന്നാൽ കുടുംബജീവിതത്തിന്റെ നാനാവശങ്ങളുമാണ് 'അമ്മ' ഉൾക്കൊള്ളുന്നത്. ഈ ഗ്രന്ഥത്തിന് "അമ്മച്ചി" എന്നു പേരു കൊടുക്കുവാനുള്ള പ്രധാന കാരണം അതാണ്. അമ്മച്ചിയാണല്ലോ ഈ ഗ്രന്ഥത്തിലെ പ്രധാന കഥാപാത്രവും.

ഈ ഗ്രന്ഥരചനയിൽ വളരെപ്പേർ തങ്ങൾ അറിയാതെ തന്നെ എന്നെ സഹായിച്ചിട്ടുണ്ട്. അവർ എന്റെ കൃതജ്ഞത പ്രതീക്ഷിക്കുന്നില്ലായിരിക്കും. എന്നാൽ അറിഞ്ഞുകൊണ്ട് എന്നെ ഏററം സഹായിച്ചിട്ടുള്ള ഒരു വ്യക്തിയുണ്ട്. ആ "അമ്മച്ചി"ക്ക് എന്റെ അകമഴിഞ്ഞുള്ള കൃതജ്ഞത.

ഒരു സന്യാസി ആയതുകൊണ്ട് പണം കൊടുത്തു സാഹിത്യകാരന്മാരെ സഹായിക്കാൻ ബ. ലേത്തുസച്ചനു കഴിയുന്നില്ല. എന്നാൽ വാക്കുകൊണ്ടദ്ദേഹം വളരെ ഏററെ ചെയ്യുന്നുണ്ട്. സാഹിത്യത്തിൽ പറയത്തക്ക കാൽവെയ്പൊന്നുമില്ലാതെ ഞാൻ നടന്നിരുന്ന കാലത്താണ് അദ്ദേഹവുമായി കൂട്ടിമുട്ടുവാൻ എനിക്കിടയായത്. ഇന്നത്തെപ്പോലെ അദ്ദേഹം അന്നും "കുടുംബദീപ"ത്തിന്റെ പത്രാധിപരായിരുന്നു. മിത്രങ്ങളുടെ തലയിൽ ചെറിയ ചെറിയ ചുമടുകൾ കെട്ടിവയ്ക്കുവാനുള്ള അദ്ദേഹത്തിന്റെ പാടവം അസാധാരണമത്രെ. സ്നേഹത്തിന്റെ മാററുരച്ചുകാട്ടുന്ന നികഷമാണല്ലോ ത്യാഗം. ബ. ലേത്തുസച്ചനുവേണ്ടി ഒരു കഴുതയെപ്പോലെ നിരന്തരം ചുമടെടുക്കുവാൻ എനിക്കിഷ്ടമായിരുന്നു. ഇപ്പോഴും ആ ഭാരം ഞാൻ വഹിക്കയാണ്. 1960 സെപ്ററംബറിൽ ആരംഭിച്ചു ഒന്നു, 1961 സെപ്ററംബറാകുന്ന ചുമടുതാങ്ങിയിൽ താഴ്ത്തിവച്ചതാണു ഈ "അമ്മച്ചി". പുസ്തകം അച്ചടിപ്പിക്കുവാൻ താല്പര്യമുള്ള ആളാണു ബ. ലേത്തുസച്ചൻ. പക്ഷേ അദ്ദേഹം ഒരു പ്രസ്സിന്റെയും മാനേജരല്ല. കത്തോലിക്കാഗ്രന്ഥങ്ങൾ അച്ചടിപ്പിക്കുന്ന മാനേജരന്മാർക്ക് ഒരു ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. പുസ്തകം ചെലവാകുമോ? ചെലവായില്ലെങ്കിൽ സ്ഥാപനം നഷ്ടം സഹിക്കേണ്ടിവരികയില്ലേ?

പുസ്തകങ്ങൾ അടിച്ചുകൂട്ടുവാൻ നമ്മുടെ സ്ഥാപനങ്ങൾ ആദ്യ

മാദ്ധ്യം വളരെ ഉത്സാഹം കാണിച്ചിരുന്നു. പക്ഷേ പ്രതീക്ഷിച്ചതരത്തിൽ ഗ്രന്ഥങ്ങൾക്ക ചെലവുണ്ടായില്ല. മിക്കതും അൽമാരയിൽ കെട്ടിവച്ചിരിക്കയാണു്. ഇതെല്ലാം കൺമുമ്പിൽ കണ്ടുകൊണ്ടിരിക്കുന്ന മാനേജർ ഒരു പുതിയ പുസ്തകം ഏറെറടുത്തു് അച്ചടിപ്പിക്കുവാൻ എങ്ങനെ ധൈര്യപ്പെടും?

ചെലവില്ലാത്ത പുസ്തകങ്ങൾ അച്ചടിപ്പിക്കുന്നതും പോരാ, ഗ്രന്ഥകാരനു് ഒരു തുക കൊടുക്കണമെന്നുകൂടി വരുമ്പോൾ കത്തോലിക്കാഗ്രന്ഥങ്ങൾ അച്ചടിപ്പിക്കുവാൻ ആരു ബദ്ധപ്പെടും? കത്തോലിക്കാസാഹിത്യകാരന്മാർ ഇങ്ങനെ നിരാശയുടെ പാഴ്ക്കുണ്ടിലാണു നിൽക്കുന്നതു്. കത്തോലിക്കാസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കണം, പ്രോത്സാഹിപ്പിക്കണം എന്നൊക്കെ പ്രസംഗിക്കുന്നവർ ധാരാളമുണ്ടു്. എങ്ങനെ പ്രോത്സാഹിപ്പിക്കണം എന്നു് ആരും പറയാറില്ല. പുസ്തകം അച്ചടിപ്പിച്ചു കഴിഞ്ഞാൽ അതു പ്രചരിപ്പിക്കുവാനുള്ള ഒരു പദ്ധതിയാണുണ്ടാകേണ്ടതു്. ഓരോ ഇടവകയിലും ഓരോ ഗ്രന്ഥശാലയുണ്ടാകുന്നപക്ഷം കുറഞ്ഞതു രണ്ടായിരം പ്രതികളെങ്കിലും ഒരാഴ്ചകൊണ്ടു ചെലവായേക്കും. മെത്രാന്മാരുടെ കൈവന്നെങ്കിലേ ഇടവകകൾക്ക ചൂടുപിടിക്കൂ. സഭാദ്ധ്യക്ഷന്മാർ ഒരു പദ്ധതി ആവിഷ്കരിച്ചെങ്കിലേ കത്തോലിക്കാസാഹിത്യകാരന്മാർ ജീവിക്കൂ.

എൻെറ ഈ ഗ്രന്ഥം അച്ചടിപ്പിക്കുവാൻ നിർബ്ബന്ധം ചെലുത്തിയ ബ. ലേത്തുസച്ചനും, അതിനു വഴങ്ങിയ തേവരപ്രസ്സ് മാനേജരച്ചനും എൻെറ വിനീതമായ കൂപ്പുകൈ.

St. John's Church
Kaduthuruthy, P. O.
20 – 11 – 1961.

*G. C. Teelar.*

# അമ്മച്ചി

## അദ്ധ്യായം 1

### രാജമ്മയും ലീലാമ്മയും

കുടുംബത്തിൽ അത്ഭുതം പ്രവത്തിക്കുന്ന ലീലാമ്മയെപ്പററി കേട്ടുകൊണ്ടാണ് രാജമ്മ ആ വീട്ടിലേക്കു കടന്നുചെന്നതു്. രാജമ്മയുടെ വിവാഹം കഴിഞ്ഞിട്ട് അധികം നാളായില്ല. എങ്കിലും പുതിയ ജീവിതത്തിൽ അവൾക്കു മടുപ്പുതോന്നി. തൊമ്മിക്കുഞ്ഞും രാജമ്മയും തമ്മിൽ ഒരു കായ്യത്തിലും യോജിക്കയില്ല. തൊമ്മിക്കുഞ്ഞു് ഒരു വക്കീലാണ്. പണം ധാരാളം കിട്ടുന്ന ഒരു വക്കീൽ. എങ്കിലും അത്യാവശ്യങ്ങൾക്കുപോലും പണം ചെലവിടുവാൻ അദ്ദേഹം മടിയനാണ്. പട്ടണത്തിൽ അല്പം പരിഷ്ക്കാരമട്ടിൽ ജീവിക്കണമെന്നാണ് രാജമ്മയുടെ പക്ഷം. തൻെറ ജീവിതംതന്നെ തുലഞ്ഞു എന്ന ഭീതിയാണ് അനുദിനം രാജമ്മയെ വട്ടമിട്ടുകൊണ്ടിരുന്നതു്.

ഒരു ദിവസം അവൾകേട്ടു അടുത്തവീട്ടിലെ ചരിത്രം. ലീലാമ്മയ്ക്കു് എപ്പോഴും ആഹ്ലാദമാണ്. ഒരു ചെറുഗാനമാലപിച്ചുകൊണ്ടു് അവൾ വീട്ടിലെ ജോലികളെല്ലാം കൃത്യസമയത്തു ചെയ്തുതീക്കും. വീടും പരിസരങ്ങളും എപ്പോഴും വൃത്തിയായിരിക്കണമെന്നു് അവൾക്കു നിബ്ബന്ധമുണ്ടു്. ദിവസം രണ്ടു നേരം കുളിക്കും, വസ്ത്രമെല്ലാം അന്നന്നു് അലക്കുകയും ചെയ്യും. അതിനൊന്നും മറെറാരാളുടെ സഹായം അവൾ ആവശ്യപ്പെടാറില്ല.

ലീലാമ്മയുടെ ഭത്താവു് കേന്ദ്രഗവമ്മെണ്ടിലെ ഒരു വലിയ ഉദ്യോഗസ്ഥനാണ്. എങ്കിലും തൊമ്മിക്കുഞ്ഞിനെക്കാൾ അല്പം കൂടി പിശുക്കനായിരുന്നു അദ്ദേഹം. അന്നന്നുള്ള അത്യാവശ്യങ്ങൾ നടത്തുന്നതിൽ ലുബ്ധ്കാണിക്കുന്നതു വിഡ്ഢിത്തമാണെന്നു് ലീലാമ്മ തുറന്നുപറയുമായിരുന്നു. എന്നാലും ലീലാമ്മയും ജോസ്കുട്ടി

യും തമ്മിൽ പിണങ്ങിയിട്ടില്ല. ഇരുവരും തമ്മിൽ വഴക്കുപറയേണ്ടിയും വന്നിട്ടില്ല.

ആ കുടുംബത്തിന്റെ സൗഭാഗ്യത്തിൽ പലക്കും അസൂയ തോന്നി. ചിലർ പറഞ്ഞു: കുടുംബഭരണം മുഴുവനായി ജോസ്കുട്ടി ലീലാമ്മയ്ക്കു വിട്ടുകൊടുത്തിരിക്കയാണു്. കുടുംബകാര്യങ്ങളിൽ അദ്ദേഹം തലയിടാറില്ല. അതു് ഒരു വാസ്തവമായിരുന്നു. എന്നാലും ഒരു ചെറിയ സാധനംപോലും നഷ്ടപ്പെട്ടു എന്നറിഞ്ഞാൽ പണത്തിന്റെ വിലയെപ്പററി ഒരു പ്രസംഗം ചെയ്യുവാൻ അദ്ദേഹം തയ്യാറാകും. ഔചിത്യബോധം വെടിഞ്ഞു് അദ്ദേഹം അതു നടത്തുകയും ചെയ്യും. പക്ഷേ ലീലാമ്മയുടെ മുമ്പിൽവച്ചു് അത്തരം ഒരു പ്രസംഗം ചെയ്യുവാൻ ജോസ്കുട്ടിക്കു് അവസരം കിട്ടിയിട്ടില്ല.

ഏതു ദുർഘടഘട്ടത്തെയും സാമർത്ഥ്യപൂർവ്വം തരണം ചെയ്യുവാൻ ലീലാമ്മയ്ക്കു് കഴിയുമായിരുന്നു. ഒരിക്കൽ ഒരു ചീപ്പു അവൾ എവിടെയോവച്ചു. എവിടെയാണെന്നു് ഓർമ്മയില്ല. അതു് അന്വേഷിച്ചു് അങ്ങുമിങ്ങും നടന്നുതുടങ്ങി. ജോസ്കുട്ടി ഒരു ഗ്രന്ഥത്തിൽ തന്റെ കണ്ണുകൾ പതിപ്പിച്ചുവെച്ചിരിക്കയായിരുന്നു. കാൽപ്പെരുമാററം കേട്ടു് അദ്ദേഹം തല ഉയർത്തി. "എന്താണു നോക്കുന്നതു്?" ചോദ്യം. ചീപ്പാണെന്നു പറഞ്ഞാൽ ഉടനെ പ്രസംഗം പുറത്തുചാടും. ലീലാമ്മ ഒരു തന്ത്രമാണു് അവിടെ പ്രയോഗിച്ചതു്. "നിങ്ങളൊന്നു മിണ്ടാതിരിക്കു്. ഞാനെന്റെ പ്രാർത്ഥന ഒന്നു ചൊല്ലിതീർത്തോട്ടെ." അതായിരുന്നു ലീലാമ്മയുടെ പെട്ടെന്നുള്ള ഉത്തരം. തനിക്കോ പ്രാർത്ഥന ചൊല്ലുവാൻ അധികം സമയം കിട്ടാറില്ല. ലീലാമ്മയ്ക്കെങ്കിലും ധാരാളം പ്രാർത്ഥന ചൊല്ലുവാൻ ഇങ്ങനെ നല്ലമനസ്സു് തോന്നുന്നുണ്ടല്ലോ എന്നു് അദ്ദേഹം സമാശ്വസിച്ചു.

ഈ കഥയാണു് രാജമ്മയുടെ ചെവിയിൽ എത്തിയതു്. വിവാഹിതരായ യുവതികൾക്കു് ഒരു അദ്ധ്യാപിക ആകുവാൻ പററിയ ആൾ ലീലാമ്മയാണെന്നു അവൾക്കു ബോദ്ധ്യമായി. ഒരു ദിവസം വൈകുന്നേരം ലീലാമ്മ കുട്ടികളുമായി കളിച്ചുകൊണ്ടു നിന്നപ്പോൾ രാജമ്മ ആ വീട്ടിൽ കയറിച്ചെന്നു. രാജമ്മ സാധാരണ പുറത്തെങ്ങും സഞ്ചരിക്കാത്ത ആളാണു്. മററാളുകളോടു സംസാരിക്കുവാൻ അവൾക്കു സങ്കോചമായിരുന്നു. എന്നാൽ അന്നാകട്ടെ ലീലാമ്മയാണു തനിക്കു പററിയ അദ്ധ്യാപിക എന്നു ദൃഢമായി വിശ്വസിച്ചുകൊണ്ടാണു് അവളുടെ വരവു്.

രാജമ്മയെ കണ്ട ഉടൻ ലീലാമ്മ കളി നിറുത്തി. അവളെ

സ്വീകരിക്കുവാൻ ഇറങ്ങിവന്നുകഴിഞ്ഞു. മററുള്ളവക്ക് ആനന്ദത്തിനും സന്തോഷത്തിനും കളമൊരുക്കുന്നതാണ് ലീലാമ്മയ്ക്കു് ഏററം പ്രിയപ്പെട്ട ജോലി. അവളുടെ സ്വാഗതത്തിനു തന്നെയുണ്ടായിരുന്നു അവാച്യമായ ഒരു മധുരം.

രണ്ടുപേരുംകൂടി രണ്ടാം നിലയുടെ മുകളിലുള്ള മട്ടുപ്പാവിൽ പോയി ഇരുന്നു. പച്ചിലകൾക്കിടയിൽക്കൂടി തള്ളിക്കയറിവരുന്നുണ്ടായിരുന്നു, ഒരു കാററ്, അവർ പറയുന്നതെന്തെന്നു കേൾക്കുവാൻ. രാജമ്മയുടെ ഹൃദയം വിങ്ങിപ്പൊട്ടിയിരിക്കയായിരുന്നു. തന്റെഹൃദയം തുറന്നുകാട്ടുവാനുള്ള ആളായിട്ടാണ് ലീലാമ്മയെ അവൾ കണ്ടതു്.

രാജമ്മ പറഞ്ഞു: "എന്റെ ചേച്ചീ, ഞാൻ മടുത്തു. വല്ലവിധത്തിലും ഈ ലോകത്തിൽനിന്നും ഒന്നു പിരിഞ്ഞാൽ മതിയെന്നു തോന്നിപ്പോകുന്നു. ഇങ്ങനെയായിപ്പോയല്ലൊ എന്റെ വിധി! ഞാൻ വളരെവളരെ പ്രതീക്ഷകളോടെയാണു തൊമ്മിക്കുഞ്ഞിനെ വിവാഹം ചെയ്തതു്. പക്ഷേ ഇന്ന്.......ഞാനെന്തിന് അതു പറയുന്നു? പ്രോട്ടസ്റ്റന്റ സഭയിലെപ്പോലെ വിവാഹമോചനം കത്തോലിക്കാസഭയിലുണ്ടായിരുന്നെങ്കിൽ ഞാനായിരുന്നേനേ ആദ്യത്തെ കേസുകാരി."

തന്റെ കുടുംബത്തിലെ ഇരുളടഞ്ഞ വശത്തേയ്ക്കു് രാജമ്മ ടോർച്ചടിച്ചു കാണിക്കയായിരുന്നു. തൊമ്മിക്കുഞ്ഞും രാജമ്മയുമായി ചില അസുഖങ്ങൾ ഉണ്ടെന്നു ലീലാമ്മയ്ക്കു് അറിയാമായിരുന്നെങ്കിലും അവൾ ഇത്രവലിയ ഒരു നിരാശക്കുണ്ടിൽ പതിച്ചിട്ടുണ്ടെന്നു മനസ്സിലായിരുന്നില്ല. ലീലാമ്മ പറഞ്ഞു: "എന്റെ രാജമ്മാ" ഉള്ളൂരിന്റെ ഒരു പദ്യം ഓക്കുന്നുണ്ടോ?

'നമിക്കിലുയരാം, നടകിൽ തിന്നാം
നൽകുകിൽ നേടിടാം
നമുക്കുനാമേ പണിവതു നാകം
നരകവുമതുപോലെ'

ഒരു കുടുംബത്തിൽ സ്വർഗ്ഗം സൃഷ്ടിക്കുവാനും നരകം സൃഷ്ടിക്കുവാനും കുടുംബനായികയ്ക്കു കഴിയും. ഏററം സൗഭാഗ്യവതിയായ ഭാര്യയെപ്പററി ജോസഫ് പോർട്ട് ന്യൂട്ടൺ എന്ന മഹാൻ പറഞ്ഞിട്ടുള്ളതു ശ്രദ്ധാർഹമാണ്. "ഏററം സൗഭാഗ്യവതിയായ ഭാര്യ ഏററം നല്ല മനുഷ്യനെ വിവാഹം കഴിക്കുന്നവളല്ല; പ്രത്യുത താൻ വിവാഹം ചെയ്യുന്ന ഭർത്താവിനെ ഏററം നല്ലവനാക്കി എടുക്കുന്ന ഭാര്യയാകുന്നു. ഇതൊരു വാസ്തവമാണെന്നു രാജമ്മ തെളിയിക്കണം."

"ഓ വാസ്തവമാണെന്നു തെളിയിക്ക! ഹൃദയമുള്ള ഒരു മനുഷ്യനോടല്ലേ കാര്യങ്ങൾ പറയുവാൻ സാധിക്കു. തൊമ്മിക്കുഞ്ഞിന് ഒററ ചിന്തയേയുള്ളു: ബാങ്കിലേ നിക്ഷേപം വർദ്ധിപ്പിക്കണം. എൻെറ ആവശ്യങ്ങൾ എന്തെന്ന് അദ്ദേഹം അന്വേഷിക്കാറില്ല. ഒരു സോപ്പുവാങ്ങാൻ 8 അണ വേണമെന്ന് എത്ര പ്രാവശ്യമാണ് ഒരാളോടു പറയുക. സ്ത്രീക്കാണെങ്കിലും കുറേ അഭിമാനമൊക്കെയില്ലേ? ഇത്തരം മനുഷ്യനെ എങ്ങനെ നന്നാക്കുവാൻ കഴിയും? സ്വപ്നലോകത്തുകൂടി സഞ്ചരിക്കുന്ന ഫോർട്ടു ന്യൂട്ടണും മററും എന്താണ് പറയാൻ മേലാത്തതു്! കുരിശു വഹിക്കേണ്ടതെല്ലാം ഈ പെണ്ണുങ്ങൾ."

ശരിയാണ്: ലീലാമ്മ വിചാരിച്ചു: തത്വങ്ങൾ തുന്നിക്കൂട്ടി പരസ്യങ്ങൾ ഇറക്കുവാൻ ആർക്കും കഴിയും. പക്ഷേ അതു പ്രയോഗത്തിൽ വരുത്തുവാനുള്ള ബുദ്ധിമുട്ട് പുസ്തകപ്പുഴുക്കൾക്ക് അറിഞ്ഞുകൂടാ. അതു സമ്മതിച്ചുകൊടുത്തിട്ടു രാജമ്മയെ വന്നവഴിയേ തിരിച്ചയക്കുകയാണോ വേണ്ടതു്? വേറൊരു വഴിക്ക് ഒരു ശ്രമംകൂടി നടത്തണമെന്നും ലീലാമ്മ നിശ്ചയിച്ചു; എന്നിട്ടു പറയുകയാണ്: "നമ്മൾ രണ്ടുപേരും ഒരേ ബോട്ടിലാണ്. ജോസ്കുട്ടിയേയും എന്നേയുംപററി അറിയാവുന്നവർ ആ അഭിപ്രായമേ പറയൂ. ജോസ്കുട്ടിക്കു നല്ല ശമ്പളമുണ്ടെന്ന് അറിയാമല്ലോ. തൊമ്മിക്കുഞ്ഞിനെക്കാൾ അല്പംകൂടി കട്ടിയായ പററിപ്പിടുത്തമാണ് ജോസ്കുട്ടിക്കു ബാങ്കുനിക്ഷേപങ്ങളോടുണ്ടായിരുന്നതു. ഒരു മൊട്ടുസൂചിക്കു വേണ്ടിക്കൂടെയും അദ്ദേഹം വഴക്കു പറഞ്ഞുകളയും."

രാജമ്മയ്ക്കു സന്തോഷമായി; തന്നെപ്പോലെ മനോവേദന അനുഭവിക്കുന്ന ഒരാൾകൂടി ലോകത്തിൽ ഉണ്ടല്ലോ എന്ന്. അവൾ പറഞ്ഞു: "അക്കാര്യം എനിക്കറിയാം ചേച്ചീ. എന്നാൽ എനിക്കു മറെറാന്നുകൂടി അറിയാം: നിങ്ങൾ രണ്ടുപേരുംകൂടി വളരെ സൗഭാഗ്യവാന്മാരെപ്പോലെ കഴിഞ്ഞുകൂടുന്നു എന്ന്. നിങ്ങൾ രണ്ടുപേരുടെയും പ്രകൃതങ്ങൾക്കു തമ്മിൽ പൊരുത്തമില്ല. പിന്നെ നിങ്ങളുടെ മനസ്സിൻെറ യോജിപ്പ് എങ്ങനെയുണ്ടായി? എല്ലാക്കാര്യങ്ങളിലും ചേച്ചി കണ്ണുമടച്ച് അദ്ദേഹത്തിൻെറ അഭിപ്രായം അങ്ങു സ്വീകരിക്കുകയാണോ? എൻെറ വ്യക്തിസ്വാതന്ത്ര്യത്തെ നശിപ്പിച്ചുകൊണ്ട് അങ്ങനെ മറെറാരാളുടെ ഇംഗിതം അനുസരിച്ചു പ്രവർത്തിക്കുവാൻ എന്നെക്കൊണ്ടാവില്ല."

ലീലാമ്മ തൻെറ ജീവിതത്തിൻെറ ഉള്ളറയിലേക്കു കടന്നു. "നിൻേറതിൽനിന്നും വ്യത്യസ്തമല്ല എൻെറ സ്വഭാവം. പക്ഷേ ന

മ്മുടെ പ്രവൃത്തികളുടെ വഴികഠം രണ്ടും രണ്ടാണ്. തൊമ്മിക്കുഞ്ഞ് ലുബ്ധനാണെന്ന് എനിക്കറിയാം. അതിനെക്കാഠം ലുബ്ധനാണു ജോസുകുട്ടി. എന്നാൽ ജോസുകുട്ടിയുടെ ലുബ്ധിൻെറ പരമാവധി പ്രയോജനം ഞാനെടുത്തു. അതുകൊണ്ട് അദ്ദേഹത്തിൻെറ ലുബ്ധിനെക്കുറിച്ച് എനിക്കു കുണ്ഠിതപ്പെടേണ്ടിവന്നിട്ടില്ല. മിക്കപ്പോഴും ഞങ്ങളുടെ അഭിപ്രായങ്ങഠംതമ്മിൽ യോജിക്കയില്ല. എന്നാലും ഞങ്ങളുടെ മനസ്സ് എപ്പോഴും യോജിച്ചിരിക്കുന്നു. ഞങ്ങഠംക്കു രണ്ടുപേക്കും ഒരേ ലക്ഷ്യമാണുള്ളതു്: സ്വന്തം കുടുംബത്തിൻെറ സൗഭാഗ്യം, അതിൻെറ പുരോഗതി.

'ത്യജേദേകം കുലസ്യാർത്ഥേ
ഗ്രാമസ്യാർത്ഥേ കുലം ത്യജേൻ
ഗ്രാമം ജനപദസ്യാർത്ഥേ
ഹ്യാത്മാർത്ഥേ പൃഥ്വീം ത്യജേൻ'

എന്നാണല്ലൊ. ആ തത്വമനുസരിച്ചാണു ഞങ്ങഠം ഇരുവരുടെയും പ്രവൃത്തി."

"ആ സംസ്കൃതശ്ലോകത്തിൻെറ അത്ഥം എനിക്കു മനസ്സിലായില്ല. ചേച്ചി അതനുസരിച്ചു പ്രവത്തിച്ചു വിജയം വരിക്കുന്നെങ്കിൽ ഞാൻ ആ വഴിയേ ഒന്നു ശ്രമിച്ചുനോക്കാം. അതിൻെറ അർത്ഥമെന്താണെന്ന് ആദ്യമേ പറഞ്ഞുതരൂ".

"എന്നാൽ അതിൻെറ അർത്ഥം പറയാം. ത്യജേദേകം കുലസ്യാർത്ഥേ: ഒരു കുലത്തിൻെറ അല്ലെങ്കിൽ ഒരു കുടുംബത്തിൻെറ രക്ഷയ്ക്കുവേണ്ടി ഒരാളെ അല്ലെങ്കിൽ ഒരാളുടെ മനസ്സ് ത്യജിക്കണം. ഗ്രാമസ്യാത്ഥേ കുലം ത്യജേൻ: ഒരു ഗ്രാമത്തെ മുഴുവൻ രക്ഷിക്കുവാൻ ഒരു കുലത്തേയോ ഒരു കുടുംബത്തേയോ ഉപേക്ഷിക്കേണ്ടിവന്നാൽ അതു ചെയ്യണം. ഗ്രാമം ജനപദസ്യാത്ഥേ: പൊതുജനരക്ഷയ്ക്കുവേണ്ടി ഒരു ഗ്രാമത്തെപ്പോലും ത്യജിക്കുവാൻ സന്നദ്ധത പ്രദശിപ്പിക്കണം. ഹ്യാത്മാർത്ഥേ പൃഥ്വീം ത്യജേൻ: നിത്യമായി ജീവിക്കുന്ന ആത്മാവിനുവേണ്ടി ലോകത്തെ ഉപേക്ഷിക്കണം".

"അർത്ഥം മനസ്സിലായി. ഇനി എനിക്കു രണ്ടു കാര്യങ്ങഠം അറിയാനുണ്ട്. 1. ജോസ് കുട്ടിയുടെ ലുബ്ധ് എങ്ങനെ ചേച്ചിക്കു ഗുണപ്രദമായിത്തീൻ? 2. അഭിപ്രായവ്യത്യാസമുള്ളപ്പോഠം മനസ്സ് എങ്ങനെ യോജിച്ചിരിക്കും".

തൻെറ വീണക്കമ്പികളിൽ വിരലോടിച്ചു മററുള്ളവരെ രസിപ്പിക്കുവാനുള്ള അവസരം ലഭിച്ചതിൽ ലീലാമ്മയ്ക്കു സന്തോഷമാണുണ്ടായതു്". അവഠം പറഞ്ഞു: "ഒരു മനുഷ്യൻ ലുബ്ധനായിത്തീരുന്ന

തെന്തുകൊണ്ടെന്നു പലരും ചിന്തിക്കാറില്ല: ലോകത്തിൽ തനിക്കു സൗഭാഗ്യം നൽകുന്ന ഏക ഘടകം പണമാണെന്ന ബോദ്ധ്യത്തിൽ അവൻ എങ്ങനെയോ ചെന്നെത്തുന്നു. പണം ശേഖരിക്കുവാനുള്ള ശ്രമമായി പിന്നെ. സമ്പാദ്യത്തിൽനിന്നും ഒരു പൈസപോകുന്നതു് തന്റെ സൗഭാഗ്യത്തിൽനിന്നും ഒരററം മുറിഞ്ഞുപോകുന്നതുപോലെയാണു് അയാൾ സങ്കല്പിക്കുന്നതു്. അതിനാൽ അത്യാവശ്യത്തിനുപോലും ചെലവുചെയ്യുവാൻ അയാൾക്കുമടി. അത്തരം ഒരു ലുബ്ധനെ ഭർത്താവായി കിട്ടുന്ന ഭാര്യ പല നയതന്ത്രങ്ങൾ പ്രയോഗിച്ചാലേ വിജയിക്കൂ.

“ഞാൻ ചെയ്തതു് എന്താണെന്നു പറയാം. എന്റെ വിവാഹത്തിനുമുമ്പുതന്നെ ജോസ്കുട്ടിക്കു് നല്ലൊരു ബാങ്കുനിക്ഷേപമുണ്ടായിരുന്നു. അരത്തക്കൈയ്ക്കു് ഉപ്പുതേക്കയില്ലാത്ത ലുബ്ധൻ എന്നു് ആളുകൾ അദ്ദേഹത്തെപ്പററി പറയുന്നതു ഞാൻ കേട്ടിട്ടുണ്ടായിരുന്നു. ഞങ്ങൾ ഒന്നിച്ചു താമസിക്കുവാൻ തുടങ്ങിയപ്പോൾ മനസ്സിലായി ഞാൻ കേട്ടതെല്ലാം അക്ഷരംപ്രതി ശരിയാണെന്നു്. മുമ്പോട്ടുള്ള ഗതിയിൽ എന്റെ പരിപാടി എന്തായിരിക്കണമെന്നു് ഞാൻ ആലോചിച്ചു. അദ്ദേഹത്തിൽനിന്നും വേർപിരിഞ്ഞു ജീവിക്കുവാൻ സാദ്ധ്യമല്ല. പണത്തിൽ ഒട്ടിപ്പിടിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ ഹൃദയം എന്നിലേയ്ക്കു വന്നേ മതിയാവൂ.

“ഞാനാണു് അദ്ദേഹത്തിന്റെ സൗഭാഗ്യത്തിന്റെ ഏററം വലിയ ഘടകം എന്നു ഞാൻ ആദ്യമായി തെളിയിക്കണം. ഔദ്യോഗികകൃത്യങ്ങളിൽ മാത്രം സാധാരണ ശ്രദ്ധപതിക്കാറുള്ള അദ്ദേഹത്തിനു് കുളി, ഊണു്, ഉറക്കം മുതലായ അത്യാവശ്യകാര്യങ്ങളിൽ ശ്രദ്ധയുണ്ടായിരുന്നില്ല. കുളി, ഊണു്, ഉറക്കം മുതലായതിൽ ഞാൻതന്നെ അദ്ദേഹത്തിനു സമയംവച്ചു. ഒരു മാസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു പത്തുറാത്തൽ തൂക്കംകൂടി. അതു് അദ്ദേഹത്തിന്റെ കണ്ണുതുറപ്പിച്ചു. ബാങ്കിലെ പണത്തെക്കാൾ ലീലാമ്മയുടെ കയ്യിലേ പണം തന്നെ സൗഭാഗ്യവാനാക്കുമെന്നു് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിന്റെ ഹൃദയം പണത്തിൽനിന്നും പിൻവലിയുവാനുള്ള ആരംഭമായിരുന്നു അതു്. സോപ്പുവാങ്ങാൻ 8 അണ വേണമെന്നോ, ഒരു കുട വാങ്ങിത്തരണമെന്നോ ഒന്നും ഞാൻ പറഞ്ഞിട്ടില്ല. എന്നെ സംതൃപ്തിപ്പെടുത്തിയാലേ അദ്ദേഹം സൗഭാഗ്യവാനായിരിക്കൂ എന്ന നില വന്നുകഴിഞ്ഞു. ഓരോമാസവും കിട്ടുന്ന ശമ്പളം മുഴുവൻ അദ്ദേഹം എന്നെ ഏല്പിച്ചുതുടങ്ങി. കുടുംബച്ചെലവിനു് ആവശ്യമുള്ളതു ഞാൻ എടുത്തിട്ടു് ബാക്കി അദ്ദേഹത്തെ ഏല്പിക്കും.

ആ തുകയാണു് അദ്ദേഹം ബാങ്കിൽ നിക്ഷേപിക്കുന്നതു്. മാസാവസാനത്തിൽ ഞാൻ കുടുംബച്ചെലവിൻെറ കണക്കു കൊടുക്കും. അപ്പോൾ ആ മാസത്തെ ശമ്പളം അദ്ദേഹം എന്നെ ഏല്പിക്കയും ചെയ്യും. ഈ ജോസ്കുട്ടി ഒരു ലുബ്ധനാണെന്നു പറയുവാൻ എനിക്കു കഴിയുമോ?"

"ഈ ജോസ്കുട്ടി ഒരു ലുബ്ധനാണെന്നു പറയുവാൻ എനിക്കു കഴിയുമോ?" ആ ചോദ്യം കേട്ടപ്പോൾ രാജമ്മ സ്തംഭിച്ചിരുന്നുപോയി. ജോസ്കുട്ടിയെപ്പററി ഒരു പുതിയ അഭിപ്രായം രൂപവൽക്കരിക്കേണ്ടിവന്നു രാജമ്മയ്ക്കു്. ഒരു ലുബ്ധനിൽ ഇത്ര വലിയ പരിവർത്തനം വരുത്തിയ ലീലാമ്മയെ അവൾ മനസ്സുകൊണ്ടു് അനുമോദിച്ചു. തൊമ്മിക്കുഞ്ഞിനെ പാട്ടിലാക്കുവാൻ അതിൻെറ പകുതി ശ്രമമേ വേണ്ടിവരികയുള്ളു എന്നും അവൾക്കു തോന്നി. എങ്കിലും അവൾ പറഞ്ഞു: "കുടുംബജീവിതം സൗഭാഗ്യകരമായിത്തീരണമെങ്കിൽ വരനും വധുവിനും അതിനുള്ള ശിരോലിഖിതം ഉണ്ടായിരിക്കണം. നിങ്ങൾക്കു രണ്ടുപേർക്കും അതു ലഭിച്ചിരിക്കുന്നു എന്നാണെൻെറ വിശ്വാസം."

ശിരോലിഖിതം! സ്വന്തം കുററം ഏററുപറയുവാൻ മടിയാണു പലർക്കും. തങ്ങൾക്കുണ്ടാകുന്ന അനർത്ഥങ്ങൾക്കെല്ലാം അവർ ഒരു കാരണം കണ്ടുപിടിച്ചേ മതിയാവൂ. ചിലപ്പോൾ അവർ പഴിക്കുന്നതു് ആകാശത്തിൽ ചുററിക്കറങ്ങുന്ന ഗ്രഹങ്ങളെയാണു്. ഭാഗ്യവശാൽ അവ എതിർവാദങ്ങളൊന്നും നടത്തുകയില്ല. ചിലപ്പോൾ അയൽക്കാരെ പഴിക്കുന്നവരുണ്ടു്. അവർ ആരോ ഏതാണ്ടു ചെയ്തുകളഞ്ഞു. അതുകൊണ്ടും പററുന്നില്ലെങ്കിലാണു് സ്വന്തം ശിരോലിഖിതത്തിലേക്കു് അവർ വരുന്നതു്. ശിരോലിഖിതമായാൽ ദൈവംതന്നെയാണു് അതിനുത്തരവാദി. ദൈവം എന്തിനു ഞങ്ങളെ ഇങ്ങനെ സൃഷ്ടിച്ചു എന്നായി അവരുടെ പിന്നത്തെ ചോദ്യം. എന്നാൽ ചോദിക്കേണ്ട ഒരു ചോദ്യം മാത്രം അവർ ചോദിക്കുന്നില്ല. ഇങ്ങിനെ വരുവാൻ ഞാൻ വഹിച്ചിട്ടുള്ള പങ്കെന്തു്? ഈ ചോദ്യം ഓരോരുത്തരും തന്നോടുതന്നെ ചോദിക്കുന്നപക്ഷം ലോകത്തിലെ പല അനർത്ഥങ്ങൾക്കും വേഗം പ്രതിവിധി കണ്ടെത്തുമായിരുന്നു.

കുഞ്ഞച്ചനു മദ്യപാനം ഒഴിച്ചുവയ്ക്കുവാൻ മനസ്സില്ല. ദിവസം രണ്ടുമൂന്നു രൂപാ അതിനുവേണ്ടി അയാൾ ചിലവു ചെയ്യും. കുടുംബത്തിൽ ഭാര്യയും പത്തു സന്താനങ്ങളുമുണ്ടു്. അക്കാര്യം അയാൾ ചിന്താവിഷയമാക്കുന്നേയില്ല. തനിക്കെന്നും സുഖമായിരിക്കണമെന്നു

അയാൾക്കു നിർബന്ധമുണ്ടു്. വസ്തുക്കൾ കുറേശ്ശേ കുറേശ്ശേ അയാൾ വിററുതുടങ്ങി. കുടുംബം ഒരപകടത്തിലേക്കു നീങ്ങുന്നു എന്നു മുന്നറിയിപ്പു നൽകിയ ഭാര്യക്കു കിട്ടിയതു് ചവിട്ടും ഇടിയും തൊഴിയുമാണു്. ഒടുവിൽ ആ കുടുംബം മുഴുപ്പട്ടിണിയിൽ നട്ടംതിരിഞ്ഞു. അപ്പോൾ കുഞ്ഞച്ചൻ പറയുകയാണു്: "എൻെറ തലയിൽ ദൈവം വരച്ച വര മാററാൻ ആക്കു കഴിയും?" കുടുംബത്തെ നശിപ്പിച്ചുകൊണ്ടിരുന്ന കുടി നിത്തുവാൻ അയാൾ തീരുമാനിച്ചിരുന്നെങ്കിൽ അയാളുടെ വര മാറുമായിരുന്നു. പക്ഷെ അയാൾ അതു ചെയ്തില്ല. പണമില്ലാതെ ആയപ്പോൾ മാത്രം അയാൾ കുടി നിറുത്തി.

"എൻെറ രാജമ്മ", ലീലാമ്മ പറഞ്ഞു: "ശിരോലിഖിതം എന്നൊന്നുണ്ടോ? എനിക്കറിഞ്ഞുകൂടാ. എന്നാൽ ഒരു കാര്യം എനിക്കറിയാം: നമ്മുടെ ബോധത്തിൽ ചിലതെല്ലാം എഴുതിവച്ചിട്ടുണ്ടു്. അതറിഞ്ഞു നാം പ്രവത്തിക്കണം. നമ്മുടെ കുടുംബത്തിനു ഐശ്വര്യവും അഭിവൃദ്ധിയും ഉണ്ടാകും, സമാധാനം കളിയാടും. കുടുംബത്തിൽ വരുന്ന തകരാറുകൾക്കു് പ്രതിവിധി മറെറാരാളെ പഴിക്കുന്നതല്ല. ഒരു കെട്ടിടത്തിൻെറ ഭിത്തിക്കു കേടുപാടുകൾ ഉണ്ടായാൽ ഒന്നുകിൽ അതു പൊളിച്ചു പണിയണം, അല്ലെങ്കിൽ കേടു പോക്കണം. അടുത്ത കെട്ടിടത്തേയോ വീട്ടുകാരേയോ പഴിച്ചതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല.

കെട്ടിടം പൊളിച്ചുപണിയണമെന്നു പറഞ്ഞതു രാജമ്മയ്ക്കു വളരെ ഇഷ്ടപ്പെട്ടു. ,വിവാഹമോചനത്തെ സൂചിപ്പിച്ചു ലീലാമ്മ പറഞ്ഞു അതെന്നാണു് അവൾ വിചാരിച്ചതു്. രാജമ്മ പറഞ്ഞു: "എൻെറ സുചിന്തിതമായ അഭിപ്രായവും അതാണു്. ഒരു കെട്ടിടം കൊള്ളുകയില്ലെന്നു വന്നാൽ അതുടച്ചു കളഞ്ഞു് വേറൊന്നു പണിയണം. ഒരു വിവാഹം പററുന്നില്ലെന്നു കണ്ടാൽ മറെറാന്നിനു് ശ്രമിക്കണം. കത്തോലിക്കാസഭയുടെ നിയമങ്ങൾ ആധുനിക ലോകത്തിനു പററിയതല്ല. പ്രോട്ടസ്റ്റൻറു സഭ എത്ര പുരോഗമനപരം!"

തെററിദ്ധരിക്കുവാൻ ചിലക്കു് എന്തൊരു ധൃതി! ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ വരുന്നതെല്ലാം അവനെന്നു തോന്നും, എന്നു പറയാറുണ്ടല്ലോ. രാജമ്മ വളരെ നിരാശപ്പെട്ടിരിക്കയാണു്. തൊമ്മിക്കുഞ്ഞിൻെറ നുകം തൻെറ പിടലിയിൽനിന്നും മാറിയാൽ മതിയായിരുന്നു എന്നാണു്, അവൾക്കു എപ്പോഴുമുള്ള വിചാരം. എങ്കിലും ഒരു കത്തോലിക്കയായിത്തന്നെ മരിക്കുവാൻ അവൾ ആ

ഗ്രഹിക്കുന്നു. അതാണ് ലീലാമ്മയുടെ ഉപദേശം സ്വീകരിക്കുവാൻ വന്നത്. ലീലാമ്മ പറഞ്ഞു: "കേടുവന്ന കെട്ടിടം എന്നു പറഞ്ഞതു് പുഴുക്കുത്തുവീണ വിവാഹത്തെ ഉദ്ദേശിച്ചാണ്. അതിനു പുനർജീവൻ നൽകുവാൻ ആ വ്യക്തികൾതന്നെ പുനർജീവിക്കണം. വിവാഹമോചനമല്ല ഞാൻ ഉദ്ദേശിച്ചതു്."

# അദ്ധ്യായം 2

## ഞാനൊരു എം.എ.ക്കാരി
## അമ്മയേപ്പോലെ ജോലി ചെയ്യണമോ?

"ഇനി ഞാൻ പറയാം കെട്ടിടം പുതുക്കി പണിയേണ്ടതെങ്ങിനെയെന്നു്. ഒരു കുടുംബത്തിന്റെ രാജ്ഞിയാണു ഭാര്യ. അലസമായ ഒരു ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്ന സ്ത്രീ ഒരിക്കലും ഉത്തമയായ ഒരു ഭാര്യ ആയിരിക്കുന്നതല്ല. 'നിന്റെ നെററിയിലെ വിയർപ്പുകൊണ്ടു നീ അപ്പം ഭക്ഷിക്കുക' എന്നു പുരുഷനോടു പറയപ്പെട്ടിരിക്കുന്നു എന്നു നാം കേട്ടിട്ടുണ്ടല്ലോ. പുരുഷൻ വഴിയായി നമുക്കും ആ കല്പന കിട്ടിയിട്ടുണ്ട്. പുരുഷനേക്കാൾ കൂടുതലായി നാം വേല ചെയ്യണം. ജോലി ചെയ്യുന്നവർ അനുഗ്രഹിക്കപ്പെടുന്നു.

"യു.എൻ.ഓ.യുടെ ലോകാരോഗ്യസംഘടനയിൽനിന്നും ഒരു സ്ഥിതിവിവരണക്കണക്കു അടുത്തകാലത്തു് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പുരുഷന്മാരേക്കാൾ ആരോഗ്യമുള്ള സ്ത്രീകളുടെ ശതമാനം കൂടുതലാണെന്നു് അതിൽ പറഞ്ഞിരിക്കുന്നു. വ്യായാമം, മിതാഹാരം, ശുചിത്വം, വിശ്രമം തുടങ്ങിയവ ആരോഗ്യത്തെ പരിരക്ഷിക്കുന്ന കാവൽഭടന്മാരാണ്. വെളുപ്പിനേ സ്ത്രീകൾ ഉണർന്നു പ്രവൃത്യുന്മുഖരാകുന്നതുകൊണ്ട് അവർക്കു ധാരാളം ശുദ്ധവായു കിട്ടുന്നു. സൂര്യോദയത്തിനുമുമ്പേ അങ്കണവും പരിസരങ്ങളും തൂത്തു വെടിപ്പാക്കുന്നതിലേക്കായി അവർ ചൂലുമെടുത്തു രംഗപ്രവേശനം ചെയ്യുകയാണു പിന്നെ. കുനിഞ്ഞും നിവർന്നും നല്ല ഡ്രിൽ നടത്താനുള്ള അവസരം അവർക്കു ലഭിക്കുന്നു. അടുത്തപടി, കിണററിൽനിന്നും വെള്ളം കോരുകയാണ്. അതുമൂലം കൈകൾക്കു് ഒരു ഡ്രിൽ. അരകല്ലിൽ അരയ്ക്കുന്നതുകൊണ്ടു് വാതരോഗവും ഉദരരോ

ഗാവും അവരെ ബാധിക്കയില്ല. സ്ത്രീകൾക്കു കുടവയറുണ്ടാകാത്തതിനും കാരണം ഈ വ്യായാമപദ്ധതികളാണെന്നു സംഘടനക്കാർ കണ്ടുപിടിച്ചിരിക്കുന്നു.

"എന്നാൽ കുറഞ്ഞൊരു കാലമായി നമ്മുടെ സ്ത്രീകൾ ജോലി ചെയ്യുവാൻ മടിയുള്ളവരായിത്തീർന്നിരിക്കയാണ്. വസ്ത്രാഭരണങ്ങളിലാണ് അവക്കു കൂടുതൽ ശ്രദ്ധ. ഗൃഹജോലികളെല്ലാം ചെയ്തുതീക്കാൻ പററിയ വേലക്കാരുള്ള ഒരു കുടുംബത്തിലെ ജീവിതമാണ് അവക്കു കൂടുതൽ ഇഷ്ടം. സ്വയമായി ജോലികൾ ചെയ്യേണ്ടിവരുന്നതു് ഒരു നിർഭാഗ്യമായി അവർ കരുതുന്നു. ഇന്നു സ്ത്രീകൾക്കു് ആരോഗ്യം വളരെ കുറഞ്ഞിട്ടുണ്ടു്. ആശുപത്രികളിൽ രോഗിണികളായി എത്തുന്നവരുടെ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ഈ സ്ഥിതിക്കു് ഒരു മാററം വരണമെങ്കിൽ സ്ത്രീകൾ അദ്ധ്വാനശീലികളാകണം.

"ലോകത്തിൽ ഹീനമായ ജോലി എന്നൊന്നില്ല. തെരുവു തൂപ്പും തോട്ടിജോലിയും വളരെ അപകൃഷ്ടമാണെന്നു വിചാരിക്കുന്നവരുണ്ടു്. പക്ഷേ ആ ജോലികൾ ചെയ്യുവാൻ ആളുകൾ ആരും ഇല്ലെന്നു വന്നാൽ പട്ടണങ്ങളുടേയും നഗരങ്ങളുടേയും സ്ഥിതി എത്ര ശോചനീയമായിരിക്കും! 18-ാം നൂററാണ്ടിൻെറ മദ്ധ്യഘട്ടത്തിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ഒരു മഹാശയനാണ് റിച്ചാർഡ് സെസിൽ (Richard Cecil) അദ്ദേഹം പറഞ്ഞിരിക്കുന്നു: 'ദൈവം രണ്ടു മാലാഖമാരെ ഭൂമിയിലേക്കു അയക്കുന്നു എന്നു വിചാരിക്കുക; ഒരാൾ ഒരു സാമ്രാജ്യത്തെ ഭരിക്കുവാനും, മറെറയാൾ തെരുവു തൂക്കുവാനും. അവർ ഇരുവരും അവരവരുടെ ചുമതലയിൽ സംതൃപ്തരും അഭിമാനഭരിതരും ആയിരിക്കും'. ഇതെത്ര വാസ്തവം!"

നല്ലനല്ല തത്വങ്ങൾ: രാജമ്മ ചിന്തിച്ചു. പക്ഷേ ഇക്കാലത്തു് ഇതെല്ലാം പ്രയോഗത്തിൽ വരുത്തുവാൻ ആക്കു സാധിക്കും? എഴുതുവാനും വായിക്കുവാനും സ്ത്രീകൾക്കു് അറിഞ്ഞുകൂടാത്ത ഒരു കാലമുണ്ടായിരുന്നു. അന്നൊക്കെ അവർ അടിമകളെപ്പോലെ ഗൃഹജോലികൾ ചെയ്തിരുന്നു. ഇന്നാകട്ടെ മിക്കവരും അഭ്യസ്തവിദ്യരാണ്. മിക്കവക്കും അടുക്കളപ്പണിയൊന്നും അറിഞ്ഞുകൂടാ. സ്കൂളിൽനിന്നോ കോളേജിൽനിന്നോ ഇറങ്ങിവന്നു നേരേ വിവാഹവേദിയിലേക്കാണ് അവർ പോകുന്നതു്. ഒരു പുതിയ വീട്ടിൽ ചെന്നാൽ ഉടനെ അവർ ഗൃഹജോലികളെല്ലാം വശമാക്കണമെന്നു പറയുന്നതു് വിവാഹം കഴിച്ചതിനു് അവർ ഒരു പ്രായശ്ചിത്തം ചെയ്യണമെന്നു പറയുന്നതുപോലെയാണ്. ഒരു പുരുഷൻ ഒരു

സ്ത്രീയെ വിവാഹം ചെയ്യുന്നതു് അടുക്കളയിൽ ഒരു ഭൃത്യയെ ലഭിക്കുന്നതിനു വേണ്ടിയല്ല. അവൾക്കിഷ്ടമുണ്ടെങ്കിൽ അവൾ ഗൃഹജോലികൾ ചെയ്തുകൊള്ളട്ടെ. അവളെ അതിനു നിർബ്ബന്ധിക്കുവാൻ ഒരുത്തർക്കും അധികാരമില്ല.

രാജമ്മ പറഞ്ഞു: "ചേച്ചി നല്ല കാര്യങ്ങൾ കുറെ പറഞ്ഞു എന്നു ഞാൻ സമ്മതിക്കുന്നു. എന്റെ അമ്മ ഒരു കർഷകന്റെ മകളാണു്. അധികമൊന്നും പഠിച്ചിട്ടുമില്ല. അതിനാൽ ഗൃഹജോലിയിൽ അമ്മ ഒരു വിദഗ്ദ്ധയാണു്. എന്നാൽ ഞാൻ മഹാനായ ഒരു രാജ്യതന്ത്രജ്ഞന്റെ മകളാണു്, ഒരു എം. എ. ക്കാരിയും. എന്റെ അമ്മയേപ്പോലെ ഗൃഹജോലികൾ ചെയ്യണമെന്നു പറയുന്നതു ശരിയോ?"

ചിലക്കു് അപ്പനെപ്പററിയുള്ള ഓർമ്മ. ചിലക്കു് അമ്മയെപ്പററി. ചിലക്കു് തന്നെപ്പററിത്തന്നെ. ചിലക്കോ എന്നാൽ എല്ലാംകൂടി ഒന്നിച്ചുവരും. സാധാരണ, ജോലിയിൽനിന്നും ഒഴിഞ്ഞുനിൽക്കുവാനുള്ള കാരണങ്ങൾ ചിലർ കണ്ടുപിടിക്കുന്നതു വിചിത്രമായ തരത്തിലാണു്. തെററിദ്ധാരണയിൽനിന്നും ഇഴഞ്ഞു നീങ്ങുവാൻ ഒരു ശ്രമംപോലും രാജമ്മ നടത്തുന്നില്ലല്ലോ എന്നു ലീലാമ്മ കുണ്ഠിതപ്പെട്ടു.

"രാജമ്മയുടെ അപ്പൻ ഒരു രാജ്യതന്ത്രജ്ഞനാണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ അദ്ദേഹത്തെപ്പോലെ ജോലി ചെയ്യുന്ന ഒരു മനുഷ്യനെ കണ്ടെത്തുമോ? വെളുപ്പിനെ 4 മണിക്കു് അദ്ദേഹം ഉണരും; രാത്രി 11 മണിവരെ ജോലി ചെയ്യും, എന്നാണു ഞാൻ കേട്ടിട്ടുള്ളതു്. രാജമ്മ അദ്ദേഹത്തെക്കുറിച്ചു് അഭിമാനം കൊള്ളുന്നെങ്കിൽ അദ്ദേഹത്തെപ്പോലെ ജോലി ചെയ്യുവാൻ പഠിക്കുക.

"അമേരിക്കയിൽ നിന്നു് അടുത്ത കാലത്തു് ഒരു തൂലികാസുഹൃത്തിന്റെ എഴുത്തെനിക്കു കിട്ടി. അവിടെ നല്ല നിലയിൽ കഴിഞ്ഞുകൂടുന്ന ഒരു കുടുംബത്തിന്റെ നായിക എഴുതുകയാണു്: പ്രിയപ്പെട്ട ലീലാമ്മ, എനിക്കു രണ്ടു ആൺകുട്ടികളുണ്ടു്. രണ്ടുപേരും മിടുക്കർ. ഒരാൾ ഒരു കുടുംബക്കാർക്കു പുല്ലു ചെത്തിക്കൊടുത്തു് പണമുണ്ടാക്കും. മററവൻ പത്രം വിതരണം ചെയ്യും. കോളേജിൽ പഠിക്കുന്നതിനു വേണ്ട പണം അവർതന്നെയാണു ഉണ്ടാക്കുന്നതു്. അമേരിക്കയിൽ എല്ലാ തൊഴിലും മാന്യതയുള്ളതാണു്."

തന്റെ വാദഗതി ഒരിക്കലും ലീലാമ്മയുടെ മുമ്പിൽ വിജയിക്കയില്ലെന്നു രാജമ്മയ്ക്കു മനസ്സിലായി. അവൾ പറഞ്ഞു: "ഞാൻ ഒരു മടിച്ചിയാണെന്നു ചേച്ചി ധരിക്കരുതു്. എല്ലാതരം ജോലിക

ളും എനിക്കിഷ്ടമാണ്. പക്ഷേ ചേച്ചിയെപ്പോലെ വസ്ത്രം അല ക്കുവാനും ചുക്രി തൂക്കുവാനും എനിക്കു സാദ്ധ്യമല്ല."

"എൻെറ കുഞ്ഞേ, നീ എന്തു പറയുന്നുവെന്നു നിനക്കുതന്നെ അറിഞ്ഞുകൂടാ. ചില വീടിൻെറ മുററം കണ്ടാൽ അറപ്പു വരും. മുററം അടിക്കുന്നതു് അഭിമാനക്കുറവായിട്ടാണ് ചില ഗൃഹനായിക മാർ കരുതുന്നതു്. വേലക്കാരുടെ വരവു കാത്തു് അവർ ഇരിക്കേ ണ്ടിവരുന്നു. പണത്തിനുവേണ്ടി ജോലി ചെയ്യുന്നവൎക്കു് വീടും പ രിസരങ്ങളും വൃത്തിയായി സൂക്ഷിക്കുവാനുള്ള ശ്രദ്ധയുണ്ടാകയില്ല. വീടിൻെറ കോണും മൂലയും എട്ടുകാലിവലയും ചുക്രിയും കൊണ്ടു് കുട്ടിപിടിച്ചിരിക്കും. ആ ഭാഗത്തേക്കൊന്നും ഗൃഹനായികയുടെ ദൃ ഷ്ടി നീങ്ങാറില്ല.

"Cleanliness is next to Godliness" ദിവ്യത്വത്തോടു് എ ററം അടുത്തതാണ് ശുചിത്വം എന്നു കേട്ടിട്ടുണ്ടല്ലോ. വീടും പരിസര ങ്ങളും വൃത്തിയായിരിക്കുന്നതിൽ മാത്രമല്ല നമ്മുടെ ശ്രദ്ധ പതിയേ ണ്ടതു്. നമ്മുടെയും കുഞ്ഞുങ്ങളുടേയും കാൎയ്യത്തിലും നാം ശുചി ത്വം പാലിക്കണം. കുഞ്ഞുങ്ങൾ കുളിക്കുന്നുണ്ടോ, പല്ലു തേയ്ക്കുന്നു ണ്ടോ, ഭക്ഷണത്തിനുമുമ്പു കൈ കഴുകുന്നുണ്ടോ എന്നൊന്നും ചില മാതാക്കൾ നോക്കാറില്ല."

അതു തുടൎന്നു കേൾക്കുവാനുള്ള ക്ഷമയുണ്ടായില്ല രാജമ്മയ്ക്കു്. അവൾ പറഞ്ഞു: "നാലു മക്കൾ മാത്രമുള്ള ചേച്ചിക്കു് ഇതും ഇതി ലപ്പുറവും പറയാം. എനിക്കു പത്തുപേരാണു സന്താനങ്ങളായിട്ടു്. ഇവരെയെല്ലാം കുളിപ്പിക്കാനും വെളുത്ത മുണ്ടുടുപ്പിക്കാനും ആർ ക്കാണു കഴിയുക! വി. മത്തായിയുടെ സുവിശേഷം 15-ാം അദ്ധ്യാ യത്തിൽ ഈ കഴുകും കുളിയും ആവശ്യമില്ലെന്നുതന്നെ പറഞ്ഞിരി ക്കയും ചെയ്യുന്നു."

ലീലാമ്മ അത്ഭുതപ്പെട്ടു വേദപുസ്തകത്തിൽ കുളി വേണ്ടെന്നു പ റഞ്ഞിട്ടുണ്ടെന്നു കേട്ടപ്പോൾ. "എന്നാൽ എനിക്കു് ആ കഥ മുഴു വനും ഒന്നു കേൾക്കണം, കഴുകും കുളിയും വേണ്ടെന്നു ആരാണു പറഞ്ഞിരിക്കുന്നതു്?"

"നമ്മുടെ കൎത്താവുതന്നെ പറഞ്ഞിരിക്കുന്നു. ജറുസലത്തുനി ന്നും പ്രീശരും നിയമജ്ഞന്മാരും കൎത്താവിനോടു ചോദിച്ചു: നി ൻെറ ശിഷ്യന്മാർ പൂൎവ്വന്മാരുടെ പാരമ്പൎയ്യം ലംഘിക്കുന്നതെന്തുകൊ ണ്ടു്? അവർ അപ്പം ഭക്ഷിക്കുമ്പോൾ കൈ കഴുകുന്നില്ലല്ലോ. ന മ്മുടെ കൎത്താവു അതിനു മറുപടിയായിട്ടാണ് അരുളിച്ചെയ്തതു്: മ നുഷ്യനിൽ പ്രവേശിച്ചു് അവനെ അശുദ്ധനാക്കുവാൻ കഴിയുന്നതാ

യി അവനു വെളിയിൽ യാതൊന്നുമില്ല. അവനിൽനിന്നുപുറപ്പെടുന്നതെന്തോ അതാകുന്നു മനുഷ്യനെ അശുദ്ധനാക്കുന്നതു്."

ലീലാമ്മ പൊട്ടിച്ചിരിച്ചിട്ടു പറഞ്ഞു: "രാജമ്മയ്ക്കു വേദപുസ്തകം തന്നെ സഹായത്തിനു വന്നിരിക്കുന്നു! ഇനി ഒരിക്കലും കുളിക്കേണ്ടാ, കുഞ്ഞുങ്ങളെ കുളിപ്പിക്കയും വേണ്ടാ. എന്നാൽ വി. മർക്കോസിൻെറ സുവിശേഷം 7-ാം അദ്ധ്യായം 4-ാം വാക്യം ഒന്നു വായിക്കണം. അവിടെയുണ്ടു് കർത്താവു് ഏതുതരം കുളിയെപ്പററിയാണു് പറഞ്ഞതെന്നു്. ചന്തയിൽനിന്നു വരുമ്പോൾ കുളിച്ചില്ലെങ്കിൽ അവർ ഭക്ഷിക്കയില്ല. പാനപാത്രങ്ങളുടെയും കുടങ്ങളുടേയും ചെമ്പുപാത്രങ്ങളുടേയും കട്ടിലുകളുടെയും ക്ഷാളനം; ഇങ്ങിനെ അവർ കൈകൊണ്ടു് ആചരിച്ചുവരുന്ന വേറെ പലതുമുണ്ടു്" ഇതാണു നാലാം വാക്യം. യഹൂദന്മാർ ദൈവപ്രമാണങ്ങളെ ലംഘിച്ചിട്ടു് പൂർവ്വന്മാരുടെ പാരമ്പര്യം കാത്തുവന്നിരുന്നതിലാണു് അത്തരം കുളിയും കഴുകും ഇല്ലാതിരിക്കുന്നതാണു ഭേദം എന്നു ദിവ്യരക്ഷകൻ പറയുവാൻ കാരണം.

"പത്തു മക്കളുള്ളതിനെപ്പററി രാജമ്മ വിലപിക്കുന്നതുപോലെ തോന്നുന്നു. കൂടുതൽ സന്താനങ്ങളെ വളർത്തിക്കൊണ്ടുവരുവാൻ, നാലു മക്കൾ മാത്രമുള്ള അമ്മയെക്കാൾ കൂടുതൽ ബുദ്ധിമുട്ടു് ഒരു സ്ത്രീ സഹിക്കേണ്ടിവരുമെന്നു ഞാൻ സമ്മതിക്കുന്നു. എന്നാലും ഒരു ക്രമീകരണം വരുത്താമെങ്കിൽ എല്ലാം എളുപ്പമായിത്തീരും. പത്തുമക്കളുള്ളവക്കു് സാധാരണ ഗതിയിൽ 15 വയസ്സിൽ കവിഞ്ഞ സന്താനങ്ങൾ ഒന്നുരണ്ടെങ്കിലും കാണും. അമ്മയുടെ ജോലിയുടെ ഒരു പങ്കു വഹിക്കുവാൻ അവർ തയാറായിരിക്കും. പക്ഷേ രാജമ്മയുടെ മാതൃക അത്ര നന്നല്ല. ഒരു ശാസ്ത്രജ്ഞൻെറ മകളായതുകൊണ്ടു് താൻ ഒരു ജോലിയും ചെയ്യേണ്ടതില്ലെന്നു രാജമ്മ കരുതുന്നു. പണം വാരിക്കൂട്ടുന്ന തൊമ്മിക്കുഞ്ഞു വക്കീലിൻെറ മക്കളാണു തങ്ങൾ, അതുകൊണ്ടു് തങ്ങളും ജോലി ചെയ്യേണ്ടതില്ല എന്നു് ആ പത്തു പിള്ളേൎക്കും തോന്നിയേക്കാം. അങ്ങനെയാണു സംഭവിക്കുന്നതെങ്കിൽ രാജമ്മ മററാരേയും പഴിച്ചിട്ടു കാൎയ്യമില്ല. സ്വന്തം തെററു തിരുത്താൻ നോക്കണം. ജോലിയാണു് ഒരു മനുഷ്യനെ സ്വതന്ത്രനും ഉൽകൃഷ്ടനുമാക്കുന്നതെന്നു ഗ്രഹിക്കണം.

എം. എ.ക്കാരി രാജമ്മ അത്ഭുതപ്പെട്ടു കോളേജിൻെറ കവാടത്തിനകത്തു പ്രവേശിച്ചിട്ടില്ലാത്ത ലീലാമ്മ എത്ര വാചാലതയോടെ പ്രഭാഷണം നടത്തുന്നുവെന്നു്. ഒരു പുസ്തകപ്പുഴുവായി ജീവിക്കുന്ന ആളാണു് ജോസുകുട്ടി. ഉറക്കത്തിനും ഭക്ഷണത്തിനും വേണ്ടിയല്ലാ

തെ അദ്ദേഹം ഗ്രന്ഥങ്ങളെ വിട്ടുപിരിഞ്ഞിരുന്നില്ല. എന്നിരുന്നാലും മററുള്ളവരെ രസിപ്പിക്കത്തക്കവിധത്തിൽ ഒരു വാക്കു പറയുവാൻ അദ്ദേഹത്തിനറിഞ്ഞുകൂടാ. ലീലാമ്മ നേരെമറിച്ചാണ്. ഗ്രന്ഥപാരായണത്തിൽ അവൾക്കു വലിയ ശ്രദ്ധയില്ല. മനുഷ്യരെപ്പററി പഠിക്കുന്നതിലാണ് ഉത്സാഹം. മനുഷ്യരുടെ ഹൃദയങ്ങളിലേക്കു കടന്നുചെല്ലുവാനുള്ള അവളുടെ സാമർത്ഥ്യം അത്ഭുതാവഹമാണ്.

രാജമ്മ പറഞ്ഞു: "ആദായമുള്ള ജോലിചെയ്യുവാൻ ഇനിക്കിഷ്ടമാണ്. കുളി, തുപ്പ്, മുതലായ ജോലികളിൽനിന്നും നമുക്കെന്തു കിട്ടും?"

കുളിച്ചാൽ അത്രയും ഘനം കുറഞ്ഞുപോകുമല്ലോ എന്നു രാജമ്മ പറയാതിരുന്നതു് ഒരു ഭാഗ്യമായി. പുരുഷന്മാർ കുളിച്ചു് വൃത്തിയായി നടക്കണമെന്ന് സ്ത്രീകൾ പറയാറുണ്ട്. അവർ മിക്കപ്പോഴും പുറത്തു സഞ്ചരിക്കുന്നവരാണല്ലോ. എന്നാൽ അടുക്കളയുടെ കവത്ത ഭിത്തികൾക്കുള്ളിൽനിന്നും സാധാരണ പുറത്തുകടക്കുവാൻ ആവശ്യമില്ലാത്ത സ്ത്രീകൾ എന്തിനു കുളിക്കുന്നു? എന്തിനു വെള്ളവസ്ത്രം ധരിക്കുന്നു? ചില മുത്തശ്ശികൾക്കു് കണ്ടുകൂടാ, ദിവസവും അലക്കി തേച്ചുകുളിക്കുന്ന മരുമക്കളെ. ശനിയാഴ്ച ഒരു കുളി അനുവദനീയമാണ്. പിറേറദിവസം കുബ്ബാന കാണുവാൻ പള്ളിയിൽ പോകണമല്ലോ.

കത്തോലിക്കാ വനിതകളുടെ ഇടയിൽ "ശനിയാഴ്ച കുഞ്ഞേലിമാർ" ധാരാളമുണ്ടായിരിക്കാം. അതാണല്ലോ ഒരു കുഞ്ഞേലിതന്നെ (ഏലിയാമ്മ ജോർജ്ജ് വലിയതാഴത്തു്) "ശനിയാഴ്ച കുഞ്ഞേലി" എന്നൊരു കഥയെഴുതിയതു്. സുറിയാനി ക്രിസ്ത്യാനികളിൽ പലരും തങ്ങൾ പഴയകാലത്തു് ബ്രാഹ്മണരായിരുന്നുവെന്ന് ഡിണ്ടിമം മുഴക്കാറുണ്ട്. പക്ഷേ ചിലരുടെ വീടും പരിസരങ്ങളും കണ്ടാൽ അവർ അധഃകൃതവർഗ്ഗത്തിൽനിന്നും മാനസാന്തരപ്പെട്ടവരാണോ എന്നു സംശയിച്ചുപോകും. ബ്രാഹ്മണക്കു് ദിവസവും കുളിക്കണമെന്നും ഗൃഹം ശുചിയായി സൂക്ഷിക്കണമെന്നും നിയമമുണ്ട്.

ലീലാമ്മയ്ക്കു ചിരിവന്നുപോയി എം. എ. ക്കാരി രാജമ്മയുടെ ചോദ്യം കേട്ടപ്പോൾ. കുളി, തുപ്പ് മുതലായ ജോലികളിൽനിന്നും നമുക്കെന്തുകിട്ടും? ഒന്നും കിട്ടുകയില്ല, ലീലാമ്മ പറഞ്ഞു: "ഉദ്ഗ്രന്ഥം മാറും. നാം അറിയാത്ത ചില നേട്ടങ്ങളുമുണ്ട്. സകലത്തെയും കഴുകി ശുദ്ധിയാക്കുന്ന വെള്ളം ലോകത്തിൽ വിരളമായിരുന്നെങ്കിൽ അതിന്റെ വില എന്തെന്നു ജനങ്ങൾ മനസ്സിലാക്കുമായിരുന്നു.

ദാനമായ ഈ സാധനം ലോകത്തിൻെറ ഏതു മൂലയിലും സൃഷ്ടി താവു കരുതിവെച്ചിട്ടുണ്ട്; അവിടെനിന്നെല്ലാം ദൈവം പൈപ്പു കൾവെച്ചു് ഏതു പ്രദേശത്തും വെള്ളം എത്തിച്ചുകൊണ്ടിരിക്കുന്നു."

രാജമ്മ വിസ്മയഭരിതയായി. ഇരുമ്പുകൊണ്ടും മണ്ണുകൊണ്ടും വാ ർത്തെടുത്ത പൈപ്പുകൾ അടുക്കളയിലും കുളിമുറിയിലും വെള്ളം ചീ റ്റിവിടുന്നതു് അവർ കണ്ടിട്ടുണ്ട്. അതൊന്നും ദൈവം സ്ഥാപിച്ച പൈപ്പുകളല്ല. മനുഷ്യബുദ്ധിയുടെ പ്രവൃത്തികളാണ്. പിന്നെ ലീലാമ്മ പറഞ്ഞ പൈപ്പുകൾ ഏതു്?" വിജ്ഞാനത്തേക്കാൾ വള രെ കൂടുതൽ പ്രധാനമാണു ഭാവനാശക്തി. ആൽബർട്ടു് ഐൻസ്റ്റീ ൻ അങ്ങനെ പറഞ്ഞിരിക്കുന്നു.

ലീലാമ്മ പറഞ്ഞു: "ഞാൻ പൈപ്പുകൾ എന്നു പറഞ്ഞതു് എന്താണെന്നു് രാജമ്മയ്ക്കു മനസ്സിലായില്ലായിരിക്കും. ആറുകളും തോടുകളുമാണ് എൻെറ വിവക്ഷ. ദൈവം ഇണക്കിയിരിക്കുന്ന പൈപ്പുകളല്ലെ അതെല്ലാം? അതു വഴിയായി കുടിക്കുവാനും കുളി ക്കുവാനുമുള്ള വെള്ളം നമുക്കു ധാരാളം കിട്ടുന്നു. ദൈവം തന്നെ മനുഷ്യരുടെ ശുചിത്വം വളരെ ആഗ്രഹിക്കുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടതു്. ദിവസവും കുളിച്ചു ശുദ്ധിയായി ന ടക്കുന്ന മനുഷ്യൻ സ്വാഭാവികമായി തൻെറ ആത്മാവിൻെറ ശു ദ്ധതയും പാലിച്ചുകൊള്ളും.

"രാജമ്മ നമ്മുടെ ഇടയിലുള്ള യാക്കോബായക്കാരുടെയും മാ ർത്തോമ്മാക്കാരുടെയും വീടുകൾ സന്ദർശിച്ചിട്ടുണ്ടോ?" ആ ചോദ്യം ലീലാമ്മ ചോദിച്ചതെന്തിനെന്നു് രാജമ്മയ്ക്കു മനസ്സിലായില്ല. ഒരു വിദ്യാർത്ഥിനിയായിരുന്ന കാലത്തു് യാക്കോബായക്കാരും മാർത്തോ മ്മാക്കാരുമായ വനിതകൾ അവൾക്കു കൂട്ടുകാരായുണ്ടായിരുന്നു. ചിലരുടെ വീടുകളിൽ രാജമ്മ പോയിട്ടുമുണ്ട്."

രാജമ്മയുടെ മറുപടി: "ചേച്ചിയുടെ ചോദ്യം എനിക്കു മന സ്സിലാകുന്നില്ല. ഞാൻ യാക്കോബായ വീടുകളിലും മാർത്തോമ്മാ ക്കാരുടെ വീടുകളിലും പോയിട്ടുണ്ട്. അതൊരു തെററായിപ്പോയി എന്നു തോന്നുന്നുണ്ടോ?"

"തെററായിപ്പോയി എന്നല്ല; അതിനു നിന്നെ ഞാൻ അഭിന ന്ദിക്കുവാൻ പോകയാണ്. ഒരു കാര്യം എനിക്കറിയണം. കത്തോ ലിക്കാഭവനങ്ങളിൽനിന്നും വ്യത്യസ്തമായി എന്തെങ്കിലും യാക്കോ ബായ വീടുകളിലോ മാർത്തോമ്മാ വീടുകളിലോ രാജമ്മ കണ്ടി ട്ടുണ്ടോ?"

"പറയത്തക്കതായി ഒന്നുമില്ലെന്നാണെനിക്കു തോന്നുന്നതു്.

അവരുടെ വീടുകളിൽ തിരുഹൃദയത്തിന്റെയും ചെറുപുഷ്പത്തിന്റെയും പടങ്ങൾ കാണുകയില്ല. പിന്നെ അവിടുത്തെ ആളുകളുടെ കഴുത്തേൽ കൊന്തയും വെന്തീങ്ങയും ഇല്ലായിരിക്കും. അതല്ലാതെ മറെറന്താണു വ്യത്യാസം?”

“എന്നാൽ ഞാൻ വിശദാംശത്തിലേക്കു കടക്കാം. അവരുടെ ഭവനത്തിന്റെ മുററവും കത്തോലിക്കാവീടിന്റെ മുററവുംതമ്മിൽ എന്തു വ്യത്യാസം? അവരുടെ വീടും തിണ്ണയും നമ്മുടെ വീടും തിണ്ണയും തമ്മിൽ എന്തു വ്യത്യാസം? ആ സ്ത്രീകളുടെ വസ്ത്രവും കത്തോലിക്കാസ്ത്രീകളുടെ വസ്ത്രവും തമ്മിൽ എന്തു വ്യത്യാസം?”

രാജമ്മ ഊറിച്ചിരിച്ചു. അവൾക്കു കാര്യം മനസ്സിലായി. ഓരോന്നിനും മറുപടി പറയേണ്ടതെങ്ങനെയെന്ന് അവൾ ആലോചിക്കയാണ്. കള്ളംപറഞ്ഞു ലീലാമ്മയുടെ അടുക്കൽ വിജയം നേടാൻ സാദ്ധ്യമല്ല. നേരുപറഞ്ഞാൽ തനിക്കുതന്നെ ക്ഷീണവുമാകും. എങ്കിലും സത്യം പറയുവാൻ തന്നെ അവൾ തീരുമാനിച്ചു. “ഞാൻ കഴിഞ്ഞദിവസം മാർത്തോമ്മാക്കാരി അമ്മിണിയുടെ വീട്ടിൽപോയി. ആ മുററത്ത് വെള്ളമണൽ വിരിച്ചിരിക്കുന്നു. ഒരു കരികിലപോലും അവിടെ കണ്ടില്ല.

“വിരുന്നുകാർ ധാരാളം വന്നുകൊണ്ടിരിക്കുന്ന ഒരു വീടാണത്. വെററിലമുറുക്കുന്നവരാണ് അതിൽ ഭൂരിപക്ഷവും. എന്നാലും അവിടെ ഒരിടത്തും ചെഞ്ചായത്തിന്റെ ചതുരംശവും കണ്ടില്ല. നടവാതിക്കൽത്തന്നെ ഒരു കോളാമ്പി സിമൻറുകൊണ്ടു വാർത്തുവച്ചിരിക്കുന്നു. അതിനകത്തേ ആളുകൾ തുപ്പൂ, ഒരിക്കൽ ഒരു മനുഷ്യൻ ഓർക്കാതെ ആ മണൽ മുററത്തേക്കുതന്നെ തുപ്പിപ്പോയി. അവിടത്തെ കുടുംബനായകനാണു ചാക്കോച്ചൻ. അയാൾ ഉടനെ ഒരു പാത്രവുമായി മുററത്തിറങ്ങി ആ ചെഞ്ചായംപുരണ്ട മണൽത്തരികൾ അതിനകത്താക്കി.

അതു കണ്ടുനിന്ന മനുഷ്യൻ വിളറി വിയർത്തുപോയെന്നു പറയേണ്ടതില്ലല്ലോ. അത് അയാളുടെ ജീവിതകാലം മുഴുവനേക്കും ഒരു പാഠമായിത്തീർന്നിട്ടുണ്ടാകണം. കത്തോലിക്കാഭവനങ്ങളിൽ സാധാരണ നേരെ മറിച്ചാണ്. കുടുംബനായിക മുറുക്കുകാരിയാണെങ്കിൽ അവർ മുറുക്കിത്തുപ്പുന്നതു പുരയ്ക്കകത്തിരുന്നുകൊണ്ട് മുററത്തേക്കാണ്. പറന്നുപോകുന്നവഴി അതിൽ കുറേഭാഗം അടുക്കളപ്പടിയേൽ തങ്ങും. കുറേഭാഗം തിണ്ണയിൽ പതിക്കും. അവസാനത്തെ തുള്ളികൾ മുറെറാത്തൊരു യുദ്ധക്കളം സൃഷ്ടിക്കയും ചെയ്യും.

“പുറത്തുനിന്നും അവിടെ കയറിച്ചെല്ലുന്ന മനുഷ്യന്റെ ദൃഷ്ടി

യിൽ ആദ്യമേ പതിക്കുന്നതു വൃത്തിഹീനമായ ആ മുറമാണു്. മിക്കവാറം ആ ഭാഗത്തു ചവിട്ടിവേണം വരാന്തയിലേക്കുള്ള കല്പടകൾ കയറവാൻ. അതു വളരെ അരോചകമായി എനിക്കു തോന്നിയിട്ടുണ്ടു്."

## അദ്ധ്യായം 3

### സ്ത്രീകളും ശുചിത്വവും

"കൊള്ളാം, കൊള്ളാം; അങ്ങനെ കണ്ടെത്തുമുഴവൻ പറയൂ. അദ്ധ്യാപകനെ കൂടാതെ പാഠങ്ങൾ പഠിക്കുവാനുള്ള ഒരു വിദ്യയാണതു്. 'മററുള്ളവർ തന്നോടു് എങ്ങനെ വർത്തിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അപ്രകാരം നിങ്ങൾ മററുള്ളവരോടു വർത്തിക്കുക' എന്നാണു് വലിയ തോബിയാസ് കൊച്ചുതോബിയാസിനു കൊടുത്ത ഉപദേശം. നമ്മളെല്ലാം ആ ഉപദേശം സ്വീകരിക്കേണ്ടതാണു്. രാജമ്മയുടെ കഥ തുടന്നാട്ടെ. കേൾക്കാൻ വളരെ രസമുണ്ടു്."

രാജമ്മ തുടന്നു: "ഞാൻ ഒരിക്കൽ സാറാമ്മയുടെ വീട്ടിൽ പോയിരുന്നു. അവർ ഒരു യാക്കോബായക്കാരിയാണു്. അവിടത്തെ അടുക്കള എന്നെ വളരെ ആകർഷിക്കയുണ്ടായി. അതിൻെറ ഭിത്തികൾക്കെല്ലാം നല്ല വെള്ളനിറം. അടുപ്പു ഭംഗിയായിരിക്കുന്നു. അടുപ്പിനടുത്തു് ഒരു ടബ് പണുതിട്ടുണ്ടു്. അതു നിറയെ എപ്പോഴും വെള്ളം ശേഖരിച്ചിരിക്കും. ഒരു ടാപ്പുതിരിച്ചാൽ ഉടൻ വെള്ളം ചീററി വീഴുകയാണു് തളികപോലുള്ള ഒരു തട്ടിലേക്കു്. അതാണു് അവർ പാത്രം കഴുകുന്ന സ്ഥലം. അഴുക്കുവെള്ളം ഒരു കുഴലിൽക്കൂടി പുറത്തേയ്ക്കു പൊയ്ക്കൊള്ളുകയാണു്.

"അടുക്കളയിലെങ്ങും പുക തങ്ങിനിൽക്കുകയില്ല. മുകളിലേയ്ക്കുള്ള ഒരു കുഴലിൽക്കൂടി ഉയന്നു് ആകാശത്തിൽ ചില ചിത്രങ്ങൾ വരച്ചിട്ടു് അതു് അപ്രത്യക്ഷമായിക്കൊള്ളും. ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും അടുക്കള വെള്ളമൊഴിച്ചുകഴുകാറുണ്ടെന്നു് സാറാമ്മ പറഞ്ഞു. അതു കേട്ടിട്ടു് എനിക്കത്ഭുതം തോന്നി, അതു് ആരെ കാണിക്കുവാനാണെന്നു്."

ലീലാമ്മ ഇടയ്ക്കുകയറി: "രാജമ്മയുടെ അത്ഭുതം അജ്ഞതയിൽനിന്നും മുളയെടുത്തതാണെന്നു ഞാൻ പറയുന്നതു ക്ഷമിക്കണം.

അടുക്കള കഴുകുന്നതു് ആരെയും കാണിക്കുവാനല്ല. ഒരു കുടുംബത്തിൻെറ ആരോഗ്യം മുഴുവനും സംരക്ഷിക്കുന്ന ഒരു സ്ഥാപനമാണ് അടുക്കള. അവിടെ വൃത്തിയും ശുചിത്വവുമില്ലെങ്കിൽ ഭക്ഷണസാധനങ്ങളാണു് രോഗാണുക്കളെക്കൊണ്ടു് നിറയുവാൻ പോകുന്നതു്. ഭക്ഷണസാധനങ്ങളിൽക്കൂടി അണുക്കൾ അതു ഭക്ഷിക്കുന്ന ശരീരത്തിലേക്കു കടക്കുമെന്നുള്ളതു തീർച്ചയാണല്ലോ. അടുക്കള കഴുകുന്നതും വെടിപ്പായി സൂക്ഷിക്കുന്നതും അല്പം ബുദ്ധിമുട്ടുള്ള കാര്യമാണു്. എന്നും മരുന്നും കഷായവുമായി കഴിയുന്നതിനേക്കാൾ എത്രയോ മെച്ചമാണ് ദിവസവും ഒരു ക്രമത്തിനു നല്ല ജോലികൾ ചെയ്യുന്നതു്!

"അടുക്കളയെക്കാൾ വൃത്തിയായി സൂക്ഷിക്കേണ്ട ഒരു സ്ഥാപനമാണ് കക്കൂസ്. കേരളത്തിൽക്കൂടി ഒരിക്കൽ പര്യടനം നടത്തിക്കൊണ്ടിരുന്ന ഒരു ഇററാല്യൻ ഡോക്ടരുടെ കഥ കേട്ടിട്ടുണ്ടു്. അദ്ദേഹം ഇററലിയിൽ തിരിച്ചുചെന്നു് ഒരു പ്രസംഗംചെയ്തു. കേരളം മുഴുവനും ഒരു കക്കൂസാണെന്നായിരുന്നു അദ്ദേഹം സ്ഥാപിച്ചതു്. അതു കേൾക്കാൻ കേരളീയരായ കുറേ വിദ്യാർത്ഥികളുണ്ടായിരുന്നു അവിടെ. മററുരാജ്യക്കാർ അവരുടെനേരെ നോക്കിച്ചിരിക്കയുണ്ടായി.

"ആ ഡോക്ടർ പറഞ്ഞതു ഒരു വാസ്തവമായിരുന്നില്ലേ? നമ്മുടെ രാജ്യത്തു മിക്ക വീടുകൾക്കും ഒരു കക്കൂസില്ല. എന്തിനു വീടുകളുടെ കാര്യം എടുക്കുന്നു? മൂന്നുനാലുകൊല്ലം മുമ്പുവരെ, ഏററം പരിഷ്കൃതമായ ഒരു പട്ടണത്തിലേ ഗവണ്മെൻറ് ആശുപത്രിക്കുപോലും ഒരു കക്കൂസില്ലായിരുന്നു. ഇനി കക്കൂസ് ഉള്ളിടത്തെ സ്ഥിതിയോ? പരിതാപകരമാണു്. അതിനടുത്തു ചെല്ലുമ്പോൾ പലർക്കും മനംമറിച്ചിലുണ്ടാകും. ആണ്ടിലൊരിക്കലെങ്കിലും അതു് അടിക്കയോ കഴുകുകയോ ചെയ്തിരുന്നെങ്കിൽ നന്നായിരുന്നേനേ എന്നും പറയുവാൻ തോന്നിപ്പോകുന്നു.

"വീട്ടിൽ ഇങ്ങനെ വൃത്തികേടുകളിൽക്കൂടി നീക്കാങ്കുഴി ഇട്ടു പഠിച്ച കുഞ്ഞുങ്ങൾ എത്ര പ്രായമായാലും ശുചിത്വത്തിൻെറ പാഠങ്ങൾ പഠിക്കയില്ല. അൾത്താരയിൽ കുർബ്ബാന ചൊല്ലിക്കൊണ്ടിരിക്കുന്ന ഒരു വൈദികൻ അവിടെനിന്നുകൊണ്ടുതന്നെ ഒരു വശത്തേക്കു തുപ്പുന്നതു ഞാൻ കണ്ടു. ഇത്തരം വൈദികർ താമസിക്കുന്ന ബംഗ്ലാവു് ഒന്നു കാണേണ്ടതുതന്നെ. മുറിക്കകത്തും തുപ്പിവെയ്ക്കുവാൻ അവർ മടിക്കയില്ല. മുറിയുടെ കോണും മൂലയുമെല്ലാം എട്ടുകാലിവലയും ചപ്പിയുംകൊണ്ടു നിറഞ്ഞിരിക്കും. മാസത്തിലൊരിക്കലെങ്കിലും മുറി അടിച്ചുതളിക്കുവാൻ അവർ വേലക്കാരോടു പ

റയുകയില്ല. പള്ളിയകത്തെ സ്ഥിതിയും ഏകദേശം ഇങ്ങനെയായിരിക്കും.

"ചില വിശുദ്ധന്മാരുടെ രൂപങ്ങൾക്കു മുമ്പിൽ ധാരാളംതിരി കത്തിനിൽക്കുന്നതു കണ്ടിട്ടുണ്ട്. മെഴുകുരുകി വീണ് മുൻഭാഗമെല്ലാം വൃത്തികേടാകയും ചിലപ്പോൾ കരിയുകയും ചെയ്യാറുണ്ട്. എന്നാലും അതൊന്നിലും അച്ചന്മാരുടെ ദൃഷ്ടി പതിയുകയില്ല. ഭക്തി പ്രകടിപ്പിക്കണമെന്നും, തിരി കത്തിക്കണമെന്നും, നേർച്ച ഇടണമെന്നും അവർ പ്രസംഗിക്കും. എന്നാൽ പള്ളിക്കകം വൃത്തിഹീനമാകരുതെന്ന് അവർ ആരോടും പറയാറില്ല. പറയുവാൻ ധൈര്യപ്പെടുകയുമില്ല. കാരണം അച്ചന്റെ വസതി എങ്ങനെ എന്നു വല്ലവരും ചോദിച്ചേക്കും.

"വൈദികന്മാർ ഇങ്ങനെ ശുചിത്വബോധമില്ലാത്തവരായി ഉന്നതസ്ഥാനങ്ങളിൽ പ്രത്യക്ഷപ്പെടുന്നതെന്തുകൊണ്ടെന്നു ചോദിച്ചാൽ ഞാൻ പറയും പഠിച്ചതേ പാടൂ എന്ന്. കുഞ്ഞുങ്ങളായിരിക്കുമ്പോൾ അവർ നമ്മുടെയൊക്കെ വീടുകളിലെ അംഗങ്ങളാണ്. അമ്മമാരുടെ മാതൃക കണ്ടു കുഞ്ഞുങ്ങൾ പഠിക്കുന്നു. വൃത്തിഹീനമായി ജീവിക്കുന്ന അമ്മമാർ സ്വന്തം സന്താനങ്ങളെ വൃത്തിഹീനതയിൽ അഭ്യസിപ്പിക്കുന്നു. പിന്നെ അവർ ഏതു നിലയിൽ ചെന്നെത്തിയാലും അവർക്കു ശുചിത്വദീക്ഷയുണ്ടാകയില്ല.

"രാജമ്മയുടെ കഥകൾ കേൾക്കുവാനായിരുന്നു എനിക്കിഷ്ടം. ഓർക്കാതെ ഞാൻതന്നെ കുറേ അങ്ങു പറഞ്ഞുപോയി. ഇനി പറയുക സാറാമ്മയുടെ വസ്ത്രധാരണരീതി എങ്ങനെ?"

വസ്ത്രാഭരണങ്ങളിൽ വളരെ ഭ്രമമുള്ള ആളാണു രാജമ്മ. അതുകൊണ്ട് ലളിതമായി ജീവിക്കുന്ന സാറാമ്മയെപ്പററി പ്രശംസിച്ചുപറയുവാൻ അവൾക്കൊരു മടിതോന്നി. എങ്കിലും ലീലാമ്മയുടെ ചോദ്യത്തിനു മറുപടി പറയാതെ പററുമോ? നന്മയുടെ നേരെ കണ്ണടച്ചുകളയുന്നതു നന്നല്ലെന്നും അവൾക്കുതോന്നി.

"സാറാമ്മ" അവൾ പറഞ്ഞു: വെള്ളവസ്ത്രം മാത്രമേ ധരിക്കൂ. കുളിക്കുമ്പോൾ അവൾ വസ്ത്രവുംകൂടി അലക്കും. മുഷിഞ്ഞ വേഷത്തിൽ അവളെ ഒരിക്കലും ഞാൻ കണ്ടിട്ടില്ല. ആഭരണങ്ങളോട് അവൾക്കു വലിയ ഭ്രമമില്ലെന്നു തോന്നുന്നു. കഴുത്തിൽ ഒരു ചെറിയ ചെയിൻമാത്രമാണ് അവൾ ധരിക്കാറുള്ളതു്. അവളെ കണ്ടപ്പോൾ എനിക്കൊരു പുതിയ ആശയം തോന്നി. ദൈവം ഓരോരുത്തനും ആവശ്യത്തിനുള്ള അഴകും സൗന്ദര്യവും നൽകുന്നുണ്ട്. മനുഷ്യന് അതുകൊണ്ടു തൃപ്തിയാകുന്നില്ല. ആ നിത്യശി

ല്പിയുടെ കൈവേലയിന്മേൽ കുറേ മിനുക്കുപണികൾ വരുത്തിക്കള യാമെന്ന് അവൻ കരുതുന്നു. അങ്ങനെയാണ പൗഡറിൻെറയും ആഭരണത്തിൻെറയും ഉത്ഭവം. മഹാനായ മൈക്കൾ ആഞ്ചെലോ യുടെ കൈവേലയായ ഒരു പ്രതിമയെ ഒന്നു പരിഷ്ക്കരിക്കുവാൻ റോമ്മാക്കാരനായ ഒരു കൊച്ചുകുട്ടി വിചാരിക്കുന്നതു് എത്ര അപ ഹാസ്യമായിരിക്കുമോ അതിനേക്കാൾ വിചിത്രമാണ് മനുഷ്യർ ആഭരണങ്ങളും പൗഡറുംകൊണ്ടു് സ്വന്ത അഴകും സൗന്ദര്യവും വ ർദ്ധിപ്പിക്കാമെന്നു വിചാരിക്കുന്നതു്. ഞാൻ ഏതായാലും ഒരു തീരുമാനത്തിൽ എത്തിയിരിക്കുന്നു: ഇനി ആഭരണങ്ങൾ ഞാൻ അണിയുകയില്ല."

രാജമ്മയുടെ ശപഥം അത്ര ഇഷ്ടമായില്ല, ലീലാമ്മയ്ക്കു്. അവ ൾ പറഞ്ഞു: "നിത്യശില്പിയുടെ കൈവേലയിന്മേൽ മിനുക്കുപണി നടത്തുക മാത്രമാണ ആഭരണം കൊണ്ടുദ്ദേശിക്കുന്നതെന്നു പറ ഞ്ഞതിനോടു ഞാൻ യോജിക്കുന്നില്ല. ആഭരണം പലപ്പോഴും ജീ വിതാവശ്യങ്ങൾ നിർവ്വഹിച്ചുതരുന്നു എന്നുകൂടി സമ്മതിക്കണം. ബാങ്കിൽ നിന്നാണെങ്കിൽ സ്വർണ്ണപ്പണയത്തിന്മേൽ കടമെടുക്കാം. ഒന്നതു്. പിന്നെ മിച്ചമുള്ള പണം ബാങ്കിൽ സൂക്ഷിച്ചിരുന്നവരെ ല്ലാം ഇപ്പോൾ ചങ്കുതിരുമ്മി നടക്കുകയാണ്. എനിക്കു ഒരു ബാ ങ്കിലും വിശ്വാസമില്ലായിരുന്നു. അതുകൊണ്ടു് എൻെറ പണം ഞാൻ ആഭരണത്തേലാക്കി. അനേകം ബാങ്കു പൊളിഞ്ഞിട്ടും എ ൻെറ ആഭരണങ്ങൾക്കു കേടൊന്നും വന്നില്ല."

രാജമ്മയ്ക്കു് ആ ആശയം അത്ര സ്വീകാര്യമായിരുന്നില്ല. അ വൾ പറഞ്ഞു: "ആഭരണങ്ങൾ തട്ടി എടുക്കുവാൻവേണ്ടി കള്ളന്മാർ വീടു കുത്തിത്തുറക്കുകയും പെട്ടി കുത്തിപ്പൊളിക്കുകയും ആളിനെ കുത്തിക്കൊല്ലുകയും ചെയ്യാറുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ടു്. ആഭര ണത്തേക്കാൾ വിലയുള്ളതാണ മനുഷ്യൻെറ ജീവൻ എന്നാണെ ൻെറ അഭിപ്രായം. ചേച്ചി, ഈ ആഭരണങ്ങളെല്ലാം കളഞ്ഞിട്ടു് ലളിതമായി ജീവിക്കുവാൻ തുടങ്ങിയാൽ എവരുടേയും ഒരു ഗുരുഭൂ തയായിത്തീരും."

# അദ്ധ്യായം 4

## ഓ! സ്ത്രീയുടെ നാക്കു്

ചേച്ചി ഏവരുടെയും ഒരു ഗുരുഭൂതയായിത്തീരും. അതൊരു പ്രവചനമാണോ? ലീലാമ്മയ്ക്കു് ഏററം ഇഷ്ടമുള്ള ഒരു ജോലിയാണതു്. പക്ഷേ രാജമ്മ പറയുന്നു, ചേച്ചി ആഭരണങ്ങളെല്ലാം കളഞ്ഞിട്ടു് ലളിതമായി ജീവിക്കുവാൻ തുടങ്ങണമെന്നു്. അതാണു് ഗുരുഭൂതയാകുവാനുള്ള ആദ്യത്തെ പടി. ലീലാമ്മ തൻെറ രണ്ടു കൈകളിലും മാറി മാറി നോക്കി. രണ്ടിലുമുണ്ടു് പ്രകാശിക്കുന്ന കങ്കണങ്ങൾ. വിരലുകളിൽ മോതിരങ്ങളും. തലമുടിക്കെട്ടുമുതൽ പാദങ്ങൾവരെ ആഭരണങ്ങൾ വിതച്ചിരിക്കയാണോ എന്നു തോന്നും ലീലാമ്മയെ ചില പ്രത്യേക ദിവസങ്ങളിൽ കണ്ടാൽ. ആഭരണങ്ങളോടെല്ലാം യാത്ര പറഞ്ഞിട്ടു് ഒരു ഗുരുഭൂതയാകണമോ എന്ന ചിന്ത അവളെ അലട്ടിക്കൊണ്ടിരുന്നു.

കുറേ സമയത്തേക്കു് രണ്ടുപേരും സംസാരിച്ചില്ല. അത്യുഷ്ണമുള്ള ചില ദിവസങ്ങളിലേ സ്തംഭിച്ച അന്തരീക്ഷംപോലിരുന്നു അതു്. അല്പം കഴിഞ്ഞപ്പോൾ രംഗത്തിനൊരുണർവുണ്ടായി. ഒരാൾ പെട്ടെന്നു് അങ്ങോട്ടു കടന്നുചെന്നു; ലീലാമ്മയുടെ പഴയ ഒരു കൂട്ടുകാരിയാണു്. സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ മേരി ഏവരുടേയും കണ്ണിലുണ്ണിയായിരുന്നു. കസവു വസ്ത്രങ്ങളും ആഭരണങ്ങളും അവളെ ആകർഷിച്ചിട്ടില്ല. മഞ്ഞുപോലെ വെളുത്ത വസ്ത്രങ്ങളേ അവൾ ധരിക്കു. അകൃത്രിമമായ സൗന്ദര്യത്തിൻെറ ദിവ്യശക്തിയാണു് അവളിൽക്കൂടി പ്രസരിച്ചിരുന്നതു്.

മേരിയെ കണ്ടയുടനേ ലീലാമ്മയും രാജമ്മയും എഴുന്നേററു് വാതിൽക്കലേക്കു ചെന്നു; ഹൃദ്യമായ സ്വീകരണത്തിൻെറ താളമേളങ്ങൾ ചിരികളുടെയും വാക്കുകളുടെയും തരംഗിണികളിൽക്കൂടി ഒഴുകിവീണു. "വളരെ സന്തോഷം. മേരി ഇപ്പോൾ വന്നതു നന്നായി. ഞങ്ങൾ രണ്ടുപേരുംകൂടി പലകാര്യങ്ങളെപ്പററിയും പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. രസം വർദ്ധിക്കണമെങ്കിൽ കേൾക്കാനും പറയുവാനും മൂന്നാമതൊരാൾകൂടി വേണം" മേരിയുടെ കൈയ്യു പിടിച്ചുകൊണ്ടു ലീലാമ്മ പറഞ്ഞതാണു്.

മൂന്നുപേരുംകൂടി അകത്തോട്ടു കയറി. ഒരു സെററിയേൽ ഇരുന്നു മേരിയും ലീലാമ്മയും, എതിർവശത്തു് ഒരു കസേരയിൽ രാജമ്മയും. മേരി തുടങ്ങി: "നിങ്ങൾ എന്തിനെപ്പററി പറഞ്ഞുകൊ

ണ്ടിരിക്കുകയായിരുന്നു? ഗുണമുള്ളതു വല്ലതുമാണെങ്കിൽ ഞാനുംകൂടി കേട്ടേക്കാം.”

മറുപടി പറയുവാൻ ധൃതി രാജമ്മയ്ക്കായിരുന്നു. “വളരെ ആവശ്യമുള്ള കാര്യങ്ങളെപ്പററിയായിരുന്നു ഞങ്ങളുടെ സംസാരം. സൗഭാഗ്യമായ ഒരു കുടുംബ ജീവിതത്തിനു് ഭാര്യ വഹിക്കേണ്ടുന്ന ചുമടെന്തു്? അതെങ്ങനെ വഹിക്കാം? വൃത്തിയുള്ള മാതാവു ഭവനം വൃത്തിയായി സൂക്ഷിക്കും. വൃത്തിയുള്ള കുടുംബത്തിലെ സന്താനങ്ങൾ വൃത്തിയുള്ളവരായിരിക്കും. അവർ ഏതു ജീവിതവൃത്തിയിൽ പ്രവേശിച്ചാലും ശുചിത്വം അവരെ അനുഗമിക്കാതിരിക്കയില്ല. മൂക്കുചീററി ഭിത്തിയും തൂണും പൂശുന്ന വൃത്തിഹീനന്മാരെ നാം ധാരാളം കണ്ടുമുട്ടുന്നുണ്ടല്ലൊ. ശുചിത്വമില്ലാത്ത ഭവനത്തിൽ അവർ വളർന്നതുകൊണ്ടാണു് അങ്ങനെ അവർ ചെയ്തുപോകുന്നതു്. ഇതെല്ലാം മേരി സമ്മതിക്കുന്നോ?”

“തീർച്ചയായും സത്യത്തിനു മുമ്പിൽ കണ്ണടച്ചിരുന്നതുകൊണ്ടെന്തു പ്രയോജനം? ഭവനം വൃത്തിയായി സൂക്ഷിക്കുവാൻ കഴിയുന്ന ഒരു സ്ത്രീ സൗഭാഗ്യജീവിതത്തിൻെറ വഴി തെളിച്ചുകഴിഞ്ഞു എന്നാണെൻെറ അഭിപ്രായം. അതിനുവേണ്ടി സ്ത്രീകൾ ചെയ്യുന്ന ബുദ്ധിമുട്ടൊന്നും അധികമായിപ്പോകയില്ല. ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും വീടെല്ലാം ഒന്നു കഴുകി വെടിപ്പാക്കിയാൽ വേണ്ടില്ല. മേശ, കസേര, അൽമാരി, ബെഞ്ചു് മുതലായ ഉരുപ്പടികൾക്കെല്ലാം ആണ്ടുതോറും വാർനീഷ് ഇട്ടു സൂക്ഷിച്ചാൽ എന്തു ഭംഗിയായിരിക്കും!”

മേരിയുടെ ആഗമനത്തിൽ ലീലാമ്മയാണു കൂടുതൽ സന്തോഷിച്ചതു്. രാജമ്മയുടെനേരെ അർത്ഥഗർഭമായി ഒന്നു നോക്കിയിട്ടു് ലീലാമ്മ പറഞ്ഞു: “കണ്ടോ, ഞങ്ങളുടെ ആശയങ്ങൾ തമ്മിൽ എന്തുമാത്രം യോജിക്കുന്നുവെന്നു്! ഇനി മറെറാരു വിഷയത്തിലേക്കു കടക്കാം. കുടുംബത്തിൻെറ സൗഭാഗ്യത്തിൽ സ്ത്രീയുടെ നാക്കിനുള്ള സ്ഥാനമെന്തു്?”

ചിരിയും കരച്ചിലും: അതു കേട്ടപ്പോൾ മേരിയും രാജമ്മയും കുടുകുടെ ചിരിച്ചു. രാജമ്മ ചോദിക്കയാണു്: “നാക്കില്ലാതെ ചിരിക്കുവാൻ സധിക്കുമോ ചേച്ചി?” ആ ചോദ്യം കൂടുതൽ ചിരിക്കു വകയുണ്ടാക്കി. ലീലാമ്മയും കൂട്ടത്തിൽ ചിരിച്ചിട്ടു പറഞ്ഞു: “ചിരിക്കുവാനും കരയുവാനും നാക്കിൻെറ സഹായം ആവശ്യമില്ലെന്നാണു തോന്നുന്നതു്. ചിരിയും കരച്ചിലും ഒരു കുടുംബത്തിൻെറ കല്ലും കുമ്മായവുമാണെന്നു പറയാം. ദൈവമാണു രണ്ടിൻെറയും സൃഷ്ടികർത്താവു്. ഇതു രണ്ടും ദൈവം എന്തിനു സൃഷ്ടിച്ചു എന്നു

ചോദിച്ചാൽ ഞാൻ ലീഹണ്ട് (Leigh hunt) എന്ന ഗ്രന്ഥകാരനെ മറുപടി പറയാൻ വിളിക്കും. അദ്ദേഹത്തിൻെറ അഭിപ്രായം: ഹൃദയം തുറന്നുള്ള ചിരി സന്തോഷാനന്ദങ്ങൾക്കു പുറത്തേക്കു കടക്കുവാൻ ഒരോവു സൃഷ്ടിക്കുന്നു; അതുപോലെതന്നെ സങ്കടം ഹൃദയത്തിൽ കെട്ടിനിൽക്കാതെ ബഹിർഗമിക്കുന്നതാണു കരച്ചിൽ എന്നത്രേ."

മേരി അല്പം ചിന്തിച്ചിരുന്നിട്ടു ചോദിച്ചു: "ചിരിയും കരച്ചിലുമുണ്ട്, സമ്മതിക്കുന്നു. രണ്ടിൽ ഏതാണു സ്ത്രീക്കും കുടുംബത്തിനും കൂടുതൽ ഗുണകരം?"

സ്കൂളിൽ പഠിക്കുന്ന കാലത്തു് ധാരാളം വായിക്കുന്ന പെൺകുട്ടികളെ നാം കണ്ടിട്ടുണ്ടായിരിക്കാം. പക്ഷേ കുടുംബജീവിതത്തിൽ കാലുറപ്പിച്ചുകഴിഞ്ഞിട്ട് വായനയിൽ അഭിരുചി കാണിക്കുന്ന വനിതകളെ കണ്ടുമുട്ടുക സാധാരണമല്ല. എന്നാൽ മേരിയുടെ ചരിത്രം അത്ഭുതകരമാണ്. നാല്പതു കഴിഞ്ഞ ഒരു പ്രൗഢയാണവർ. എട്ടു സന്താനങ്ങളുടെ അമ്മ. ഭാരമുള്ള ജോലികൾ വീട്ടിലുമുണ്ട്. എന്നാലും മേരി വായിക്കാതെ വിട്ടുകളയുന്ന കത്തോലിക്കാ മാസികകളോ ഗ്രന്ഥങ്ങളോ ഇല്ലെന്നു പറയാം. വായിക്കുന്നതെല്ലാം അവളുടെ ഓർമ്മയിൽ തങ്ങിനിൽക്കുമെന്നു തീർച്ചയാണ്.

ലീലാമ്മ പറഞ്ഞു: "ആ ചോദ്യത്തിനു മറുപടി പറയുവാൻ വളരെ ബുദ്ധിമുട്ടുണ്ട്: സ്ത്രീകളുടെ സ്വഭാവം നമുക്കറിയാമല്ലോ. അവർ ചിരികൊണ്ടു വളരെ കാര്യങ്ങൾ നേടുന്നുണ്ട്. അതുപോലെതന്നെ കരച്ചിൽകൊണ്ടും. അവസരംനോക്കി വേണ്ടതു പ്രയോഗിക്കുന്നവളാണു മിടുക്കി എന്നെനിക്കു തോന്നുന്നു."

മേരിക്ക് അതു സ്വീകാര്യമായില്ല. ചിരി പുരുഷന്മാർക്കും കരച്ചിൽ സ്ത്രീകൾക്കും എന്നാണൊരു വയ്പ്. പുരുഷന്മാർ ആർത്തുചിരിക്കുന്നതിൽ ആർക്കും പ്രതിഷേധമില്ലെന്നു തോന്നുന്നു. എന്നാൽ ഒരു സ്ത്രീ തൊണ്ണതുറന്നൊന്നു ചിരിക്കട്ടെ; അപ്പോൾ കാണാം പുരുഷന്മാരും മററു സ്ത്രീകളും അവളുടെ നേരെ കണ്ണുരുട്ടുന്നതു്. ജീവിതത്തിൽ ഒരു സ്ത്രീക്ക് ഹൃദയം തുറന്നൊന്നു ചിരിക്കുവാൻ അവകാശമില്ലെ? വല്ല കാര്യസാദ്ധ്യത്തിനുവേണ്ടി അവൾക്ക് അടഞ്ഞ ചിരിയേ ചിരിക്കാൻ പാടുള്ളോ?

കരച്ചിൽ പുരുഷൻെറ സ്വഭാവത്തിനു ചേർന്നതല്ലെന്ന് പരക്കെ ഒരു ധാരണയുണ്ട്. അതു സ്ത്രീയുടെ കുത്തകമുതലാണെന്ന് സ്ത്രീകൾതന്നെ വിചാരിക്കുന്നതുപോലെ തോന്നുന്നു. ഉറക്കെ കരയുകയും ചങ്കത്തലയ്ക്കുകയും ചെയ്യുന്ന ഒരു സ്ത്രീയെ ആരും പഴിക്കു

മെന്നു തോന്നുന്നില്ല. എന്നാൽ ഒരു പുരുഷൻ ഉറക്കെ കരയുകയും ചങ്കത്തലയ്ക്കുകയും ചെയ്യട്ടെ, അപ്പോൾ കാണാം പുരുഷന്മാരും സ്ത്രീകളും മൂക്കത്തു വിരൽവച്ച് അത്ഭുതം കൂറിനിൽക്കുന്നത്.

മേരി പറഞ്ഞു: "എനിക്കു തോന്നുന്നതു ഞാൻ പറയാം. ചില പുരുഷന്മാരുടെ ചിരിയും ചില സ്ത്രീകളുടെ കരച്ചിലും അധികമാകുന്നുണ്ടെന്നു തോന്നുന്നു. കരഞ്ഞും ചിരിച്ചും കാര്യം കാണാനല്ല പ്രകൃതി ഇതു രണ്ടും സ്ത്രീക്കു സംഭാവന ചെയ്തിരിക്കുന്നത്. സന്തോഷംകൊണ്ടു മരിക്കാതിരിക്കുവാൻ ചിരി. സങ്കടംകൊണ്ടു മരിക്കാതിരിക്കുവാൻ കരച്ചിലും. ഇതു രണ്ടും ഇല്ലാതിരുന്നെങ്കിൽ വളരെ കൂടുതൽ മനുഷ്യർ ഹൃദയസ്തംഭനംകൊണ്ടു മരിച്ചുപോയേനേ.

"ഒരു ജർമ്മൻ ഡോക്ടറെപ്പററി ഞാൻ കേട്ടിട്ടുണ്ട്. ഹുഫ്ലന്റ് (Hufe land) എന്നാണ് അദ്ദേഹത്തിൻെറ പേർ. അദ്ദേഹം പറഞ്ഞിരിക്കുന്നു: ആരോഗ്യസംരക്ഷണത്തിന് ഏററം പററിയ ഒരു ജോലിയാണു കുടഞ്ഞു ചിരിക്കുക എന്നത്. ഒരു ചിരി കഴിഞ്ഞാൽ തിന്നതുമുഴുവൻ ദഹിച്ചുപോകും. പഴയ രാജാക്കന്മാർ ഈ വിദ്യ മനസ്സിലാക്കിയിരുന്നു. അതിനാൽ ഭക്ഷണശാലയിൽ ചിരിപ്പിക്കുവാൻ കഴിവുള്ള വിദൂഷകന്മാരെ അവർ നിയോഗിച്ചിരുന്നു.

"സ്ത്രീക്കും പുരുഷനും അത്യാവശ്യമാണല്ലോ ആരോഗ്യം. തുറന്ന ചിരി ആരോഗ്യത്തിനു പററിയതാണെങ്കിൽ പുരുഷന്മാരെപ്പോലെ സ്ത്രീകൾക്ക് ചിരിക്കുവാനുള്ള സ്വാതന്ത്ര്യം വേണ്ടതാണ്. ചിരിക്കുന്ന സ്ത്രീയാണ് കരയുന്ന സ്ത്രീയേക്കാൾ കുടുംബത്തിൻെറ സൗഭാഗ്യത്തിനുതകുന്നതെന്ന് എനിക്കു തോന്നുന്നു. എപ്പോഴും കരഞ്ഞുകൊണ്ടിരിക്കുന്ന ഒരു സ്ത്രീയെ പോററിപ്പുലർത്തുവാൻ യാതൊരു പുരുഷനും ആവശ്യമുണ്ടാകയില്ല. എപ്പോഴും സന്തോഷചിത്തയായി ചിരിച്ചും പാട്ടുപാടിയും നടക്കുന്ന ഒരു സ്ത്രീയെ ആയിരിക്കും പുരുഷൻ ആദരിക്കുക. വേനൽക്കാലത്ത് ഒരു മഴയുണ്ടാകുവാൻ നാം ആഗ്രഹിക്കുമെങ്കിലും ഒന്നുരണ്ടു ദിവസം അടുപ്പിച്ചു മഴതന്നെയായാൽ ജീവജാലങ്ങളെല്ലാം ചുണകെട്ടു നിഷ്പ്രഭമാകുന്നതു നാം കണ്ടിട്ടുള്ളതാണല്ലോ. പിന്നെ വെയിൽ തെളിയുന്ന ദിവസമാണ് എല്ലാവർക്കും ഒരു തെളിച്ചമുണ്ടാകുന്നത്. പ്രകൃതിയിലെ വെയിലും മഴയും പോലെയാണ് കുടുംബാന്തരീക്ഷത്തിൽ സ്ത്രീയുടെ ചിരിയും കരച്ചിലും."

ചിരിയേയും കരച്ചിലിനെയും വെയിലിനോടും മഴയോടും ഉപമിച്ചതു രാജമ്മയ്ക്കു വളരെ ഇഷ്ടപ്പെട്ടു. രാജമ്മയ്ക്ക് ഒരു സഹോ

ദർനണ്ട്. അയാൾ വിവാഹം ചെയ്തതു ചിരിക്കുവാൻ അറിഞ്ഞുകൂടാത്ത ഒരു പെൺകുഞ്ഞിനെയാണ്. ഒന്നിലും അവൾക്കൊരു തൃപ്തിയില്ല. എപ്പോഴും വീർത്ത മുഖവുമായിട്ടങ്ങനെ നടന്നുകൊള്ളും. അടുപ്പത്തിരിക്കുന്ന കുഞ്ഞിക്കലത്തിന്റെ മൂട്ടിലെങ്കിലും ഒരു പ്രകാശം കാണുമല്ലോ. എന്നാൽ ചിന്നമ്മയുടെ മുഖത്തു് പ്രകാശമുള്ള ഒരു ലൈനേ ഇല്ല. സ്വന്തം കുഞ്ഞുങ്ങൾക്കുപോലും അവളുടെ വീങ്ങിയ മുഖം കാണുമ്പോൾ ഭയമാണ്.

രാജമ്മ പറഞ്ഞു: "മേരിയുടെ അലങ്കാരഭാഷയിലുള്ള പ്രഭാഷണം കേട്ടപ്പോൾ ഞാൻ ചിന്നമ്മയുടെ കാര്യം ഓർത്തുപോയി. എന്തുകൊണ്ടാണു ചില പെൺകുട്ടികൾ എപ്പോഴും സന്തോഷചിത്തരായിരിക്കുന്നതു്? എന്തുകൊണ്ടു് ചിലർ എപ്പോഴും സന്താപചിത്തരായിരിക്കുന്നു?"

വിവാഹത്തിനു കൊള്ളുകില്ലാത്തവർ; ലീലാമ്മ എന്തെങ്കിലും പറയട്ടെ എന്നു കരുതി മേരി മൗനമവലംബിച്ചു കളഞ്ഞു. കുറേ നേരം ചിന്തിച്ചിരുന്നിട്ടു് ലീലാമ്മ പുഞ്ചിരിക്കുവാൻ തുടങ്ങി. മേരിയുടെ നേരെനോക്കിയിട്ടു് ശബ്ദിക്കുവാനുള്ള ഭാവം അവളിൽ കണ്ടില്ല. അതുകൊണ്ടു് ലീലാമ്മ പറഞ്ഞു: "ചില കുഞ്ഞുങ്ങൾ പ്രകൃത്യാതന്നെ ആഹ്ലാദംകൊണ്ടു നിറഞ്ഞവരാണ്. ചിലർ നേരെ മറിച്ചും. എപ്പോഴും സ്വാർത്ഥരും അതൃപ്തരുമായ കുഞ്ഞുങ്ങളാണ് ജീവിതത്തിന്റെ ആനന്ദങ്ങളിൽ പങ്കുപററാതെ നിർഭാഗ്യരായി ജീവിക്കുന്നതെന്നാണ് എന്റെ വിശ്വാസം. അത്തരക്കാർ വൈവാഹിക ജീവിതത്തിനു പററിയവരല്ല. അവരെ വിവാഹം ചെയ്യാൻ ഇടയാകുന്ന പുരുഷന്മാർ നരകത്തിന്റെ നടുത്തൂൺ പണിയുകയായിരിക്കും. സ്ത്രീകൾമൂലമാണ് കുടുംബം അധഃപതിക്കുകയോ ഉയരുകയോ ചെയ്യുന്നതു്."

13911

രാജമ്മ ഒരു വിശദീകരണം ആവശ്യപ്പെട്ടു. "വിവാഹത്തിനു പററിയവരെന്നും പററാത്തവരെന്നും സ്ത്രീകളെ രണ്ടു ഗണമായി തിരിക്കാമെന്നാണോ ചേച്ചി പറയുന്നതു്? അതു സാദ്ധ്യമെങ്കിൽ അതിന്റെ അളവുകോൽ ഒന്നു കിട്ടണം. ഞങ്ങളുടെ കുടുംബത്തിൽ ഞാനാണോ തൊമ്മിക്കുഞ്ഞാണോ തെററുകാരൻ എന്നു അറിയാമല്ലോ."

ഒരു കുടുക്കിൽ ചാടിയതുപോലായി ലീലാമ്മ. വിവാഹത്തിനു പററാത്ത ഒരു ഗണം സ്ത്രീകളെ മാററിനിറുത്തി അവരെ മഠങ്ങളിലേക്കു പറഞ്ഞയക്കുവാൻ സാധിക്കുമോ? സ്വാർത്ഥരും അതൃപ്തരും സന്യാസജീവിതത്തിനും പററിയവരല്ല. ലീലാമ്മയുടെ ചി

നാഗതി ആ വഴിക്കു തിരിഞ്ഞപ്പോൾ ചിക്കാഗോയിലെ Daily News എന്ന പത്രത്തിൽ വളരെ നാൾമുമ്പു വായിച്ച ഒരു വിവരം മേരിയുടെ ഓർമ്മയിൽ വന്നു. അവൾ പറയുകയാണ്: രാജമ്മക്കു ഒരളവുകോൽ ഞാൻ തരാം. വിവാഹം ചെയ്യുവാൻ അയോഗ്യർ ആരെല്ലാമാണെന്നാണു ചോദ്യമെങ്കിൽ ആണിനെയും പെണ്ണിനെയും തരംതിരിക്കാതെ ഞാൻ മറുപടി പറയുന്നു:—

1 അന്യരെ എപ്പോഴും വിമർശിച്ചുകൊണ്ടിരിക്കണമെന്നു നിർബ്ബന്ധമുള്ളവർ.

2 നിസ്സാര തെററുകൾ പൊറുക്കുവാനും ക്ഷമിക്കുവാനും അപ്രാപ്തർ.

3 മററുള്ളവർ വിമർശിക്കുന്നതു സഹിക്കുവാൻ മേലാതെ ഞെളിപിരികൊള്ളുന്നവർ.

4 മററുള്ളവരുടെ നന്മയിൽ ഹൃദയം എരിയുന്നവർ

5 തന്നിഷ്ടംപോലെ പ്രവർത്തിക്കണമെന്നു നിർബ്ബന്ധമുള്ളവർ

6 മററുള്ളവർ തങ്ങളെക്കൊണ്ടു മുതലെടുത്തു കളയുമെന്നു ഭയപ്പെടുന്നവർ.

7 സ്വന്തം അഭിപ്രായമാണ് എപ്പോഴും ശരി എന്ന മർക്കടമുഷ്ടിക്കാർ.

8 ഭൂരിപക്ഷം ആളുകളും സത്യസന്ധതയില്ലാത്തവരും വഞ്ചകന്മാരുമാണെന്നു വിശ്വസിക്കുന്നവർ.

9 പലപ്പോഴും നിസ്സാര കാൎയ്യങ്ങൾക്കുവേണ്ടി ക്ഷോഭിക്കുന്നവർ.

10 സ്വന്തം ജോലിയിലും കുടുംബസംബന്ധമായ ജോലിയിലും ഉത്തരവാദ ബോധമില്ലാത്തവർ.

11 പ്രത്യക്ഷമായ കാരണങ്ങൾകൂടാതെ നിരാശപ്പെടുന്നവർ

12 അംഗീകൃതമായ ആചാരങ്ങളേയും പാരമ്പൎയ്യങ്ങളെയും എതിർക്കുന്നവർ

13 കാൎയ്യങ്ങൾ ശരിപ്പെടാതെ വരുമ്പോൾ സാധാരണ മററുള്ളവരെ കുററപ്പെടുത്തുകയും തന്നത്താൻ നീതീകരിക്കുകയും ചെയ്യുന്നവർ.

"ഇങ്ങനെ 13 ഗണം. ഇതിൽപ്പെടുന്നവർ സ്ത്രീയായാലും പുരുഷനായാലും ശരി, അവരെ വിവാഹവേദിയിലേക്കു തള്ളി വിട്ടേക്കരുത്. ഈ ഗണത്തിൽപ്പെട്ട പുരുഷന്മാരെ വിവാഹം ചെയ്യുവാൻ സ്ത്രീകളോ അതിൽപ്പെട്ട സ്ത്രീകളെ പരിണയിക്കുവാൻ പുരുഷന്മാരോ തയാറാകരുതു്."

"കൊള്ളാം, കൊള്ളാം," രാജമ്മ അത്ഭുതംപ്രകടിപ്പിച്ചു; "ഇങ്ങനെയായാൽ ലോകത്തിൽ ഒരു വിവാഹവും നടക്കുകയില്ല, എനിക്കു വേറൊരഭിപ്രായം തോന്നുന്നു. ഒരു ഭാൎയ്യയ്ക്കു് ഈ പതിമൂന്നിൽ ഏതെങ്കിലും ഗണത്തിൽപെട്ട ഒരു ഭൎത്താവിനെ ഉപേക്ഷിക്കാം; അതുപോലെതന്നെ ഭൎത്താവിനും. ഇങ്ങനെയായാൽ ഭൎത്താവും ഭാൎയ്യയും വളരെ മൎയ്യാദയ്ക്കു ജീവിച്ചുകൊള്ളും.

"ഇപ്പോഴത്തെ വ്യവസ്ഥിതി അനുസരിച്ചു്, വിവാഹം കഴിഞ്ഞാൽ ഒരു സ്ത്രീക്കും പുരുഷനും അവരുടെ സകല വഷളത്തങ്ങളുടെയും കടിഞ്ഞാൺ അയച്ചുവിടാമെന്നായിട്ടുണ്ടു്. എന്തു വന്നാലും ദൈവം യോജിപ്പിച്ചതിനെ മനുഷ്യർക്കു വേർപെടുത്തുവാൻ സാദ്ധ്യമല്ലല്ലോ. അതുകൊണ്ടു് രണ്ടു കൂട്ടരും പരസ്പരം കണ്ണടച്ചു് എല്ലാം സഹിച്ചുകൊള്ളണം. ദുഷ്ടൻ കൂടുതൽ ദുഷ്ടനാകുവാനും നല്ലവൻ കൂടുതൽ ഞെരുങ്ങുവാനും ഇതു് ഇടയാക്കുന്നു."

രാജമ്മയുടെ അഭിപ്രായം കേട്ടപ്പോൾ ലീലാമ്മ ഊറിച്ചിരിച്ചു. ഒരപകടത്തിൽനിന്നും തന്നെ മേരി രക്ഷിച്ചു എന്നു വിചാരിച്ചു് മേരിയോടു് അവൾക്കു കൃതജ്ഞതയും തോന്നി. എങ്കിലും തന്നെക്കാൾ പാണ്ഡിത്യമുള്ള ഒരാളാണല്ലോ തന്നോടൊപ്പം സെററിയേൽ ഇരിക്കുന്നതെന്ന ഭയം ലീലാമ്മയ്ക്കുണ്ടാകാതിരുന്നില്ല. ചിക്കാഗോയിലെ ഡെയിലി ന്യൂസ് പത്രത്തെ ആശ്രയിച്ചുകൊണ്ടു് മേരി 13 ഗണം ആളുകളെയാണു പ്രദർശിപ്പിച്ചതു്. ഒരുത്തരെയും വിവാഹത്തിനു കൊള്ളുകയില്ല. എങ്കിലും വിവാഹപ്രായത്തിലെത്തിക്കഴിഞ്ഞാൽ സ്ത്രീയും പുരുഷനും ഇണതേടി നടക്കുകയായി. രണ്ടുകൂട്ടരും തങ്ങൾ ഏതു ഗണത്തിൽപ്പെട്ടവരെന്നു നോക്കാറില്ല. വിവാഹത്തിനുമുമ്പു് രണ്ടുകൂട്ടരുടെയും വിചാരം എങ്ങനെയെങ്കിലും വിവാഹം ഒന്നു കഴിഞ്ഞാൽ മതി എന്നാണു്. പക്ഷേ വിവാഹത്തിനുശേഷം അവർ മറെറാരു ചിന്താഗതിയിൽ ചെന്നു ചാടുന്നു. തങ്ങൾക്കു് അബദ്ധംപററി, അതുകൊണ്ടു് എങ്ങനെ ഈ ബന്ധത്തിൽനിന്നും പിരിയേണ്ടു എന്നാണതു്.

തന്നെ സഹായിക്കുവാൻ ലീലാമ്മയെക്കാൾ പററിയ ആൾ മേരിയാണെന്നു് രാജമ്മ ക്ഷണം വിശ്വസിച്ചു. ആ തരംതിരിച്ചുള്ള പട്ടിക മൂന്നുപ്രാവശ്യം മേരി ആവൎത്തിക്കേണ്ടിവന്നു രാജമ്മയെ തൃപ്തിപ്പെടുത്തുവാൻ. വളരെ ശ്രദ്ധിച്ചാണു് അവൾ അതു കേട്ടതു്. ഓരോ തവണയും തൊമ്മിക്കുഞ്ഞു് ആ പട്ടികയിലെ ഏതെല്ലാം ഗണത്തിൽപ്പെട്ടു നിൽക്കുന്നു എന്നു പരിശോധിക്കയായിരുന്നു അവൾ. എന്നാൽ താൻ ഏതെല്ലാം ഗണത്തിൽപ്പെടുന്നു

എന്ന് ഒരാത്മശോധന നടത്തുവാൻ അവർ തയാറായില്ല. രാജമ്മയ്ക്കു് ആരംഭംമുതലേ ഒരു തെററുപററി. തൊമ്മികുഞ്ഞിനെ നോക്കുവാൻ അവർ എപ്പോഴും ഒരു മഞ്ഞക്കണ്ണട ഉപയോഗിക്കുന്നു.

മേരി ലീലാമ്മയെ അർത്ഥഗർഭമായി ഒന്നു നോക്കിയിട്ടു പറഞ്ഞു: "നമ്മുടെ രാജമ്മയ്ക്കറിഞ്ഞുകൂടാ ഒരു കത്തോലിക്കാ വിവാഹത്തിന്റെ പരിപാവനത എന്താണെന്ന്. ഞാൻ പട്ടിക ഹാജരാക്കിയതു് വിവാഹത്തിനുമുമ്പ് ഓരോരുത്തരും ദൃഷ്ടിപതിപ്പിക്കേണ്ട കാര്യങ്ങൾ ഒന്നു നിരത്തിവയ്ക്കുവാനാണ്. വിവാഹം കഴിഞ്ഞു് ആ പട്ടികയിൽ കണ്ണുവച്ചതുകൊണ്ടു് ഫലമില്ല. വിവാഹത്തിനു് അയോഗ്യരായ ധാരാളം സ്ത്രീകൾ ഭാര്യമാരാകുന്നുണ്ടു്. അതുപോലെതന്നെ അയോഗ്യരായ അനേകം പുരുഷന്മാർ ഭർത്താക്കന്മാരുമാകുന്നുണ്ടു്."

മേരിക്കു പാണ്ഡിത്യം കൂടുതലുണ്ടെന്നു സമ്മതിച്ചുകൊടുക്കേണ്ടി വരുമെന്നു തോന്നിയെങ്കിലും തനിക്കാണു കൂടുതൽ ബുദ്ധി എന്നു സ്ഥാപിക്കണമെന്നു ലീലാമ്മ വിചാരിച്ചു. അവർ പറഞ്ഞു: "മേരിയുടെ പട്ടിക അനുസരിച്ചു് ലോകത്തിൽ ഒരു വിവാഹമേ നടന്നിട്ടുള്ളു. ഏതാണെന്നു പറയാമോ?"

രാജമ്മ കണ്ണുമിഴിച്ചിരുന്നുപോയി. ലോകത്തിൽ അങ്ങനെ ഒരു വിവാഹം നടന്നിട്ടുണ്ടെന്നോ? എന്നാൽ ആ കുടുംബം ഒരു സ്വർഗ്ഗമായിരുന്നിരിക്കാം. അനേകം ഗുണഗണങ്ങളുടെ വിളനിലമാണു മേരിയെങ്കിലും മേരിയുടെ കുടുംബത്തിൽ സമാധാനത്തിന്റെ നക്ഷത്രം ഉദിക്കാറില്ല. ഔതമുതലാളി ഒരു മുക്കുടിയനായിപ്പോയി. കുടികഴിഞ്ഞാൽ പിന്നെ അയാളുടെ നാക്കിനു പന്നിയുടെ നാക്കിനോടാണു സാമ്യം. പന്നി അമേദ്ധ്യം രുചിക്കുന്നതുപോലെയാണു അയാളുടെ നാവ് അസഭ്യങ്ങളുടെ ഇടയിലേക്കു താഴ്ന്നിറങ്ങുന്നതു്. പിന്നെ ഏതായിരിക്കും ലീലാമ്മ പറയുന്ന കുടുംബം?

രാജമ്മ ചിന്താസമുദ്രത്തിൽക്കിടന്നു വട്ടംകറങ്ങിയപ്പോൾ, നീതി അക്കരെപററിയ വിദഗ്ദ്ധയുടെ സ്വരത്തിൽ മേരി പറഞ്ഞു: "സംശയമുണ്ടോ? അതു പരിശുദ്ധ മറിയത്തിന്റെയും വി. യൗസേപ്പിന്റെയും വിവാഹം തന്നെ."

അതു കേട്ടപ്പോൾ ലീലാമ്മയുടെയും രാജമ്മയുടെയും ഹൃദയത്തിൽക്കൂടി ഓരോ മിന്നൽ പാഞ്ഞു. യുക്തിയിലും മേരിതന്നെ അതിശയിച്ചു നിൽക്കുന്നു എന്നൊരു ബോദ്ധ്യം ലീലാമ്മയ്ക്കുണ്ടായിത്തുടങ്ങി. താൻ വിസ്മരിച്ചു കളഞ്ഞ ഒരു ചരിത്ര സംഭവം മേരി കുത്തിയിളക്കി പുറത്തുചാടിച്ചപ്പോഴുണ്ടായ ഞെട്ടലായിരുന്നു രാജ

മ്മയ്ക്കു്. മേരിയുടെ പട്ടിക അനുസരിച്ചു് ലോകത്തിൽ ഒരു വിവാഹമേ നടന്നിട്ടുള്ളു എന്നു ലീലാമ്മ പറഞ്ഞതു് ഒരു വലിയ വാസ്തവം തന്നെ. ഇനി അങ്ങനെ ഒരു വിവാഹം ലോകത്തിൽ നടക്കുമെന്നും തോന്നുന്നില്ല. വിവാഹത്തിനു് അയോഗ്യരായ ആളുകൾ തമ്മിലാണു് പലപ്പോഴും വിവാഹങ്ങൾ നടക്കാറുള്ളതു്. കത്തോലിക്കരൊഴിച്ചു മററുള്ളവരെല്ലാം ഒരു രക്ഷാകവചം ധരിച്ചുകൊണ്ടാണു് ആ കുത്തിയൊഴുക്കിലേക്കു് എടുത്തു ചാടുന്നതു്. വിവാഹമോചനം എന്നവർ അതിനു പേരു പറയുന്നു. വിവാഹത്തിനുശേഷം ഇരുവരിൽ ആർക്കെങ്കിലും ഒരാൾക്കു് അതൃപ്തിയുണ്ടായാൽ ഉടൻ അയാൾക്കു് വിവാഹമോചനം നേടുവാനുള്ള നടപടിയിലേക്കു നീങ്ങാം. ജാക്വിലിൻ മോൺട്ഗാസ്റ്റെ എന്ന ഫ്രഞ്ചു വനിത വിവാഹമോചനം നടത്തി കുപ്രസിദ്ധി നേടിയ ഒരാളാണു്, 14 ഭർത്താക്കന്മാരുടെ കൂടെ അവൾ ജീവിച്ചു. 17 സന്താനങ്ങളുമുണ്ടായി. റോമാക്കാരനായ ഈറാനിമൂസിൻെറ ചരിത്രം വളരെ വിചിത്രമാണു്, അയാൾ 21 വിവാഹം കഴിച്ചു. അയാളുടെ 21-ാമത്തെ ഭാര്യയുടെ 21-ാമത്തെ ഭർത്താവായിത്തീർന്നു അയാൾ!

രാജമ്മയുടെ പരിഭ്രമം കണ്ടപ്പോൾ മേരി പറഞ്ഞു: "വിവാഹം കഴിക്കുവാൻ കത്തോലിക്കാസഭ ആരെയും നിർബ്ബന്ധിക്കുന്നില്ല. വിവാഹത്തെക്കാൾ നല്ലതു ബ്രഹ്മചര്യമാണെന്നു സഭ പരസ്യമായി പഠിപ്പിക്കുന്നുമുണ്ടു്. എന്നാലും വിവാഹത്തിനുശേഷം, തൃപ്തിപ്പെടുന്നില്ലെങ്കിൽ ആ നുകം വലിച്ചെറിയുവാൻ സഭ അനുവദിക്കയില്ല. അതിനാൽ വിവാഹത്തിനുമുമ്പു് കത്തോലിക്കർ വളരെ ആലോചിക്കയും, അന്വേഷിക്കയും, പ്രാർത്ഥിക്കുകയും ചെയ്യണം. പിന്നെ വരുന്നതു ദൈവത്തിൻെറ സമ്മാനമാണെന്നു വിചാരിച്ചുകൊണ്ടാൽ മതി.

"തൻെറ ഭർത്താവു് സകല ഗുണങ്ങളും നിറഞ്ഞ ഒരു പുരുഷനായിരിക്കണമെന്നായിരിക്കും ഒരു സ്ത്രീയുടെ ആഗ്രഹം. അതുപോലെതന്നെ ഒരു പുരുഷൻ ആഗ്രഹിക്കുന്നതു് തൻെറ ഭാര്യ സകല ഗുണങ്ങളുടെയും ഒരു വിളനിലമായിരിക്കണമെന്നാണു്. എന്നാൽ താൻ ഗുണസമ്പൂർണ്ണനായ ഒരു ഭർത്താവായിത്തീരുവാൻ പുരുഷനോ, ഗുണസമ്പൂർണ്ണയായ ഒരു ഭാര്യയാകുവാൻവേണ്ടി സ്ത്രീയോ ശ്രമിക്കുന്നതായി കാണുന്നില്ല. തൊമ്മിക്കുഞ്ഞിനോടുകൂടിയുള്ള ജീവിതം അത്ര പററുന്നില്ലെന്നു രാജമ്മ മിക്കപ്പോഴും പറയാറുണ്ടല്ലോ. അദ്ദേഹത്തിൽ കാണുന്ന കുററമെന്തു്? ഞാൻ 13 ഗണമായി ആളു

കളെ തരംതിരിച്ചല്ലൊ. ഏതെല്ലാം ഗണത്തിൽ തൊമ്മിക്കുഞ്ഞു വരുന്നു എന്നു പറയുക. അതിനൊരു പ്രതിവിധി കണ്ടുപിടിക്കാമോ എന്നു നോക്കട്ടെ.

പതിമ്മൂന്നു നമ്പറുകളും ഓരോന്നായി എടുത്തുപിടിച്ചു മേരി ചോദ്യംചെയ്തു. തൊമ്മിക്കുഞ്ഞ് വിമർശിക്കുന്ന സ്വഭാവമുള്ളവനാണോ? നിസ്സാരതെററുകൾ ക്ഷമിക്കയില്ലാത്തവനാണോ? മററുള്ളവരുടെ നന്മയിൽ ഹൃദയം എരിയുന്നവനാണോ? എല്ലാറ്റിനും അല്ലാ അല്ല എന്നായിരുന്നു രാജമ്മയുടെ മറുപടി. സ്വന്തം ജോലിയിലും കുടുംബസംബന്ധമായ ജോലിയിലും ഉത്തരവാദബോധമില്ലാത്തവനാണോ? അതായിരുന്നു പത്താമത്തെ ചോദ്യം. "അതാണു ഞാൻ തൊമ്മിക്കുഞ്ഞിന്റെ പേരിൽ ആരോപിക്കുന്ന കുററം" അവൾ പറഞ്ഞു. "അദ്ദേഹം പണം സമ്പാദിക്കുന്നുണ്ട്. പക്ഷേ കുടുംബത്തിലെ ആവശ്യങ്ങൾക്കുവേണ്ടി ചെലവിടുവാൻ അദ്ദേഹത്തിനു മനസ്സില്ല; അതേച്ചൊല്ലി ഞങ്ങൾ തമ്മിൽ മിക്കപ്പോഴും ശണ്ഠയാണ്. എപ്പോഴും കലഹവുമായി ഒരു വീട്ടിൽ എങ്ങനെ കഴിഞ്ഞുകൂടും?"

മേരി അത്ഭുതം പ്രകടിപ്പിച്ചു: "ഈ ഒരൊററക്കുററമേ തൊമ്മിക്കുഞ്ഞിൽ കാണുന്നുള്ളോ! അതിനാണോ വിവാഹമോചനത്തിന്റെ പടിക്കൽച്ചെന്നു തലതല്ലുവാൻ വിചാരിക്കുന്നതു്? ഇനി എന്റെ ചോദ്യങ്ങളെല്ലാം രാജമ്മയുടെനേരെ പ്രയോഗിക്കാം. എന്തായിരിക്കും ഫലം!"

ലീലാമ്മയ്ക്കു് ഉന്മേഷം വർദ്ധിച്ചു. അവൾ പറഞ്ഞു: "മേരി ചോദ്യങ്ങൾ ചോദിച്ചുകൊള്ളുക. തൊമ്മിക്കുഞ്ഞിനുവേണ്ടി ഞാൻ മറുപടി പറഞ്ഞേക്കാം. ഒന്നാമത്തെ ചോദ്യം; രാജമ്മ എപ്പോഴും, അന്യരെ വിമർശിച്ചുകൊണ്ടിരിക്കുവാൻ താൽപര്യമുള്ളവളല്ലെ; എന്നായിരിക്കുമല്ലൊ. അതിന്റെ മറുപടി ഇതാണു്: തൊമ്മിക്കുഞ്ഞു് എന്തു ചെയ്താലും രാജമ്മ വിമർശിക്കും. നിസ്സാരതെററുകൾപോലും അവൾ ക്ഷമിക്കയില്ല. അവളെ ആരും കുററപ്പെടുത്തുന്നതു് അവൾക്കിഷ്ടമില്ല. മററുള്ളവരുടെ നന്മയിൽ അസൂയയുണ്ടു്. തന്നിഷ്ടം പ്രവർത്തിക്കുവാനാണു താൽപര്യം. മററുള്ളവരെയെല്ലാം സംശയമാണു്. സ്വന്തം അഭിപ്രായമാണു് ശരി എന്നു് അവൾ ശഠിച്ചുകൊണ്ടിരിക്കും. പലപ്പോഴും ക്ഷോഭമുണ്ടാക്കുന്നതു നിസ്സാര കാര്യങ്ങൾക്കാണു്. കുടുംബസംബന്ധമായ ജോലികളിലൊന്നിലും രാജമ്മയ്ക്കു താൽപര്യമേ ഇല്ല. എപ്പോഴും നിരാശ. കത്തോലിക്കാസഭയുടെ ആചാരങ്ങളും പാരമ്പര്യങ്ങളും വിവാഹമോചനത്തിനു്

വിലങ്ങുതടികളാണല്ലോ എന്നാണു ഖേദം. തന്നത്താൻ നീതീകരിച്ചുകൊണ്ടു് സകല തെററുകൾക്കും മററുള്ളവരുടെമേൽ പഴിചാരുവാൻ അസാധാരണ സാമത്ഥ്യമാണവൾക്കുള്ളതു്."

ഒരു തുലാസിൻെറ രണ്ടു തട്ടുകളിലായി നിൽക്കയാണു് തൊമ്മിക്കുഞ്ഞും രാജമ്മയും. രാജമ്മ വിളറി വിയത്തുപോയി. സ്വന്തം കുററങ്ങൾ ഇത്ര മാത്രമാണെന്നു് അവൾ മുമ്പൊരിക്കലും കണ്ടിട്ടില്ല. അതിനു് ഒരു തേങ്ങായുടെ വലിപ്പമുള്ളപ്പോൾ തൊമ്മിക്കുഞ്ഞിൻെറ കുററങ്ങൾക്കു് ഒരു കടുകിൻെറ മുഴുപ്പേയുള്ളു. ലജ്ജാഭാരംകൊണ്ടു് അവളുടെ തല കുനിഞ്ഞുപോയി. ലജ്ജിച്ചും വിളറിയും ഇരിക്കുന്ന രാജമ്മയുടെ മുമ്പിൽ ലീലാമ്മയും മേരിയും കുറേ നേരത്തേക്കു ശബ്ദിച്ചില്ല. തങ്ങളുടെ വിദ്യ ഫലപ്രദമായതിൽ ഇരുവക്കും സന്തോഷമാണുണ്ടായതു്. കുനിഞ്ഞിരിക്കുന്ന രാജമ്മയുടെ മുകളിൽക്കൂടി അവർ പരസ്പരം കണ്ണേറിയുകയും ഒരു പുഞ്ചിരിയിൽ അവരുടെ അധരങ്ങൾ വിടരുകയും ചെയ്തു.

സാരിത്തുമ്പുകൊണ്ടു മുഖം തുടച്ചിട്ടു രാജമ്മ തല ഉയത്തി. ലീലാമ്മ അവിടെ ഉണ്ടായിരുന്നില്ല അപ്പോൾ. മേരി സഹതാപപൂർവ്വം നോക്കിയിട്ടു പറഞ്ഞു: "ലീലാമ്മ ചായ കൊണ്ടുവരാൻ അകത്തേക്കു പോയിരിക്കയാണു്. ലീലാമ്മയുടെ മറുപടി രാജമ്മയെ വിഷമിപ്പിച്ചുവോ?"

"തീർച്ചയായും ഇല്ല. ചേച്ചി എന്നെ ഒന്നു സഹായിക്കയാണു ചെയ്തതു്. എൻെറ കുററങ്ങൾ ഇത്ര ഗുരുതരങ്ങളാണെന്നു് എനിക്കിന്നേ മനസ്സിലായുള്ളു, ചേച്ചി എന്നെപ്പററി പറഞ്ഞതെല്ലാം സത്യമാണു്. എന്നെ നന്നായി അറിയാവുന്നതുകൊണ്ടാണു് ഉടനുടൻ ചേച്ചിക്കു മറുപടി പറയുവാൻ കഴിഞ്ഞതും."

"എൻെറ ചോദ്യങ്ങളാണല്ലോ ആ മറുപടിയെല്ലാം പിടിച്ചെടുത്തതു്. അത്തരം ചോദ്യങ്ങൾ ഞാൻ ചോദിച്ചതു് അസഹ്യമായി തോന്നിയില്ലേ? എന്നോടു പിണക്കം തോന്നുന്നുണ്ടോ?"

"പിണക്കമോ! ഈസോപ്പിൻെറ കഥയിൽ പറയുന്ന യുവാവിനെപ്പോലെയായിരുന്നു ഇതുവരെയും ഞാൻ. ആ യുവാവിൻെറ കഴുത്തേൽ രണ്ടു ഭാണ്ഡങ്ങളാണു തൂക്കിയിട്ടിരുന്നതു്. ഒന്നു് നേരെ നെഞ്ചിനുമുകളിൽ തൂങ്ങിക്കിടന്നിരുന്നു. മററതു് പുറത്തും. അന്യരുടെ കുററങ്ങളും കുറവുകളുമായിരുന്നു മുൻവശത്തു തൂക്കിയിട്ടിരുന്ന ഭാണ്ഡത്തിൽ. സ്വന്തം കുററങ്ങളും കുറവുകളും പുറകിലത്തേതിലും. യുവാവു നടന്നുപോകുമ്പോൾ എപ്പോഴും കാണുന്നതു മുമ്പിലത്തെ ഭാണ്ഡമാണു്. അതേൽ അയാൾ എപ്പോഴും തലോടി

ക്കൊണ്ടിരിക്കും. അന്യരുടെ കുററങ്ങൾ അയാൾ വിളിച്ചുകൂവുക യും ചെയ്യും. പുറകിലത്തെ ഭാണ്ഡത്തിൽ അയാൾ നോക്കാറേയി ല്ല. എന്നാൽ പുറകേവരുന്നവർ അതുകണ്ട് അയാളെ പരിഹസി ക്കുവാൻ തുടങ്ങും.

"ഇന്നു ഞാൻ മനസ്സിലാക്കി ഞാൻ ഇതുവരെയും ഈസോപ്പി ൻെറ യുവാവിനെപ്പോലാണു വർത്തിച്ചിരുന്നതെന്നു്. ഞാൻ ഇന്നു സത്യം ഗ്രഹിക്കുവാൻ കാരണക്കാരി ആരാണെന്നെനിക്കറിയാം. അയാളെ ഞാൻ എൻെറ അമ്മച്ചിയെപ്പോലെ ബഹുമാനിക്കുന്നു. ഇനിമുതൽ ഞാൻ മേരിയെ അമ്മച്ചീ എന്നു വിളിച്ചുകൊള്ളട്ടെ."

പ്രതീക്ഷിക്കാത്ത ഒരനുഭവം! രാജമ്മ തല ഉയർത്തിക്കഴി ഞ്ഞാൽ കുറേ ശകാരം പതച്ചുവീഴുമെന്നു് മേരി ഭയപ്പെട്ടിരിക്ക യായിരുന്നു. ലീലാമ്മയ്ക്കും അതേ ആശങ്കയുണ്ടായിരുന്നു. അതാണു് ചായ കൊണ്ടുവരാനെന്നുള്ള ഭാവത്തിൽ ലീലാമ്മ രംഗത്തുനിന്നും മാറിക്കളഞ്ഞതു്. ഒരു ട്രേയിൽ മൂന്നു ഗ്ലാസ്സ് ചായയുമായി ലീലാ മ്മ കൂട്ടുകാരികളുടെ അടുക്കലേക്കു വന്നു. "ഞാൻ മേരിയെ അമ്മ ച്ചീ എന്നു വിളിച്ചുകൊള്ളട്ടെ" എന്ന രാജമ്മയുടേ ചോദ്യമാണു ത ത്സമയം അന്തരീക്ഷത്തിലേക്കുയന്നതു്. ലീലാമ്മയും അത്ഭുതപ്പെട്ടു പോയി രാജമ്മയുടെ മാനസാന്തരത്തിൽ. അഹങ്കാരത്തിൻെറ ആവി മുഴുവനും രാജമ്മയിൽനിന്നും പുറത്തുപൊയ്ക്കഴിഞ്ഞിരുന്നു.

ഉപകാരം പറഞ്ഞിട്ടു് രാജമ്മ കൈനീട്ടി ഒരു ഗ്ലാസ് ചായ വാങ്ങി. അവൾ കുടിക്കുവാൻ തുടങ്ങിയപ്പോൾ മേരിയും ലീലാമ്മയും ഓരോന്നു കയ്യിലെടുത്തു. കുടികഴിഞ്ഞു് ഗ്ലാസ്സ് ട്രേയിൽ സ്ഥാപിച്ചി ട്ടു് രാജമ്മ മേരിയുടെ നേരെനോക്കി പറഞ്ഞുതുടങ്ങി: "അമ്മച്ചിയുടെ മുമ്പിൽ ഞാൻ ഒരു കാര്യം എടുത്തുവയ്ക്കുവാൻ പോകയാണു്. ഇനിമു തൽ തൊമ്മിക്കുഞ്ഞുമായി എനിക്കൊരുവഴക്കും ഉണ്ടായിരിക്കയില്ല. ഞാൻ എന്നെത്തന്നെ നന്നാക്കേണ്ടതാണു് ഏററം ആവശ്യം എ ന്നെനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. അമ്മച്ചിയുടെ പട്ടിക മുഴുവ നും എഴുതി ഞാൻ എൻെറ കിടക്കമുറിയിൽ സൂക്ഷിക്കുവാൻ പോ കയാണു്. എൻെറ മുഖക്കണ്ണാടിയുടെ അടുക്കൽ അതും ഇരിക്കട്ടെ.

"ഇനി ഒരു കാര്യം. നമ്മുടെ ഇടയിലുള്ള വിവാഹരീതിയെ പ്പററി അമ്മച്ചി എന്തു പറയുന്നു? പുരുഷനും സ്ത്രീയും തമ്മിൽ ഒരു പരിചയവും കാണുകയില്ല. തമ്മിൽ കാണുവാൻ ഒരവസരം ഇക്കാലത്തു മാതാപിതാക്കന്മാർ നൽകുന്നതുതന്നെ ഒരു ഭാഗ്യം. ചെറുക്കൻെറയും പെണ്ണിൻെറയും മാതാപിതാക്കന്മാർ തമ്മിലാ ണു് കാണലും തീരുമാനിക്കലും ഒക്കെ. ഇന്നു ചെറുക്കനെ വിവാ

ഹം ചെയ്യണമെന്നു് പെണ്ണിൻെറ മാതാപിതാക്കന്മാർ അവളോട്ട പറയും അവൾ അതു സമ്മതിച്ചുകൊള്ളണം. മകൻ ചിലപ്പോൾ മാതാപിതാക്കന്മാരുടെ അളവിൽ ഒതുങ്ങിനിന്നില്ലെന്നു വരാം. എൻെറ അഭിപ്രായം ഇതാണു്. ഇന്നു ശീമരാജ്യങ്ങളിൽ നടക്കുന്നതു പോലെ ഒരു ഭാൎയ്യയെ അന്വേഷിച്ചു കണ്ടുപിടിക്കുവാൻ ഒരു പുരുഷനും, ഒരു ഭൎത്താവിനെ കണ്ടുപിടിക്കുവാൻ ഒരു സ്ത്രീക്കും പൂൎണ്ണ സ്വാതന്ത്ര്യം നൽകണം."

"എൻെറ കുഞ്ഞേ, ശീമക്കാരുടെ കാൎയ്യം പറയാതിരിക്കയാണു നന്നു്. സ്ത്രീയും പുരുഷനും തമ്മിൽ കൂടിക്കണ്ടു്, വളരെനാൾ ഒന്നിച്ചുനടന്നു് നൃത്തംവച്ചു്, സകലവും പരസ്പരം അറിഞ്ഞതിനു ശേഷമാണു് അവിടെ വിവാഹങ്ങൾ നടക്കുക. പക്ഷേ ആ വിവാഹങ്ങളിൽ നൂറുക്കു് എഴുപതും വിവാഹമോചനത്തിൽ അവസാനിക്കുന്നു. എന്നാൽ നമ്മുടെ വിവാഹങ്ങൾ മാതാപിതാക്കന്മാർ പറഞ്ഞു നടത്തുന്നതാണെങ്കിലും അതിലാണു് അപകടങ്ങൾ കുറവു്.

"ഇന്നു് ഇതരമതസ്ഥരും കത്തോലിക്കരെപ്പോലെ ഏക ഭാൎയ്യാവ്രതമനുഷ്ഠിക്കുന്നവരായി കാണുന്നു. പക്ഷെ അവരുടെ വിവാഹരീതികൾ നമ്മുടെതിനെക്കാൾ വിചിത്രമാണു്. അതിനെപ്പററി കേൾക്കുവാൻ വളരെ രസംതോന്നും. നീലഗിരിമലകളിൽ ഒരു കൂട്ടർ വസിക്കുന്നുണ്ടു്. അവരുടെ ഇടയിലുള്ള പെൺകുഞ്ഞുങ്ങൾക്കു പ്രായമായിക്കഴിഞ്ഞാൽ ഓരോരുത്തൎക്കും ഓരോ പ്രത്യേക കുടിൽ കെട്ടി അവരെ അതിൽ താമസിപ്പിക്കയാണു്. കുടിലിനുചുററി ബലമുള്ള വേലിയും ഉണ്ടായിരിക്കും. അതുകൊണ്ടു് പുറത്തുനിൽക്കുന്നവൎക്കു കുടിലിനകത്തുള്ളവരെ കാണുവാൻ സാദ്ധ്യമല്ല.

"ഇവരുടെ വിവാഹം എങ്ങനെ നടക്കുമെന്നോ? ഇത്തരം ഒരു യുവതിയെ വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്ന പുരുഷൻ നീണ്ട ഒരു വടി വേലിക്കിടയിൽക്കൂടി കുടിലിനകത്തേക്കു നീട്ടും. വടി കാണുമ്പോൾ സ്ത്രീ സ്വസ്ഥാനത്തുനിന്നും എഴുന്നേററു് വേലിയുടെ സുഷിരങ്ങളിൽക്കൂടി പുറത്തുനിൽക്കുന്ന യുവാവിനെ നോക്കും. ആളെ ഇഷ്ടപ്പെട്ടെങ്കിൽ അവൾ ആ വടിയേൽ പിടികൂടും. അവൾ അന്നുമുതൽ ആ യുവാവിൻെറ ഭാൎയ്യയായി. സുഖവും ദുഃഖവും അയാളോടുകൂടി പങ്കുവയ്ക്കുവാൻ അവൾ ഒരു മടിയും കാണിക്കാറില്ല. ഇലയുടെ അകംപുറം നോക്കി ഭാഗ്യം പരീക്ഷിക്കുന്നതുപോലൊരു പരീക്ഷണമാണിതെന്നു തോന്നിയേക്കാം. വാസ്തവം പറഞ്ഞാൽ

എല്ലാ വിവാഹങ്ങളും ഒരു ഭാഗ്യപരീക്ഷണമല്ലെ? "ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്തരുത്. ദൈവം അതിനു കാവൽനിന്നുകൊള്ളും" ബർണാർഡ്ഷാ.

# അദ്ധ്യായം 5

## കല്യാണക്കാര്യങ്ങൾ

"ചീന, ജപ്പാൻ മുതലായ കിഴക്കൻ രാജ്യങ്ങളിൽ വിവാഹങ്ങൾ നടക്കുന്നതു മറെറാരു രീതിയിലാണ്. വിവാഹം കഴിക്കുവാനുള്ള സ്ത്രീയെ ഒരു മേനാവിൽ എടുത്തു് സ്ത്രീയുടെ വീട്ടുകാർ വരൻെറ വീട്ടിലേക്കു കൊണ്ടുവരികയാണ്. വരൻെറ വീട്ടിൽവച്ച് ഒരു പ്രധാന ചടങ്ങു നടക്കും. വരനും വധുവുംകൂടി ചേർന്ന് സ്വർഗ്ഗത്തേയും, ഭൂമിയേയും, പിതൃക്കളേയും വന്ദിക്കയാണ്. പിന്നെ രണ്ടുപേരും ഒരേ പാത്രത്തിൽനിന്ന് മധു പാനം ചെയ്യണം. വിവാഹത്തിനു മുമ്പുള്ള മൂന്നു ദിവസം അവർ ദുഃഖമാചരിച്ചിരിക്കണമെന്നുണ്ട്. എടുക്കാൻ പോകുന്ന ചുമടിൻെറ ഭാരമോർത്തല്ല; മക്കൾ വിവാഹം ചെയ്തുകഴിഞ്ഞാൽ മാതാപിതാക്കന്മാർ മരിച്ചുപോകുമെന്നൊരു മൂഢവിശ്വാസം അവരുടെ ഇടയിലുണ്ട്. വിവാഹ ദിവസം എല്ലാവരുംകൂടി ഒരു പ്രദക്ഷിണം നടത്തും. കരച്ചിലാണ് അതിലെ ഒരു പ്രധാന ചടങ്ങ്.

"പേർഷ്യൻ മണൽക്കാട്ടിൽ കൂടാരങ്ങളടിച്ചു വസിക്കുന്ന ഒരു ജാതിക്കാരുണ്ട്, അവരുടെ ഇടയിലെ വിവാഹം ഇതിലും വിചിത്രംതന്നെ. വധു കുതിരപ്പുറത്തു കയറി ഘോഷയാത്രയായി വരൻെറ കൂടാരത്തിൽ എത്തും. പകുതി വഴിയാകുമ്പോൾ വരൻ മറെറാരു കുതിരപ്പുറത്തു കയറി എതിരേ വരും. ഒരു ആപ്പിൾപ്പഴവുംകൊണ്ടാണ് വരൻെറ വരവ്. വധുവിൻെറ മുഖം ഒരു പട്ടാകൊണ്ടു മൂടിയിരിക്കണമെന്നാണു നിയമം. വരൻ തൻെറ കയ്യിലിരിക്കുന്ന ആപ്പിൾപ്പഴം ആ പർട്ടായിലേക്ക് എറിഞ്ഞിട്ട് കുതിരയെ തിരിച്ചു വിടണം. ജീവനുംകൊണ്ടു പായുന്ന മട്ടിലാണ് അയാളുടെ പോക്ക്. അയാളെ പിടികൂടാൻ പെൺവീട്ടുകാർ പിന്നാലെ ഓടണം. അങ്ങനെ വധുവും വീട്ടുകാരും വരൻെറ കൂടാരത്തിനു മുമ്പിലായി.

"പെൺവീട്ടുകാർ വധുവിനോടു പറയും കുതിരപ്പുറത്തുനിന്നും

ഇറങ്ങരുതെന്ന്. ആൺവീട്ടുകാർ അവളോടു പറയും കുതിരപ്പുറ
ത്തുനിന്നും താഴെ ഇറങ്ങുവാൻ. ആ പാവപ്പെട്ട പെൺകുട്ടി ആ
രു പറയുന്നതു കേൾക്കണം? ഏതായാലും അവൾ മിടുക്കിയാണ്.
ആൺ വീട്ടുകാർ പറയുന്നതുപോലെ അവൾ കുതിരപ്പുറത്തുനിന്നും
താഴെ ഇറങ്ങും. പക്ഷെ പിന്നെയും തടസ്സമാണ്. ആൺ വീട്ടു
കാർ അവൾക്കുവേണ്ടി കൂടാരവാതിൽ തുറന്നുവയ്ക്കും. പെൺ വീ
ട്ടുകാർ അവളെ കൂടാരത്തിനകത്തു കയററുകയില്ല. അങ്ങനെ കൂ
ടാര വാതിൽക്കൽവച്ച് ഒരു കലഹമാണു നടക്കുന്നത്...... ഒരു പ്ര
ഹസനമായതുകൊണ്ടു് ആക്കും മുറിവും ചതവും ഉണ്ടാകയില്ലെന്നു
മാത്രം. കലഹം നടന്നുകൊണ്ടിരിക്കുമ്പോൾ വരൻ വധുവിനെ
അകത്തു കയററും. അതോടുകൂടി വിവാഹവുമായി."

പേർഷ്യൻ മണൽക്കാട്ടിലെ വിവാഹരീതിയെപ്പററി കേട്ട
പ്പോൾ ലീലാമ്മ പറഞ്ഞു: "ഇതുപഴയ കാലത്തു നമ്മുടെ ഇടയിലു
ണ്ടായിരുന്ന അടച്ചുതുറപ്പാട്ടുപോലിരിക്കുന്നല്ലോ. കല്യാണം കഴി
ഞ്ഞു മണവാട്ടിയും മണവാളനും ആൺ കൂട്ടക്കാരോടുകൂടി ഒരു മുറി
യിൽ കയറി കതകടച്ചിരിക്കും. പെണ്ണിന്റെ അമ്മ വന്നു് വാ
തിൽ തുറക്കാൻ അപേക്ഷിക്കും. അകത്തിരിക്കുന്നവർ തുറക്കുക
യില്ല. അപേക്ഷയും നിഷേധിക്കലും എല്ലാം പാട്ടിലാണ്. കി
ണ്ടിതരാം, കിണ്ണൻതരാം, ഉരുളിതരാം എന്നൊക്കെ അമ്മ വാ
ഗ്ദാനം ചെയ്യുവാനാണ് ഈ അടവെല്ലാം. ഈ മത്സരം മൂന്നു ദിവ
സത്തേക്കു നീണ്ടുനിന്നിരുന്നു എന്നാണു ഞാൻ കേട്ടിട്ടുള്ളത്. എ
ന്നാൽ ഇപ്പോൾ ഇങ്ങനെയൊന്നും നടപ്പില്ല."

"എങ്ങനെ നടക്കും?" രാജമ്മ തിരുകിക്കയറി: "ഇപ്പഴത്തെ
ആളുകൾക്ക് എന്നും ജോലിയല്ലേ? കല്യാണം കഴിക്കുവാൻ പ
ള്ളിയിൽ വരുന്നതുതന്നെ ഒരു ദിവസത്തെ അവധി എടുത്തുകൊ
ണ്ടായിരിക്കും. അങ്ങനെയുള്ളവർ അടച്ചു തുറക്കാൻ പോയാൽ,
പിഴ എന്തുമാത്രം കെട്ടേണ്ടിവരും! പണ്ടത്തെ ആളുകൾക്ക് അ
ങ്ങനെ വലിയ ജോലിയൊന്നുമുണ്ടായിരുന്നില്ല. ഒരു കല്യാണം
വന്നാൽ, അതൊരുമാസത്തെ ജോലിയായല്ലൊ എന്നായിരിക്കും
അവരുടെ സന്തോഷം. എന്റെ വല്യമ്മയുടെ കല്യാണത്തിന് ര
ണ്ടാനയും രണ്ടു സെററു ബാൻറും എട്ടു മുത്തുകുടയും ഉണ്ടായിരുന്നു
എന്നു അമ്മ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ എന്റെ ക
ല്യാണം വന്നപ്പോൾ ഞങ്ങൾ അഞ്ചാറുപേരു് ഒരു കാറിൽ പള്ളി
യിലേക്കു പോയി. തൊമ്മിക്കുഞ്ഞു പള്ളിയിൽ കാത്തുനിൽക്കു
ന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൂടെയുമുണ്ടായിരുന്നു അഞ്ചാറു

മനുഷ്യരു്. വികാരിയച്ചൻ വന്നു ഞങ്ങളുടെ മനസ്സുചോദിച്ചു, കൈ പിടിപ്പിച്ചു, കെട്ടിച്ചു. അത്രമാത്രം. കൊട്ടുമില്ലായിരുന്നു, വെടിയുമില്ലായിരുന്നു. കല്യാണം കഴിഞ്ഞ അന്നുതന്നെ ഞങ്ങൾ രണ്ടുപേരുംകൂടി ഡൽഹിക്കു പോയി."

"ഓ ഒരു വല്യകാര്യം പറയുന്നു! നീ കല്യാണം കഴിഞ്ഞ അന്നുതന്നെ ഡൽഹിക്കുപോയെങ്കിൽ, ഞാൻ അതിനു തലേ ദിവസമേ ബിക്കാനീറിനു പോയതാണല്ലോടി." രാജമ്മയെ ഒന്നു താഴ്ത്തിക്കെട്ടുവാൻ പറഞ്ഞതാണു ലീലാമ്മ. ആ അബദ്ധം കേട്ടു് മേരി കുടഞ്ഞു കുടഞ്ഞു ചിരിച്ചു. രാജമ്മയ്ക്കും ചിരി അടക്കുവാൻ കഴിഞ്ഞില്ല. താൻ എന്തൊരു വിഡ്ഢിത്തമാണു പറഞ്ഞതെന്നു് അപ്പോഴാണു ലീലാമ്മ ഗ്രഹിച്ചതു്. അവൾ അടുക്കളയിലേക്കു് ഓടിക്കളഞ്ഞു; അത്താഴം ഒരുക്കുവാനെന്നമട്ടിൽ.

## സ്ത്രീധനം

ചിരി അടക്കിയിട്ടു് രാജമ്മ പറഞ്ഞു: "അമ്മച്ചീ, ഞാൻ ഒരു ലക്കം കർമ്മലകുസുമത്തിൽ ഫാദർ ഫാബിയാൻ എഴുതിയിരിക്കുന്ന ഒരു ലേഖനം കണ്ടു. ബാഗ്ഡാഡിലെ കൽദായക്കാരുടെ ഇടയിലെ കല്യാണ രീതിയെക്കുറിച്ചായിരുന്നു അദ്ദേഹം പ്രതിപാദിച്ചിരുന്നതു്."

"അദ്ദേഹം ഇപ്പോൾ ബാഗ്ഡാഡിലാണെന്നു ഞാൻ കേട്ടായിരുന്നല്ലോ. പണ്ടൊക്കെ മിഷനറിമാർ പുറത്തുനിന്നും ഇങ്ങോട്ടായിരുന്നു. ഇപ്പോൾ ഇവിടെ നിന്നും അങ്ങോട്ടു പോകാൻ തുടങ്ങി. ബാഗ്ഡാഡ് മെസപ്പൊട്ടേമിയായിലെ ഒരു പട്ടണമാണു്. നമ്മുടെ വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ടൈഗ്രീസ് നദിയുടെ തീരത്തു് അതു സ്ഥിതിചെയ്യുന്നു. അവിടത്തെ വിവാഹരീതിയെപ്പററി എന്താണു് അദ്ദേഹം പറഞ്ഞിരിക്കുന്നതു്?"

"അവിടത്തേതു വളരെ വിചിത്രംതന്നെ. സ്ത്രീധനമെന്നൊരേർപ്പാടേ ഇല്ലവിടെ. മറിച്ചു് ഒരു പുരുഷൻ സ്ത്രീയുടെ മാതാപിതാക്കന്മാർക്കു് നല്ലൊരു തുക കൊടുക്കണം, അവളെ വിവാഹം ചെയ്യണമെങ്കിൽ. കല്യാണം ഉറപ്പിച്ചുകഴിഞ്ഞാൽ പെണ്ണിന്റെ വീട്ടിൽവച്ചാണു മനസ്സു ചോദ്യം. രാത്രിയിലാണു് ആ ചടങ്ങു നടത്തുക. പെണ്ണിന്റെയും ചെറുക്കന്റെയും വികാരിമാരെ അതിനു ക്ഷണിക്കും. ധനികന്മാർ പള്ളിയിലുള്ള എല്ലാ അച്ചന്മാരെയും ക്ഷണിക്കും. വികാരിമാരിൽ ഒരാളാണു മനസ്സു ചോദിക്കേണ്ടതു്. മനസ്സു ചോദ്യം കഴിഞ്ഞാൽ അച്ചന്മാരെല്ലാവരും കൂടിനിന്നു് ഒരു

പാട്ടുപാടും. പിന്നെ ഒരു ചായസൽക്കാരമുണ്ട്. അന്നുമുതൽ അവർ വിവാഹിതരെപ്പോലാണ കരുതപ്പെടുക. ഒരേ വീട്ടിൽ ത്തന്നെ ആയിരിക്കും അവരുടെ താമസവും.

"എന്നാലും വിവാഹം എന്നൊരു ചടങ്ങു പിന്നീടു നിർവ്വഹിക്കാറുണ്ട്. ഒരു ദിവസം ഞായറാഴ്ച രണ്ടുപേരുംകൂടി കൈകോർത്തു പിടിച്ച് പള്ളിയിലേക്കു വരും. രണ്ടുപേരുംകൂടി ഒന്നിച്ചു കുമ്പാന കൈക്കൊള്ളുന്നതു കാണുമ്പോഴാണ് ആളുകൾ മനസ്സിലാക്കുന്നതു് അന്നവരുടെ കല്യാണമാണെന്ന്. അവക്കു താലികെട്ടും മന്ത്രക്കോടിയുമൊന്നുമില്ല. സ്ത്രീക്കു സ്വർണ്ണാഭരണങ്ങളുമില്ല. വികാരിയച്ചൻ വന്നു രണ്ടുപേരോടും സമ്മതം ചോദിക്കും. അതു കഴിഞ്ഞു് പെണ്ണും ചെറുക്കനും സാക്ഷിക്കാരും രജിസ്റ്ററിൽ പേരെഴുതി ഒപ്പിടണം. പിന്നെ പുരോഹിതൻ പെണ്ണിൻെറ വിരലിൽ ഒരു മോതിരമിടും; ചെറുക്കന് ഒരു പൂച്ചെണ്ടും കൊടുക്കും. അതിനുശേഷം വൈദികർ പാട്ടുപാടി അവക്ക് ആശിസ്സ് നൽകുകയാണ്. അവസാനം എല്ലാവരും പുറത്തിറങ്ങി, നവദമ്പതികൾ മുറിക്കുന്ന ഒരു കഷണം കേക്കു വാങ്ങണം. ഒരു ഗ്ലാസ് പാനീയം കുടിക്കണം. ചട്ടവട്ടങ്ങളെല്ലാം അതുകൊണ്ട് അവസാനിച്ചു. സദ്യ ഉണ്ണാൻ ആരും വീട്ടിലേക്കു പോകണമെന്നില്ല. ചില ദമ്പതിമാർ വിവാഹ കമ്മത്തിൽ സംബന്ധിക്കുന്ന സ്ത്രീകൾക്കു് ബിസ്കറു് പെട്ടിയും ചോക്ലയിററു് പെട്ടിയും സമ്മാനിക്കാറുണ്ട്".

"ഇതു വായിച്ചപ്പോൾ എനിക്കു തോന്നി ബാഗ്ഡാഡുകാരുടെ വിവാഹ രീതിയാണ് ഏററം അനുകരണീയമെന്ന്. സ്ത്രീധനം കൊടുക്കാനില്ലല്ലൊ എന്നു വിചാരിച്ച് മാതാപിതാക്കന്മാർ ക്ലേശിക്കേണ്ടതില്ല. പെൺ മക്കളുണ്ടെങ്കിൽ മാതാപിതാക്കന്മാർക്ക് പണം ഇങ്ങോട്ടു കിട്ടും. ഏററം ഭംഗിയായ ഒരേർപ്പാടല്ലെ അതു്. ക്ലേശം സഹിച്ചു പെൺ മക്കളെ വളർത്തി പാകമാക്കി അവർ പുരുഷന്മാക്കു നൽകുകയാണല്ലൊ. അന്നു മുതൽ അവർ മാതാപിതാക്കന്മാരെ ഉപേക്ഷിച്ച് ഭർത്താക്കന്മാരോടുകൂടി ജീവിക്കണം. അത്തരം ഒരു നിധി കിട്ടുന്നതിനു ഭർത്താക്കന്മാർ കുറേ പണം സ്ത്രീകളുടെ മാതാപിതാക്കന്മാക്കു കൊടുക്കേണ്ടതു് ഏററം ആവശ്യമാണ്. അതിനു പകരം ഇവിടത്തെ പുരുഷന്മാർ 1000 തരുമോ, 3000 തരുമോ, 5000 തരുമോ എന്നു ചോദിച്ചു വഴിനീളെ അലഞ്ഞു നടക്കുകയാണ്. എന്തിന്? മകളെ ഞാൻ കൊണ്ടുപോകണമെങ്കിൽ എന്നവർ പറയും. സ്ത്രീക്കു പുരുഷനെക്കൊണ്ടെന്നതിനെക്കാൾ പുരുഷനു സ്ത്രീയെക്കൊണ്ടാണ് ആവശ്യം എ

ന്നു പുരുഷന്മാർ മനസ്സിലാക്കുന്നില്ലെന്നു തോന്നുന്നു. അമ്മച്ചി എന്തു പറയുന്നു? ബാഗ്ഡാഡുകാരുടെ ഏൎപ്പാടല്ലേ നല്ലതു്?

"പണം അങ്ങോട്ടോ ഇങ്ങോട്ടോ മാറുന്നതിൽ സാമുദായികമായ ബാലൻസിനു കോട്ടമൊന്നും വരുകയില്ല. ഒരു കുടുംബത്തിൽ പെൺമക്കളും ആൺമക്കളും കാണും. നമ്മുടെ നാട്ടിൽ ആൺമക്കൾക്കു സ്ത്രീധനം കിട്ടുമ്പോൾ പെൺമക്കൾ സ്ത്രീധനം കൊടുക്കണം. ബാഗ്ഡാഡിൽ ആൺ മക്കൾ സ്ത്രീധനം കൊടുക്കുമ്പോൾ പെൺ മക്കൾക്കു കിട്ടുന്നു. എന്നാൽ നമ്മുടെ നാട്ടിൽ സ്ത്രീക്കു മാന്യത കിട്ടുന്നതു സ്ത്രീധനം ഏൎപ്പാടുമൂലമല്ലേ? ബാഗ്ഡാഡിൽ യജമാനൻ പണം കൊടുത്തു പശുവിനെ വാങ്ങുന്നതുപോലെ പുരുഷൻ മാതാപിതാക്കന്മാൎക്കു പണം കൊടുത്തു സ്ത്രീയെ വാങ്ങുന്നു. നമ്മുടെ ഇടയിൽ സ്ത്രീ, പിതൃധനത്തിൻെറ ഒരോഹരിയുമായി ഭർത്താവിൻെറ വീട്ടിലേക്കു വരുന്നു. ഇവരിൽ ആൎക്കാണു കൂടുതൽ മാന്യതയുള്ളതെന്നു പറയാമോ?"

"ഓഹോ, എന്നാൽ മാന്യത എന്നതു് എന്താണെന്നാണു് അമ്മച്ചിയുടെ വിവക്ഷ എന്നുകൂടി എനിക്കറിയണം. നമ്മുടെ ഇടയിൽ ചില താഴ്ന്ന ജാതിക്കാരുണ്ടല്ലോ. അവരുടെ പുരുഷന്മാർ സ്ത്രീകളുടെ മാതാപിതാക്കന്മാൎക്കു പണം കൊടുത്താണു് ഭാൎയ്യമാരെ എടുക്കുന്നതു്. വലിയ വിലയൊന്നുമില്ല. പത്തു രൂപാ കൊടുത്താൽ ഒരു ഭാൎയ്യയെ കിട്ടും. നമ്മുടെ കുറമ്പയ്ക്കു മൈലൻ പത്തു രൂപായെ കൊടുത്തുള്ളു. എന്നിട്ടും കുറമ്പയും മൈലനുംകൂടി ജീവിക്കുന്നതെങ്ങനെയാണെന്നറിയാമോ? വെളുക്കുമ്പോൾ അവർ രണ്ടുപേരുംകൂടി വേലയ്ക്കു പോകും. കൂലി വാങ്ങിച്ചുകൊണ്ടു് തിരിയെ വരുന്നതും ഒന്നിച്ചു്. വരുന്നവഴി രണ്ടുപേരുംകൂടി പത്താം നമ്പറിൽ ഒന്നു കയറും. അധികം കുടിക്കയില്ല. മിച്ചമുള്ളതുകൊണ്ടു് അരിവാങ്ങി രണ്ടുപേരുംകൂടി അത്താഴം വയ്ക്കും. രണ്ടുപേരുംകൂടി ഒന്നിച്ചിരുന്നു തിന്നും. എന്താനന്ദകരമാണു് അവരുടെ ജീവിതം!

"പരിഷ്ക്കാരത്തിൻെറ പാരമ്യത്തിലെത്തിയിരിക്കുന്നു എന്നു വിചാരിക്കുന്ന ഇക്കാലത്തുപോലും നമ്മുടെ എത്ര വീടുകളിൽ ഭാൎയ്യയും ഭൎത്താവുംകൂടി ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാറുണ്ടു്? ചുരുക്കം ചില വീടുകളൊഴിച്ചാൽ മറെറാരു വീട്ടിലും ഇങ്ങനെ നടക്കുന്നില്ല. അപ്പോൾ 5000 രൂപാ പിതൃധനം കൊണ്ടുവന്ന തെക്കേക്കൂററ തങ്കമ്മയ്ക്കാണോ, പത്തു രൂപാ കൊടുത്തു മൈലൻ വാങ്ങിയ കുറമ്പയ്ക്കാണോ അവരവരുടെ വീടുകളിൽ മാന്യത?

"ഇനി ഞാൻ അമ്മച്ചിയോടുതന്നെ ചില ചോദ്യങ്ങൾ ചോ

ദിച്ചുകൊള്ളട്ടെ; ക്ഷമിക്കണം. അമ്മച്ചി ധാരാളം പണവും ആഭരണങ്ങളും ഭർത്താവിൻെറ ഭവനത്തിലേക്കു കൊണ്ടുവന്ന ഒരാളാണെന്നു ഞാൻ കേട്ടിട്ടുണ്ട്. അമ്മച്ചിയുടെ കൈവശം ഇപ്പോൾ എന്തുമാത്രം പണമുണ്ട്?"

"എൻെറ കുഞ്ഞേ, എൻെറ കൈയിൽ ഒരു കാശെട്ടുക്കാനില്ല. എല്ലാം ആ മനുഷ്യൻ ധൂർത്തടിച്ചു നശിപ്പിച്ചു."

"അമ്മച്ചിയുടെ താലിമാല എന്ത്യേ?"

"എനിക്കതു പറയാൻതന്നെ നാണമാകുന്നു. അതും ആ മനുഷ്യൻ പിടിച്ചു പറിച്ചുകൊണ്ടുപോയി വിററു കുടിച്ചുകളഞ്ഞു."

"ഔതമുതലാളിയുമായി അമ്മച്ചി ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാറുണ്ടോ?"

"കല്യാണം കഴിഞ്ഞ ദിവസം മണക്കോലത്തേൽ ഞങ്ങൾ ഒന്നിച്ചിരുന്നിട്ടുണ്ട്. പിന്നെ എല്ലായ്പ്പോഴും അയാൾ ഉണ്ണുമ്പോൾ ഞാൻ അടുക്കൽ നിന്നിട്ടേയുള്ളു. അതെല്ലാം സഹിക്കാമായിരുന്നു. അയാളുടെ കുടിയും പ്രാക്കും തെറി പറച്ചിലുമാണു സഹിക്കാൻ പാടില്ലാത്തതു്. അയാൾ പറയുന്നതു കേട്ടു് രണ്ടു വയസ്സുള്ള കുഞ്ഞുപോലും ചീത്ത പറയുവാൻ പഠിച്ചു."

"ഇനി എനിക്കൊരു കാര്യം അറിയണം. കുറമ്പയ്ക്കു് മൈലൻെറ മാടത്തിലുള്ളിടത്തോളം മാന്യത ഔതമുതലാളിയുടെ മാളികയിൽ അമ്മച്ചിക്കുണ്ടെന്നു തോന്നുന്നുണ്ടോ? എൻെറ ചോദ്യം ഞാൻ ഒന്നുകൂടി വിശദമാക്കാം. സാമുദായികമായി നോക്കുമ്പോൾ അമ്മച്ചിക്കു കുറമ്പയെക്കാൾ ബഹുമാന്യമായ ഒരു സ്ഥാനമുണ്ട്. അതു ഞാൻ സമ്മതിക്കുന്നു. എൻെറ ചോദ്യം മൈലൻ കുറമ്പയെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നതുപോലെ ഔതമുതലാളി അമ്മച്ചിയെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നുണ്ടോ?"

"ആ മനുഷ്യൻ എപ്പഴും എന്നെ ചീത്തയേ വിളിക്കൂ. ഞാൻ ഭക്ഷണം കഴിക്കുന്നതുപോലും അയാൾക്കു കണ്ടുകൂടാ. മററുള്ളവർ എന്നെ സ്നേഹിക്കയോ ബഹുമാനിക്കയോ ചെയ്യുന്നതു കണ്ടാൽ അയാൾ കലിതുള്ളും. ഞാൻ കൂട്ടിൽ കിടക്കുന്ന ഒരു തത്തയെപ്പോലെ ജീവിച്ചാൽ അയാൾക്കു സന്തോഷമായി. എൻെറ സ്ഥിതി വളരെ പരിതാപകരമാണെന്നു പലരും പറയാറുണ്ട്. എന്നാലും എല്ലാം ദൈവതിരുമനസ്സാണല്ലോ എന്നു വച്ചു ഞാൻ സഹിക്കുന്നു, ക്ഷമിക്കുന്നു. വിവാഹത്തിനു മുമ്പു് എൻെറ പൂർണ്ണമായ സ്വാതന്ത്ര്യം വിനിയോഗിക്കുവാൻ എനിക്കു കഴിവുണ്ടായിരുന്നെങ്കിൽ, തീർച്ചയായും ഞാൻ ഔതമുതലാളിയുടെ ഭാര്യ ആകുമായിരുന്നില്ല.

"അമ്മച്ചി വാസ്തവം തുറന്നു പറഞ്ഞിരിക്കുന്നു. ഇനി സ്ത്രീധനംകൊണ്ടു് ഒരു സ്ത്രീക്കു ഭർത്താവിൻെറ വീട്ടിൽ മാന്യത ലഭിക്കുമെന്നുള്ള വാദം എടുത്തു വയ്ക്കുകയില്ലല്ലോ. വിവാഹത്തിൽ പണമെടപാടു് ഏതെങ്കിലും വിധത്തിൽ കൂടിയേ കഴിയൂ എന്നാണെങ്കിൽ പണ്ടു് യാക്കോബു് റാഹാലിനെ ഭാര്യയായി ലഭിക്കുവാൻവേണ്ടി അവളുടെ മാതാപിതാക്കന്മാർക്കു സമ്മാനങ്ങൾ കൊടുത്തതുപോലെ പുരുഷൻ സ്ത്രീയുടെ മാതാപിതാക്കൾക്കാണു പണം കൊടുക്കേണ്ടതു്. വിയർപ്പു ചിന്തി വേലചെയ്തു സമ്പാദിച്ച മുതലിനെപ്പററിയേ ഉടമസ്ഥന്മാർക്കു ചൂടുണ്ടാകൂ. ഇപ്പോൾ ഭാര്യയ്ക്കുവേണ്ടി ഒരു പുരുഷൻ യാതൊരു ബദ്ധിമുട്ടും ചെയ്യേണ്ടതായിട്ടില്ല. കുറേ പണവുമായി അവൾ ഒഴുകിവന്നു് ഭർത്താവിൻെറ വായിലേക്കു് അടിഞ്ഞുകൊള്ളും. അതാണു് ഇന്നു സ്ത്രീക്കു വിലയില്ലാതായിരിക്കുന്നതു്.

"ഇക്കാര്യത്തിൽ പണത്തിൻെറ പ്രശ്നംതന്നെ ഒഴിച്ചുവയ്ക്കണമെന്നാണെങ്കിൽ, സ്ത്രീ വിവാഹം ചെയ്യുന്ന പുരുഷൻെറ ധനത്തിൽ ഒരു കൂട്ടവകാശിയായിത്തീരണം. പുരുഷൻ സ്ത്രീക്കു തൻെറ സ്വത്തിൽ പകുതി എഴുതിക്കൊടുക്കണമെന്നല്ല ഞാൻ പറയുന്നതു്. വിവാഹത്തിനുശേഷം ചെയ്യുന്ന ഏതു കാരണങ്ങളും രണ്ടുപേരുംകൂടി ചേർന്നാലേ സാധുവാകൂ എന്നൊരു നിയമമാണുണ്ടാകേണ്ടതു്. അപ്പോൾ പുരുഷൻെറ ധൂർത്തുമൂലം സ്ത്രീയോ, സ്ത്രീയുടെ ധൂർത്തുമൂലം പുരുഷനോ നശിക്കയില്ല. രണ്ടുപേരും ധൂർത്തരാണെങ്കിലോ, ആ കുടുംബം നശിക്കട്ടെ എന്നു വയ്ക്കാം".

ആ പദ്ധതി എനിക്കു വളരെ പിടിച്ചു. ഇപ്പോൾ സ്ത്രീ മാർക്കററിലെ ക്രയവിക്രയത്തിനുള്ള ഒരു വസ്തുവാണു്. വിവാഹത്തിൽനിന്നും പണത്തിൻെറ പ്രശ്നം നീക്കിക്കളഞ്ഞാൽ വിവാഹം കൂടുതൽ പാവനമായിത്തീരും, വിവാഹത്തിൽ സ്നേഹത്തിനു പ്രഥമ സ്ഥാനം ലഭിക്കയും ചെയ്യും.

# അദ്ധ്യായം 6

## പ്രണയവിവാഹം

"പ്രണയവിവാഹമാണ് ഏററം നല്ലതെന്നു പറയുവാൻ പോകയാണോ അമ്മച്ചീ?"

"ഹേയ്", ഒരിക്കലുമല്ല. വളരെ അബദ്ധജടിലമായ ഒരേർപ്പാടാണ് അതെന്നു ഞാൻ പറയും. ഒരു പുരുഷനും സ്ത്രീയും തമ്മിൽ പ്രണയമായി എന്നു പറഞ്ഞാൽ അവർ രണ്ടു പേരുടെയും കണ്ണിനു തിമിരം ബാധിച്ചു എന്നാണർത്ഥം. തിമിരത്തിനു ചില അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ കഴിവുണ്ട്. ഭാര്യ ഏററം ഉത്തമയായ ഒരു സ്ത്രീയായിരിക്കണമെന്ന് ഒരു പുരുഷൻ ആഗ്രഹിക്കുന്നു. ഭർത്താവ് ഏററം ഉത്തമനായ ഒരു പുരുഷനായിരിക്കണമെന്ന് സ്ത്രീയും ആഗ്രഹിക്കുന്നു. പക്ഷെ ഇവരെ ആർക്ക് എവിടെ കണ്ടെത്തുവാൻ സാധിക്കും? സാധാരണ ഗതിയിൽ ആർക്കും തൻെറ ഐഡിയലിനെ കണ്ടെത്തുവാൻ പററുമെന്നു തോന്നുന്നില്ല. 'തമ്മിൽ ഭേദം തൊമ്മൻ' എന്ന നിലയിലാണു സാധാരണ വിവാഹങ്ങൾ നടക്കാറുള്ളത്.

"എന്നാൽ പ്രണയം ഒരു മായാവിദ്യ പ്രയോഗിച്ചുകളയും. അത് ഒരു സ്ത്രീയേയും പുരുഷനേയും വലിച്ചടുപ്പിച്ചിട്ട് രണ്ടു ചിത്രങ്ങൾ വരച്ചുകാട്ടുകയാണ്. താൻ പ്രണയിക്കുന്ന സ്ത്രീയുടേതു് പുരുഷൻ കാണും, താൻ പ്രണയിക്കുന്ന പുരുഷൻേറതു് സ്ത്രീ കാണും. ആ ചിത്രങ്ങളിൽ അവർ പരസ്പരം ദർശിക്കുന്നതു് ചിരകാലമായി തങ്ങൾ അന്വേഷിക്കുന്ന ഐഡിയലാണ്. രണ്ടുപേർക്കും മറെറാരാളെപ്പററിയും ചിന്തിക്കേണ്ട ആവശ്യം തോന്നുകയില്ല. അവനെ കൂടാതെ എനിക്കു ജീവിക്കാൻ മേലെന്നു സ്ത്രീ പറയും. അവളെ കൂടാതെ എനിക്കു ജീവിക്കാൻ മേലെന്നു പുരുഷനും പറയും. മാതാപിതാക്കന്മാരുടേയോ ബന്ധുജനങ്ങളുടേയോ എതിർപ്പുകൾ അവർ വകവെയ്ക്കാറില്ല. വിവാഹം നടക്കും. പക്ഷേ പിന്നെ സംഭവിക്കുന്നതെന്തു്?

"ഒരു പുരുഷനു താൻ സ്നേഹിക്കുന്ന സ്ത്രീയെ വിവാഹം ചെയ്യുവാൻ സ്വാതന്ത്ര്യമുണ്ട്. എന്നാൽ അതേ സമയം അയാൾ മറെറാരുകാര്യം അനുസ്മരിക്കയും ചെയ്യണം. വിവാഹംമൂലം ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ ബന്ധത്തിലാകുക മാത്രമല്ല; രണ്ടു കുടുംബങ്ങൾ തമ്മിലും ബന്ധമുളവാകും. തങ്ങൾക്കിഷ്ടമില്ലാത്ത ഒരു സ്ത്രീയെ മകളായി സ്വീകരിക്കുവാൻ പുരുഷൻെറ മാതാപിതാക്ക

ന്മാക്ക് ഇഷ്ടമില്ലെന്നു വരാം. അത്തരം വിവാഹങ്ങൾ കുടുംബകലഹത്തിനു വഴിയൊരുക്കുന്നതായിട്ടാണു കാണുന്നതു്.

ഇംഗ്ലണ്ടിലെ എഡ്വേർഡ് രാജാവിനു് സ്വാതന്ത്ര്യമുണ്ടായിരുന്നു, രണ്ടു പ്രാവശ്യം വിവാഹമോചനം നേടിയ ഒരു സിംസനെ വിവാഹം കഴിക്കുവാൻ. പക്ഷേ ഇംഗ്ലണ്ടിലെ ജനങ്ങൾക്കു സിംസൺ തങ്ങളുടെ രാജ്ഞിയായി പ്രതിഷ്ഠിക്കപ്പെടുന്നതു് ഇഷ്ടമായില്ല. അതിനാൽ രാജ്യാവകാശം നഷ്ടപ്പെടുത്തുകയോ, അല്ലെങ്കിൽ സിംസനെ ഉപേക്ഷിക്കുകയോ രണ്ടിലൊന്നു് എഡ്വേർഡ് രാജാവു് ചെയ്യേണ്ടിവന്നു. എഡ്വേർഡ് രാജ്യം ഉപേക്ഷിച്ചിട്ടു സിംസനെ വിവാഹം ചെയ്തു. ഇതിൽ സിംസനും കുറേ പുരോഗമനവാദികൾക്കും സന്തോഷമുണ്ടായിക്കാണും. പക്ഷേ മുതിരപ്പയറിനുവേണ്ടി കടിഞ്ഞൂൽസ്ഥാനം വിററുകളഞ്ഞ ഏശാവിനെപ്പോലെ എഡ്വേർഡ് പ്രവർത്തിച്ചു എന്നേ ചിന്തകന്മാർക്കു തോന്നൂ.

“പ്രണയമെന്ന തിമിരം ചിലപ്പോൾ മാതാപിതാക്കന്മാരെയാണു ബാധിക്കാറുള്ളതു്. അവർക്കു് ഒരു യുവാവിനെയോ ഒരു യുവതിയെയോ വല്ല കാരണവശാലും ഇഷ്ടപ്പെട്ടെങ്കിൽ ആ വ്യക്തിയെ തങ്ങളുടെ മകനെയോ മകളെയോ കെട്ടി ഏല്പിക്കണമെന്നു് ഒരാഗ്രഹം ഉണ്ടാകാറുണ്ടു്. പുരുഷൻ എത്ര വഷളനായിരുന്നാലും ശരി, അയാൾക്കു കുറേ സ്വത്തുക്കളുണ്ടെന്നുവന്നാൽ അയാളെ തങ്ങളുടെ മകളുടെ ഭർത്താവായി കണ്ടെങ്കിലേ അവർ അടങ്ങൂ.

“ഞങ്ങളുടെ അയൽവീട്ടിൽ ഒരു കുഞ്ഞമ്മയുണ്ടായിരുന്നു. ഒരു സന്ന്യാസിനിയാകണമെന്നായിരുന്നു ചെറുപ്പംമുതലുള്ള അവളുടെ ആഗ്രഹം. മാതാപിതാക്കന്മാർ സമ്മതിച്ചില്ല, അവൾ മഠത്തിൽചേരുവാൻ. ഒടുവിൽ, മനസ്സില്ലാമനസ്സോടെ അവൾ വിവാഹത്തിനു വഴിപ്പെട്ടു. പക്ഷേ അവർ അവൾക്കായി കണ്ടുപിടിച്ച ചെറുക്കനോ, ഒരു മുക്കുടിയൻ! നല്ല ഒരു കുടി കഴിഞ്ഞിട്ടാണു് അയാൾ പെണ്ണുകാണുവാൻ കുഞ്ഞമ്മയുടെ വീട്ടിൽ ചെന്നതുതന്നെ. കണ്ടാമൃഗത്തെപ്പോലുള്ള ആ മനുഷ്യനെ കണ്ടപ്പോഴേ കുഞ്ഞമ്മ പറഞ്ഞു തനിക്കു ജീവനുണ്ടെങ്കിൽ ആ മനുഷ്യനെ കല്യാണം കഴിക്കയില്ലെന്നു്. എന്നിട്ടും അപ്പനും അമ്മയും പറഞ്ഞു. ‘അവനു വസ്തുംവകേം ഒണ്ടെടീ, നീ ഒന്നു മിണ്ടാതിരി.’ ഏതായാലും അവളുടെ പ്രതിഷേധങ്ങളെ മറികടന്നുകൊണ്ടു് ആ വിവാഹം നടന്നു. പക്ഷേ കുഞ്ഞമ്മയിൽ ഇന്നും ആ പ്രതിഷേധം തുടരുകയാണു്; ആ മാതാപിതാക്കന്മാർ ഇപ്പോൾ പറയുന്നു, അവർക്കബദ്ധം പററിപ്പോയി എന്നു. അതുകൊണ്ടെന്താണു പ്രയോജനം?”

## വിവാഹത്തിനുമുമ്പ്

രസകരമായ ആ പ്രഭാഷണം കേൾക്കുവാൻ രാജമ്മയ്ക്കു വല്ലാതെ താല്പര്യമായിരുന്നു. പ്രണയവിവാഹവും മാതാപിതാക്കന്മാർ നിശ്ചയിക്കുന്ന വിവാഹവും അത്ര പന്തിയല്ലെങ്കിൽ പിന്നെ വിവാഹം എങ്ങനെയുള്ളതായിരിക്കണം എന്നവൾ ചിന്തിച്ചുനോക്കി. കഠാരികാണിച്ചു ഭയപ്പെടുത്തി കല്യാണത്തിനു മകളെ സമ്മതിപ്പിച്ച നിഷ്ഠൂരരായ ചില പിതാക്കന്മാരുടെ ചരിത്രവും അവൾക്കറിയാമായിരുന്നു. ഒരു വിവാഹം, പിന്നീടു പശ്ചാത്താപത്തിന് ഇടയാകാതിരിക്കണമെങ്കിൽ, വധൂവരന്മാർ വിവാഹത്തിനുമുമ്പ് എങ്ങനെ പ്രവർത്തിക്കണം. ഒരു മനുഷ്യനെപ്പററി കൂലങ്കഷമായി പഠിക്കുവാൻ എന്താണ് എളുപ്പമായ മാർഗ്ഗം? ചില നല്ല ആളുകൾ പിന്നീടു വളരെ ചീത്തയാകാറുണ്ട്. അതുപോലെതന്നെ ചീത്തയാളുകൾ നല്ലവരായും തീരുന്നു. ഇതെല്ലാം ഓരോരുത്തരുടെ തലേവിധിപോലെ സംഭവിക്കുന്നു എന്നു വിചാരിച്ചാൽ മതിയോ? അങ്ങനെ ചിന്തിക്കുംതോറും അനേകം പ്രശ്നങ്ങൾ ഇളകിവന്നുകൊണ്ടിരുന്നു. മേരി എല്ലാത്തിനുംകൂടി ഒന്നിച്ചാണു മറുപടി പറഞ്ഞതു്.

"പെണ്ണുങ്ങൾ പഴയതുപോലെ, വിവാഹക്കാര്യം പറയുമ്പോൾ ലജ്ജ അഭിനയിച്ചിരുന്നാൽ പിന്നെ എന്നും കണ്ണുനീർ ചിന്തേണ്ടിവന്നേക്കാം. വിവാഹം തന്റെ ഒരു ജീവിതപ്രശ്നമാണെന്നു തന്നെ ധരിച്ച് ഒരു സ്ത്രീ തന്റെ ഭാവിവരനെപ്പററി വേണ്ട അന്വേഷണം നടത്തേണ്ടതാണ്. ഒരു സ്ത്രീക്ക് അഞ്ചു ഭർത്താക്കന്മാരും ഒരു പുരുഷന് അഞ്ചു ഭാര്യമാരും വേണമെന്ന് ഒരു പുസ്തകത്തിൽ വായിച്ചതായി ഞാൻ ഓർക്കുന്നു. ഗ്രന്ഥകാരൻ ഒരു കത്തോലിക്കാ പണ്ഡിതനാണ്. ബഹുഭാര്യാത്വത്തെയും ബഹുഭർത്തൃത്വത്തെയും അദ്ദേഹത്തിന് അനുകൂലിച്ചുകൂടാ. ഭാര്യയ്ക്കും ഭർത്താവിനുംവേണ്ട അഞ്ചു ഗുണങ്ങളെപ്പററി അദ്ദേഹം ചമൽക്കാരഭാഷയിൽ പറഞ്ഞിരിക്കുന്നതാണ്."

അഞ്ചു ഭർത്താക്കന്മാർ എന്നു കേട്ടപ്പോൾ തന്റെ കപ്പൽ ഒരു പുതിയ കടലിലേക്കു പ്രവേശിക്കുവാൻ പോകയാണെന്നു വിചാരിച്ചു രാജമ്മ സന്തോഷിക്കയുണ്ടായി. പക്ഷേ അതിന്റെ വിശദീകരണംകൂടി വന്നപ്പോൾ താൻ ആ പഴയ സ്ഥാനത്തുനിന്നും മാറിയിട്ടില്ലെന്ന് അവൾ ഗ്രഹിച്ചു. എങ്കിലും ആ ഗ്രന്ഥകാരന്റെ സാഹിത്യം ഒന്നാസ്വദിക്കണമെന്ന് അവൾക്കാഗ്രഹമുണ്ടായി. അവൾ ചോദിച്ചു: "അമ്മച്ചി വായിച്ചതുപോലെ ഒന്നു പറയാമോ?"

"ഓ പറയാം, അതെനിക്കു നാവേൽ പാഠമാണ്. അഞ്ചു ഭത്താക്കന്മാർ ആരൊക്കെയാണെന്ന് ആദ്യമേ കേട്ടുകൊള്ളുക. 1-ാമത്തെ ഭത്താവ് ബുദ്ധിയുള്ള ഒരു സഹപ്രവത്തകൻ. 2-ാമൻ ശേഷിയുള്ള ഒരു തൊഴിലാളി. 3-ാമൻ ഒരു സാമ്പത്തിക വിദഗ്ദ്ധൻ. 4-ാമൻ ഉത്സാഹഭരിതനായ ഒരു വിനോദപ്രിയൻ. 5-ാമൻ, വീട്ടുസാമാനങ്ങളുടെ കേട്ടുപോക്കുവാൻ പ്രായോഗികജ്ഞാനമുള്ള ഒരു മെക്കാനിക്ക്."

"ഒന്നാമത്തെ ആറം ബുദ്ധിയുള്ള ഒരു സഹപ്രവത്തകനായിരിക്കണമെന്നല്ലേ അമ്മച്ചി പറയുന്നതു്? ഭത്താക്കന്മാർ വല്ലവരും ഭാൎയ്യമാരെ സഹപ്രവത്തകരായി പരിഗണിക്കാറുണ്ടോ? വേദപുസ്തകത്തിലെ വാക്യംതന്നെ സ്ത്രീകൾക്കെതിരാണെന്നു പുരുഷന്മാർ പറയാറുണ്ടു്."

## ആദ്യത്തെ ഭത്താവ്

"എന്താണ് ആ വാക്യം? ഒന്നുകേൾക്കട്ടെ."

സൃഷ്ടിയുടെ പുസ്തകം 3-ാം അദ്ധ്യായം 16-ാം വാക്യം ഞാൻ ഉദ്ധരിക്കാം. അവൻ സ്ത്രീയോടു പറഞ്ഞു: "ഞാൻ നിൻെറ സങ്കടങ്ങളും പ്രസവങ്ങളും വർദ്ധിപ്പിക്കും. പ്രസവത്തിൽ നീ വേദന അനുഭവിക്കും: നീ നിൻെറ ഭത്താവിൻെറ ഭരണത്തിലായിരിക്കും. അവന് നിൻെറമേൽ അധികാരമുണ്ടായിരിക്കും."

"കൊള്ളാം! രാജമ്മ ഇതൊന്നേ കണ്ടിട്ടുള്ളോ? ഞാൻ വേറെ പലതും കാണിക്കാം. എല്ലാം പുരുഷന്മാർ സ്ത്രീകളെക്കുറിച്ച് എഴുതിയിട്ടുള്ളതാണ്. ഭർതൃഹരി പറയുന്നു:

പിതാ രക്ഷതി കൗമാരേ
ഭർത്താ രക്ഷതി യൗവനേ
പുത്രോ രക്ഷതി വാർദ്ധക്യേ
സ്ത്രീ ന: സ്വാതന്ത്ര്യമർഹതി.

"പിന്നെ ദൈവ നിയമങ്ങൾ കേൾക്കണോ? അതും പുരുഷന്മാർ കുത്തിക്കൂട്ടിയതാണ്. ഭാൎയ്യ ജീവിച്ചിരിക്കെ ഒരു പുരുഷൻ മരിച്ചാൽ ആ പുരുഷൻെറ ചിതയിൽ ചാടി ഭാൎയ്യയും മരിക്കണം. സതി എന്നാണ് ആ നിയമത്തിൻെറ പേര്. വെറൊരുനിയമം: എത്ര പ്രായം കുറഞ്ഞവളായാലും. വിധവക്കു പുനർ വിവാഹം നിഷിദ്ധമാണ്. അങ്ങിനെ അഞ്ചും ആറും വയസ്സ് പ്രായമുള്ള പട്ടത്തിപ്പെൺകുട്ടികൾ വിധവകളായി തല മുണ്ഡനം ചെയ്തു് നടക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്.

"അടുത്ത നാളിൽ പത്രത്തിൽ ഒരു വാൎത്ത വന്നതു് ഓൎക്കുന്നുണ്ടോ? 75 വൎഷമായി പുരുഷമുഖം കണ്ടിട്ടില്ലാത്ത ഒരു വിധവയെ കുറിച്ചായിരുന്നു ആ വാൎത്ത. ജാംനഗർ എന്ന രാജ്യത്തു് ഓർബഗർ രാജകൊട്ടാരത്തിലെ അന്തഃപ്പുരത്തിലാണ് ഈ സ്ത്രീ ഇപ്പോഴും ജീവിക്കുന്നതു്. 75 വൎഷം മുമ്പു് ആ രാജകൊട്ടാരത്തിൽവച്ചു് മരണമടഞ്ഞ ജാംസാഹേബ് ശ്രീ ജാസ്ജിയുടെ ഭാൎയ്യയാണ് ആ സ്ത്രീ. ഭൎത്താവു മരിക്കുമ്പോൾ അവൎക്കു 16 വയസ്സായിരുന്നു പ്രായം. അതിൽപ്പിന്നെ അവർ ജീവനുള്ള ഒരു ശവക്കല്ലറയിൽ ജീവിക്കുന്നു. ഇത്തരത്തിലുള്ള ഒരു പുരുഷനെ ചരിത്രത്തിൽനിന്നും ചികഞ്ഞെടുക്കാൻ സാധിക്കുമോ?

"സ്ത്രീ ഭയങ്കരമായ ഒരു തെററു ചെയ്തു എന്നു ഞാൻ സമ്മതിക്കുന്നു. അതിനുള്ള ശിക്ഷയാണ് 3-ാം അദ്ധ്യായം 16-ാം വാക്യത്തിൽ കാണുന്നതെന്നും ഞാൻ സമ്മതിക്കുന്നു. പക്ഷേ പുരുഷൻ സ്വാൎത്ഥപരമായ ഉദ്ദേശങ്ങൾ വച്ചുകൊണ്ടു് നീതിക്കു നിരക്കാത്ത ചില വ്യാഖ്യാനങ്ങൾ അതിനു നൽകി എന്നതാണു വാസ്തവം. സ്ത്രീകൾ മാതൃത്വം വിധിച്ച ദൈവം അവളെ സംരക്ഷിക്കുവാനുള്ള ചുമതല പുരുഷനെ ഏൽപ്പിച്ചു. പക്ഷെ അടിമത്തത്തിൽ സ്ത്രീയെ അമൎത്തി നിറുത്തുവാനുള്ള അധികാരം പുരുഷനു നൽകിയിരിക്കുന്നു എന്നായി അതിന്റെ വ്യാഖ്യാനം. വേദപുസ്തകത്തിൽനിന്നു് ആ വാക്യം ഇതരമതസ്ഥരും എടുത്തു പ്രയോഗിച്ചു; വ്യാഖ്യാനവും അതു തന്നെ.

"സൃഷ്ടിയുടെ മകുടമാണു സ്ത്രീയെന്നു ഞാൻ തെളിയിക്കാം. വേദപുസ്തകത്തിലെ ചരിത്രം ഒന്നു വായിച്ചു നോക്കണം. സൃഷ്ടിയുടെ ചരിത്രം ഒന്നാം അദ്ധ്യായത്തിലാണ്. മൂന്നാം ദിവസം മുതൽ ജീവനുള്ളവയെ ദൈവം സൃഷ്ടിച്ചുതുടങ്ങുന്നു. ആദ്യത്തെ ദിവസം പുല്ലും ചെടികളും വൃക്ഷങ്ങളും; നാലാമത്തെ ദിവസം മൃഗങ്ങളും പക്ഷികളും; അഞ്ചാം ദിവസമാണു മനുഷ്യനെ സൃഷ്ടിക്കുന്നതു്. അങ്ങനെ ഉൽകൃഷ്ടമായവയെ ദൈവം ഒടുവിൽ ഒടുവിലായിട്ടാണു സൃഷ്ടിക്കുന്നതെന്നു കാണാം. പുരുഷനെ സൃഷ്ടിച്ചു കഴിഞ്ഞാണ് ദൈവം സ്ത്രീയെ സൃഷ്ടിച്ചതു്. അതോടെ സൃഷ്ടികൎമ്മത്തിനു വിരാമവുമിട്ടു. അതിനാൽ ഏററം ഉൽകൃഷ്ടമായ സൃഷ്ടി സ്ത്രീയാണെന്നു സിദ്ധിക്കുന്നില്ലേ?

"ഹവ്വ വല്ല തെററും ചെയ്തുപോയെങ്കിൽ രണ്ടാമത്തെ ഹവ്വായായ പരിശുദ്ധ മറിയം അതിനെല്ലാം പരിഹാരം ചെയ്തുകഴിഞ്ഞിട്ടുണ്ടു്. രണ്ടാമത്തെ ഹവ്വായെപ്പററി ദൈവം പറഞ്ഞിരിക്കുന്നതു് സ്ത്രീ

കുലത്തിന്റെ ശാപം മുഴുവനും അവളോടുകൂടി തീരുമെന്നു കാണിക്കുവാനാണ്. "സ്ത്രീക്കും നിനക്കും തമ്മിൽ ഞാൻ ശത്രുത്വം ഉളവാക്കും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിൽ ശത്രുതയിൽ കഴിഞ്ഞുകൂടും. അവൾ നിന്റെ തല തകൎക്കുകയും ചെയ്യും" ആ സ്ത്രീ വന്നു കഴിഞ്ഞു. ലോകം ഉദ്ധരിക്കപ്പെട്ടു. ഇനി സ്ത്രീക്ക് എന്തപകർഷമാണുള്ളതു?"

മേരിയുടെ വാചാലതയിൽ രാജമ്മ മയങ്ങിപ്പോയി. പുരുഷന്റെ അടിമയായി കഴിഞ്ഞുകൂടുവാൻ ദൈവം സൃഷ്ടിച്ചിരിക്കുന്നതാണോ സ്ത്രീയെ എന്നു പോലും അവൾ ചിലപ്പോൾ സംശയിക്കാറുണ്ടായിരുന്നു. എന്നാൽ മേരിയുടെ പണ്ഡിതോചിതമായ പ്രഭാഷണം കേട്ടുകഴിഞ്ഞപ്പോൾ സ്ത്രീ മറഞ്ഞിരിക്കുന്ന ഒരു മാണിക്യമാണെന്ന് അവൾക്കു ബോദ്ധ്യമായി. എങ്കിലും പള്ളിയിൽ സ്ത്രീയുടെ സ്ഥാനമെന്ത്? പുരുഷന്മാരുടെ പുറകിലല്ലെ അവൾ മുട്ടുകുത്തേണ്ടതു്. അവൾ പറഞ്ഞു: "അമ്മച്ചി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ രണ്ടു മുഴം പൊങ്ങിപ്പോയി. പക്ഷെ പ്രയോഗത്തിൽ നാം കാണുന്നതെന്താണ്? പള്ളിയിലും, വീട്ടിലും, സമുദായത്തിലും സ്ത്രീകൾ അവഗണിക്കപ്പെട്ട ഒരു വൎഗ്ഗം. പിന്നെ അമ്മച്ചി ഈ സ്തുതിപ്പുകൾ പാടിയതുകൊണ്ടെന്താണു പ്രയോജനം."

വാസ്തവമാണ്: ചില പള്ളികളിൽ സ്ത്രീകൾ പുരുഷന്മാരുടെ പുറകിൽ മുട്ടുകുത്തണമെന്നാണ് വെയ്പ്. എന്നാൽ ചില പള്ളികളിൽ രണ്ടുകൂട്ടരും രണ്ടുവശങ്ങളിലായി മുട്ടുകുത്തുന്നു. ഓരോ പള്ളിയും അതാതിന്റെ സൗകര്യമനുസരിച്ച് ഓരോ ക്രമം സ്വീകരിക്കുന്നു എന്നേയുള്ളു. വൈദികകൎമ്മങ്ങളിൽ സ്ത്രീയുടേയും പുരുഷന്റെയും സ്ഥാനമെന്തെന്നാണു നോക്കേണ്ടതു്. കുമ്പസാരത്തിലോ കുർബ്ബാന കൈക്കൊള്ളുപ്പാടിലോ സ്ത്രീപുരുഷഭേദം പരിഗണിക്കപ്പെടാറില്ല. മേരി രസകരമായ ഒരു സംഭവം ഓൎത്തു. ഒരു ഭർത്താവും ഭാൎയ്യയും തമ്മിൽ നടന്ന വാഗ്വാദമാണ്

## സ്ത്രീക്കു സഭ നൽകുന്നസ്ഥാനം

"പള്ളിയിലെ കാൎയ്യംകൊണ്ടു തുടങ്ങാം"; മേരി പറഞ്ഞു: "ഒരിക്കൽ ഒരു ഭർത്താവും ഭാൎയ്യയും തമ്മിൽ വാക്കുതൎക്കം നടന്നതു ഞാൻ കണ്ടതാണ്. അയാൾ പറഞ്ഞു; തിരുസ്സഭ പ്രധാനസ്ഥാനം നൽകുന്നതു പുരുഷനാണ്. വിവാഹാവസരത്തിൽ നിന്നെ എന്റെ ഇടത്തുഭാഗത്തല്ലയോ നിറുത്തിയതു്? പിന്നെ, നിന്നെ ഞാനാണു കെട്ടിയതു്; നീ എന്നെയല്ല. അതുകൊണ്ടു് സ്ത്രീ എപ്പോഴും പുരു

ഷന്റെ അടിമയായിരിക്കണം. അയാൾ പറഞ്ഞുനിറുത്തിയ
പ്പോൾ ഭാര്യ തുടങ്ങി; എനിക്കും ചിലതു പറയുവാനുണ്ടു്. അതു
നിങ്ങൾ കേൾക്കുവാൻ തയ്യാറാണോ? നീ എന്തുവേണമെങ്കിലും പ
റഞ്ഞുകൊള്ളുക; അയാൾ സമ്മതിച്ചു.

"ഒരു വക്കീലിനെപ്പോലെ അവൾ വാദം ആരംഭിച്ചു. വി
വാഹാവസരത്തിൽ തിരുസ്സഭ എന്നെ ഏവൻഗേലിയോൻ ഭാഗ
ത്തു നിറുത്തി. നിങ്ങളെ എംഗത്താ ഭാഗത്തും. ഏവൻഗേലിയോ
ൻ ഭാഗമാണു പള്ളിയുടെ വലത്തുഭാഗം അതുകൊണ്ടു് തിരുസ്സഭ
എന്നെ നിറുത്തിയതു് പള്ളിയുടെ വലത്തുഭാഗത്തു്. നിങ്ങളെ
ഇടത്തു ഭാഗത്തും. വിവാഹാവസരത്തിൽ പള്ളിയിൽനിന്നും എ
നിക്കു് കൊന്തയും, താലിയും, മന്ത്രകോടിയും വെഞ്ചരിച്ചുതന്നു.
നിങ്ങൾക്കു ലഭിച്ചതെന്താണു്? ഒരു വട്ടപൂജ്യം. എന്നെ ഒരിക്കലും
തിരുസ്സഭ നിങ്ങളുടെ പുറകിൽ നിറുത്തിയില്ല. എന്നാൽ നിങ്ങളെ
എന്റെ പുറകിലേക്കു് ഓടിച്ചു. നിങ്ങൾ എന്റെ പുറകിൽനിന്നു
ല്ലേ താലികെട്ടിയതു്. വിവാഹകർമ്മാനയിലെ ആശീർവ്വാദങ്ങളെ
ല്ലാം എന്റെ നേരെതിരിഞ്ഞു് എനിക്കായി നൽകപ്പെട്ടു. അതിൽ
നിന്നും പൊഴിഞ്ഞു വീണതുമാത്രം നിങ്ങൾക്കുകിട്ടി. ഇനി പറയൂ;
തിരുസ്സഭ ആർക്കാണു സ്ഥാനക്കൂടുതൽ തല്ലിക്കുന്നതെന്നു്.

"അവളുടെ വാദഗതികണ്ടു് ഇളിഭ്യനായി ആ ഭർത്താവു കുറെ
ചിരിക്കമാത്രം ചെയ്തു; പിന്നീടൊരിക്കലും അവളുമായി തർക്കിക്കു
വാൻ അയാൾ പോയിട്ടില്ല. അവളുടെ മുമ്പിൽ പുരുഷമാഹാ
ത്മ്യത്തിന്റെ കുഴലൂത്തു നടത്തുവാൻ അയാൾ മിനക്കെടാറുമില്ലാ
യിരുന്നു. ഇനി രാജമ്മക്കു് എന്തു പറയുവാനുണ്ടു് എന്റെ സ്തുതി
പ്പുകളെപ്പററി?"

ചില പുതിയ കാര്യങ്ങളാണു് രാജമ്മ അന്നു പഠിച്ചതു്. സ്ത്രീ
യെ തിരുസ്സഭ ഇത്രമാത്രം ബഹുമാനിക്കുന്നു എന്നു് അവൾ ഒരിക്ക
ലും വിചാരിച്ചിരുന്നില്ല. അതുകൊണ്ടു് അവൾ മറുപടി പറ
ഞ്ഞു "അമ്മച്ചി എന്നെ ഒരു പുതിയ ലോകത്തിലേക്കു കയററി
നിറുത്തിക്കളഞ്ഞു. എനിക്കു സഭയോടായിരുന്നു പിണക്കം. തിരു
സ്സഭ സ്ത്രീക്കു കുച്ചുവിലങ്ങിടുകയാണെന്നു ഞാൻ ധരിച്ചുപോയി.
ഇന്നു് ആ തെററിധാരണയെല്ലാം നീങ്ങിയിരിക്കുന്നു. അതിനു് അ
മ്മച്ചിക്കു് എന്റെ കൃതജ്ഞത. ഇനി, പുരുഷൻ സ്ത്രീക്കു് കുടുംബ
ത്തിൽ അനുവദിച്ചുകൊടുക്കുന്ന സ്ഥാനം എന്താണെന്നാണു് ഞാൻ
ചോദിക്കുന്നതു്. കുടുംബത്തിൽ ഭാര്യയ്ക്കു സഹപ്രവർത്തക എന്ന
സ്ഥാനവും ബഹുമാനവും ലഭിക്കുന്നുണ്ടോ?"

# അദ്ധ്യായം 7

## സ്ത്രീ കുടുംബത്തിൽ

മേരി ഒരു സംഭവം ഓക്കുകയായിരുന്നു. മേരിയുടെ അമ്മയുടെ വീടിനടുത്തൊരു കുടുംബമുണ്ട്. കുട്ടിയമ്മയാണ് അവിടത്തെ കുടുംബനായിക. ചുട്ടിമാത്തുവാണ് അവളുടെ ഭർത്താവ്. ജീവിതത്തിൽ രണ്ടു പ്രമാണം മാത്രമേ ചുട്ടിമാത്തുവിനുള്ളു. കുടിക്കുക, സുഖിക്കുക. മൂവായിരം രൂപായും ആഭരണങ്ങളും സ്ത്രീധനമായി കൊണ്ടുവന്ന ആളാണു കുട്ടിയമ്മ. അതു മുഴുവനും അയാൾ കള്ളുഷാപ്പിൽ ചെലവാക്കി. എന്നാലും പിന്നെയും കുട്ടിയമ്മയോടാണ് ശല്യം. അയാൾ ചോദിക്കുമ്പോൾ പണമോ പണ്ടമോ കൊടുത്തുകൊള്ളണം. ഒരു ദിവസം കുട്ടിയമ്മയുടെ കൈവശം ഒന്നുമുണ്ടായിരുന്നില്ല. ചുട്ടിമാത്തു അപ്പോൾ സഗൗരവം പറഞ്ഞു: "നീ നിൻെറ വീട്ടിൽ പൊയ്ക്കൊള്ളണം. ഇനി നീ ഒരു നാഴിക ഇവിടെ താമസിച്ചുകൂടാ!." അളമുററിയാൽ പാമ്പും കടിക്കുമെന്നുണ്ടല്ലോ. കുട്ടിയമ്മ അന്നു തിരിഞ്ഞുനിന്നു പറഞ്ഞു. "ഞാൻ എൻെറ വീട്ടിലാണു താമസിക്കുന്നതു്. ഇതു എൻെറയും കുഞ്ഞുങ്ങളുടെയും വീടാണ്. വേണമെങ്കിൽ താൻ ഇവിടെനിന്നും എവിടെയെങ്കിലും പൊയ്ക്കൊള്ളുക. ഞാൻ ഇവിടെനിന്നും പോകാൻ നിശ്ചയിച്ചിട്ടില്ല."

ചുട്ടിമാത്തുവിൻെറ വായടഞ്ഞുപോയി. കുട്ടിയമ്മ പറയുന്നതിൽ കുറേ കാര്യമുണ്ടെന്ന് അന്നയാൾക്കു തോന്നി. അതിൽപ്പിന്നെ വീട്ടിൽനിന്നും ഇറങ്ങിപ്പോകണമെന്ന് കുട്ടിയമ്മയോടു് അയാൾ പറഞ്ഞിട്ടില്ല. താൻ വല്ലപ്പോഴും വീട്ടിൽനിന്നും പുറംതള്ളപ്പെട്ടേക്കുമോ എന്നായി അയാളുടെ ഭയം. പോരെങ്കിൽ അമ്മയും മക്കളും ഒരു കയ്യാണെന്ന് അയാൾക്കു വിചാരവും. അയാൾ കുടിയേ വേണ്ടെന്നു വച്ചു. അതു കുട്ടിയമ്മയുടെ ഒരു വിജയംതന്നെ. തക്ക സമയത്തു് കുട്ടിയമ്മ ഒരു തൻേറടം പ്രയോഗിച്ചതുകൊണ്ടാണ് ചുട്ടിമാത്തുവിനു് മാനസാന്തരമുണ്ടായതു്.. ഭർത്താവിനെ അനുസരിക്ക എന്ന പ്രമാണത്തിൽ മാത്രം കുട്ടിയമ്മ കടിച്ചുതൂങ്ങി നിന്നിരുന്നെങ്കിൽ അവൾ ഒരു യാചകിയായിത്തീർന്നേനെ.

മേരി പറഞ്ഞു: "കുടുംബത്തിൽ ഭാര്യയുടെ സ്ഥാനം വളരെ പരുങ്ങലിലാണ്. തനിക്കു വ്യക്തിത്വമുണ്ടെന്നു ഭാര്യക്കുതന്നെ തോ

ന്നാറില്ല. വിവാഹത്തോടുകൂടി അവളുടെ സ്വന്തം വീടും കുടുംബവുമെല്ലാം നഷ്ടപ്പെടുന്നു. ഒരുദാഹരണം പറയാം. ആനി ജോസഫ് വളരെ പ്രസിദ്ധമായ ഒരു പേരായിരുന്നല്ലൊ. ആ മഹതിയുടെ വിവാഹം കഴിഞ്ഞപ്പോൾ അവർ മിസ്സസ് കുഞ്ചൻ ആയി. മിസ്സസ് കുഞ്ചൻ എന്നു പറഞ്ഞാൽ കുഞ്ചൻെറ വക ആൾ എന്നല്ലെ അത്ഥം? കുഞ്ചൻെറ വീട്ടുപേരു് ആനിയും എടുത്തു. ഇപ്പോൾ മിസ്സസ് കെ. തയ്യിലാണു്. സന്താനങ്ങൾ അപ്പൻെറ പേരും വീട്ടുപേരുമേ എടുക്കയുള്ളു.

"ഞങ്ങളുടെ അടുത്തു് ഒരു ദത്തുകാരനുണ്ടു്. ലക്ഷക്കണക്കിനു സ്വത്താണു് ഭാൎയ്യക്കുള്ളതു്. അയാളുടെ വീതത്തിൽ അയാൾക്കധികമൊന്നുമില്ല. എന്നാലും അയാളും മക്കളും ഭാൎയ്യയുടെ കുടുംബപ്പേരു സ്വീകരിക്കുവാൻ തയാറായില്ല. ഇതു് ഒരു വസ്തുത തെളിയിക്കുന്നു എന്നാണെൻെറ വിചാരം. സ്ത്രീ, താൻ അർഹിക്കുന്ന സ്ഥാനം കുടുംബത്തിൽ അവകാശപ്പെടുവാനോ, പുരുഷൻ അതു വകവച്ചു കൊടുക്കുവാനോ ഒരുക്കമില്ലെന്നു്."

അടുത്ത ദിവസം പത്രത്തിൽ വന്ന ഒരു വാൎത്ത രാജമ്മയുടെ തലയിലേക്കു തള്ളിക്കയറി. അവൾ പറഞ്ഞു: "ഈ ജനുവരി 20-ാംനു- അമേരിക്കയുടെ ഭരണാധികാരം ഏറ്റെടുത്ത കെന്നഡി കുടുംബത്തെപ്പററി അമ്മച്ചിയ്ക്കറിയാമല്ലൊ. ജോൺ എഫ്. കെന്നഡി എന്നാണു് അദ്ദേഹത്തിൻെറ മുഴുവൻ പേരു്. ജോൺ ഫിററ്സ് ജറാൾഡ് കെന്നഡി എന്നാണു് അതിൻെറ പൂൎണ്ണരൂപം. ഇതിൽ ഫിററ്സ് ജറാൾഡ് എന്നതു് അമ്മയുടെ കുടുംബപ്പേരും, കെന്നടി എന്നതു് അച്ഛൻെറ കുടുംബപ്പേരുമാണു്. അമ്മയ്ക്കും അമ്മയുടെ കുടുംബപ്പേരിനും അവർ പ്രാധാന്യം കല്പിക്കുന്നുണ്ടെന്നല്ലെ അതിനത്ഥം!"

"തീൎച്ചയായും നമ്മുടെ നാട്ടിൽ അതെന്തുകൊണ്ടു സ്വീകരിച്ചുകൂടാ? കുട്ടികൾക്കു് അമ്മയുമായി യാതൊരു ബന്ധവുമില്ലാത്ത മട്ടിലാണു് കുടുംബത്തിൽ അവരുടെ വളൎച്ച. സ്കൂളിൽ ഒരു കുട്ടിയെ ചേൎക്കുമ്പോൾ അപ്പൻെറ വീട്ടുപേരും അപ്പൻെറ പേരും ചോദിച്ചാണു് ഹെഡ്മാസ്റ്റർ അവൻെറ പേരിനു നിറം കൊടുക്കുന്നതു്. ജോൺ എന്ന കുട്ടിയുടെ പേരെന്നു വയ്ക്കു. അപ്പൻെറ പേരു ജോസഫ്, വീട്ടുപേരു് മരോട്ടിക്കൽ. ആ കുട്ടിയെ രജിസ്റ്ററിൽ ചേൎക്കുന്നതു് എം. ജെ. ജോൺ എന്നായിരിക്കും. ആ വഴിക്കു പോകുന്നതു ക്ഷന്തവ്യമല്ല. ജോൺ എന്ന കുട്ടിയുടെ അമ്മയുടെ പേരു് ത്രേസ്യാ എന്നാണെങ്കിൽ ജെ. ററി. ജോൺ എന്നാണു് അവനെ

രജിസ്റ്ററിൽ ചേക്കേണ്ടതു്. അപ്പന്റെയും അമ്മയുടെയും പേരി ന്റെ ആദ്യക്ഷരങ്ങളാണു് കുട്ടിയുടെ പേരിനോടുകൂടി ചേക്കേണ്ട തെന്നു നാം ഒറിക്കണം.

"പുത്തൻവീടുവച്ചു തറവാട്ടിൽനിന്നും ഒരു മകൻ മാറുമ്പോൾ ആ പുത്തൻ വീടിനു് അത്ഥശൂന്യമായ പേരു നൽകുന്നതായി കാ ണുന്നു. കിഴക്കേക്കൂറു്, വടക്കേക്കൂറു്, കളപ്പുര, പുത്തൻപുര എ ന്നൊക്കെ. ആ വീടിനും അത്ഥവത്തായ ഒരു പേരുണ്ടാക്കാം. ഭ ത്താവിന്റെ വീട്ടുപേരും ഭാൎയ്യയുടെ വീട്ടുപേരും കൂട്ടി ചേൎത്തു ഒരു പുതിയ വീട്ടുപേരുണ്ടാക്കിയാൽ എത്ര നന്നായിരിക്കും! ഭത്താവി ന്റെ വീട്ടുപേരു് കിഴക്കേക്കൂറു് ആണെന്നു വിചാരിക്കുക. ഭാ ൎയ്യയുടെതു് തറയിൽ എന്നുമിരിക്കട്ടെ. അതു രണ്ടുംകൂടി ചേൎത്തു കു ഴച്ചു് കിഴക്കേത്തറയിൽ എന്നു പുത്തൻവീടിനു പേരു കൊടുക്ക രുതോ?

"വിവാഹിതയായ ഒരു സ്ത്രീയുടെ പേരിനു് ഒരു വാലുണ്ടായി രിക്കണമെന്നു നിബ്ബന്ധമാണെന്നുതോന്നുന്നു. മേരിക്കുട്ടി ജോൺ, ചേ ച്ചമ്മ മാത്യു, മേരി ജോസഫ് എന്നിങ്ങനെ. എന്നാൽ പുരുഷന്റെ പേരു് തനിയേ നിന്നുകൊള്ളും. ഒരു സ്ത്രീ വിവാഹിതയാകുമ്പോഴാ ണു് ഭർത്താവിന്റെപേരു കൂട്ടിച്ചേക്കേണ്ടതു്. എന്നാൽ വിവാഹിത നായ ഒരു പുരുഷൻ എന്തുകൊണ്ടു തന്റെ ഭാൎയ്യയുടെ പേരു തന്റേതി നോടു കൂട്ടിച്ചേക്കുന്നില്ല? ജോൺ മേരി, മാത്യു സിസിലി എന്നൊ ക്കെ ഭത്താക്കന്മാരുടെ പേരും രൂപാന്തരപ്പെടുത്തേണ്ടതാണു്. അ ല്ലെങ്കിൽ അതു രണ്ടും വേണ്ടാ. എ. ജെ. വെള്ളാപ്പള്ളി എന്നു് അന്നമ്മ ജയിംസ് പേരുവയ്ക്കാറുണ്ടു്. ജെ. എ. വെള്ളാപ്പി ള്ളി എന്നു ജയിംസും വയ്ക്കട്ടെ. അതു് ഏററം ഭംഗിയുമായിരി ക്കും. എ. കെ. തയ്യിൽ, ആനി; കെ. എ. തയ്യിൽ, കുൎയ്യനുമാ കട്ടെ.

"വിവാഹ പ്രസംഗത്തിൽ വൈദികൻ ഭാൎയ്യയോടു പറയുന്ന തു് അവൾ ഭത്താവിനെ അനുസരിക്കണമെന്നായിരിക്കും. ഭാൎയ്യ ക്കു് തിന്നാനും ഉടുക്കാനും കൊടുക്കണമെന്നു് ഭത്താവിനോടു പറ യും. തീൻ, കുടി, ഉടുപ്പു് എന്നിവയേക്കാൾ സ്ത്രീ വിലമതിക്കുന്ന ഒന്നുണ്ടെന്നു് പുരുഷന്മാരായ വൈദികൎക്കു് അറിഞ്ഞുകൂടായിരിക്കും. അവൾ ഏററം വിലമതിക്കുന്നതു് ഭത്താവു് അവളുടെ വ്യക്തിത്വ ത്തെ മാനിക്കുന്നതാണു്. ആ ബഹുമാനം ഒരു സ്ത്രീക്കു് ഏതെങ്കി ലും വീട്ടിൽ ലഭിക്കുന്നുണ്ടോ?"

ലീലാമ്മയുടെ കാൎയ്യം അപ്പോൾ ഓൎത്തു, രാജമ്മ. ജോസ്കു

ട്ടിക്ക ഗ്രന്ഥങ്ങളുമായിട്ടുള്ള സമ്പക്കമേ ഉള്ളുവെങ്കിലും മററുള്ളവരെ ബഹുമാനിക്കുന്നതിൽ അദ്ദേഹം ആരുടെയും പിന്നിലല്ല. അക്കാര്യം രാജമ്മ അനുഭവിച്ചുതന്നെ അറിഞ്ഞിട്ടുണ്ട്. അവരം പറഞ്ഞു: "അക്കാര്യത്തിൽ ലീലാമ്മയാണ് ഏററം ഭാഗ്യവതി എന്നു തോന്നുന്നു. ലീലാമ്മയെ എടീ, നീ, എന്നൊന്നും ജോസ്കുട്ടി വിളിക്കയില്ല. ഒപ്പം കസേരയിൽ ഇരുത്തിക്കൊണ്ടേ ചേച്ചിയോടു വർത്തമാനംപോലും അദ്ദേഹം പറയൂ. പാലാക്കുന്നേൽ വല്യച്ചൻ എന്നൊരാളെപ്പററി അമ്മച്ചി കേട്ടിട്ടുണ്ടോ?"

"കേട്ടിട്ടുണ്ട്. വല്യച്ചന്റെ ഡയറി വളരെ പ്രസിദ്ധമല്ലേ? അദ്ദേഹം എന്തു ചെയ്തു എന്നാണു പറയുന്നതു്?"

"മറെറാന്നുമല്ല; അമ്മച്ചിയുടെ ആശയങ്ങൾ അദ്ദേഹം എത്രയോ കൊല്ലംമുമ്പേ പ്രവൃത്തിയിൽ കൊണ്ടുവന്നിരുന്നു! അദ്ദേഹത്തിന്റെ പേരെന്തായിരുന്നെന്നറിയാമോ? മത്തായി മറിയം കത്തനാരെന്ന്! പാലാക്കുന്നേൽ ചെറിയതു് ആയിരുന്നു അദ്ദേഹത്തിന്റെ പിതാവു്. അമ്മയുടെ പേരു മറിയമെന്നും. ആ മറിയത്തിന്റെ പേരാണു സ്വപിതാവായ ചെറിയതിനു പകരം അദ്ദേഹം എടുത്തതു്. ഇക്കാലത്തു പോലും ഒരുത്തേമനിക്കു ചിന്തിക്കുവാൻ കഴിയാത്ത ഒരു പരിഷ്കാരം 110 കൊല്ലങ്ങൾക്കുമുമ്പു് പാലാക്കുന്നേൽ വല്യച്ചൻ തന്റെ പേരിൽ വരുത്തിക്കളഞ്ഞു."

"വളരെ ഉപകാരം. അക്കാര്യമറിഞ്ഞതു വളരെ നന്നായി. അദ്ദേഹത്തിന്റെ കാലത്തെപ്പററി കൂടുതലായി എന്തെങ്കിലും അറിയാമോ?"

"1830-ൽ അദ്ദേഹം ജനിച്ചുവെന്നും 1900-ൽ അദ്ദേഹം മരിച്ചു എന്നും അറിയാം. കൂടുതൽ വല്ലതും അറിയണമെങ്കിൽ ഷെവലിയർ ഐ. സി. ചാക്കോച്ചനോടു് എഴുതി ചോദിച്ചാൽ മതി. കുടുംബത്തിൽ, അമ്മച്ചിയുടെ ആശയങ്ങൾക്കൊത്ത ഒരു വിപ്ലവമുണ്ടാകയാണെങ്കിൽ, സ്ത്രീ, കുടുംബത്തിൽ പുരുഷന്റെ സഹപ്രവർത്തകയായി പരിഗണിക്കപ്പെടുമായിരിക്കും. സമുദായത്തിൽ സ്ത്രീയുടെ സ്ഥാനമാണു കൂടുതൽ പരിതാപകരം. സ്ത്രീയെ ഒരു കിളിക്കൂട്ടിൽ അടച്ചിട്ടു തീററി കൊടുക്കുവാനാണ് പുരുഷന്മാക്കു താല്പര്യം."

## സ്ത്രീയും സമുദായവും

സ്ത്രീയും സമുദായവും എന്നു കേട്ടപ്പോൾ കർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനിയുടെ ഗ്രന്ഥത്തിലെ ചില വാചകങ്ങളാണു മേരി

ഓർത്തു്. അദ്ദേഹം പറഞ്ഞിരിക്കുന്നു: "സാധാരണമായി കൂടുതൽ ഗ്രഹണ ശക്തിയും, വിട്ടു സംസാരിക്കുന്ന ശീലവും സ്ത്രീക്കുണ്ടു്; മററുള്ളവരുടെ ആവശ്യങ്ങൾ വേഗം വിവേചിച്ചറിയുവാനും, വിശദാംശങ്ങളോടു കൂടുതൽ ബന്ധപ്പെട്ടിരിക്കാനും, മാർഗ്ഗങ്ങളും പോംവഴികളും എളുപ്പം കണ്ടുപിടിക്കുവാനും അവൾക്കു കഴിയുന്നു. മററുള്ളവർക്കുവേണ്ടി ജീവിക്കുന്നതിനു്; സ്വന്തം ജീവിതം ബലികഴിക്കുന്നതിലാണു് സ്നേഹത്തിന്റെ പൂർണ്ണത. ഈ മനോഭാവം, പുരുഷനെക്കാൾ കൂടുതലായി നാം സ്ത്രീയിലാണു് ആഴത്തിൽ പ്രകടമായി കാണുന്നതു്. അതിനാൽ, ഭവനത്തിന്റെ ഇടുങ്ങിയ അതിരുകളെ അതിവർത്തിച്ചു്, സ്ത്രീ തന്റെ ഹൃദയത്തിൽ കുഞ്ഞുങ്ങൾക്കു് സംരക്ഷണയും, ബലഹീനക്കു പിന്തുണയും അപകടത്തിൽപ്പെട്ടവർക്കു് അഭയവും നൽകണം. പലരെ തേടുന്നതിനു് എല്ലാവരുടെയും ദാസിയാകുവാനും, ബലഹീനരോടൊത്തു് ബലഹീനയാവാനും, സന്തോഷിക്കുന്നവരോടൊത്തു സന്തോഷിക്കുവാനും. കരയുന്നവരോടൊത്തു കരയുവാനും പുരുഷനെക്കാൾ എളുപ്പം സ്ത്രീക്കാണു കഴിയുന്നതു്. സ്ത്രീ സ്വാഭാവികമായിത്തന്നെ ഉദാരയാണു്. "വിധവയുടെ കൊച്ചുകാശി"ൽത്തന്നെ സ്ത്രീയുടെ ഔദാര്യം സുന്ദരമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു."

"ശരിയാണു്," മേരി പറഞ്ഞു: "തന്റെ സുഖസന്തോഷങ്ങൾക്കുവേണ്ടി, തനിക്കുവേണ്ടി, ഉണ്ടാക്കപ്പെട്ടിരിക്കുന്ന ഒരു പാവയാണു സ്ത്രീ എന്നാണു പുരുഷന്റെ വിചാരം. അതുകൊണ്ടു് അവളുടെ വ്യക്തിത്വത്തെ അയാൾ മാനിക്കയില്ല. അവളുടെ കഴിവുകൾക്കു കടിഞ്ഞാൺ അയച്ചു കൊടുക്കുവാൻ അയാൾ സമ്മതിക്കയുമില്ല. പുരുഷവിഭാഗത്തിൽപ്പെട്ട ചില മഹാന്മാർ സ്ത്രീകളെപ്പററി വളരെ സ്തുതിച്ചു പറഞ്ഞിട്ടുണ്ടു്. അവൾ ഔദാര്യനിധിയാണു്; സഹിക്കുവാനും സ്നേഹിക്കുവാനും അവൾക്കാണു പുരുഷനെക്കാൾ കഴിവു്; കുടുംബത്തിന്റെ പരിധിവിട്ടു് അവൾ ചിലപ്പോൾ പുറത്തിറങ്ങി പ്രവർത്തിക്കേണ്ടതു് ഇന്നത്തെ ഒരാവശ്യമാണു്, എന്നെല്ലാം.

"പക്ഷേ, ഇതു വല്ലതും സാധാരണ പുരുഷന്മാരുടെ തലമണ്ടക്കുകത്തേക്കു കയറുമോ? അരസ്സുകത്തുള്ള പത്തായത്തിൽ അവളെ അടച്ചുവയ്ക്കണമെന്നാണു് ചില കിരാതന്മാരുടെ നാഭിവാഞ്ഛ. പുരുഷനുള്ളതുപോലെ ശരീരവും ആത്മാവും ബുദ്ധിയും ബോധവും സ്ത്രീക്കുമുണ്ടെന്നു് പുരുഷൻ സമ്മതിച്ചേ മതിയാവൂ."

## ഭക്ഷണം

അത്താഴം കാലാക്കുവാൻ ലീലാമ്മയ്ക്കു് അധികം സമയം വേണ്ടിവന്നില്ല. തവിടു കളയാത്ത ചോറിനേ ഗുണമുള്ളൂ എന്നു് അവർ നേരത്തേ പഠിച്ചിട്ടുണ്ടു്. അതു് അധികം വേവിക്കുവാനും പാടില്ല. ചോറിനു രണ്ടുതരം കറിയേ സാധാരണ അവർ ഉണ്ടാക്കാറുള്ളു. വിരുന്നുകാരെപ്രതി ഒരെണ്ണം കൂടുതലുണ്ടാക്കി, അന്നു്. എന്നാൽ അതും വളരെ എളുപ്പം ഉണ്ടാക്കാവുന്ന ഒരു കറിയായിരുന്നു. നാലു മുട്ട എടുത്തു പൊരിച്ചതുമാത്രം. മൂന്നു പേർക്കുംകൂടി ചോറും കറികളും ഓരോ പാത്രത്തിലായി ഒരുക്കി വച്ചിട്ടു് ലീലാമ്മ രാജമ്മയേയും മേരിയേയും ഊണിനു ക്ഷണിച്ചു.

രണ്ടുപേർക്കുമുണ്ടായിരുന്നു നല്ല വിശപ്പും ദാഹവും. എന്തെങ്കിലും തിന്നാൻ കിട്ടണമെന്നേ അപ്പോൾ അവർ ആഗ്രഹിച്ചുള്ളു. അവർ കൈ കഴുകി തുടച്ചു് ഊൺമുറിയിലേക്കു കടന്നു. അവിടെ ഒരു മേശമേൽ മൂന്നു പ്ലേററാണു വച്ചിരുന്നതു്. അതിനടുക്കൽ നാലു തട്ടങ്ങൾ. ഒരു തട്ടം നിറച്ചു് ചോറു്, മററു മൂന്നു തട്ടങ്ങളിലായി മൂന്നുതരം കറികളും. ഓരോന്നിലുമുണ്ടായിരുന്നു ഓരോ അലോമിനിയം കൈലും.

ഒരു വേലക്കാരിയുടെ സഹായം കൂടാതെ രാജമ്മ ഉണ്ടുശീലിച്ചിട്ടില്ല. അവൾ ലീലാമ്മയേയും മേരിയേയും നോക്കിക്കൊണ്ടു് അങ്ങനെ നിന്നുപോയി. വിളമ്പിത്തരുവാൻ ഒരാളില്ലാതെ എന്തു ചെയ്യും എന്നായിരുന്നു അവളുടെ നോട്ടത്തിന്റെ അർത്ഥം. എന്നാൽ മേരിക്കു ബുദ്ധിമുട്ടുണ്ടായില്ല, ലീലാമ്മയുടെ പരിപാടി എന്തെന്നു മനസ്സിലാക്കുവാൻ. മേരി കയിൽ എടുത്തു് മൂന്നു പ്ലേററിലും ചോറിട്ടു. പിന്നെ ഓരോ പ്ലേററിനും അരികിലായി മൂന്നുതരം കറികളും വച്ചു.

രാജമ്മ അത്ഭുതപ്പെട്ടുപോയി. സാധനങ്ങൾ മേശമേൽ വന്നു കഴിഞ്ഞാൽ മററാരുടെയും സഹായംകൂടാതെ ഭക്ഷണം കഴിക്കുവാൻ പററുമെന്നു് അവൾ അന്നു് ആദ്യമായി മനസ്സിലാക്കുകയായിരുന്നു. മൂന്നു പേരുംകൂടി ഒന്നിച്ചിരുന്നാണു ഭക്ഷണം കഴിച്ചതു്. ഓരോരുത്തരും ആവശ്യംപോലെ തന്റെ സ്വന്തം പ്ലേററിലേക്കു സാധനങ്ങൾ പകർന്നുകൊണ്ടിരുന്നു. ഒരു പ്ലേററിലും ഉച്ഛിഷ്ടം വന്നില്ല.

ഭക്ഷണം കഴിഞ്ഞു് അവരവരുടെ പാത്രം അവരവർതന്നെ കഴുകി വെടിപ്പാക്കി. രാജമ്മ പറഞ്ഞു: “ഇന്നു ചേച്ചിയുടെ വീ

ട്ടിൽ വന്നതു് വളരെ ഉപകാരമായി. ഭക്ഷണത്തിന് വീട്ടിലുള്ളവരെല്ലാംകൂടി ഒന്നിച്ചിരിക്കുന്നതു് ഇത്രസൗകര്യപ്രദമാണെന്നു് ഇന്നേ ഞാൻ മനസ്സിലാക്കിയുള്ളു. ഞങ്ങളുടെ വീട്ടിൽ ഓരോരുത്തൎക്കും ഓരോ നേരത്താണു ഭക്ഷണം. പിള്ളേൎക്കു് ആദ്യം; പിന്നെ തൊമ്മിക്കുഞ്ഞിന്; പിന്നെ എനിക്കു്; പിന്നെ വേലക്കാൎക്കു്. പാത്രങ്ങൾ ഓരോ തവണയും കഴുകാൻതന്നെ ദിവസം എത്ര കുടം വെള്ളം വേണമെന്നു് എനിക്കറിഞ്ഞുകൂടാ. ഭക്ഷണം ഈ രീതിയിലായാൽ എന്തു സുഖം! അവനവൻ ഉപയോഗിക്കുന്ന പ്ലേററ് അവനവൻതന്നെ കഴുകുക എന്നുകൂടി ആയാൽ സമയവും ജോലിയും വളരെ ലാഭിക്കാം.”

ഔത മുതലാളിയെ വിവാഹം ചെയ്തതിനു ശേഷം സന്തോഷവും സംതൃപ്തിയും മേരി അനുഭവിച്ചിട്ടില്ല. എങ്കിലും മേരിയുടെ ഉപദേശമനുസരിച്ചു് അയാൾ ഒരു കാര്യം ചെയ്തു. ഏററം നവീനമായ രീതിയിൽ അടുക്കളയും ഊൺമുറിയും അയാൾ പണിയിച്ചു. പുക തടഞ്ഞുനിന്നു ഭിത്തികൾ കറപിടിക്കയില്ലാത്ത അടുക്കള. നല്ല വായുവും വെളിച്ചവും അതിൽക്കൂടി നിർബാധം സഞ്ചരിക്കും. അതു പണിതതിൽപ്പിന്നെ മേരിയുടെ മുഖത്തു രക്തമയമുണ്ടായി എന്നു നാട്ടുകാർ പറയാറുണ്ടു്.

ഊട്ടുമുറിയിലേക്കു വെളിച്ചം കടന്നു വരാൻവേണ്ടി ഭിത്തിയുടെ ഒരു ഭാഗംതന്നെ തുറന്നിടുവാനാണു് അയാൾ ആജ്ഞ നല്കിയതു്. നീളമുള്ള ഒരു പുത്തൻ മേശ അയാൾ അതിൽ പണിയിച്ചിട്ടു. അതിനു പററിയ രണ്ടു ബെഞ്ചും. രണ്ടുവയസ്സുള്ള വിയാന്നിക്കുപോലും ഭക്ഷണമേശയിൽ മററുള്ളവരോടുകൂടി ഒന്നിച്ചിരിക്കുവാനും സ്വന്തം പാത്രം കഴുകി വെടിപ്പാക്കുവാനും വലിയ ഉത്സാഹമാണു്.

മേരി പറഞ്ഞു: “രാജമ്മയുടെ അഭിപ്രായം നൂറു ശതമാനവും ശരിയാണു്. ഞാൻ വളരെ നാൾ വഴക്കടിച്ചു് അടുക്കളയ്ക്കു കുറെ പരിഷ്കാരം ഉണ്ടാക്കിച്ചു. പിന്നെ എന്റെ ശ്രദ്ധ, പരിഷ്കരിച്ച രീതിയിലുള്ള ഊട്ടുമുറിയിലായി. ഔത മുതലാളി വെള്ളത്തിൽ മുങ്ങിക്കിടക്കാത്ത സമയം നോക്കി ഞാൻ അതിന്റെ ഗുണത്തെക്കുറിച്ചു പറഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ അയാൾ അതിനും സമ്മതിച്ചു. ഞങ്ങളുടെ ഊട്ടുമുറി ഇപ്പോൾ വളരെ ഭംഗിയുള്ളതാണു്. ഞാനും പിള്ളേരും കൂടി ഒന്നിച്ചിരുന്നാണു് ഇപ്പോൾ ഭക്ഷണം കഴിക്കുന്നതു്. ആദ്യം അതു വളരെ ബുദ്ധിമുട്ടായി തോന്നിയിരുന്നു. ഇപ്പോൾ ഞങ്ങൾ അതിന്റെ ഗുണം അനുഭവിക്കയാണു്. കുഞ്ഞുങ്ങ

ളെപ്പോലും പ്രമതലബോധമുള്ളവരാക്കവാൻ ഇതൊരു പററിയ പ ണിതന്നെ.

"ഔതമുതലാളി എല്ലാവരുടെയും കൂട്ടത്തിൽ ഇരിക്കയില്ലയോ?

"എൻെറയും പിള്ളേരുടേയും കൂട്ടത്തിൽ ഇരുന്നാൽ തൻെറ ഗൗരവത്തിനു കോട്ടം തട്ടുമെന്നു വിചാരിക്കുന്ന സംസ്കാരമേ അ യാറക്കുള്ളൂ. ഷാപ്പിൽ കുടിയന്മാരോടുകൂടി ഇരിക്കുവാൻ അയാറ ക്കു ഒരു മടിയുമില്ലതാനും. ഏതായാലും ഞങ്ങളെല്ലാവരുംകൂടി ഒ ന്നിച്ചിരിക്കുന്നതും ഭക്ഷണം കഴിക്കുന്നതും കാണുവാൻ അയാറക്കു സന്തോഷമാണ്. ഞങ്ങളുടെ കൂട്ടത്തിലിരുന്നു ഭക്ഷണം കഴിക്കു വാൻ തുടങ്ങുന്ന അന്നുമുതൽ ഔതമുതലാളി തൻെറ കുടി നിറുത്തു മെന്നുതന്നെയാണ് എൻെറ വിശ്വാസം."

പാത്രങ്ങളെല്ലാം അടുക്കിവച്ചു കതകടച്ചിട്ട് ലീലാമ്മയും അ വരുടെ അടുക്കലേക്കു വന്നു. "നിങ്ങറ എവിടംവരെ എത്തി? ഇനി ഞാനുംകൂടി നിങ്ങളുടെ കൂട്ടത്തിൽ നടക്കാം. അത്താഴം ക ഴിഞ്ഞാൽ അരക്കാതം നടക്കണമെന്നല്ലേ പ്രമാണം."

മൂന്നു പേരുംകൂടി ഒരു വളഞ്ഞ കോവണിവഴി ആ ഭവനത്തി ൻെറ മുകറത്തട്ടിലേക്കു കയറി. അവിടെ നിന്നാൽ കാണാം, ആകാശത്തിൽ നക്ഷത്രങ്ങറ മിന്നിത്തിളങ്ങി നിൽക്കുന്നതും, അടു ത്ത പട്ടണം ആലക്തികദീപങ്ങളാൽ പ്രകാശിക്കുന്നതും. നിറപ്പ കിട്ടുള്ള ഇരുട്ടിൽക്കൂടി അവർ അങ്ങോട്ടും ഇങ്ങോട്ടും നടക്കാൻ തുട ങ്ങി. മേരിയായിരുന്നു നടുക്ക്. സംഭാഷണം തുടങ്ങിയതും മേരി തന്നെ.

# അദ്ധ്യായം 8

## സ്ത്രീ സമുദായരംഗത്തിറങ്ങണം

"ഞങ്ങൾ പറയുകയായിരുന്നു, സ്ത്രീ ഭർത്താവിന്റെ വീടിന്റെ ഭിത്തികളുള്ളിൽമാത്രം കഴിച്ചുകൂട്ടേണ്ട ഒരു ജീവിയല്ലെന്ന്. അവളുടെ വ്യക്തിത്വത്തിനും പുറത്തേക്കു പ്രകാശിക്കുവാൻ കഴിവുണ്ടാകണം. പുറത്തുള്ള രംഗങ്ങളിലും സ്ത്രീ പുരുഷന്റെ ഒരു സഹപ്രവർത്തകയാണെന്നു പുരുഷൻ സമ്മതിക്കട്ടെ."

ലീലാമ്മ എതിർത്തു: "കൊറിന്ത്യാക്കാർക്കുള്ള ഒന്നാംലേഖനം 7-ാം അദ്ധ്യായം 34-ാം വാക്യം എന്താണെന്നറിയാമോ?-ഭാര്യയ്ക്കും കന്യകയ്ക്കും തമ്മിൽ വ്യത്യാസമുണ്ട്. പുരുഷനു ഭാര്യയായിത്തീർന്നിട്ടില്ലാത്തവൾ തന്റെ ശരീരത്തിലും ആത്മാവിലും വിശുദ്ധയായിരിക്കേണ്ടതിന് തന്റെ കർത്താവിനെപ്പററി ചിന്തിക്കുന്നു. ഭർത്താവുള്ളവൾ ഭർത്താവിനെ എങ്ങിനെ പ്രസാദിപ്പിക്കാം എന്നുവച്ചു ലോകത്തെപ്പററി ചിന്തിക്കുന്നു. വി. പൗലോസ് പറഞ്ഞിരിക്കുന്നതാണു ശരി. വിവാഹം കഴിച്ച സ്ത്രീ വീട്ടിൽ അടങ്ങിയൊതുങ്ങി ഇരുന്നു മക്കളെ വളർത്തിയും ഭർത്താവിനെ ശുശ്രൂഷിച്ചും കഴിഞ്ഞുകൂടണം. ഭർത്താവിനെ എങ്ങിനെ സന്തോഷിപ്പിക്കേണ്ടു എന്നതായിരിക്കണം അവളുടെ ചിന്ത.

"എനിക്കൊരു ജ്യേഷ്ഠത്തിയുണ്ട്-അച്ചാമ്മ. കാ-കീ- എന്നു പറഞ്ഞ് അവൾക്കു പതിനൊന്നു മക്കളുണ്ട്. ആ പിള്ളേരെയെല്ലാം ശരിയായി വളർത്തുന്നതിനു പകരം അവൾ വെളുപ്പിനേ ഇറങ്ങും പള്ളിയിൽ പോകാൻ. കുർബ്ബാന കഴിഞ്ഞാൽ ലീജിയൻ മീററിംഗുണ്ട്. ഒരു പ്രസീദിയത്തിന്റെ പ്രസിഡൻറാണ് അച്ചാമ്മ. എല്ലാം കഴിഞ്ഞ് പള്ളിയിൽനിന്നും തിരിച്ചുവരുമ്പോൾ മണി 7 ആകും. പള്ളിക്കൂടത്തിൽ പോകാനുള്ള പിള്ളേർ ഒരുങ്ങിയിട്ടില്ല. അമ്മയെ കാത്ത് അവർ ഇരിക്കയായിരുന്നു. അച്ചാമ്മയുടെ പ്രവർത്തനം ശരിയാണെന്ന് മേരിക്കു തോന്നുന്നുണ്ടോ?"

ഒരു സ്ത്രീക്കു പ്രഥമവും പ്രധാനവുമായ ചുമതലകളെല്ലാം തന്റെ കുടുംബത്തിലാണ്, അതിൽ ആർക്കും തർക്കമില്ല. എങ്കിലും കുടുംബത്തിൽനിന്നും പുറത്തുള്ള ഒരു രംഗത്തു സ്ത്രീക്കു പ്രവേശിക്കുവാൻ സ്വാതന്ത്ര്യമില്ലെന്നു പറയാമോ? കുടുംബത്തിലെ ജോലികളെല്ലാം ഒരുക്കിനു ചെയ്തുതീർത്താൽ സ്ത്രീക്കു ധാരാളം ഒഴിവുസമയമുണ്ടാകും. അതെല്ലാം ദിവാസ്വപ്നങ്ങൾ കണ്ടും ഉറങ്ങിയും ചെലവഴിച്ചുകൊ

ള്ളണമെന്നു ശഠിക്കുന്നതു നീതിയല്ല. പുരുഷനെപ്പോലെ ഒരു സമുദായജീവിയാണു സ്ത്രീയും. മററുള്ളവരുമായി സംസഗ്ഗം ചെയ്യുവാനും അവക്കുവേണ്ടി സേവനമനുഷ്ഠിക്കുവാനുമുള്ള അഭിവാഞ്ഛ ഒരു സ്ത്രീയിലും അന്തർലീനമായി കിടക്കുന്നുണ്ട്.

ലീലാമ്മയുടെ ചോദ്യം മേരിയെ ഇരുത്തിച്ചിന്തിപ്പിച്ചു. കൂട്ടത്തിൽ ഇരുന്ന രാജമ്മയും. താൻ വിജയിച്ചു എന്ന ഭാവത്തിൽ ലീലാമ്മയും അവക്കഭിമുഖമായി ഇരുന്നു. മേരി മറുപടിയിലേക്കു കടന്നു. "ഒരു സ്ത്രീ തന്റെ കുടുംബത്തിലെ ജോലികൾക്കു വീഴ്ചവരുത്തിക്കൊണ്ട് ലീജിയനോ മാതൃസംഘടനയോ നടത്തണമെന്നു ഞാൻ പറയുകയില്ല. പക്ഷേ ചില കുടുംബങ്ങളിൽ, സ്ത്രീകൾ പുറത്തുപോകുവാനുള്ള സമയം കണ്ടെത്താതിരിക്കുന്നതിനുവേണ്ടി പുരുഷന്മാർ ചില തന്ത്രങ്ങൾ പ്രയോഗിക്കാറുണ്ട്. എപ്പോഴും അടുക്കളയിലെ പുകയോടും അശുദ്ധ വായുവിനോടും പടവെട്ടി മുന്നേറേണ്ടുന്ന ഒരു സ്ത്രീക്ക് ചിലപ്പോൾ പുറത്തിറങ്ങി ശുദ്ധവായു ശ്വസിക്കുവാനുള്ള സമയം പുരുഷൻ മനഃപൂവ്വം നൽകേണ്ടതാണ്.

"അമ്മ അല്പസമയം വീട്ടിൽ ഇല്ലാതിരുന്നാൽ മതി, കാര്യങ്ങളെല്ലാം കുഴയും എന്നൊരു വിചാരം മക്കൾക്കും ഭത്താവിനും ഉണ്ടാകാറുണ്ട്. പക്ഷേ, അതു് ആത്മാർത്ഥതയുള്ളതാണെന്നു തോന്നുന്നില്ല. ഭാര്യ ജോലി ചെയ്യുന്നതു പോരാ, എന്നാണു ഭത്താവിനു്. അമ്മ നല്ല കറികളും പലഹാരങ്ങളും ഉണ്ടാക്കി തരുന്നില്ലല്ലോ എന്നാണു മക്കൾക്ക്. ഭാര്യ കഷ്ടപ്പെടുന്നതു കണ്ടു ഭത്താവിനോ, അമ്മ ക്ലേശിക്കുന്നതു കണ്ടു സന്താനങ്ങൾക്കോ സഹതാപം തോന്നാറില്ല. ഇത്തരം കുടുംബങ്ങളിൽ സ്ത്രീകൾ തീച്ചയായും കുരിശിൽ തറയ്ക്കപ്പെടുകയാണ് ചെയ്യുന്നതു്.

"സ്വസന്താനങ്ങളാൽ അനുഗ്രഹീതയും ഭത്താവിനാൽ പ്രകീത്തിതയും ആയ ഒരു വീരവനിതയെ കാണിച്ചുതരുവാൻ ആക്കു കഴിയും? വേദപുസ്തകത്തിൽ ചോദിച്ചിരിക്കുന്നതാണ് ഇതു്. നമ്മുടെ ദേശത്തു് ഒററ ഒരാൾക്കും ഇത്തരം ഒരു വനിതയെ ചൂണ്ടിക്കാണിക്കുവാൻ സാധിക്കയില്ലായിരിക്കും. വീരവനിതകൾ ഇല്ലാഞ്ഞിട്ടല്ല. സ്വസന്താനങ്ങളാൽ അനുഗ്രഹീതയോ, ഭത്താവിനാൽ പ്രകീത്തിതയോ ആകുന്നില്ല അവൾ എന്നു മാത്രം. ഒരു വീരവനിതയെ മനസ്സിലാക്കുവാനുള്ള സംസ്കാരം നമ്മുടെ നാട്ടിലെ സന്താനങ്ങൾക്കും ഭത്താക്കന്മാക്കും കൈവന്നിട്ടില്ല. ഭർത്താക്കന്മാരും സന്താനങ്ങളും യഥാത്ഥത്തിൽ സംസ്കാരമുള്ളവരാണെങ്കിൽ അമ്മ എന്നും ഭാര്യ എന്നും ഉള്ള നിലകളിൽ ഒരു സ്ത്രീ ചെയ്യുതീക്കുന്ന മ

ഹൽകൃത്യങ്ങൾ എന്തെല്ലാമാണെന്നു് അവർ അറിയുകയും സ്ത്രീയുടെ സൗഖ്യത്തിനും സൗഭാഗ്യത്തിനുംവേണ്ടി അവർ കുറേ ത്യാഗങ്ങൾ അനുഷ്ഠിക്കയും ചെയ്തേനേ.

വീടാകുന്ന കൂട്ടിൽത്തന്നെ എന്നും ചുററിക്കറങ്ങേണ്ടുന്ന സ്ത്രീവല്ലപ്പോഴും സംഘടനകളിൽ പ്രവത്തിക്കുന്നതും വിനോദങ്ങളിൽ പങ്കെടുക്കുന്നതും ഒഴിച്ചുകൂടാത്ത ഒരാവശ്യമാണു്. ദൃഢഗാത്രത്തിൽ ദൃഢമനസ്സ് എന്നു പറയുന്നതുപോലെ അതു് അവളുടെ ശരീരത്തിനും മനസ്സിനും ഗുണം ചെയ്യും. വീട്ടിൽനിന്നും പുറത്തിറങ്ങുവാൻ മനസ്സില്ലാത്ത ചില സ്ത്രീകളെ കാണാറുണ്ടു്. അവർ തങ്ങൾക്കുതന്നെയും കുടുംബത്തിനും ഹാനിവരുത്തുന്നു എന്നാണു് എൻെറ പക്ഷം. അത്തരക്കാരെ നിർബ്ബന്ധിച്ചു് ഏതെങ്കിലും ഒരു സംഘടനയുടെ അംഗങ്ങളാക്കിത്തീർക്കണം."

രാജമ്മ ഒരു ചോദ്യം: അമ്മച്ചി ഏതെല്ലാം സംഘടനയിലെ അംഗമാണു്?

മേരി ഊറിച്ചിരിച്ചിട്ടു തുടങ്ങി: "എൻെറ കുഞ്ഞേ, ഞാൻ മററുള്ളവരെ കുററം പറയേണ്ട ഒരു വാതിൽക്കലാണു നീ മുട്ടിയിരിക്കുന്നതു്. ഞാൻ വീട്ടിൽനിന്നും പുറത്തിറങ്ങുന്നതു് ഔതമുതലാളിക്കിഷ്ടമല്ല. ഞാൻ കുറേനാൾ ലീജിയനിൽ ചേൎന്നു പ്രവത്തിച്ചിരുന്നു, വീട്ടിൽ ഒരു വേലക്കാരിയുണ്ടായിരുന്നതിലാണു് എനിക്കതിനു സൗകര്യം കിട്ടിയിരുന്നതു്. ഔതമുതലാളി ആ വേലക്കാരിയെ പറഞ്ഞയച്ചുകളഞ്ഞു. ഇപ്പോൾ ഞാൻ ശ്വാസംവിടാതെ പണിയെടുത്താങ്കിലേ വീട്ടിലേ ജോലികൾ ഒതുങ്ങൂ. ഞാൻ ലീജിയനിൽനിന്നും പിരിഞ്ഞു എന്നു മാത്രമല്ല, പള്ളിയിൽപോലും പോകാൻ സാധിക്കാതെ വരുന്നു, എനിക്കു്. ഇതാണെൻെറ ചരിത്രം.

"അയാൾ എന്നും എന്നോടു പറയും 'നീ എന്നെ സ്നേഹിക്കുന്നില്ല, നീ എന്നെ സ്നേഹിക്കുന്നില്ല' എന്നു്. സ്നേഹം വെണ്ണയെന്നെയ്പോലെ ഉരുട്ടി ഒരാളുടെ കയ്യിൽ വച്ചുകൊടുക്കുവാൻ പററുമോ? ഈശോയെ നാം എന്തുകൊണ്ടു സ്നേഹിക്കുന്നു? അവിടുന്നു നമുക്കുവേണ്ടി കുരിശിൽ തൂങ്ങിമരിച്ചതുകൊണ്ടു്. ആരുടേയും സ്നേഹം സമ്പാദിക്കുവാനുള്ള ഒററവഴി അവക്കുവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കയാണു്. നമുക്കുവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കുന്നവരെ നാം അറിയാതെതന്നെ സ്നേഹിച്ചുപോകും. ഒരു ഭർത്താവിനു ഭാൎയ്യയുടെ സ്നേഹം നേടുവാനുള്ള എളുപ്പമാൎഗ്ഗം സ്നേഹം യാചിക്കയല്ല, സ്നേഹം നൽകുകയാണു്. ത്യാഗം കൂടാതെ സ്നേഹം നൽകുവാൻ സാദ്ധ്യമല്ല."

ഒരു കുസൃതിക്കുട്ടിയാണു ലീലാമ്മ. അവൾ ഉടൻ ഒരു ചോദ്യം തൊടുത്തുവിട്ടു. "ഔതമുലാളി വീട്ടിൽ കഞ്ഞിയും കറിയും വച്ചുകൊണ്ടു്, മേരിയെ ലീജിയനു വിടണമെന്നാണോ ഈ പറയുന്നതിൻെറ അർത്ഥം?.

ചെറിയ ഒരടി കിട്ടിയതുപോലെ തോന്നി, മേരിക്കു്. എങ്കിലും അവൾ വിട്ടുകൊടുത്തില്ല. "കഞ്ഞിയും കറിയും വയ്ക്കുവാൻ മാത്രമേ ഒരു സ്ത്രീക്കു് അറിഞ്ഞുകൂടൂ എന്നാണോ ലീലാമ്മ വാദിക്കുന്നതു്. കഞ്ഞിയും കറിയും ഉണ്ടാക്കാൻ പുരുഷന്മാരെക്കാൾ അവർ സമർത്ഥകളാണെന്നു ഞാൻ സമ്മതിക്കുന്നു. അതുപോലെ മററു പലതിലും അവർ പുരുഷന്മാരെ വെല്ലുന്നവരാണു്. അബലകൾ എന്നു പുരുഷന്മാർ തങ്ങളുടെ സ്വാർത്ഥലാഭത്തിനുവേണ്ടി വിളിക്കുന്നസ്ത്രീകൾ, എന്തെല്ലാം ചെയ്യുന്നുണ്ടെന്നു് ഒരു ലിസ്റ്റു് എടുത്തുനോക്കിയാൽ അറിയാം, സ്ത്രീയെ അടുക്കളയ്ക്കുവേണ്ടി മാത്രമായി ദൈവം സൃഷ്ടിച്ചിട്ടുള്ളതല്ലെന്നു്."

രാജമ്മയുടെ ഉത്സാഹം വർദ്ധിച്ചു. വല്ലപ്പോഴും അടുക്കളയുടെ പുകയിൽനിന്നും രക്ഷപ്പെട്ടു ശുദ്ധവായു ശ്വസിക്കുവാൻ സ്ത്രീകൾക്കു സ്വാതന്ത്ര്യം നൽകണമെന്നുള്ള അഭിപ്രായക്കാരിയാണു് അവൾ. സ്ത്രീകളെപ്പററി അബലകൾ എന്ന പദപ്രയോഗവും അവൾക്കിഷ്ടമല്ല. അവൾ പ്രോത്സാഹിപ്പിച്ചു: അമ്മച്ചീ, നമ്മൾ ഒരിക്കൽ കണ്ട സർക്കസിൻെറയും ഡ്രാമായുടെയും കാര്യം ആ ലിസ്റ്റിൽ ചേർക്കാൻ വിട്ടുപോയേക്കരുതു്. ഒരററം മുതൽ അമ്മച്ചി പറഞ്ഞുതുടങ്ങു്. ഇടയ്ക്കു വിട്ടുപോകുന്നതു ഞാൻ ഓർപ്പിച്ചേക്കാം."

## വസ്ത്രധാരണം

മേരി സർക്കസിൽ തുടങ്ങി. സ്ത്രീകളുടെ ശരീരത്തിനു പുരുഷന്മാരുടേതിനോളം ദാർഢ്യത ഇല്ലെന്നാണല്ലോ ഒരു വയപ്പു്. അതു മനസ്സിൽവച്ചുകൊണ്ടു് മേരി പറഞ്ഞു: "നമ്മൾ ഒരിക്കൽ Three Ring Circus കാണുവാൻ പോയിരുന്നതു് ഓക്കുന്നില്ലേ? മൂന്നു സ്ഥലത്തായി ഒരേ സമയം ഒരേ കളി നടത്തുന്ന സർക്കസിനേയാണു് ത്രീറിംഗ് സർക്കസ് എന്നു പറയുന്നതു്. അവിടെ അന്നു് അത്ഭുതകരമായ വേലകളെല്ലാം നടത്തിയതു സ്ത്രീകളായിരുന്നു. ആ അത്ഭുതങ്ങളുടെ കൂട്ടത്തിൽ മറെറാരത്ഭുതംകൂടി ഞാൻ കാണുകയുണ്ടായി. അവിടെ വേലനടത്തിയ കുറേ പുരുഷന്മാർ കോട്ടും കളസവുംകൊണ്ടു ദേഹം മുഴുവനും മൂടിയിരുന്നു. എന്നാൽ സ്ത്രീകൾ എല്ലാവരുംതന്നെ വസ്ത്രമില്ലാതെയാണു പ്രത്യക്ഷപ്പെട്ടതു്."

അമ്മച്ചി പറഞ്ഞതു വളരെ ശരിയാണ്. അന്ന് അവരുടെ വേലകൾകണ്ടു് ഞാൻ അത്ഭുതപ്പെട്ടു് അങ്ങനെ ഇരുന്നുപോയി. അതുകൊണ്ടു് അവക്കു വസ്ത്രമുണ്ടായിരുന്നോ ഇല്ലയോ എന്നു ഞാൻ ശ്രദ്ധിച്ചില്ല. തങ്ങളുടെ വേലകൾക്കു തടസ്സമുണ്ടാകാതിരിക്കുവാൻവേണ്ടി ആയിരിക്കയില്ലേ അവർ അയവുള്ള വസ്ത്രങ്ങൾ ധരിക്കാതിരുന്നതു്.”

നല്ല സർക്കസ് വേലകൾ നടത്തി സ്ത്രീകുലത്തിനു അഭിമാനം ഉണ്ടാക്കിയ ആ സഹോദരികളെ നീതീകരിക്കുവാൻ ശ്രമിക്കയായിരുന്നു രാജമ്മ. അടുക്കളപ്പുകയേററു കഞ്ഞിയും കറിയും വയ്ക്കാതെ അവർ പുറത്തിറങ്ങി സർക്കസ് വേലകൾ പഠിച്ചതു് ലോകത്തിനു തന്നെ ഒരു നേട്ടമായില്ലേ എന്നവൾ വിചാരിക്കയായിരുന്നു. പക്ഷേ നേരെ മറിച്ചായിരുന്നു ലീലാമ്മയുടെ അഭിപ്രായം. അവൾ പറഞ്ഞു: “സർക്കസ് വേലകൾ നടത്തുവാൻ പുരുഷന്മാക്കു് വസ്ത്രം ഒരു തടസ്സമല്ല. സ്ത്രീകൾക്കാണ് അതൊരു തടസ്സം! ആ തടസ്സം എന്താണെന്നു ഞാൻ പറയാം. അതാണു സ്ത്രീ ജാതിയുടെ ബലഹീനത. വസ്ത്രംകൂടാതെ വേലകൾ കാണിക്കുവാൻ ധൈര്യമുള്ള കുറേ പെൺകുഞ്ഞുങ്ങളെയാണ് കമ്പനിക്കാക്കു് ആവശ്യം. അത്തരം ലജ്ജയില്ലാത്ത കുറേ പെണ്ണുങ്ങളെ കിട്ടുവാൻ അവർ എന്തു ചെലവു വേണമെങ്കിലും ചെയ്യും. അതിൽനിന്നും പിന്നീടു കിട്ടുന്ന ലാഭമാണ് അവരുടെ ദൃഷ്ടികൾക്കു മുമ്പിൽ തൂങ്ങി നിൽക്കുന്നതു്. അതു ഗ്രഹിക്കുവാനുള്ള അന്തർനേത്രങ്ങൾ മാത്രം നമ്മുടെ പെണ്ണുങ്ങൾക്കില്ല.

“പരിശീലിപ്പിച്ചാൽ പുരുഷനും സ്ത്രീയും നല്ല കായികാഭ്യാസങ്ങൾ നടത്തും. പക്ഷേ, പുരുഷനു് ആവശ്യം സ്ത്രീയുടെ കായികാഭ്യാസത്തെക്കാൾ അവളുടെ നഗ്നമായ ശരീരമാണ്. പുരുഷന്മാരെപ്പോലെ ശരിയായി വസ്ത്രം ധരിച്ചേ തങ്ങൾ രംഗത്തു പ്രവേശിക്കൂ എന്നു് പെണ്ണുങ്ങൾ ശഠിക്കട്ടെ. അപ്പോൾ അവരെ ആവശ്യമുള്ള കമ്പനിക്കാരും കുറയും. സ്ത്രീകളെ മുമ്പിൽ നിരത്തി മുതലെടുക്കുവാൻ പുരുഷന്മാർ ബഹു മിടുക്കന്മാരാണ്. ഇന്നു് ഏതു പത്രപ്പരസ്യവും നോക്കിക്കൊള്ളുക. എല്ലാത്തിൻെറയും നെററിപ്പട്ടം അർദ്ധനഗ്നയായ ഒരു സ്ത്രീയുടെ പടമായിരിക്കും. അടുക്കളയിലെ ജോലി ഉപേക്ഷിച്ചു് പുറത്തിറങ്ങുന്ന വനിതകൾ സാധാരണ ദുർമ്മാർഗ്ഗികളുടെ കളിപ്പാട്ടങ്ങളായിത്തീരുന്നു എന്നു ഞാൻ പറഞ്ഞാൽ മേരിയുടെയും രാജമ്മയുടെയും ആശയങ്ങൾ തകർന്നു വീഴുമോ? സ്ത്രീക്കു വലിയ വലിയ കഴിവുകളുണ്ടെന്നു ഞാൻ സമ്മ

തിക്കുന്നു. മിക്കപ്പോഴും ആ വളരുടെ കഴിവുകൾ പുരുഷന്മാരുടെ കളിപ്പാട്ടങ്ങളായി അധഃപതിക്കയാണു്."

തരിവളയിട്ടു കിലുക്കുവാൻ കൊതിയുള്ളവളാണു ലീലാമ്മയെങ്കിലും അവളുടെ അഭിപ്രായം കുറേ വിലപിടിപ്പുള്ളതാണെന്നു മാറ രണ്ടുപേൎക്കും തോന്നി. പുരുഷന്മാരെ സന്തോഷിപ്പിക്കേണ്ടതെങ്ങനെയെന്നു സ്ത്രീകൾ ആലോചിക്കുന്നു. സ്ത്രീകളെ സന്തോഷിപ്പിക്കേണ്ടതെങ്ങനെയെന്നു പുരുഷന്മാരും ചിന്തിക്കുന്നു. ഓരോ കൂട്ടരും മറ്റേക്കൂട്ടരെ ആകൎഷിക്കുവാനാണു ശ്രമിക്കുന്നതു്. ഒരു പുരുഷൻ തന്റെ വസ്ത്രംമൂലം മനോഹരനായിത്തീരുന്നു എന്നാണു് ഒരു ധാരണ. എന്നാൽ ഒരു സ്ത്രീ എപ്പോൾ മനോഹരിയായിത്തീരുന്നു? സന്മാൎഗ്ഗനിഷ്ഠയുള്ളവൎക്കു തോന്നും, സ്ത്രീയുടെ ശരീരം വസ്ത്രംകൊണ്ടു മൂടിയിരിക്കുമ്പോഴാണു് അവൾ സുന്ദരിയായിരിക്കുന്നതെന്നു്. സന്മാൎഗ്ഗത്തിൽ വലിയ കാൎക്കശ്യമില്ലാത്തവൎക്കു തോന്നും, ബുക്കു പോസ്റ്റ് പോലെ സ്ത്രീയുടെ വയറും മാറ ചില ഭാഗങ്ങളും ദൃശ്യമാകുമ്പോഴാണു് അവൾ സുന്ദരിയായിരിക്കുന്നതെന്നു്. സന്മാൎഗ്ഗനിഷ്ഠ ഒരനാവശ്യമാണെന്നു കരുതുന്നവൎക്കു്, വസ്ത്രം ധരിക്കാത്ത സ്ത്രീയാണു സുന്ദരി.

കുറിക്കു കൊള്ളുന്നതായിരുന്നു മേരിയുടെ മറുപടി. സ്ത്രീയുടെ കഴിവുകളേക്കുറിച്ചേ ഞാൻ പറഞ്ഞുള്ളു. ആ കഴിവുകൾ ശരിയായി വസ്ത്രം ധരിച്ചുകൊണ്ടു പ്രകടിപ്പിക്കണമോ വസ്ത്രം കൂടാതെ പ്രകടിപ്പിക്കണമോ എന്നുള്ളതു മറ്റൊരു പ്രശ്നമാണു്. സ്ത്രീ എവിടെയും വസ്ത്രധാരണം വഴി തന്റെ വിനയവും മാഹാത്മ്യവും പ്രത്യക്ഷപ്പെടുത്തേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. ഞാണിന്റെയും ബാറിന്റെയും മുകളിൽ മാത്രമല്ല സ്വന്തം കുടുംബത്തിൽ ആയിരിക്കുമ്പോഴും സ്ത്രീ നൈലോൺസാരിയും, വയറ കാണിക്കൽ പ്രസ്ഥാനവും ഉപേക്ഷിക്കേണ്ടതാണു്.

"ഇന്നു സിനിമാക്കമ്പനികളും ഡ്റാമാക്കമ്പനികളും പെരുകിയിരിക്കുന്നു. അതിലൊക്കെ നമ്മുടെ സഹോദരികൾ ധാരാളമായി ചേരുന്നുമുണ്ടു്. പക്ഷെ പുരുഷന്മാരുടെ ബലഹീനതയെ ചൂഷണംചെയ്തു മാനേജൎക്കു പണം സമ്പാദിച്ചുകൊടുക്കുകയാണു് അവരുടെ ലക്ഷ്യമെങ്കിൽ അതിനെ അപലപിക്കാതെ തരമില്ല. ഇന്നത്തെ മിക്ക നാടകങ്ങളും സിനിമാകളും സന്മാൎഗ്ഗബോധത്തിനു ഒരു കണ്ണുകോടാലിയായിത്തീൎന്നിട്ടുണ്ടു്. നടികൾ സ്വയം അധഃപതിക്കുകമാത്രമല്ല, മററുള്ളവരെ അധഃപതിപ്പിക്കയും ചെയ്യുന്നു. ഇവരെക്കുറിച്ചത്രെ നമ്മുടെ ദിവ്യരക്ഷകൻ വിലപിച്ചിരിക്കുന്നതു്.

എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ഇടർച്ച വരുത്തുന്നവൻ ആരോ, അവൻെറ കഴുത്തിൽ കഴുതയുടെ തിരികല്ലുകെട്ടിത്തൂക്കി സമുദ്രത്തിൻെറ ആഴത്തിൽ താഴ്ത്തപ്പെടുന്നതു് അവന്നു നന്നായിരുന്നു.' (വി. മത്തായി 18:6)

സ്ത്രീയുടെ മാഹാത്മ്യം, വസ്തുതകൾ നിരത്തിവച്ചു സ്ഥാപിക്കുവാൻ പോകയാണു മേരി എന്നാണ് രണ്ടുപേരും വിചാരിച്ചതു്. എന്നാൽ അമ്മച്ചി പെട്ടെന്നു് കാലുമാറിക്കളഞ്ഞു എന്നു രാജമ്മയ്ക്കു തോന്നി. അവൾ പറഞ്ഞു: "ഇതെന്താണു, അമ്മച്ചി ഇങ്ങനെ പറഞ്ഞുകളഞ്ഞതു്? സ്ത്രീ ശോഭിക്കുന്ന ഓരോ രംഗവും ചൂണ്ടിക്കാട്ടിയിട്ടു് അമ്മച്ചി എല്ലാത്തിനുംകൂടി തീകൊളുത്തിക്കളഞ്ഞു. സ്ത്രീയും പുരുഷനും ഒരേസ്റ്റേജിൽ അഭിനയിക്കുന്നതു ഇടർച്ചയ്ക്കു കാരണമാണെങ്കിൽ ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ, ജർമ്മനിയിൽ ഓബെർ അമർഗോ എന്നു് ഒരു ഗ്രാമമുണ്ടെന്നറിയാമല്ലൊ. അവിടെ 1634 മുതൽ ഓരോ പത്താംകൊല്ലത്തിലും പീഡാനുഭവ നാടകം അഭിനയിച്ചുകൊണ്ടിരിക്കയാണു്. അനേകം പുരുഷന്മാരും സ്ത്രീകളുംചേർന്നാണു് ആ നാടകം അഭിനയിക്കുന്നതു്. 1830 മുതൽ അതു ലോകത്തിൻെറ ശ്രദ്ധയെ ആകർഷിക്കുവാൻ തുടങ്ങിയിരുന്നു. 1960 ൽ മ്യൂനിച്ചിൽവച്ചു നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിനോടനുബന്ധിച്ചു് ഈ നാടകംകൂടി നടത്തപ്പെട്ടു എന്നു പത്രങ്ങളിൽ വായിക്കയുണ്ടായി. കർദ്ദിനാളന്മാരും മെത്രാന്മാരും വൈദികരും സന്യാസിനീ സന്യാസികളും ആ നാടകത്തിനു സന്നിഹിതരായിരുന്നു എന്നുമാണു് കേൾക്കുന്നതു്. ഇനി ആരുടെയെല്ലാം കഴുത്തേലാണു തിരികല്ലു കെട്ടിത്തൂക്കേണ്ടതെന്നു അമ്മച്ചി പറയുമോ?"

സ്ത്രീകളും പുരുഷന്മാരും ഒന്നിച്ചുകൂടുന്നിടത്തെല്ലാം ഇടർച്ചയുണ്ടാകണമെന്നില്ല. സ്വർഗ്ഗത്തിലുണ്ടു് സ്ത്രീകളും പുരുഷന്മാരും. എന്നാൽ അവിടെ അവർ മാലാഖമാരെപ്പോലെ ജീവിക്കുന്നതുകൊണ്ടായിരിക്കാം അവിടെ ഇടർച്ചകളൊന്നുമില്ലാത്തതു്. കുടുംബത്തിൽ സ്ത്രീകളും പുരുഷന്മാരുമുണ്ടല്ലോ. സ്വർഗ്ഗം കഴിഞ്ഞാൽ ഏററം പാവനമായ ഒരന്തരീക്ഷമാണു കുടുംബത്തിലുള്ളതു്. പക്ഷേ അതും കലക്കിമറിക്കാൻ സാത്താനു കഴിയുന്നുണ്ടെന്നു തീർച്ച. ചെറിയ നരകങ്ങളായി തീർന്നിട്ടുള്ള അനേകം കുടുംബങ്ങളുടെ ഒരു ലിസ്റ്റു് ഓരോസ്ഥലത്തുനിന്നും നമുക്കു ലഭിക്കുന്നതാണു്. പിന്നെ മററു് രംഗങ്ങളിൽ നാം അന്വേഷിക്കേണ്ടതുണ്ടോ? ഇരുകൂട്ടരുംകൂടി പഠിക്കുന്ന സ്കൂളുകളും കോളേജുകളും വിലപനീയങ്ങളായ ചില സം

ഭവങ്ങളുടെ മൂകസാക്ഷികളായിത്തീരുന്നുണ്ടെന്നു് അധികൃതന്മാർതന്നെ സമ്മതിക്കുന്നു.

കുഴഞ്ഞ അനേകം പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഒരു ചോദ്യം മേരി. അല്പം ചിന്തിച്ചിരുന്നിട്ടു് സംസ്കൃതപദ്യമാണുദ്ധരിച്ചതു്.

"ഘൃതകുംഭ സമാനാരി തപ്താംഗാര സമഃപുമാൻ
തസ്മാൽ ഘൃതഞ്ച വഹ്നിഞ്ച നൈകത്ര സ്ഥാപമേൽ ബുധഃ"

എന്നിട്ടു് അതിന്റെ വ്യാഖ്യാനം ഇങ്ങനെ നല്കി: "സ്ത്രീ ഒരു നെയ്ക്കുടമാണു്. പുരുഷൻ എരിയുന്ന വിറകുകൊള്ളിയും. അതിനാൽ ബുദ്ധിമാനായ ഒരു മനുഷ്യൻ തീയും നെയ്യും ഒരേസ്ഥലത്തു വച്ചുകൊണ്ടിരിക്കയില്ല. സ്ത്രീയേയും പുരുഷനേയും വേർതിരിച്ചുതന്നെ നിറുത്തണമെന്നു സാരം.

"സ്ത്രീയേയും പുരുഷനെയും ഓരോ കർട്ടനിട്ടു മറയ്ക്കുന്നതു നാം ബുദ്ധിമാന്മാരായതുകൊണ്ടാണു്. അതുകൊണ്ടുതന്നെ മതിയാകയില്ല. പ്രായമായിക്കഴിഞ്ഞാൽ സ്ത്രീകൾക്കും പുരുഷന്മാക്കുമായി വെവ്വേറെ സ്ഥാനങ്ങൾ നാം നിശ്ചയിക്കുന്നു. അവർ തമ്മിൽ സ്വാതന്ത്ര്യമായി അടുക്കാതിരിക്കുന്നതാണു് സമുദായത്തിനും രാജ്യത്തിനും ആത്മാവിനും നല്ലതു്. പരസ്പരം അധികം അടുക്കാതെ ഇരുകൂട്ടരും അവരവരുടെ മണ്ഡലങ്ങളിൽ നിന്നുകൊണ്ടു് ചെയ്യുന്ന പ്രവർത്തനങ്ങളായിരിക്കും ശ്രേയസ്ക്കരം.

"പത്തു കൊല്ലത്തിൽ ഒരിക്കൽ ഒബർ അമൽഗോയിൽ വച്ചു നടക്കുന്ന പീഡാനുഭവ നാടകത്തെക്കാൾ എത്രയോ വലിയ ഒരു നാടകമാണു് അനുദിനം നമ്മുടെ ദേവാലയങ്ങളിൽ നടക്കുന്നതു്! അൾത്താരയിൽ ശുശ്രൂഷകരായി സ്ത്രീകളെ സ്വാഗതം ചെയ്തിരുന്നെങ്കിൽ എത്ര ഭംഗിയായി അവർ അക്കാര്യം ചെയ്യുമായിരുന്നു! പക്ഷേ ലോകത്തിന്റെ രണ്ടായിരം കൊല്ലത്തെ ചരിത്രമറിയാവുന്ന കത്തോലിക്കാ തിരുസ്സഭ അതു് അനുവദിക്കുന്നില്ല, കാരണമെന്തെന്നു തോന്നുന്നു? വിശുദ്ധമായ ഉദ്ദേശ്യങ്ങൾകൊണ്ടുമാത്രം ഒരു മനുഷ്യൻ തന്റെ സ്വാഭാവികമായ ബലഹീനതകളിൽനിന്നും വിമുക്തി നേടുകയില്ല.

"നമ്മുടെ ചില നാടകങ്ങൾ സന്മാർഗ്ഗബോധമശ്ലേഷമില്ലാത്ത ചില സാഹിത്യകാരന്മാർ എഴുതിയിട്ടുള്ളതാണു്. ദൈവപ്രമാണങ്ങൾ അടിസ്ഥാനമാക്കിയുള്ള സാമുദായിക വ്യവസ്ഥിതിയെ തകിടം മറിക്കണമെന്നാണു് അവരുടെ ഉന്നം. നാടകത്തിനു സ്വാഭാവികത വർദ്ധിപ്പിക്കുവാൻവേണ്ടി സ്ത്രീകൾതന്നെ സ്ത്രീകളുടെ ഭാഗം അഭിനയിക്കണമെന്നു വന്നു. കലാബോധമുള്ള പെൺകുട്ടി

കൾക്ക് ഒരു ഭാഗ്യനക്ഷത്രം ഉദിച്ചു എന്നു തോന്നി. സ്ത്രീകളും പുരുഷന്മാരും ചേർന്നുള്ള അഭിനയങ്ങൾ നാടകവേദിക്ക് ഒരു പുതിയ ജീവൻ കൊടുത്തു. അത്തരം നാടകങ്ങൾ കാണുവാനേ ആളുകൾ ഓടിക്കൂടൂ എന്നായി. അതൊരു വിജയമല്ലേ നാടകവേദിക്ക്?

"പക്ഷേ ആ നാടകവേദിക്കു പുറകിലായി അനേകം ഭയങ്കര സംഭവങ്ങൾ നടന്നിട്ടുണ്ടെന്നു തീർച്ച. മനുഷ്യനെ മനുഷ്യനല്ലാതാക്കുവാൻ നടന്മാർക്കു പറ്റുമോ? യൗവനത്വം തുളുമ്പിനില്ക്കുന്ന സ്ത്രീകളും പുരുഷന്മാരും തമ്മിൽ ലജ്ജവെടിഞ്ഞ് അടുക്കുവാനും അസഭ്യങ്ങൾ പുലമ്പുവാനും നാടകമെന്ന മൂടുപടം അവർക്കു സൗകര്യം നല്കുന്നു. ഒരു കോമാളിയെ പ്രാണനാഥാ എന്നു റിഹേഴ്സിലിൽ പല പ്രാവശ്യം വിളിച്ചുശീലിക്കയും ഒടുവിൽ നാടകവേദിയിൽത്തന്നെ ആ രംഗം അവതരിപ്പിക്കയും ചെയ്യുന്ന ഒരു സ്ത്രീ തൻെറ ചാരിത്ര്യത്തിനു യാതൊരു ഭംഗവും വരുത്താതെ ആ നാടക കമ്പനിയിൽനിന്നും പുറത്തു വരുമെന്ന് സാധാരണക്കാർക്കു വിശ്വസിക്കുവാൻ പറ്റുമോ?"

## ഭരണങ്ങാനം കുമാരി

രാജമ്മയും ലീലാമ്മയും കണ്ണുമിഴിച്ചിരുന്നുപോയി. അവർ രണ്ടുപേരും അപ്പോൾ ഓർക്കുകയായിരുന്നു, തങ്ങളുടെ ഒരു കൂട്ടുകാരിയുടെ കാര്യം. രാജമ്മ ലീലാമ്മയോട് അടഞ്ഞ സ്വരത്തിൽ ചോദിച്ചു: "നമ്മുടെ ഭരണങ്ങാനം കുമാരിയെപ്പറ്റി ചേച്ചിക്കെന്തു തോന്നുന്നു? ആ സഹോദരി ഓട്ടുമുള്ള ധാരാളം സിനിമാകളിൽ അഭിനയിച്ചിട്ടുള്ള ആളാണ്, എന്നാലും കുമാരിയെപ്പറ്റി എല്ലാവരും നല്ല അഭിപ്രായം പറയുന്നതായിട്ടേ ഞാൻ കേട്ടിട്ടുള്ളു. അമ്മച്ചി പറയുന്നതാണു വാസ്തവമെങ്കിൽ, ആ സിനിമാതാരത്തിനു ഒരു സൽപ്പേരു ലഭിക്കുമായിരുന്നോ?"

ഭരണങ്ങാനം കുമാരിയെപ്പറ്റി നല്ല അഭിപ്രായമായിരുന്നു ലീലാമ്മയ്ക്കും. കത്തോലിക്കാ വനിതകളുടെ ഇടയിൽ ഏററം കലാബോധമുള്ള ഒരാളാണ് കുമാരി എന്ന് നിഷ്പക്ഷമായി ചിന്തിക്കുന്നവർക്കു തോന്നും. തൻെറ കഴിവുകൾ വികസിപ്പിക്കുവാനുള്ള സന്ദർഭങ്ങളും കുമാരിക്കു ധാരാളമായി ലഭിച്ചു എന്നും സമ്മതിക്കണം. എന്നാലും തിരശ്ശീലയിൽ കാണുന്ന കുമാരിയെപ്പററി പൊതുജനങ്ങളുടെ അഭിപ്രായമെന്ത്? എല്ലാവരും നന്നായി സംസാരിക്കുന്നുണ്ടോ?

രാജമ്മയും ലീലാമ്മയും തമ്മിൽ രഹസ്യം പറഞ്ഞതു് ഭരണങ്ങാനം കുമാരിയുടെ കാൎയ്യമാണെന്നു് മേരി മനസ്സിലാക്കി. തനിക്കു ഭരണങ്ങാനം കുമാരിയോടു രൂപസാമ്യമുണ്ടെന്നു് ചിലർ പറയാറുള്ള കഥയും മേരി ഓൎത്തു. "ഭരണങ്ങാനത്തെ മേരിഗിരി ആശുപത്രിയിൽ വച്ചാണു് കുമാരിയെ ഞാൻ ആദ്യമായി കണ്ടുമുട്ടിയതു". പല രോഗികളെയും കണ്ടു, ലീജിയൻകാരായ ഞങ്ങൾ നടന്നു്, നടന്നു്, വെള്ളവസ്ത്രങ്ങൾ നാടൻ രീതിയിൽ ധരിച്ചു് കഴുത്തേൽ ഒരു വെള്ളക്കൊന്തയുമായി ഒരു കട്ടിലേൽ കിടക്കുന്ന ഒരു ഗ്രാമീണ യുവതിയുടെ സമീപത്തെത്തി. അപ്പോൾ ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്ന ചിന്നമ്മ പറഞ്ഞു: ഈ ആളാണു് സുപ്രസിദ്ധ സിനിമാതാരമായ കുമാരി എന്നു്. എന്റെ വിസ്മയത്തിനു് അതിരുണ്ടായിരുന്നില്ല. പൊന്നിലും പട്ടിലും പൊതിഞ്ഞു നടക്കുന്ന ഒരാളായിരിക്കും കുമാരി എന്നാണു് ഞാൻ സങ്കല്പിച്ചിരുന്നതു്. പക്ഷേ നേരിൽ കണ്ടപ്പോൾ, വിനീതയും വിശുദ്ധയും ലളിതജീവിതം ഇഷ്ടപ്പെടുകയും ചെയ്യുന്ന ഒരാളാണു കുമാരി എന്നു തോന്നി. കുമാരിയുടെ ജീവിത രീതികൾ അടുത്തറിയുവാൻ എനിക്കു ജിജ്ഞാസയുണ്ടായി. എന്റെ ചോദ്യങ്ങൾക്കെല്ലാം ആ സഹോദരി മറുപടിതന്നു.

"സിനിമാലോകത്തിലേക്കു് കുമാരി എങ്ങനെ ആകർഷിക്കപ്പെട്ടു എന്നാണു് എനിക്കാദ്യമായി അറിയേണ്ടിയിരുന്നതു്. ചെറുപ്പത്തിലേ പാട്ടിനും ഡാൻസിനും സമൎത്ഥയായിരുന്നു. സൗന്ദൎയ്യത്തിനും അവൾ ആരുടേയും പുറകിലായിരുന്നില്ല. ആഴ്ചയിൽ ഒരിക്കൽ കുമ്പസ്സാരവും അനുദിന ദിവ്യകാരുണ്യ സ്വീകരണവും അവൾ ചെറുപ്പത്തിലെ നടത്തിവന്നിരുന്നു. ആ പതിവിനു് ഇപ്പോഴും കോട്ടം വന്നിട്ടില്ല, അപ്പന്റെ നിർബ്ബന്ധംമൂലമാണു് അവൾ സിനിമാ ലോകത്തിലേക്കു പ്രവേശിച്ചതു്. സിനിമാതാരം എന്ന നിലയിൽ അവൾ വമ്പിച്ച ഒരു വിജയമാണെന്നു സംശയമില്ല. പക്ഷേ സിനിമാ ലോകത്തിലെ അപകട മേഖലകൾ അവൾ എങ്ങനെ തരണംചെയ്തു?

"ഒരു കാൎയ്യം തീർച്ചയാണു്: നാടകത്തിലെ നടീനടന്മാൎക്കുള്ളിടത്തോളം അപകട മേഖല സിനിമാതാരങ്ങൾക്കുണ്ടാകാറില്ല. പടമെടുക്കുവാൻ വേണ്ടിയുള്ള അഭിനയമേ സിനിമാതാരങ്ങൾക്കുള്ളു. കുമാരി അഭിനയിക്കുവാൻ പോകുന്നിടത്തെല്ലാം അപ്പനും പോകുന്നു എന്നാണു ഞാൻ അറിയുന്നതു്. അശ്ലീല സംഭാഷണങ്ങളിൽ യാതൊരു രസവുമില്ലാത്ത ആളാണു കുമാരി, സന്മാർഗ്ഗ

നിഷ്ഠയില്ലാത്ത നടന്മാക്കുപോലും അവളോടു കളിപറയുവാൻ ഭയമാണ്. കുമ്പസാരത്തിലും കുർബ്ബാന കൈക്കൊള്ളുന്നതിലും, വീട്ടിലായിരിക്കുമ്പോൾ ഉള്ള നിഷ്ഠതന്നെയാണ് അവൾക്കു സിനിമായിൽ അഭിനയിക്കുന്ന കാലത്തും ഉള്ളതു്. അങ്ങനെ ദൈവത്തിൻെറ അസാധാരണമായ അനുഗ്രഹങ്ങൾമൂലം അവൾ അപകടങ്ങൾ തരണം ചെയ്യുന്നു എന്നു വിശ്വസിക്കാം."

മേരിയുടെ പ്രഭാഷണം രണ്ടുപേരും വളരെ ശ്രദ്ധിച്ചു കേട്ടുകൊണ്ടിരിക്കയായിരുന്നു. ദൈവത്തിൻെറ അസാധാരണമായ അനുഗ്രഹങ്ങൾ ഏതെല്ലാം സാഹചര്യങ്ങളിൽ നമുക്കു ലഭിക്കാം? ലീലാമ്മ പെട്ടെന്നു ചോദിച്ചു: "തീക്കനലിൽക്കൂടി നടക്കുവാൻ പോകുന്ന ആളിനു് പൊള്ളാതിരിക്കുവാൻ ദൈവത്തിൻെറ അസാധാരണ അനുഗ്രഹങ്ങൾ ലഭിക്കുമോ"

"സ്വമനസ്സാ തീക്കകത്തു ചെന്നു കയറുന്ന ആളിനു് പൊള്ളാതിരിക്കുവാൻ ദൈവത്തിൻെറ സഹായം ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. മററാരാൾ അയാളെ തീക്കകത്തുകൂടി വലിച്ചിഴച്ചു കൊണ്ടുപോകുന്ന പക്ഷം പൊള്ളലേക്കാതിരിക്കുവാൻ അയാൾക്കു ദൈവാനുഗ്രഹം കിട്ടി എന്നു വരാം. ഭരണങ്ങാനം കുമാരി രണ്ടാമതു പറഞ്ഞ വകുപ്പിലായിരിക്കും പെടുന്നതു്. അതായതു് സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടു് അവൾ ഒരു സിനിമാതാരമായിത്തീൻ എന്നു വിചാരിക്കാം" മേരിയുടെ മറുപടിയായിരുന്നു.

## വി. ആഗ്നസ്

ശരിയാണ്. അനേകം വിശുദ്ധകളുടെ ചരിത്രം ആ സത്യം നമ്മെ പഠിപ്പിക്കുന്നു. കന്യകയും രക്തസാക്ഷിണിയുമായ വി. ആഗ്നസ്സിൻെറ ചരിത്രം അത്ഭുതകരമായ ഒന്നാണ്. കേവലം പന്ത്രണ്ടു വയസ്സുമാത്രമുള്ളപ്പോഴാണ് അവൾ മതമർദ്ദകനായ ഡയോക്ലീഷ്യൻ ചക്രവത്തിയുടെ മുമ്പാകെ ആനയിക്കപ്പെട്ടതു്. ചക്രവത്തി അവളോടു് ആദ്യമായി കല്പിച്ചതു് മിനേർവാദേവിയുടെ ബലിപീഠത്തിങ്കൽ ധൂപം അർപ്പിക്കുന്നതിനായിരുന്നു. ആ ബാലിക സമ്മതിച്ചില്ല. ഉടൻതന്നെ അവളുടെ കാൽകരങ്ങൾ ബന്ധിച്ചു് അവളെ കഠോരമായ പീഡനങ്ങൾക്കു് വിധേയയാക്കി. അതു നിഷ്ഫലമായി എന്നു കണ്ടപ്പോൾ മററൊരു ക്രൂരകൃത്യത്തിനാണു പീഡകന്മാർ ഒരുങ്ങിയതു്. അനേകം ആളുകളുടെ മുമ്പിൽ വച്ചു് അവർ ആഗ്നസിൻെറ വസ്ത്രം ഉരിഞ്ഞുമാററി അവളെ നഗ്ന

യായി നിറുത്തി. ഉടൻ ദൈവത്തിൻെറ സഹായം അവൾക്കു ലഭിച്ചു. ജനക്കൂട്ടം അവളെ നോക്കുവാൻ കഴിവില്ലാതെ കണ്ണ് അവളിൽനിന്നും തിരിച്ചുകളഞ്ഞു.

പക്ഷേ അവരുടെ കൂട്ടത്തിൽ കാമാസക്തനായ ഒരു യുവാവുണ്ടായിരുന്നു. അവൻ കിട്ടിയ സമയം പാഴാക്കിയില്ല. അവൻ ആഗ്നസിൻെറ നഗ്നശരീരത്തിൽ ദൃഷ്ടികളുറപ്പിച്ചു. തൽക്ഷണം ഒരു മിന്നൽപ്പിണറാണ് അവൻെറ നയനങ്ങളിലേക്കു പ്രവഹിച്ചതു്. അവൻ അന്ധനായി നിലത്തു വീണുപോയി. അവൻെറ സ്നേഹിതന്മാർ ഭയപ്പെട്ടു് അവനെ സ്വഗൃഹത്തിലേക്കു എടുത്തുകൊണ്ടു പോകുകയും ചെയ്തു.

## വി. വേരെബർഗ്ഗാ

ഏഴാം നൂററാണ്ടിലെ ഒരു വിശുദ്ധ. സ്ററാഫോഡുഷയാർ എന്ന സ്ഥലത്തു് രാജദമ്പതികളിൽനിന്നുമാണ് അവൾ ഭൂജാതയായതു്. അവളുടെ മാതാവായ ഹെർമിനിൽഡാ രാജ്ഞിയും അവളുടെ മൂന്നു സഹോദരന്മാരും വിശുദ്ധരായി പരിഗണിക്കപ്പെടുന്നു. വേരെബർഗ്ഗായും ചെറുപ്പംമുതലേ സുകൃതങ്ങളിലാണ് തഴഞ്ഞിയതു്. ഒരു സന്യാസിനിയാകുവാൻ അവൾ ആഗ്രഹിച്ചു. എങ്കിലും, പ്രബലനെങ്കിലും ദുസ്സ്വഭാവിയായ ഒരു പ്രഭുവിനെ വിവാഹം ചെയ്യുവാൻ അവൾ നിർബ്ബന്ധിതയായി. വിഷയലമ്പടനായ പ്രഭുവും കന്യാവ്രതം ആഗ്രഹിച്ചിരുന്ന വേരെബർഗ്ഗായും തമ്മിൽ എന്നും ഒരു യുദ്ധത്തിനു വഴിതെളിച്ചു അതു്. ബലപ്രയോഗത്തെയും ഭീഷണിയേയും അവൾ വളരെ നാൾ ധൈര്യസമേതം എതിർത്തുനിന്നു. ദുഷ്ടനായ ആ പ്രഭുവിനെ മരണം അവസാനിപ്പിച്ചപ്പോൾ മാത്രമേ വേരെബർഗ്ഗാ സമാധാനജീവിതത്തിൻെറ രുചി ആസ്വദിച്ചുള്ളൂ. പിതാവിൻെറ സമ്മതംവാങ്ങി അവൾ ഒരു സന്യാസാശ്രമത്തിൽ ചേരുകയും ചെയ്തു.

## വി. അഗത്താ

മതപീഡകനായ ദേസ്യൂസ് ചക്രവർത്തിയുടെ കാലമായിരുന്നു അതു്. സിസിലിരാജ്യവും അന്നു റോമ്മാസാമ്രാജ്യത്തിൻ കീഴിലായിരുന്നു. ക്വിൻറാനസ് എന്നു പേരുള്ള ഒരു മനുഷ്യാധമനായിരുന്നു അവിടത്തെ ഗവർണർ. തൻെറ ഭരണസീമയിൽ അഗത്താ എന്ന പേരിൽ അതിസുന്ദരിയായ ഒരു യുവതി ജീവിക്കുന്നു എന്ന് അയാൾ കേൾക്കയുണ്ടായി. ആ കന്യകയെ എങ്ങനെയെങ്കിലും

വശീകരിക്കണമെന്ന് കരുതി അയാൾ ക്രിസ്ത്യാനികൾക്കെതിരായി കുറെ നിയമങ്ങൾതന്നെ സൃഷ്ടിച്ചു.

അഗത്താ ഒരു ക്രിസ്ത്യാനി എന്ന കാരണത്താൽ അറസ്റ്റു ചെയ്യപ്പെട്ടു. കിവിൻറാനസിൻെറ അധീനതയിൽ ആയപ്പോൾമുതൽ അഗത്തായെ വിവാഹം ചെയ്യുവാനുള്ള ശ്രമമായി അയാൾക്ക്. അഗത്താ സമ്മതിക്കയില്ലെന്നു കണ്ടപ്പോൾ അവളെ ദുഷ്ടയായ ഒരു സ്ത്രീയോടുകൂടി കാരാഗൃഹത്തിൽ ബന്ധിച്ചു. ഉദ്ദേശിച്ച ഫലമുണ്ടായില്ല. അതിനിഷ്ഠുരമായ മറെറാരു കൃത്യമാണ് അയാൾ ചെയ്തതു്. അഗത്തായുടെ സ്തനങ്ങൾ ഛേദിച്ചുകളയുവാൻ അയാൾ കല്പനകൊടുത്തു. സ്തനങ്ങൾ നഷ്ടീഭവിച്ച അഗത്തായെ കർത്താവുതന്നെ തൻെറ ദൂതനെ അയച്ചു സുഖപ്പെടുത്തി. പിന്നെയും അനേകം പീഡനങ്ങൾ സഹിക്കേണ്ടിവന്നു, ആ കന്യക. ഒടുവിൽ അവൾ പീഡകരുടെ കയ്യാൽത്തന്നെ മരണം പ്രാപിച്ചു.

കർത്താവു തൻെറ മണവാട്ടിയെ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്നു് പില്ക്കാലത്തു് ഏവൎക്കും ബോധ്യമായി. എററ്നാ എന്ന അഗ്നിപൎവ്വതം പൊട്ടി പ്രവഹിക്കുവാൻ തുടങ്ങുമ്പോൾ കൗനിയായിലെ ജനങ്ങൾ വി. അഗത്തായുടെ തിരുവസ്ത്രം പരസ്യമായി സ്ഥാപിച്ചു വണങ്ങുകയും ഇപ്രകാരം വലിയ വിപത്തിൽനിന്നും രക്ഷപ്രാപിക്കുകയും ചെയ്തുവരുന്നു. പുണ്യവതിയുടെ ശവക്കല്ലറ തുറന്നപ്പോൾ, അവളുടെ ശരീരം കേടുകൂടാതിരിക്കുന്നതായും അതിൽനിന്നും സുഗന്ധം പ്രസരിക്കുന്നതായും ജനങ്ങൾ കാണുകയുണ്ടായി.

## വി. ഡൊറോത്തി

മതപീഡനകാലത്തു് കേസറിയായിൽ ജീവിച്ചിരുന്ന ഒരു കന്യകയായിരുന്നു വി. ഡൊറേത്തി. അന്നു കേസറിയായിലെ ഗവർണർ സപ്രീച്ചിയൂസ് എന്നു പേരുള്ള ഒരു കാവ്യനായിരുന്നു. അയാൾ ഡൊറോത്തിയെ വരുത്തി ക്രിസ്തുമതം ഉപേക്ഷിക്കണമെന്നു ശഠിച്ചു. പക്ഷേ ഭീഷണിയൊന്നും ഫലപ്പെട്ടില്ല. മതത്യാഗിനികളായ രണ്ടു ദുഷ്ടസ്ത്രീകളുടെ പക്കൽ ഡൊറേത്തിയെ ഏല്പിച്ചുകൊടുത്തിട്ട് അവളെ ക്രിസ്തുമതത്തിൽനിന്നും വ്യതിചലിപ്പിക്കാമെങ്കിൽ അവൎക്കു വലിയ സമ്മാനങ്ങൾ നല്കുന്നതാണെന്നു് സപ്രീച്ചിയൂസ് വാക്കുപറഞ്ഞു. രണ്ടുപേരും ഭോഗസുഖങ്ങളിൽനിന്നും മനുഷ്യനു ലഭിക്കുന്ന സംതൃപ്തിയെപ്പററി ഡൊറോത്തിയോടു പ്രസംഗിക്കുവാൻ തുടങ്ങി. ഡൊറോത്തി വിരക്തജീവിതത്തിൻെറ മാഹാത്മ്യത്തെപ്പററി അവ

രോടും പറഞ്ഞു. ഒടുവിൽ മാനസാന്തരമുണ്ടായതു് ആ മതത്യാഗിനികാംക്കാണു്. ഇതറിഞ്ഞു് സപ്രീച്ചിയൂസ് കോപാക്രാന്തനായി: അവളുടെ മുഖത്തു് അടിക്കുവാനും ഇരുവശങ്ങളും ഇരുമ്പുതകിടുകൊണ്ടു ചുട്ടുപഴുപ്പിക്കുവാനും ആജ്ഞാപിച്ചു. പീഡനങ്ങൾ സഹിച്ചപ്പോൾ പുണ്യവതിയുടെ സന്തോഷം വർദ്ധിക്കയത്രേ ചെയ്തതു്. ശിരഛേദം ചെയ്യണമെന്നുള്ള വിധിതീർപ്പു വായിച്ചപ്പോൾ ആഹ്ലാദഭരിതയായി അവൾ ഉൽഘോഷിച്ചു. "ആത്മാവുകളെ സ്നേഹിക്കുന്ന ഈശോയെ, അങ്ങു വാഴ്ത്തപ്പെട്ടവനാകട്ടെ. അങ്ങു് എന്നെ പറദീസായിലേക്കും, അവിടത്തെ അവിവാഹശാലയിലേക്കും ക്ഷണിച്ചതിനാൽ അങ്ങു് വാഴ്ത്തപ്പെട്ടവനാകട്ടെ."

ലീലാമ്മ പറഞ്ഞു: "മതപീഡനകാലത്തു ജീവിച്ചിരുന്ന പല പുണ്യവതികളുടെ ചരിത്രം കേട്ടിട്ടുണ്ടു്. പല അപകടങ്ങളിൽനിന്നും അവർ അത്ഭുതകരമായി രക്ഷപ്പെട്ടു എന്നു കാണാം. അതുപോലെ, പണസമ്പാദനത്തിനുവേണ്ടി നാടകത്തിലോ സിനിമയിലോ അഭിനയിക്കുവാൻ പോകുന്ന ഒരു യുവതിയെ ദൈവം അത്ഭുതങ്ങൾ വഴിയായി സംരക്ഷിച്ചുകൊള്ളുമെന്നു കരുതാമോ? നമ്മുടെ ചുററുമുള്ള ലോകം തിന്മയുടെ ശക്തിയാൽ സ്ഥിതിചെയ്യുന്നു എന്നാണു് വി. യോഹന്നാൻ തൻെറ 1-ാം ലേഖനം 5-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതു്. വി. പൗലോസ് സ്വന്തം അനുഭവത്തിൽനിന്നും ചില പാഠങ്ങൾ നല്കുന്നുണ്ടു്. റോമ്മാക്കാർക്കുള്ള ലേഖനം 7-ാം അദ്ധ്യായം ഒന്നു വായിക്കുക. അവിടെ ഇങ്ങനെയെല്ലാം കാണുന്നു. 'ഞാൻ പ്രവർത്തിക്കുന്നതു ഞാൻ അറിയുന്നില്ല. ഞാൻ ഇഛിക്കുന്നതല്ല ഞാൻ ചെയ്യുന്നതു്. മറിച്ചു്, ഞാൻ ദ്വേഷിക്കുന്നതെന്തോ അതാകുന്നു ഞാൻ ചെയ്യുന്നതു്..........നന്മ ഇഛിക്കുക എനിക്കെളുപ്പമാകുന്നു; അതു പ്രവർത്തിക്കുവാൻ എനിക്കു കഴിയുന്നില്ല..........എൻെറ ബുദ്ധിയുടെ നിയമത്തോടു പോരാടുന്നതും, എൻെറ അവയവങ്ങളിലുള്ള പാപത്തിൻെറ നിയമത്തിനു് എന്നെ അടിമപ്പെടുത്തുന്നതുമായ വേറൊരു നിയമം എൻെറ അവയവങ്ങളിൽ ഞാൻ കാണുന്നു.'

# അദ്ധ്യായം 9

## സ്ത്രീകളും പുരുഷന്മാരും നിറഞ്ഞ ലോകം

"ഇതിൽനിന്നും ഞാൻ ഒരു നിഗമനത്തിലേക്കു വരികയാണു്. ദൈവം മനുഷ്യരെ സൃഷ്ടിച്ചു് പാപം നിറഞ്ഞ ഒരു ലോകത്തിലേക്കു് അയക്കുന്നു. അവയുടെ പ്രകൃതിതന്നെ പാപമാൎഗ്ഗത്തിലേക്കു ചരിഞ്ഞുമിരിക്കുന്നു. പുരുഷന്മാർ മാത്രമുള്ള ലോകം സന്ന്യാസമന്ദിരങ്ങളാണു്. സ്ത്രീകൾ മാത്രമുള്ള ലോകം സന്ന്യാസിനീമന്ദിരങ്ങളും. സ്ത്രീപുരുഷ സംസൎഗ്ഗംകൊണ്ടാണു് പാപം അധികരിക്കുന്നതു്. അതുകൊണ്ടു് ആത്മരക്ഷ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവർ സന്ന്യാസമന്ദിരങ്ങളിൽ അഭയം പ്രാപിക്കണം. അല്ലാത്തവർ എങ്ങനെയാണു രക്ഷപെടുക? പക്ഷേ, ലോകത്തിലുള്ളവരെല്ലാം സന്ന്യാസിനീസന്ന്യാസികളാകണമെന്നു ദൈവം കൽപ്പിക്കുന്നില്ല.

ഒരിക്കൽ ശിഷ്യന്മാർ കൎത്താവിനോടു പറഞ്ഞു: ഭൎത്താവും ഭാൎയ്യയും തമ്മിലുള്ള സ്ഥിതി ഇങ്ങനെ കഠിനമാണെങ്കിൽ വിവാഹം ചെയ്യുന്നതു നന്നല്ലല്ലോ എന്നു്. അപ്പോൾ അവിടുന്നു അരുളിച്ചെയ്തു: വരം ലഭിച്ചവരല്ലാതെ എല്ലാവരും ഇക്കാൎയ്യത്തിനു ശക്തരല്ല. മാതാവിൻെറ ഉദരത്തിൽനിന്നു ഷണ്ഡന്മാരായിത്തന്നെ ജനിക്കയാൽ അങ്ങനെ ഷണ്ഡന്മാരായവർ ഉണ്ടു്; മനുഷ്യർമൂലം ഷണ്ഡന്മാരായിത്തീൎന്ന ഷണ്ഡന്മാരുമുണ്ടു്; സ്വൎഗ്ഗരാജ്യത്തെക്കുറിച്ചു് തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിത്തീൎത്ത ഷണ്ഡന്മാരുമുണ്ടു്. സ്വീകരിക്കുവാൻ കഴിയുന്നവൻ സ്വീകരിക്കട്ടെ.

"ചുരുക്കം ചിലരെ മാത്രമേ ദൈവം സന്ന്യാസത്തിലേക്കു വിളിക്കുന്നുള്ളൂ എന്നാണല്ലോ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്. ഷണ്ഡന്മാരല്ലാത്ത ഭൂരിപക്ഷം ആളുകളുടെയും രക്ഷ സാധിക്കേണ്ടതിനു് ദൈവം എന്തു പ്രതിവിധി ചെയ്തിരിക്കുന്നു? ഒരു പ്രതിവിധി വിവാഹമാണെന്നു സമ്മതിക്കാം. ദൈവനിയമങ്ങൾക്കു വിധേയരായി വൈവാഹികകൎമ്മങ്ങൾ അനുഷ്ഠിക്കുന്നവൎക്കു് അതിനാൽത്തന്നെ രക്ഷയ്ക്കു മാൎഗ്ഗങ്ങൾ സുഗമമായിക്കൊള്ളും. എന്നാൽ അവിവാഹിതരായ അനേകം സ്ത്രീപുരുഷന്മാർ ലോകത്തിൽ ജീവിക്കുന്നുണ്ടു്. 1961-ൽ കേരളത്തിലെ സെൻസസ് എടുക്കയുണ്ടായല്ലോ. 10000 പുരുഷന്മാൎക്കു് 10108 സ്ത്രീകൾ ഉണ്ടെന്നു കണ്ടിരിക്കുന്നു. ഇവിടെ 10000 പുരുഷന്മാരും 10000 സ്ത്രീകളും തമ്മിൽ വിവാ

ഹം ചെയ്താലും 108 സ്ത്രീകളുടെ കാര്യം ഒരു പ്രശ്നമായിത്തീരുന്നു. അങ്ങനെ പല ഉടക്കുകളുണ്ട് ഈ പ്രശ്നത്തിൽ.

"അവിവാഹിതരായി ലോകത്തിൽ ജീവിക്കുന്നവർ പാപവഴിയിൽ ചരിക്കുന്നു എന്നാണൊരുവെപ്പ്. പക്ഷേ, അതൊരു യാഥാർത്ഥ്യമാണോ? ഒരു സ്ത്രീയും പുരുഷനും തമ്മിൽ കണ്ടുമുട്ടിയാലുടൻ അവരിൽ ദുർവികാരങ്ങളും അശുദ്ധചിന്തകളും ഇളകുമോ? 35-ാമത്തെ വയസ്സുമുതൽ പരിപൂർണ്ണബ്രഹ്മചര്യം അനുഷ്ഠിച്ചിരുന്ന ഒരു മഹാത്മാവായിരുന്നു ഗാന്ധിജി. മില്ലിഗ്രഹാം, ഒലിവ് സ്ക്രീനർ തുടങ്ങിയുള്ള യൂറോപ്യൻ വനിതകളും പല ഭാരതീയ മഹിളകളും അദ്ദേഹത്തോടൊന്നിച്ച് അദ്ദേഹത്തിൻെറ ആശ്രമത്തിൽ വസിച്ചിരുന്നു. അക്കാലത്ത് 'യംഗ് ഇൻഡ്യാ' പത്രത്തിൽ അദ്ദേഹം സ്ത്രീയെപ്പററി ഒരു ലേഖനവും എഴുതി. സ്ത്രീ മനുഷ്യൻെറ മാതാവാണെന്നാണ് അതിൽ അദ്ദേഹം സ്ഥാപിച്ചതു്. അന്നത്തെ രസകരമായ ഒരു ഭാഗം ഞാൻ ഉദ്ധരിക്കാം.

"സ്വാതന്ത്ര്യത്തിനു് അർഹയല്ല സ്ത്രീ" എന്നു മനുവിൻേറതായി പറയപ്പെടുന്ന പ്രമാണം അലംഘനീയമോ സർവ്വാദരണീയമോ ആണെന്നു് എനിക്കു തോന്നുന്നില്ല. ഭർത്താവു സ്വഭാവനിഷ്ഠയില്ലാത്തവനോ, ദുർമ്മാർഗ്ഗിയോ, നന്മയില്ലാത്തവനോ ആയിരുന്നാലും ഭാര്യ അയാളെ ദൈവമായി സ്വീകരിച്ചുകൊള്ളണമെന്നുള്ള അനുശാസനം എനിക്കു സ്വീകാര്യമല്ല. അഹിംസയുടെ അർത്ഥം നിസ്സീമമായ സ്നേഹം സഹനത്തിനുള്ള കഴിവ് എന്നാണെങ്കിൽ മനുഷ്യൻെറ മാതാവായ സ്ത്രീക്കല്ലാതെ മററാർക്കാണ് ഈ കഴിവ് ഏററം കൂടുതലുള്ളതു്?

"ഗാന്ധിജി ഇതര സ്ത്രീകളെ സ്വന്തം മാതാവിനെപ്പോലെ ബഹുമാനിക്കയും ആദരിക്കയും ചെയ്തതാണു അദ്ദേഹത്തിൻെറ വിജയരഹസ്യം. ഗാന്ധിജിയുടെ ചൈതന്യം മററു പുരുഷന്മാരിലേക്കും പകരുന്നപക്ഷം സ്ത്രീപുരുഷ സമ്പർക്കംമൂലമുളവാകുന്ന അപകടങ്ങൾ കുറയുമെന്നു് തീർച്ചയാണ്."

ലീലാമ്മയുടെ സുദീർഘമായ പ്രഭാഷണം വളരെ രസകരമായി തോന്നി മേരിക്കും രാജമ്മയ്ക്കും. സ്ത്രീപുരുഷ സംസർഗ്ഗത്തിൽ നിന്നുള്ള അപകടങ്ങൾ കുറയ്ക്കുവാൻ ഏററം പററിയ പദ്ധതി സ്ത്രീയും പുരുഷനും ഒരിടത്തുവച്ചും ഒന്നിച്ചുകൂടാതിരിക്കുക എന്നതാണോ? മേരി ഉദ്ധരിച്ച സംസ്കൃതശ്ലോകം ആ പദ്ധതി ആവിഷ്ക്കരിക്കുന്നതുപോലെ തോന്നുന്നു. അതു പ്രായോഗികമാണോ? ഒരു കുടുംബത്തിൽ അമ്മയും മകനുമുണ്ട്; സഹോദരനും സഹോ

ദരിയുമുണ്ട്; ഭാര്യയും ഭർത്താവുമുണ്ട്; യജമാനനും വേലക്കാരിയുമുണ്ട്; അമ്മായിഅപ്പനും മരുമകളുമുണ്ട്; ജേഷ്ഠത്തിയും അനുജനുമുണ്ട്; വേലക്കാരനും കൊച്ചമ്മയുമുണ്ട്."

രാജമ്മ പറഞ്ഞു: "എനിക്കു ചേച്ചിയുടെ അഭിപ്രായം വളരെ ഇഷ്ടപ്പെട്ടു. ലോകത്തിൽ ഏററം പരിപാവനമായ ബന്ധമാണ് അമ്മയും മകനും തമ്മിലുള്ളതു്. ലോകത്തിലുള്ള പുരുഷന്മാരെല്ലാം സ്ത്രീകളെ തങ്ങളുടെ മാതാക്കളായി കരുതുന്നെങ്കിൽ ലോകം സന്മാർഗ്ഗികമായി വളരെ ഉയർന്നൊരു നില പ്രാപിക്കുമായിരിക്കും. എന്നാലും എനിക്കൊരു സംശയം; തൊണ്ണൂറുകാരൻ എങ്ങനെ ഒരു ഒൻപതുകാരിയെ തൻെറ അമ്മയായി കരുതുമെന്നു്"

രാജമ്മയുടെ ചോദ്യം കേട്ടപ്പോൾ ലീലാമ്മ മിഴിച്ചിരുന്നുപോയി. ഗാന്ധിജി പറഞ്ഞതായതുകൊണ്ടു് ആ അഭിപ്രായം നന്നാണെന്നു ലീലാമ്മയ്ക്കു തോന്നി എന്നേയുള്ളൂ. അതുകൊണ്ടു, രാജമ്മയുടെ ചോദ്യത്തിനു മറുപടിയുണ്ടായില്ല. അവൾ നേരെ മേരിയുടെ പക്കലേക്കു തിരിഞ്ഞു: "സ്ത്രീയേയും പുരുഷനെയും വെവ്വേറെ മണ്ഡലങ്ങളിൽ നിറുത്തണമെന്നുള്ള അഭിപ്രായക്കാരിയാണ് അമ്മച്ചി. പക്ഷേ, അതു് ഇക്കാലത്തു പ്രായോഗികമാണോ? ഗാന്ധിജിയുടെ പദ്ധതി സ്വീകരിച്ചാൽ നന്നായിരിക്കുമെന്നു തോന്നുന്നു. അദ്ദേഹത്തിൻെറ കൂട്ടത്തിൽ ധാരാളം യൂറോപ്യൻ വനിതകളും ഭാരതീയ സ്ത്രീകളും ജീവിച്ചിരുന്നു. ഒരു മനുഷ്യരും അതേപ്പററി പഴിച്ചിട്ടില്ല. ഗാന്ധിജി ഇതര സ്ത്രീകളെ സ്വന്തം മാതാവിനെപ്പോലെ കരുതി എന്നതാണ് അദ്ദേഹത്തിൻെറ വിജയരഹസ്യമെന്നു് ചേച്ചി പറയുന്നു. ഞാൻ അതു സമ്മതിക്കുവാൻ തയ്യാറാണ്. എൻെറ ചോദ്യത്തിനു് അമ്മച്ചി എങ്ങനെ മറുപടി പറയും?"

"എൻെറ കുഞ്ഞേ, ആ ചോദ്യത്തിനു വളരെ എളുപ്പത്തിൽ മറുപടി പറയാം. മനുഷ്യാവതാരംചെയ്ത നമ്മുടെ കർത്താവ് നിത്യനായ ദൈവമാണല്ലോ. ആ ദൈവം വെറും ഒരു പതിനഞ്ചുകാരിയെ അമ്മയായി സ്വീകരിച്ചില്ലേ? അമ്മ എന്നു വിളിച്ചില്ലേ? പിന്നെ തൊണ്ണൂറുകാരൻെറ കഥ എന്തിനു പറയുന്നു? എന്നെക്കാൾ പ്രായംകൂടിയ ഒരാളെ മകനായി കരുതുവാൻ എനിക്കൊരു വിഷമവും തോന്നുന്നില്ല. ഞാൻ പ. കന്യകയുടെ കാര്യം ഓക്കും; അത്രമാത്രം. തൊണ്ണൂറുകാരനു് ഒരൻപതുകാരിയെ അമ്മയായി കരുതുവാൻ എന്താണു ബുദ്ധിമുട്ടു്? അയാൾ ദൈവപുത്രൻെറ കാര്യം ഓർത്താൽ മതിയല്ലോ.

"ഏററം നല്ല ബന്ധം അമ്മയും മകനും തമ്മിലുള്ളതാണെന്നു

ഞാൻ സമ്മതിക്കുന്നു. പക്ഷെ, പരസ്ത്രീകളെ അമ്മയായി കരുതി അവരുടെ വ്യക്തിത്വത്തെ ബഹുമാനിക്കുവാൻ തയ്യാറാകുന്നവർ ലോകത്തിൽ എത്രപേരുണ്ടാകും? 1961 ജൂൺ 2-ാംനു- മലബാർ ഹോട്ടലിൽവച്ചുണ്ടായ ഒരു സംഭവത്തെപ്പററി നിങ്ങൾ രണ്ടുപേരും കേട്ടുകാണുമല്ലൊ. മട്ടാഞ്ചേരി മജിസ്ട്രേട്ടും പോലീസ് സബ്ഇൻസ്പക്ടരുംകൂടി അർദ്ധരാത്രിയിൽ കൽക്കട്ടാക്കാരി ഒരു സ്ത്രീ താമസിച്ചിരുന്ന മുറിയിൽ എത്തി. തങ്ങൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ടും ഡി. എസ്. പി. യുമാണെന്ന് അവളുടെ മുമ്പിൽ അവർ പ്രഖ്യാപിച്ചു. അർദ്ധരാത്രിയിൽ അവിടെ ഉരുണ്ടുകയറിയതിനു കാരണം പറയണമല്ലൊ. സ്വർണ്ണം കടത്തിയിട്ടുണ്ടോ എന്നു പരിശോധിക്കുവാനാണ് തങ്ങൾ വന്നിരിക്കുന്നതെന്ന് അവർ പറഞ്ഞു. ഗവൺമെൻറിൻെറ അതിവിശ്വസ്തരായ ഉദ്യോഗസ്ഥന്മാർ! അവരെ ബഹുമാനിക്കാതിരിക്കുവാൻ ആർക്കു കഴിയും? പരിശോധന നടത്തിക്കൊള്ളുവാൻ ആ സ്ത്രീ സമ്മതിച്ചു. സ്വർണ്ണം പരിശോധിക്കുവാനെന്ന വ്യാജേന ആ മുറിക്കകത്തുകൂടി അവർ ഓടിനടന്നിട്ടു ആ സ്ത്രീയെത്തന്നെ പിടികൂടി; അവളുടെ വസ്ത്രം അഴിച്ചുമാററി. അപ്പോഴത്രെ ആ സ്ത്രീ മനസ്സിലാക്കിയതു്, ഏതു സ്വർണ്ണം തിരക്കിയാണ് ആ കള്ളന്മാർ ഇറങ്ങിയിരിക്കുന്നതെന്നു്. അവൾ ഉറക്കെ നിലവിളിച്ചു. നിലവിളി കേട്ട് അടുത്തമുറിയിലുണ്ടായിരുന്ന കൂട്ടുകാരി ഉണരുകയും അവൾ ഓടിവരികയും ചെയ്തു. തങ്ങൾ അപകടത്തിലായി എന്നു കണ്ട ഉടൻ, മജിസ്ട്രേട്ടും പോലീസ് ഇൻസ്പക്ടറുംകൂടി എങ്ങോട്ടോ ഓടിമറഞ്ഞുകളയുകയും ചെയ്തു.

"സത്യവും നീതിയും കാത്തുസൂക്ഷിക്കുന്നതിന് മാസംതോറും വമ്പിച്ച ഒരു തുക സർക്കാരിൽനിന്നും ശമ്പളംപററുന്ന രണ്ടുദ്യോഗസ്ഥന്മാരുടെ ചരിത്രമാണിതു്. മലയാളികൾ സാധാരണ എല്ലാ സ്ത്രീകൾക്കും അമ്മ എന്ന സ്ഥാനപ്പേരുകൊടുക്കുന്നു എന്നു വാദിക്കാമായിരിക്കും. അന്നമ്മ, മറിയമ്മ, ചിന്നമ്മ, ഏലമ്മ ഭഗീരഥിയമ്മ, കാർത്ത്യായനിയമ്മ, സരസമ്മ, തങ്കമ്മ, ഇങ്ങനെ പലതും, പക്ഷെ ഏട്ടിലപ്പടി പയററിലിപ്പടി എന്നൊരു സ്വാമിയാരു പണ്ടു പറഞ്ഞതുപോലാണു മലയാളികളുടെ പ്രവർത്തനം. പരസ്ത്രീകളെ അമ്മ എന്നു വിളിക്കുന്നുണ്ടെങ്കിലും സ്ത്രീകളോടു അടുക്കുമ്പോൾ കേരളീയർ തങ്ങളെത്തന്നെ മറന്നുപോകാറുണ്ടു്. അതിനാൽ സ്ത്രീയും പുരുഷനും തമ്മിൽ അടുക്കുവാനുള്ള സാഹചര്യങ്ങൾ പാപത്തിനു വഴിതെളിക്കുന്നതായി പരിഗണിക്കപ്പെടുന്നു. വിത്തുഭജി

വിതം നയിക്കുവാൻ ആഗ്രഹിക്കുന്നവർ, ഇതരവർഗ്ഗവുമായി അധികം അടുക്കാതിരിക്കുവാൻ ശ്രദ്ധയുള്ളവരായിരിക്കണമെന്ന് സന്മാർഗ്ഗശാസ്ത്രജ്ഞന്മാർ ഉപദേശിക്കുന്നുണ്ട്.

# അദ്ധ്യായം 10

## സ്ത്രീയേ കാണുന്നതു പാപമാണോ?

"ചില വിശുദ്ധന്മാർ ചെയ്യുതെന്തെന്നു ഞാൻ പറയാം. 4–ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ യോഹന്നാൻ എന്നു പേരുള്ള ഒരു വിശുദ്ധൻ ഈജിപ്റ്റിൽ ജീവിച്ചിരുന്നു. ഒരു മരപ്പണിക്കാരനായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. 25 വയസ്സുവരെ യോഹന്നാൻ അപ്പനെ സഹായിച്ചുകൊണ്ട് വീട്ടിൽ കഴിഞ്ഞുകൂടി. 25–ാമത്തെ വയസ്സിൽ ദൈവത്തെ സേവിക്കുവാനും സ്നേഹിക്കുവാനും ഉറച്ചുകൊണ്ട് അദ്ദേഹം ഈജിപ്റ്റിലെ ഒരു വനത്തിൽ പ്രവേശിച്ചു. അവിടെ അദ്ദേഹത്തിന് ഒരു ഗുരുവിനെകിട്ടി. ഗുരുവിനോടുകൂടി അദ്ദേഹം വളരെനാൾ ജീവിച്ചു. ശിഷ്യന്റെ അനുസരണാശീലം പരീക്ഷിക്കുവാൻ ഗുരു, വിവേകശൂന്യമെന്നുതോന്നിയേക്കാവുന്ന പല കല്പനകളും നൽകി. ഒരിക്കൽ പറയും: നീ ആ വലിയ കല്ലുരുട്ടി മലമുകളിലേക്കു കയറുക. യോഹന്നാൻ ഉടൻ അനുസരിക്കും. കല്ല് മുകളിൽ എത്തിക്കഴിയുമ്പോൾ, ഗുരു മറ്റൊരു കല്പനനൽകും: നീ അതു താഴെക്കു തള്ളിയിടുക.

ഇതു വിഢിത്തമാണല്ലോ എന്നൊന്നും യോഹന്നാൻ വിചാരിക്കാറില്ല. കല്പന അക്ഷരംപ്രതി അനുസരിക്കണമെന്നാണ് അദ്ദേഹത്തിന്റെ തത്വം. ചിലപ്പോൾ ഗുരുപറയും, കരിഞ്ഞു ചാമ്പലായി നിൽക്കുന്ന ഒരു വൃക്ഷത്തിനു വെള്ളമൊഴിക്കാൻ. സർവ്വാംഗം മുറിഞ്ഞവനു കെട്ടിത്തൂക്കിതാരയുണ്ടോ എന്നൊന്നും യോഹന്നാൻ ചോദിച്ചില്ല. ഗുരു കല്പിച്ചതുപോലെ അദ്ദേഹം വെള്ളമൊഴിച്ചു. ഇങ്ങനെ 16 കൊല്ലമാണ് ആ കർക്കശനായ ഗുരുവിന്റെ ശിഷ്യനായി യോഹന്നാൻ ജീവിച്ചതു്. പിന്നീട് അവിടെനിന്നും അദ്ദേഹം തനിയേ മറ്റൊരു കുന്നിന്റെ മുകളിലേക്കുകയറി. അവിടെ ഒരു ചെറുകുടിലുണ്ടാക്കി, അദ്ദേഹം അതിൽ താമസിച്ചു. 50 കൊല്ലത്തേയ്ക്കായിരുന്നു ആ ജീവിതം.

"ആ അമ്പതുകൊല്ലത്തെ അദ്ദേഹത്തിന്റെ ജീവിതം എങ്ങ

നെ ആയിരുന്ന എന്നും പറിക്കേണ്ടതുണ്ട്. ആ കുടിലിൽനിന്നും അദ്ദേഹം പുറത്തിറങ്ങാറില്ലായിരുന്നു. ദിവസത്തിൽ ഒരു പ്രാവശ്യമെ ഭക്ഷണമുള്ളൂ. അതു് ഏതോ ഒരു കനിയും. ഇക്കാലത്തിനിടയ്ക്കു് ഒററ സ്ത്രീയുടെപോലും മുഖം അദ്ദേഹം കണ്ടിട്ടില്ല. പുണ്യവതിയായ ഒരു സ്ത്രീ, തനിക്കു നഷ്ടപ്പെട്ട കാഴ്ചലഭിക്കുന്നതിനായി ഈ വിശുദ്ധനോടു പ്രാർത്ഥിച്ചു, അവളെ അഭിമുഖമായി കാണാതെ കാഴ്ച നൽകേണ്ടതു് എങ്ങനെയെന്നു് അദ്ദേഹം ചിന്തിക്കുവാൻതുടങ്ങി. ഒടുവിൽ അദ്ദേഹം അതിനൊരുവഴി കണ്ടുപിടിച്ചു. ഒരു സ്വപ്നത്തിൽ അദ്ദേഹം അവൾക്കു പ്രത്യക്ഷനായി, അവളെ സുഖപ്പെടുത്തി.

"മററുള്ളവരുടെ ഹൃദയരഹസ്യങ്ങൾ അറിയുവാനും, പ്രവചനങ്ങൾ നടത്തുവാനും, രോഗികളെ സുഖപ്പെടുത്തുവാനും, അദ്ദേഹത്തിനു കഴിയുമായിരുന്നു. പലതരത്തിലുള്ള ആളുകൾ ഇദ്ദേഹത്തിൻെറ പക്കൽ ഓടിക്കൂടുവാൻ തുടങ്ങി. എന്നാൽ ആഴ്ചയിൽ രണ്ടുപ്രാവശ്യം മാത്രമെ ആളുകളെ കാണുവാൻ അദ്ദേഹം സമ്മതിച്ചുള്ളൂ. ഒരു വാതായനത്തിലൂടെയാണു് ആളുകളുമായി അദ്ദേഹം സംഭാഷണം നടത്തിയിരുന്നതു്. ദീനക്കാർക്കായി എണ്ണ വാഴ്ത്തിക്കൊടുത്തും, ഭാവികാര്യങ്ങൾ പ്രവചിച്ചുകൊണ്ടുമാണു് അദ്ദേഹം ആഗതരെ സഹായിച്ചിരുന്നതു്. 394-ലാണു് അദ്ദേഹത്തിൻെറ മരണം

## വി. അല്ലേശ്

"നാലാം നൂററാണ്ടിൻെറ അന്ത്യഘട്ടത്തിൽ ജീവിച്ചിരുന്ന മറെറാരു വിശുദ്ധനാണു് വി. അല്ലേശ്". സ്ത്രീയോടുകൂടിയുള്ള ജീവിതം വിശുദ്ധിക്കു് യോജിച്ചതല്ലെന്നു് അദ്ദേഹം കരുതി. അതിനാൽ വിവാഹത്തിനു് അദ്ദേഹത്തിനു സമ്മതമില്ലായിരുന്നു. എങ്കിലും ധനികരായ മാതാപിതാക്കന്മാരുടെ ഏക സന്താനമായിരുന്നതിനാൽ വിവാഹത്തിൽനിന്നും ഒഴിയുവാൻ അദ്ദേഹത്തിനു സാദ്ധ്യമായില്ല. മാതാപിതാക്കന്മാരുടെ ആഗ്രഹമനുസരിച്ചു അദ്ദേഹം വിവാഹം കഴിച്ചു. പക്ഷെ കല്യാണംകഴിഞ്ഞ അന്നുരാത്രിതന്നെ അദ്ദേഹം റോമാനഗരത്തിൽനിന്നും കടന്നുകളഞ്ഞു. കുറെ പണവുമായിട്ടാണു് അദ്ദേഹം സ്വദേശം വിട്ടതു്. കൈവശമുണ്ടായിരുന്നതെല്ലാം വഴിക്കുവെച്ചുതന്നെ അദ്ദേഹം സാധുക്കൾക്കായി നൽകി. അല്ലേശ് ഏദേസ്സാ പട്ടണത്തിൽ എത്തിയപ്പോൾത്തന്നെ ഒരു ദരിദ്രനായിത്തീർന്നിരുന്നു.

"17 സംവത്സരക്കാലത്തേക്ക് ഏദേസ്സായിലുള്ള ഒരു ദേവാലയത്തിൻെറ പടിവാതിൽക്കൽ ഇരുന്ന് ഭിക്ഷയാചിച്ചാണ് അദ്ദേഹം അഹോവൃത്തി കഴിച്ചുവന്നതു്. ഒരു വിശുദ്ധൻ തങ്ങളുടെ ദേശത്തു വസിക്കുന്നുയെന്ന് ഏദേസ്സാക്കാർ അറിഞ്ഞുതുടങ്ങുകയും അദ്ദേഹത്തെ ബഹുമാനിക്കുവാൻ അവർ സന്നദ്ധരാകയും ചെയ്തു. തൻെറ രഹസ്യം പരസ്യമാകുമെന്ന ഭയപ്പെട്ട് അദ്ദേഹം അവിടെനിന്നും താർസൂസിലേക്കു കപ്പൽ കയറി. എങ്കിലും എതിർകാററടിച്ച് കപ്പൽ റോമ്മാത്തുറമുഖത്താണ് വന്നുചേർന്നതു്. ദൈവതിരുമനസ്സ്, താൻ സ്വന്തം ജന്മനാട്ടിൽത്തന്നെ വസിക്കണമെന്നാണെന്നു മനസ്സിലാക്കി, അദ്ദേഹം കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ചു ഒരു ഭിക്ഷുവിനെപ്പോലെ റോമൻ തെരുവീഥികളിൽക്കൂടി ഭിക്ഷയാചിച്ചുനടന്നു. നാട്ടുകാരിൽ ആരുംതന്നെ അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ല.

"സ്വന്തം മാതാപിതാക്കന്മാർ അല്ലേശിനു്, ഭിക്ഷകഴിഞ്ഞു കയറിക്കിടക്കുവാൻ ഒരു സ്ഥലമനുവദിച്ചു, സ്വന്തം കൊട്ടാരവളപ്പിൻെറ ഒരു മൂലതന്നെ. വൈകുന്നേരത്തെ ഭക്ഷണവും അവിടെനിന്നും ലഭിച്ചുവന്നു. അതേ സമയം അദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ പുത്രനെ അന്വേഷിച്ച് രാജ്യത്തിൻെറ അതിർത്തികളിലേക്ക് ഭൃത്യന്മാരെ അയച്ചുകൊണ്ടുമിരുന്നു. പുത്രനെ കണ്ടുകിട്ടാത്തതിലുള്ള ദുഃഖമനുഭവിക്കുന്ന മാതാപിതാക്കന്മാരെയും വിരഹദുഃഖമനുഭവിക്കുന്ന സ്വന്തം ഭാര്യയേയും അദ്ദേഹം അവിടെ എന്നും കാണുകയുണ്ടായി. എന്നിട്ടും അദ്ദേഹം സ്വയം വെളിപ്പെടുത്തിയില്ല. 17 കൊല്ലം അല്ലേശ് സ്വന്തം ഭവനത്തിൽ ഒരു യാചകനായിട്ടു തന്നെ ജീവിച്ചു. ഒരു യാചകനായിട്ടുതന്നെ മരിക്കയും ചെയ്തു.

"ശവം മറവുചെയ്യാൻവേണ്ടി ഒരുക്കിയവർ ഭിക്ഷുവിൻെറ കീശയിൽ ഒരെഴുത്തു കണ്ടുപിടിച്ചു. അതു വായിച്ചുനോക്കിയപ്പോഴല്ലെ കാര്യങ്ങൾ വെളിപ്പെട്ടതു്. സ്വന്തം പുത്രനോട് ഒരു യാചകനോടെന്നവണ്ണം 17 കൊല്ലം പെരുമാറിക്കൊണ്ടിരുന്ന മാതാപിതാക്കന്മാക്ക് അന്ന് രണ്ടുവിധത്തിൽ ദുഃഖമുണ്ടായി. ഭർത്താവിൻെറ തിരിച്ചുവരവുപാർത്തിരുന്ന ഭാര്യ പെട്ടന്നാണറിഞ്ഞതു്, താനൊരു വിധവയായി തീൎന്നുവെന്നു്. എങ്കിലും അവരുടെ ദുഃഖത്തിന് മറുവശത്തുനിന്നും ഒരാശ്വാസം ലഭിച്ചു. തങ്ങളുടെ പുത്രൻ ഒരു വലിയ വിശുദ്ധനായിത്തീൎന്നിരിക്കുന്നു എന്ന സന്തോഷം മാതാപിതാക്കൾക്ക്, ഏററം വലിയ ത്യാഗമാണു താൻ അനു

ഷ്ടിക്കേണ്ടി വന്നതെങ്കിലും, തൻെറ ഭർത്താവു് ഒരു പുണ്യവാനായി ത്തീൎന്ന എന്നുള്ള സന്തോഷം ഭാൎയ്യക്കു്. അല്ലേശ് അത്യുദ്വാസം വലിച്ചപ്പോൾ മുതൽ അത്ഭുതങ്ങൾ ആരംഭിച്ചു. അദ്ദേഹം മുട്ടിന്മേൽനിന്നുകൊണ്ടു് മരിച്ചു എന്നാണു് ഐതിഹ്യം.

മേരിയുടെ ചാരിത്രികജ്ഞാനത്തിൽ ലീലാമ്മ അത്ഭുതപ്പെട്ടുപോയി. എങ്കിലും ക്ഷമയററു് അവൾ പറഞ്ഞു: "ഇതു നിറുത്തെൻെറ മേരി: എൻെറ തല ചെകിടിക്കുന്നു. സ്ത്രീകളെ കാണാതെ ജീവിക്കുവാൻ ശ്രമിക്കുന്നവർ ഭോഷന്മാരാണെന്നാണു് എൻെറ പക്ഷം. പുരുഷന്മാർ വല്ലവരും ഗർഭംധരിച്ചു് പ്രസവിക്കാറുണ്ടോ? ലോകത്തിൽ ജനിക്കുന്നവരെല്ലാം സ്ത്രീയുടെ ഉദരത്തിൽനിന്നേവരു. അവളുടെ കൈയ്യിൽ ഇരിക്കയോ അവളുടെ മുലകുടിക്കയോ ചെയ്യാത്ത മനുഷ്യർ ഏതുണ്ടു്. സ്ത്രീയുടെ മടിയിൽ ഇരുന്നു വളരുന്ന ഒരാൾ സ്ത്രീയെ കാണുന്നതുതന്നെ പാപമാണെന്നു പറയുന്നെങ്കിൽ, അയാളുടെ വിഢിത്തത്തിനു് അതിരില്ലെന്നു് ഞാൻ പറയും.

"പരിപൂൎണ്ണത പ്രാപിക്കുവാൻവേണ്ടിവനത്തിൽ തപസ്സു് ചെയ്യാൻ പോയ ഈജിപ്തിലെ വി. യോഹന്നാൻെറ പ്രവൃത്തി ക്ഷന്തവ്യമാണു്. 25 വയസ്സു വരെ അപ്പനെ മരപ്പണിയിൽ സഹായിച്ചിട്ടു്, പിന്നെ, അദ്ദേഹം വേറൊരു മണ്ഡലത്തിലേക്കു് പ്രവേശിച്ചു. പരിപൂൎണ്ണത ആഗ്രഹിച്ചതിനാൽ മററു മനുഷ്യരുമായുള്ള സമ്പർക്കം അദ്ദേഹം ഉപേക്ഷിച്ചു. കലാകാരന്മാർ അവരുടെ കലാപോഷണത്തിനുവേണ്ടിയും, ശാസ്ത്രജ്ഞന്മാർ ഗവേഷണങ്ങൾക്കുവേണ്ടിയും സാഹിത്യകാരന്മാർ ഗ്രന്ഥങ്ങൾ രചിക്കുന്നതിനുവേണ്ടിയും വിവാഹം വേണ്ടെന്നുവച്ചതായി എനിക്കറിയാം. ന്യൂട്ടൺ ലോക്കോലെയിബ്നിററ്സ്, ബോയിൻ, ഹോബിസ്, ഹ്യൂം, ഗിബ്ബൺസ്, ആഡംസ്മിത്തു്, മൈക്കൾ ആഞ്ചലോ തുടങ്ങിയുള്ള കലാകാരന്മാരും, ശാസ്ത്രജ്ഞന്മാരും, സാഹിത്യകാരന്മാരും അവിവാഹിതരായിട്ടാണു് ജീവിതം കഴിച്ചതു്. അതുപോലെ പുണ്യപൂൎണ്ണതയ്ക്കുവേണ്ടി അവിവാഹിതരായി ജീവിച്ചിട്ടുള്ളവരും ജീവിക്കുന്നവരും ധാരാളമുണ്ടു് ലോകത്തിൽ.

"ഈജിപ്തിലെ വി. യോഹന്നാൻ വിവാഹം കഴിച്ചില്ല എന്നതു് അത്ഭുതമല്ല. 50 വർഷക്കാലത്തേക്കു് അദ്ദേഹം യാതൊരു സ്ത്രീയേയും കാണാതെ ജീവിച്ചു എന്നതും ഒരത്ഭുതമല്ല. പക്ഷെ, തൻെറ വനവാസത്തിനിടക്കു് പുരുഷസന്ദൎശകന്മാരെയെല്ലാം കാണുകയും സ്ത്രീസന്ദൎശകരെയെല്ലാം അദ്ദേഹം ഓടിക്കയുമാണു് ചെയ്തതെങ്കിൽ അദ്ദേഹത്തിൻെറ പ്രവൃത്തി നീതീകരിക്കത്തക്കതാണോ

എന്നു സംശയമുണ്ട്. എല്ലാത്തരം സന്ദർശകന്മാരും ഏകാന്തത ആഗ്രഹിക്കുന്നവരെ തടസ്സപ്പെടുത്തും. അതിൽ പുരുഷന്മാരെന്നോ സ്ത്രീകളെന്നോ ഭേദമില്ല. വി. യോഹന്നാൻ ആഴ്ചയിൽ രണ്ടുപ്രാവശ്യം സന്ദർശകന്മാരെ സ്വീകരിച്ചിരുന്നുവെന്നും ഒരു വാതായനത്തിലൂടെ അവരോടു സംസാരിച്ചു എന്നും മേരി പറയുന്നു. അവരുടെ കൂട്ടത്തിൽ സ്ത്രീകളാരും ഉണ്ടായിരുന്നില്ലെന്നു കരുതണമൊ? സന്ദർശകർ രോഗികളായിരുന്നില്ലെ? അദ്ദേഹം പുരുഷന്മാരെ സുഖപ്പെടുത്തുകയും സ്ത്രീകളെ വ്യഥാ അയക്കുകയും ചെയ്തു എന്നു വിശ്വസിക്കുവാൻ നിവൃത്തിയില്ല. അദ്ദേഹം ഇരുകൂട്ടർക്കും കഴിയുന്ന സേവനം ചെയ്തു എന്നു വിചാരിക്കുന്നതാണ് അദ്ദേഹത്തിൻെറ പരിപൂർണ്ണതക്ക് ഏററം അനുയോജ്യം.

"ഇനി വി. അല്ലേശിൻെറ ചരിത്രത്തിലേക്കു കടക്കാം. വിവാഹം വേണ്ടെന്ന് അദ്ദേഹം വിചാരിച്ചതു് ഒരു തെററല്ല. പക്ഷെ, സഭയുടെ മുമ്പിൽവച്ചു വിവാഹിതനായ അന്നുതന്നെ ഭാര്യയെ ഉപേക്ഷിച്ചിട്ട് കടന്നുകളഞ്ഞതു് പരിപാവനമായ ഒരു കൂദാശയുടെ അവഹേളിക്കലായിരുന്നില്ലെ? ഭാര്യയുടെ മുഖത്തു് ഒന്നു നോക്കുവാൻപോലും കഴിയുകയില്ലാഞ്ഞിട്ടാണ് അദ്ദേഹം ഓടിക്കളഞ്ഞതെങ്കിൽ അദ്ദേഹത്തിൻെറ ചരിത്രം പുന:പരിശോധന ചെയ്യേണ്ടിയിരിക്കുന്നു. ഇപ്പോൾ 23–ാം ജോൺപാപ്പായുടെ കാലമാണ്. വി. ഫിലോമിനായുംമററും കർട്ടനു പുറകിൽ മറഞ്ഞുപോയതുപോലെ വി. അല്ലേശിൻെറ കാര്യവും പൊടിഞ്ഞുപോയേക്കും"

വി. അല്ലേശിനോടു പ്രത്യേക ഭക്തിയുള്ള ആളാണു മേരി. വി. അല്ലേശിനെപ്പോലെ, വിവാഹത്തോടു താല്പര്യമുണ്ടായിരുന്നില്ല മേരിക്കും. നിർഭാഗ്യവശാൽ വിവാഹിതയായി. എന്നാലും ഒരു കന്യകയായി ജീവിക്കുവാനാണ് തീവ്രമായ ആഗ്രഹം. വി. അല്ലേശിനെപ്പോലെ ഒളിച്ചോടാൻ ശ്രമിച്ചുവെങ്കിലും സാദ്ധ്യമായില്ല. അന്നുമുതൽ വി. അല്ലേശിനോടുള്ള ഭക്തിയിൽ മേരി വളന്നു. അദ്ദേഹം വിശുദ്ധന്മാരുടെ പട്ടികയിൽനിന്നു മാററപ്പെട്ടേക്കുമെന്നുള്ള കാര്യം ഓക്കാൻകൂടി വയ്യമേരിക്ക്. അതുകൊണ്ടു പറഞ്ഞു: "വി. ഫിലോമിനായെപ്പററി ഇപ്പോൾ പ്രചരിച്ചിരിക്കുന്ന ചരിത്രം സംശയാസ്പദമാണെന്നാണ് കോൺഗ്രിഗേഷൻെറ വിധി. വി. അല്ലേശിൻെറ ചരിത്രത്തെപ്പററി ആക്കും സംശയമില്ല.

ലീലാമ്മക്ക് അല്ലേശിൻെറ ചരിത്രത്തെപ്പററി ആയിരുന്നില്ല സംശയം. അവർ പറഞ്ഞു: "വി. അല്ലേശിൻെറ ചരിത്രം ശ

രിയാണെന്നു ധരിച്ചുകൊണ്ടാണു ഞാൻ വാദിക്കുന്നതു്. ആരാണു് ഒരു വിശുദ്ധൻ, ദൈവത്തിന്റെ വഴികളിൽ പരിപൂർണ്ണത പാലിക്കുന്നവനല്ലെ? അല്ലേശിനെ ദൈവം വിവാഹത്തിലേക്കു നയിച്ചു. എന്നാൽ അല്ലേശ് ദൈവത്തേയും ഒരു പാവപ്പെട്ട പെൺകുട്ടിയേയും കബളിപ്പിച്ചിട്ടു് അതിൽനിന്നും ഓടിക്കളകയല്ലേ ചെയ്തതു്? പരിപൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നവൻ വിവാഹം ചെയ്തുകൂടെന്നു് ഒരിടത്തും പറഞ്ഞിട്ടില്ല. വിശുദ്ധന്മാരുടെ പട്ടികയിൽ വിവാഹിതരായ അനേകംപേരുടെ പേരുകൾ കാണുന്നുണ്ടു്. വി. യൗസേപ്പും പരിശുദ്ധ മറിയവുമാണു് ആദ്യത്തെ പേരുകൾ. പിന്നെന്തുകൊണ്ടു് വിവാഹജീവിതത്തിൽ ഉറച്ചു നിന്നുകൊണ്ടു് അല്ലേശ് ഒരു വിശുദ്ധനാകുവാൻ ശ്രമിച്ചില്ല?

വി. അല്ലേശ് തന്റെ ഔദ്യോഗിക കടമകൾ ശരിയായി നിർവ്വഹിച്ചില്ല എന്നാണു ലീലാമ്മയുടെ വാദം. മാതാപിതാക്കന്മാരെ ബഹുമാനിക്കണമെന്നതു നാലാം പ്രമാണമാണു. അല്ലേശ് മാതാപിതാക്കന്മാരുടെ ഏകസന്താനമായിരുന്നു. വാർദ്ധക്യകാലത്തു് അവരെ സംരക്ഷിക്കുന്നതിനു പകരം പരിപൂർണ്ണതയുടെ പേരിൽ വീട്ടിൽനിന്നും ഒളിച്ചോടി മാതാപിതാക്കന്മാരെ തീരാദുഃഖത്തിൽ ആഴ്ത്തിയതു് എങ്ങനെ നീതീകരിക്കാം? വിവാഹത്തിൽ പുരുഷന്റെ ശരീരം സ്ത്രീയുടെ അവകാശമായിത്തീരുന്നു. അല്ലേശിന്റെ വിവാഹത്തിലും അതുതന്നെ സംഭവിച്ചിരിക്കണമല്ലോ. ആ അല്ലേശ് വിവാഹംകഴിഞ്ഞ ആ രാത്രിയിൽത്തന്നെ ഒളിച്ചോടി ആ സ്ത്രീയിൽനിന്നും വേർപെട്ടതു് ശരിയായോ?

മേരി ആ പ്രശ്നത്തെപ്പററി ഗാഢമായി ചിന്തിച്ചു; എന്നിട്ടു് ഒററചോദ്യം: ലീലാമ്മക്കു് വി. മത്തായിയുടെ സുവിശേഷം 19-ാം അദ്ധ്യായം 29-ാം വാക്യത്തിൽ എന്തു പറയുന്നു എന്നറിയാമോ?"

"വി. മത്തായിയുടെ സുവിശേഷം 19-ാം അദ്ധ്യായം വിവാഹബന്ധത്തിന്റെ അഭേദ്യതയെപ്പററി പ്രതിപാദിക്കുന്നു എന്നാണു് എന്റെ ഓർമ്മ. 29-ാം വാക്യം അതിനോടു ബന്ധപ്പെട്ട ഏതെങ്കിലും ഒന്നായിരിക്കും."

"അങ്ങനെയല്ല 29-ാം വാക്യം ഞാൻ ഉദ്ധരിക്കാം: എന്റെ നാമം നിമിത്തം വീടുകളെയൊ, സഹോദരന്മാരെയൊ, സഹോദരികളെയൊ, അപ്പനെയൊ, അമ്മയെയൊ, ഭാര്യയെയൊ, മക്കളെയൊ, നിലങ്ങളെയൊ ഉപേക്ഷിക്കുന്ന ഏവനും ഒന്നിനു നൂറായി ലഭിക്കും; നിത്യജീവനെ അവൻ അവകാശപ്പെടുത്തുകയും

ചെയ്യും. ഇനി വി. അല്ലേശ് ചെയ്തതെന്താണെന്നു ആലോചിക്കൂ. നമ്മുടെ കത്താവിനെപ്രതി അദ്ദേഹം വീടിനെയും അപ്പനെയും, അമ്മയെയും, ഭായ്യയെയും, നിലങ്ങളെയും ഉപേക്ഷിച്ചു. അതുകൊണ്ടു് അദ്ദേഹം ഒരു വിശുദ്ധനായി. അദ്ദേഹത്തിൻെറ പ്രവൃത്തികളെ നീതീകരിക്കാതിരിക്കുവാൻ ഇനി ആക്കെങ്കിലും കഴിയുമൊ?

ലീലാമ്മ വിഷണ്ണയായി. രാജമ്മയുടെ സന്തോഷം വർദ്ധിച്ചു. അവരം ഭയപ്പെട്ടുകയായിരുന്നു, വി. ഫിലോമിനാ വിശുദ്ധന്മാരുടെ പട്ടികയിൽനിന്നു നിഷ്ക്രമിച്ചതുപോലെ വി. അല്ലേശും തകരുമോ എന്നു്. ലീലാമ്മയുടെ യുക്തി അത്ര അജയ്യമായി തോന്നിയിരുന്നു അവരക്കു്. പക്ഷേ മേരി തൻെറ ഉദ്ധരണി അവസാനിപ്പിച്ചപ്പോരം രാജമ്മ പറഞ്ഞു: "വി. അല്ലേശിനുവേണ്ടിയുള്ള അമ്മച്ചിയുടെ വക്കാലത്തു ന്യായശതമാനം ജയിച്ചിരിക്കുന്നു. എൻെറ അഭിനന്ദനങ്ങരം, ഞാൻ വിചാരിച്ചു ചേച്ചി അല്ലേശിനെ വിശുദ്ധന്മാരുടെ പട്ടികയിൽനിന്നും എടുത്തു ദൂരെ എറിയുമെന്നു്. പള്ളിയിൽനിന്നു് പറയുന്നതും പ്രവത്തിക്കുന്നതും എല്ലാം ശരിയാണെന്നു് ഞാൻ ഇതുവരെയും ധരിച്ചിരുന്നു. എന്നാൽ ഫിലോമിനാസംഭവം കഴിഞ്ഞതിനുശേഷം എല്ലാത്തിലും ഒരു സംശയമാണു്."

മേരിയുടെ മറുപടി: "അങ്ങനെ സംശയിക്കണേതെന്തിനു്? ഒരിക്കൽ പുണ്യവതി എന്നു പ്രഖ്യാപനം ചെയ്യപ്പെട്ട ഒരാരം പുണ്യവതിയേ അല്ലെന്നുള്ള പ്രഖ്യാപനമല്ല ഉണ്ടായിട്ടുള്ളതു്. ഫിലോമിനാ എന്ന പേരിൽ ഒരു വേദസാക്ഷിണിയെ ജനങ്ങരം ബഹുമാനിക്കുവാൻ തുടങ്ങി. ആ വിശുദ്ധയുടെ ചരിത്രം ഒരു വെളിപാടുമൂലം ലഭിച്ചു എന്നാണു് ഐതിഹ്യം. ആ ചരിത്രമാണു് കഥാകാലക്ഷേപക്കാരും ചരിത്രകാരന്മാരും സ്വീകരിച്ചിരുന്നതു്. തിരുസ്സഭ ഇക്കാലംവരെ അതെപ്പററി പഠനം നടത്തിക്കൊണ്ടിരിക്കയായിരുന്നു. അതിൻെറ ഫലം ഇക്കൊല്ലമാണു പ്രഖ്യാപനം ചെയ്തതു്. പ്രഖ്യാപനത്തിൽ ഫിലോമിന വിശുദ്ധ അല്ലെന്നല്ല പറഞ്ഞിരിക്കുന്നതു്. ഫിലോമിന എന്ന നാമത്തിൽ ഇതുവരേയും വണങ്ങപ്പെട്ടിരുന്ന ബാലവിശുദ്ധയുടെ പേരു് ഫിലോമിനായാണെന്നു തെളിയുന്നില്ല. വെളിപാടുമൂലം സിദ്ധിച്ചു എന്നു പറയുന്ന ചരിത്രം വിശ്വാസയോഗ്യമല്ല. അതുകൊണ്ടു് ഫിലോമിനാ എന്ന പേരിലും പ്രചരിച്ചിരിക്കുന്ന ചരിത്രത്തിനു് അടിസ്ഥാനമായും ഒരു വിശുദ്ധയില്ല. അതാണു തിരുസംഘത്തിൻെറ വിധി. ഒരു വി

ദ്ധയുടെ പേരിൽ അനേകം അത്ഭുതങ്ങൾ നടന്നിട്ടുണ്ടെന്നുള്ളതു് ഒരു വാസ്തവംതന്നെ. ആ വിശുദ്ധയുടെ പേരെന്തെന്നും അവളുടെ ചരിത്രമെന്തെന്നും ഇനി അറിയേണ്ടതായിട്ടാണിരിക്കുന്നതു്. ആ വിശുദ്ധയുടെ പേരും ചരിത്രവും പുറത്തു വരുമ്പോൾ ഇന്നത്തെ വി. ഫിലോമിനായുടെ നാമത്തിലുള്ള ദേവാലയങ്ങളെല്ലാം ആ പുതിയപേരിലേക്കു മാററം ചെയ്യും."

ആ വാദഗതി ലീലാമ്മയെ മാനസാന്തരപ്പെടുത്തിയില്ല. അവൾ പറഞ്ഞു: "മാമ്മോദീസായുടെ അവസരത്തിൽ നൽകുന്ന പേരുതന്നെയും മുമ്പിലത്തെ ഒപ്രുശുമായുടെ ഘട്ടത്തിൽ മാററാമെന്നുണ്ടു്. സഭാ പ്രവേശനം നടത്തുമ്പോഴും പേരുമാററലുണ്ടാകാറുണ്ടു്. കുമ്മലീത്താ സന്ന്യാസിനീ സന്ന്യാസികളുടെ പേരുകൾ ഉദാഹരണത്തിനെടുക്കാം. പേരിൽ മാററംവന്നു എന്നുവച്ചു് ആളു മാറണമെന്നുമില്ല. ഇവിടെ ഫിലോമിനാ എന്നപേരിൽ നാം ഒരു പുണ്യവതിയെ ബഹുമാനിച്ചിരുന്നു. ആ വിശുദ്ധയുടെ യഥാർത്ഥത്തിലുള്ള പേരു് കാതറൈൻ എന്നോമറെറാ ആയിക്കൊള്ളട്ടെ. എങ്കിലും അവൾ അറിയപ്പെട്ടിരിക്കുന്നതു് ഫിലോമിനാ എന്ന പേരിലാണു്. അതുകൊണ്ടു് യഥാർത്ഥമല്ലാത്ത ആ പേരു നീക്കം ചെയ്യേണ്ടതായി വന്നു"

## വി. ഫിലോമിന

"1961-ൽ ഒരു കൊട്ടങ്കാററുതന്നെ ഇളക്കിവിട്ട സംഭവമാണു് വി. ഫിലോമിനായുടെ മേലുള്ള നടപടി, നിരീശ്വരന്മാരും കത്തോലിക്കാ മതവിദ്വേഷികളും ഇതിൽനിന്നും മുതലെടുക്കുന്നു എന്നു മാത്രമല്ല ഉറച്ച വിശ്വാസികളുടെ ഇടയിൽപോലും അതൊരു ചിന്താക്കുഴപ്പം സൃഷ്ടിക്കയുണ്ടായി. പല വിശുദ്ധന്മാരുടെ ചരിത്രത്തിലും കുറെ ഐതിഹ്യങ്ങളും കെട്ടുകഥകളും കണ്ടു എന്നു വരാം. അക്കാരണത്താൽ ആ വിശുദ്ധക്കു് ആസ്തിത്വമേ ഇല്ലെന്നു് ആരും വാദിക്കാറില്ല. 19-ാം നൂററാണ്ടിൽ വെളിച്ചത്തേക്കു വന്ന ഒരു ബാലവിശുദ്ധയുണ്ടു്. അവളുടെ ചരിത്രം എന്തെങ്കിലുമായിക്കൊള്ളട്ടെ. പേരിനും വലിയ പ്രാധാന്യം കല്പിക്കുന്നില്ല. എങ്കിലും ഫിലോമിന എന്ന പേരിലാണു് അവൾ പരക്കെ അറിയപ്പെട്ടിട്ടുള്ളതു്. അവൾമൂലം അനേകം അത്ഭുതങ്ങൾ നടന്നു കഴിഞ്ഞുവെന്നു് ലോകം സമ്മതിക്കും. കമ്മീഷൻ അന്വേഷണങ്ങൾ നടത്തിയതു് തെററല്ല. പക്ഷെ ആ അജ്ഞാത ബാല വിശുദ്ധയുടെ പേരും ചരിത്രവും ശരിയായിട്ടറിയുന്നതുവരെ ജനഹൃദയങ്ങ

ളിൽ പ്രതിഷ്ഠിക്കപ്പെട്ട ഫിലോമിനായെ അവർ ഉളക്കരുതായിരുന്നോ.

മേരി പറഞ്ഞു: ലീലാമ്മയുടെ അഭിപ്രായമാണ് എനിക്കും ഉള്ളതു്. പക്ഷെ വളരെ വളരെ ആലോചിച്ചു പ്രവർത്തിക്കുന്ന തിരുസ്സംഘം ഒരബദ്ധംചെയ്തു എന്നു പ്രസ്താവിക്കുവാൻ ഒരു വഴി തോന്നുന്നില്ല. ഒരുവേള ഇതിൽനിന്നുള്ള ഗുണം എന്താണെന്നു് ഇപ്പോഠം നമുക്കറിഞ്ഞുകൂടായിരിക്കാം. കാലത്തിന്റെ പൂർണ്ണതയിൽ അതു വെളിപ്പെടട്ടെ."

## സ്ത്രീയും പുരുഷനും അടുത്തിരിക്കുന്നതു വിശുദ്ധിക്കു ബാധകമാകുമോ?

മേരിയുടെ ചിന്തയിലും പ്രവൃത്തിയിലും കൂടുതൽ വിവേകം കാണുന്നുണ്ടെന്നു ലീലാമ്മക്കു തോന്നി. സ്ത്രീയും പുരുഷനും തമ്മിൽ അകന്നിരിക്കുന്നതാണു് പുണ്യപൂർണ്ണതയ്ക്കു പററിയതെന്നു ചില ചരിത്രങ്ങഠം തെളിയിക്കുന്നു. എന്നാൽ ചില ചരിത്രങ്ങഠം അങ്ങനെയല്ല. വിശുദ്ധന്മാരായ അനേകം ദമ്പതികഠം കത്തോലിക്കാസഭയിലുണ്ടു്. വിശുദ്ധന്മാരുടെ പട്ടിക ആരംഭിക്കുന്നതുതന്നെ വിവാഹിതരായ വി. യൗസേപ്പും പരിശുദ്ധ മറിയവുമാണു്. ലീലാമ്മ കുറെ ചരിത്രങ്ങഠം നിരത്തിവച്ചു.

## വി. ഹില്ലാരി

"ജനവരി 14-ാംനു- തിരുസ്സഭ പുവച്ചിയേഴ്സിലെ വി. ഹില്ലാരിയുടെ തിരുനാളാണു് ആഘോഷിക്കുന്നതു്. അദ്ദേഹം ആദ്യം അക്രൈസ്തവനും വിവാഹിതനുമായിരുന്നു. വേദപുസ്തക പാരായണം മൂലമാണു് അദ്ദേഹം സത്യമതം ഏതെന്നു ഗ്രഹിച്ചതും ക്രിസ്തുമതം സ്വീകരിച്ചതും. അദ്ദേഹം ഭാര്യയേയും മകളെയുംകൂടി സത്യമതാവലംബികളാക്കി. പിന്നീടു് അദ്ദേഹം ഗുരുപ്പട്ടം സ്വീകരിക്കയും പുവച്ചിയേഴ്സിലെ മെത്രാനായി വാഴിക്കപ്പെടുകയും ചെയ്തു. ഒരു ക്രിസ്തീയ മെത്രാൻ എന്നുള്ള നിലയിൽ അദ്ദേഹം സഭക്കുവേണ്ടി ധീരധീരം പോരാടി; കോൺസ്റ്റാൻഷ്യസ് ചക്രവർത്തിയുടെ വിരോധംപോലും സമ്പാദിച്ചു. ചക്രവർത്തിയുടെ കല്പനപ്രകാരം പലതവണ അദ്ദേഹം നാടുവിട്ടു പോകേണ്ടിവന്നു. എന്നിട്ടും അദ്ദേഹം അധീരനായില്ല. വിലപ്പെട്ട അനേകം ഗ്രന്ഥങ്ങഠം അദ്ദേഹം രചിച്ചിട്ടുണ്ടു്. 363-ൽ സ്വദേശത്തു വച്ചുതന്നെ അദ്ദേഹം മരണമടഞ്ഞു.

## റോമയിലെ വി. ഫ്രാൻസിസ്ക്കാ

"മാർച്ച് 10-ാംനു- ഏതു വിശുദ്ധയുടെ തിരുനാളാണെന്ന് മേരിക്ക് അറിയാമോ? അതു് വിവാഹിതയായ ഒരു സ്ത്രീയുടെതു്. ഫ്രാൻസിസ്ക്കാ എന്നാണു് അവളുടെ പേരു്. അവളുടെ മാതാപിതാക്കന്മാർ റോമ്മയിലെ ഉയൎന്ന ഗോത്രത്തിൽപ്പെട്ടവരായിരുന്നു. ചെറുപ്പംമുതലേ അവളുടെ ആഗ്രഹം ഒരു സന്യാസിനിയാകണമെന്നായിരുന്നു. എന്നാൽ മാതാപിതാക്കന്മാർ അതിനു സമ്മതിച്ചില്ല. പന്ത്രണ്ടാമത്തെ വയസ്സിൽ, ഒരു റോമൻ പൌരനായിരുന്ന ലൊറെൻസൊ പൊൻസിനൊ എന്ന യുവാവിനെ വിവാഹം ചെയ്യുവാൻ അവൾ നിർബ്ബന്ധിതയായി. നാല്പതു കൊല്ലക്കാലം അവർ ഒന്നിച്ചു ജീവിച്ചു. ഒരിക്കലെങ്കിലും അവരുടെയിടയിൽ രസക്ഷയമുണ്ടായിട്ടില്ല. 'വിവാഹജീവിതത്തിൽ പ്രവേശിച്ച ഒരു സ്ത്രീ ദൈവത്തെ പീഠത്തുങ്കൽ ഉപേക്ഷിച്ചു് തന്റെ ഗാർഹിക ഭരണത്തിൽ വീണ്ടും അവിടുത്തെ കണ്ടെത്തണം.' എന്നു പറഞ്ഞുകൊണ്ടായിരുന്നു ഫ്രാൻസിസ്ക്കാ കുടുംബകാൎയ്യങ്ങൾ അന്വേഷിച്ചിരുന്നതു്. ഉണങ്ങിയ അപ്പം മാത്രമെ വിശുദ്ധ ഭക്ഷിക്കാറുണ്ടായിരുന്നുള്ളു. ഭിക്ഷുക്കളുടെ ഭക്ഷണം അവൾ വാങ്ങിയിട്ടു് പകരം തന്റെ വിശിഷ്ട വിഭവങ്ങൾ അവൎക്കു് അവൾ നല്കിയിരുന്നു എന്നും പറയുന്നുണ്ടു്. പുണ്യവതി വെള്ളം ഒരു തലയോടിൽ എടുത്തു കുടിച്ചിരുന്നു എന്നുമാണു് ഐതിഹ്യം.

"1413-ൽ റോമാപ്പട്ടണം ശത്രുക്കളാൽ പിടിക്കപ്പെടുകയും ലൊറെൻസൊ നാടുകടത്തപ്പെടുകയും ചെയ്തു. അവരുടെ വീടു നശിച്ചു എന്നുമാത്രമല്ല സ്വത്തുക്കൾ ഗവണ്മെൻറ് കണ്ടുകെട്ടി; സീമന്തപുത്രൻ തടവിലായി. ഈ അനിഷ്ട സംഭവങ്ങളെല്ലാം ഉണ്ടായപ്പോഴും ഫ്രാൻസിസ്ക്കാ ദൈവത്തെ സ്തുതിക്കയാണു ചെയ്തതു്. ഒടുവിൽ ഭൎത്താവു തിരിയെ വന്നു. നഷ്ടപ്പെട്ട വസ്തുക്കളെല്ലാം തിരിച്ചുകിട്ടി. എന്നാലും കുടുംബത്തിലേക്കു തിരിയുവാൻ അവൾക്കു മനസ്സു വന്നില്ല. ഒബ്ളേററ് സഭ സ്ഥാപിച്ചതു് ഈ സുകൃതിനിയാണു്. ഭൎത്താവിന്റെ മരണാനന്തരം, നിഷ്പാദുകയായി കഴുത്തിൽ ഒരു കയറും കെട്ടിക്കൊണ്ടു് പ്രസ്തുത സഭയിൽ അവൾ പ്രവേശനത്തിനു് അപേക്ഷിച്ചു. കാവൽമാലാഖ ഇടയ്ക്കിടയ്ക്കു് വി. ഫ്രാൻസിസ്ക്കായ്ക്കു് പ്രത്യക്ഷപ്പെടാറുണ്ടായിരുന്നു എന്നും ചരിത്രകാരന്മാർ പറയുന്നു.

## മനുഷ്യാവതാരത്തിൻെറ വാഴ്ത്തപ്പെട്ട മറിയം

ജനിക്കുന്നതിനു മുമ്പുതന്നെ മാതാപിതാക്കന്മാർ മറിയത്തെ ദേവമാതാവിനു കാഴ്ചവച്ചിട്ടുണ്ടായിരുന്നു. കന്യകാജീവിതത്തോടായിരുന്നു അവൾക്കു പ്രതിപത്തി. എന്നാലും മാതാപിതാക്കന്മാർ അവളെ വിവാഹത്തിനു നിർബന്ധിച്ചു. പീയർ അക്കഴി എന്നൊരാളെയാണ് അവൾ വിവാഹം ചെയ്തതു്. ആ കുടുംബം ദൈവഭക്തിയുടെ ഉത്തമദൃഷ്ടാന്തമായിരുന്നു. എല്ലാ പ്രവൃത്തികളും അവൾ ശുദ്ധനിയോഗത്തിലാണു ചെയ്തിരുന്നതു. ഭർത്താവും ഭൃത്യരും സന്താനങ്ങളും അതു കണ്ടുപഠിച്ചു. 1613–ൽ അവളുടെ ഭർത്താവു മരിക്കുകയും ചെറുപ്പംമുതൽ ആഗ്രഹിച്ചതനുസരിച്ച് അവൾ കർമ്മലീത്താ സഭയിൽ ചേരുകയും ചെയ്തു. അവിടെ അവൾ പുണ്യവതിയായി.

"ജൂൺ 23–ാംനു വി. എതെൽഡ്റെഡായുടെ തിരുനാളാണ് തിരുസ്സഭ ആഘോഷിക്കുന്നതു്. ഒരു കന്യകയായി ജീവിക്കുവാൻ അവൾ ചെറുപ്പംമുതലേ ആഗ്രഹിച്ചിരുന്നു. പക്ഷേ, മാതാപിതാക്കന്മാരുടെ നിർബ്ബന്ധംമൂലം അവൾ വിവാഹിതയായി. ഒരു കന്യകയായിത്തന്നെ മൂന്നുകൊല്ലം അവൾ ഭർത്താവോടുകൂടി ജീവിച്ചു. അയാളുടെ മരണശേഷം മഠത്തിൽ ചേരുവാൻ ആഗ്രഹിച്ചിട്ടും അവൾക്കു സാധ്യമായില്ല. നോർത്തംബ്രിയായിലെ എഗ്ഫ്രീയുടെ ഭാര്യാപദം അവൾ സ്വീകരിക്കേണ്ടിവന്നു. പന്ത്രണ്ടു വർഷം അദ്ദേഹത്തിൻെറ കൂട്ടത്തിൽ ഒരു സഹോദരിയെപ്പോലെ ജീവിച്ചിട്ടു", അദ്ദേഹത്തിൻെറ അനുവാദത്തോടുകൂടി കോൾഡിങ്ങാം ആശ്രമത്തിൽ ചേർന്നു പുണ്യവതിയായി.

# അദ്ധ്യായം 11

## മോനിക്കാ പുണ്യവതി

"മേയ് മാസം 4-ാംനു- തിരുസ്സഭ ഒരു വലിയ വിശുദ്ധയുടെ തിരുനാൾ കൊണ്ടാടുന്നുണ്ട്. വിശുദ്ധ ആഗുസ്തീനോസിന്റെ മാതാവായ വിശുദ്ധ മോനിക്കായുടെ തിരുനാൾ. 332-ലായിരുന്നു അവളുടെ ജനനം. അക്കാലത്തു് സന്യാസിനീസഭകൾ അത്ര പ്രചാരത്തിൽ വന്നിരുന്നില്ല. അതിനാൽ പ്രായമായപ്പോൾ അവൾ വിവാഹിതയായി. വരൻ ഒരു അക്രൈസ്തവനായ പട്രീഷ്യസ് ആയിരുന്നു. അയാളോ, മനുഷ്യത്വത്തിന്റെ ആദ്യപാഠം പോലും സമ്പാദിച്ചിരുന്നില്ല. മോനിക്കായെ സംശയിക്കുന്നതിലും, മർദ്ദിക്കുന്നതിലും അയാൾ പൈശാചികമായ ഒരാനന്ദംതന്നെ അനുഭവിച്ചിരുന്നു.

"ഒരു സ്ത്രീയുടെ ഏററം വലിയ നിർഭാഗ്യം ഒരു മദ്യപാനിയുടെ ഭാര്യയായിരിക്കുന്നതാണ്. പട്രീഷ്യസ് ഒരു നല്ല കുടിയനായിരുന്നു. കുടികഴിഞ്ഞുവന്നാൽ പിന്നെ കോപം അയാളിലേക്ക് ഉഴുതുകയറും. മോനിക്കാ എന്ന കുഞ്ഞാടിനെ ഇടിച്ചും, തൊഴിച്ചും, അസഭ്യങ്ങൾ പറഞ്ഞുമാണ് അയാളുടെ അരിശം നീരാവിയായി പോകുന്നതു്. സ്വന്തം അമ്മയുടെ മുമ്പിൽ അയാൾ കുററമില്ലാത്ത മകനായിരുന്നു. അമ്മായിയമ്മ മോനിക്കായോടു പറഞ്ഞിരുന്നതു് ഇങ്ങനെയാണ്: "നീ വലത്തുകാലും വച്ചിങ്ങു കേറിയതിൽപ്പിന്നെയാടീ എന്റെ മകൻ ഇങ്ങനെയായതു്. അവനു നല്ല ഭക്ഷണം ഉണ്ടാക്കിക്കൊടുക്കുവാൻ നീ പഠിക്ക്." ഇതെല്ലാം കേട്ടാലും മോനിക്കാ അമ്മായിയമ്മയോടു് എതിരൊന്നും പറയുകയില്ലായിരുന്നു. കുറേനാൾ കഴിഞ്ഞപ്പോൾ അമ്മായിയമ്മ മനസ്സിലാക്കി തന്റെ മകനാണു തെററുകാരനെന്നും, മരുമകൾ ഒരു വിശുദ്ധയാണെന്നും. പക്ഷേ ആ വസ്തുത മനസ്സിലാക്കുവാൻ പട്രീഷ്യസിനു തന്റെ ജീവിതകാലം മുഴുവനും വേണ്ടിവന്നു.'

"മോനിക്കായ്ക്കു് 39 വയസ്സു് പ്രായമായി. അവൾ സഹിച്ച മർദ്ദനങ്ങളും പീഡനങ്ങളും പൂവണിയുവാൻ പോകയാണ്. മോനിക്കായായിരുന്നു പട്രീഷ്യസിന്റെ വേദപുസ്തകം. ലഹരി വിട്ടപ്പോൾ അയാൾ ഒരു ആത്മശോധന ചെയ്യാറുണ്ടായിരുന്നു. ഈ മർദ്ദനങ്ങളെല്ലാം അനുഭവിച്ചിട്ടും എന്തുകൊണ്ടു് തന്റെ ഭാര്യ ശാന്തയും ക്ഷമയുള്ളവളും ആയിരിക്കുന്നു? ക്രിസ്തീയ വിശ്വാസത്തി

ൻെറ സൗരഭ്യമാണ് അയാൾക്കനുഭവപ്പെട്ടതു്. പക്ഷേ തനിക്കു ലഭിച്ച രത്നത്തിൻെറ വിലയറിഞ്ഞു കഴിഞ്ഞപ്പോഴേക്കും പടിഷ്യസ് ലോകത്തോടു യാത്രപറയുവാൻ ഒരുങ്ങേണ്ടിവന്നു. എങ്കിലും രോഗശയ്യയിൽ വച്ച് അയാൾ ജ്ഞാനസ്നാനം സ്വീകരിക്കയുണ്ടായി. ഒരു കൊല്ലംകൂടിയേ പടീഷ്യസ് പിന്നീടു ജീവിച്ചുള്ളൂ.

"ഭർത്താവിൽനിന്നുള്ള മർദ്ദനങ്ങൾ അവസാനിച്ചപ്പോൾ മോനിക്കായ്ക്കു് മറെറാരു ദുഃഖംകൂടി വന്നുകൂടി. അവളുടെ മകൻ ലോകത്തിലെ എണ്ണപ്പെട്ട മഹാന്മാരിൽ ഒരാളായിരുന്നു. എങ്കിലും പിതാവിൻെറ മതത്തിൽ കാലൂന്നി നിൽക്കുവാനാണ് അദ്ദേഹം ആഗ്രഹിച്ചതു്. ജീവിതംതന്നെ സർവ്വസ്വാതന്ത്ര്യമായിരിക്കണമെന്നുള്ള അഭിപ്രായവും അദ്ദേഹത്തിനുണ്ടായിരുന്നു. അനുഗൃഹീതനായ ഒരു പ്രതിഭാമയനെപ്പോലെ അദ്ദേഹം ശാസ്ത്രാഭ്യസനം നടത്തിയിരുന്നുവെങ്കിലും ഒരു വിഷയലമ്പടനെപ്പോലെ അദ്ദേഹം ദുർമ്മാർഗ്ഗങ്ങളിലേക്കു വഴുതി. പടീഷ്യസിനെ മാനസാന്തരപ്പെടുത്തിയതുപോലെ അഗസ്റ്റിനെയും നേർവഴിക്കു തിരിക്കുവാനുള്ള ശ്രമമായി അമ്മയ്ക്കു്. രാവും പകലും തോരാതെ കണ്ണുനീർ അവളുടെ കവിൾത്തടങ്ങളിൽക്കൂടി ഒഴുകി. മകനുവേണ്ടി അവൾ എപ്പോഴും പ്രാർത്ഥിക്കയായിരുന്നു.

"അഗസ്റ്റിൻ ഒരു അഹങ്കാരിയും ദുർമ്മാർഗ്ഗിയും ആയതിനോടൊപ്പം ഒരു യുവതിയെ തൻെറ ആത്മസഖിയായി സ്വീകരിക്കയും ചെയ്തു. ക്രിസ്തീയ വിശ്വാസത്തിൽനിന്നും വ്യതിചലിച്ച് മനിക്കേയൻ പാഷണ്ഡതയിൽ അദ്ദേഹം ചെന്നുചാടി. പാപം എന്നൊന്നില്ലെന്നും ആത്മാവ് പദാർത്ഥങ്ങളോടു് ഒട്ടിപ്പിടിച്ചിരിക്കുന്നതുകൊണ്ടുള്ള അനർത്ഥങ്ങളാണ് ലോകത്തിൽ ഉള്ളതെന്നും ആ പാഷണ്ഡത പഠിപ്പിച്ചിരുന്നു. മനിക്കേയർ മൂന്നു വ്രതങ്ങളാണെടുത്തിരുന്നതു്. (1) മാംസം തിന്നുകയും വീഞ്ഞു കുടിക്കുകയും ചെയ്യുന്നതല്ലെന്നു അധരങ്ങളുമായി ഒരുടമ്പടി. (2) മൃഗങ്ങളെ കൊല്ലുകയും, ചെടികളെ പറിച്ചു നശിപ്പിക്കയുമില്ലെന്ന് കൈകളുമായി ഒരുടമ്പടി. (3) സംഭോഗ ജീവിതം നയിക്കയും, സന്താനങ്ങളെ ഉല്പാദിപ്പിക്കയും ചെയ്യുകയില്ലെന്ന് ഉടലുമായി ഒരുടമ്പടി. വി. അഗസ്റ്റിൻ ഏതെല്ലാം വ്രതങ്ങൾ സ്വീകരിച്ചു എന്നറിഞ്ഞുകൂടാ. അദ്ദേഹത്തിനു് ഒരു പുത്രൻ ജനിച്ചു. അദേയോ ദാത്തുസ് എന്നായിരുന്നു അവൻെറ പേരു്".

"അമ്മയോടു് വളരെ ഭക്തിയും സ്നേഹവുമുള്ള ഒരു മകനായിരുന്നു വി. അഗസ്റ്റിൻ. അമ്മയെ മനിക്കേയൻ ആശയങ്ങളിലേക്കു

ചായിച്ചുകൊണ്ടുവരുവാൻ അദ്ദേഹം വളരെ പരിശ്രമിച്ചു. പക്ഷേ അദ്ദേഹത്തിൻെറ ശാസ്ത്രവും പാണ്ഡിത്യവും മോനിക്കായുടെ മുമ്പിൽ മൂടൽമഞ്ഞു സൃഷ്ടിച്ചില്ല. പരാജിതനായ മകൻ കാർത്തേജിൽനിന്നും റോമ്മാ, മിലാൻ മുതലായ സർവ്വകലാശാലകളിലേക്കു് ഒരു പര്യടനം നടത്തി. അവിടെ അദ്ദേഹം ഒരു പ്രൊഫസ്സറദ്യോഗം സ്വീകരിക്കയും ചെയ്തു. മോനിക്കാ അടങ്ങിയിരുന്നില്ല. അടുത്ത കപ്പലിൽ മോനിക്കാ റോമയിലേക്കു യാത്ര തിരിച്ചു. മദ്ധ്യധരണ്യാഴിയിൽ ആ കപ്പൽ മുങ്ങുമെന്നുള്ളമട്ടായി. യാത്രക്കാരും ജോലിക്കാരും വളരെ പരിഭ്രമിച്ചു. അപ്പോൾ മോനിക്കയാണു് അവരെ ധൈര്യപ്പെടുത്തിയതു്. കപ്പൽ സുരക്ഷിതമായി നേപ്പിൾസിൽ അടുത്തു. യാത്രക്കാർ കരയ്ക്കിറങ്ങി. റോമ്മൻ സർവ്വകലാശാലയായിരുന്നു മോനിക്കായുടെ ലക്ഷ്യം. പക്ഷേ അവിടെ അഗുസ്തിൻ ഉണ്ടായിരുന്നില്ല.

"അവിടെനിന്നും വടക്കോട്ടു് യാത്രചെയ്തു് മോനിക്കാ മിലാനിൽ എത്തി. അവിടെ വച്ചാണു് ആ അമ്മ മകനെ കണ്ടുമുട്ടിയതു്. അഗുസ്തിനു് ഒരു സന്തോഷവാർത്ത അറിയിക്കാനുണ്ടായിരുന്നു, അമ്മയെ. അദ്ദേഹം പറഞ്ഞു; 'അമ്മച്ചീ, ഇന്നു ഞാൻ ഒരു മനിക്കേയ വിശ്വാസിയല്ല; എന്നാൽ ഒരു ക്രിസ്ത്യാനിയുമല്ല'. മകനിൽ ഉണ്ടായ പരിവർത്തനം പൂർത്തിയായി കാണാഞ്ഞതിൽ അവൾ ദുഃഖിച്ചുവെങ്കിലും അദ്ദേഹം അബദ്ധത്തിൽ നിന്നും പിന്മാറിയതിൽ അവൾ സന്തോഷിക്കയുണ്ടായി. മോനിക്കാ പറഞ്ഞു: 'എൻെറ മകനേ, ഞാൻ മരിക്കുന്നതിനു മുമ്പു് നീ ഒരു കത്തോലിക്കനായിരിക്കുന്നതു ഞാൻ കാണും'

"അഗുസ്തിൻ അംബ്രോസ് മെത്രാനുമായി സമ്പർക്കം പുലർത്തുവാൻ തുടങ്ങി. പണ്ഡിതനായ ആ മെത്രാൻെറ വാദമുഖങ്ങൾക്കു മുമ്പിൽ വിജ്ഞനായ അഗുസ്തിൻ തലകുനിക്കേണ്ടിവന്നു. 386-ൽ അഗുസ്തിൻ അമ്മയോടു പറഞ്ഞു: 'അമ്മച്ചീ, ഞാൻ ഒരു കത്തോലിക്കനാകുവാൻ നിശ്ചയിച്ചു കഴിഞ്ഞിരിക്കയാണു്.' അടുത്തകൊല്ലംതന്നെ വി. അമ്പ്രോസിൽനിന്നും അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചു. ആനന്ദത്തിൽ മതിമറന്ന മോനിക്കാ ഒരിക്കൽ അഗുസ്തിൻെറ ക്ലാസ്സിൽ സന്നിഹിതയായി. തൻെറ ശിഷ്യന്മാരിൽ തിരഞ്ഞെടുക്കപ്പെട്ട ചിലരുമായി അഗുസ്തിൻ മതത്തെപ്പററി ശാസ്ത്രീയമായ ചർച്ചകൾ നടത്തിക്കൊണ്ടിരുന്ന ഒരു സമയമായിരുന്നു അതു്. ഗുരുവിൻെറ ചില ചോദ്യങ്ങൾക്കുള്ള മറുപടി മോനിക്കാതന്നെയാണു പറഞ്ഞതു്. അഗുസ്തിൻ അതെല്ലാം തൻെറ ഗ്രന്ഥ

ത്തിൽ രേഖപ്പെടുത്തുകയും ചെയ്തു. അതു വായിക്കുന്ന ഒരാൾക്കു് അത്ഭുതം തോന്നും, 4-ാം നൂറ്റാണ്ടിൽ ഇത്ര ഭക്തയും വിവേകിയും, വേദശാസ്ത്ര പണ്ഡിതയുമായ ഒരു കത്തോലിക്കാ വനിത ജീവിച്ചിരുന്നല്ലോ എന്നു്.

"മകൻ തീക്ഷ്ണതയുള്ള ഒരു കത്തോലിക്കനായിത്തീർന്നപ്പോൾ മോനിക്കാ പറഞ്ഞു: 'ഇനി ലോകത്തിൽ ജീവിച്ചിരിക്കേണ്ടതായ യാതൊരാവശ്യവും എനിക്കില്ല. നിന്നെ ഒരു കത്തോലിക്കനായി കാണുക എന്നതായിരുന്നു എന്റെ ഏക അഭിലാഷം. നമ്മുടെ കർത്താവു് എത്രയോ ഉദാരമായ വിധത്തിൽ അതെനിക്കു സാധിച്ചുതന്നു!' ഓസ്റ്റിയാ (Ostia) യിലെ ഹോസ്റ്റൽ കെട്ടിടത്തിന്റെ മുകളിൽ വച്ചാണു് മോനിക്കാ ഇതു പറഞ്ഞതു്. അതൊരു പ്രവചനംപോലായിത്തീർന്നു. വടക്കേ ആഫ്രിക്കായിലേക്കു് പോകാനുള്ള കപ്പൽ പ്രതീക്ഷിച്ചിരിക്കെ മോനിക്കാ രോഗബാധിതയായി. അഗുസ്തീനും, നവീജിയസും, അദെയോദാത്തുസുമായിരുന്നു അടുക്കൽനിന്നു പരിചരിച്ചിരുന്നതു്. നവീജിയസ് അഗുസ്തീന്റെ അനുജനായിരുന്നു. രോഗത്തിന്റെ ഗൗരവം കണ്ടു് നവീജിയസ് അഗുസ്തീന്റെ ചെവിയിൽ മന്ത്രിച്ചു: 'അമ്മച്ചി മരിക്കയാണെങ്കിൽ, ശരീരം ആഫ്രിക്കായിലേക്കു കൊണ്ടുപോകേണ്ടയോ?'

"എങ്ങനെയോ അതു മോനിക്കായുടെ ചെവിയിൽ എത്തി. അവൾ കിടക്കയിൽനിന്നും തല ഉയർത്തിയിട്ടു പറഞ്ഞു: 'എന്റെ ഈ ശരീരം നിങ്ങൾ എവിടെയെങ്കിലും സംസ്കരിച്ചുകൊള്ളുക. അർത്ഥശൂന്യമായ മാമൂലുകളിൽ ഞാൻ ശ്രദ്ധപതിക്കാറില്ലെന്നു നിങ്ങൾ അറിഞ്ഞാലും. ദൈവത്തിൽനിന്നു് അകന്നിരിക്കുന്നതായി എന്തെങ്കിലുമുണ്ടോ? ഉയിർപ്പിന്റെ ദിവസം എന്റെ ശരീരം എവിടെയാണെന്നു കണ്ടുപിടിക്കുവാൻ ദൈവത്തിനു് ഒരു ക്ലേശവുമുണ്ടാകയില്ല. അൾത്താരയിൽ എന്നെ ഓർക്കുക എന്നതു മാത്രമാണു് എനിക്കു നിന്നോടുള്ള ഏക അഭ്യർത്ഥന' 387 മേയ്മാസം 4-ാംനു-അവൾ ചരമം പ്രാപിച്ചു."

വി. മോനിക്കായുടെ ചരിത്രം സുദീർഘമായി പറഞ്ഞുകൊണ്ടു് ലീലാമ്മ തന്റെ പ്രഭാഷണം അവസാനിപ്പിച്ചു. തന്റെ ഉദ്ദേശം സഫലമായി എന്നുതന്നെയാണു് അവളുടെ വിശ്വാസം. വനത്തിൽ വസിക്കുന്ന താപസന്മാർക്കും ലോകരംഗത്തുനിന്നും ഓടിയൊളിക്കുന്ന സന്യാസിനീസന്യാസികൾക്കും മാത്രമേ വിശുദ്ധന്മാരാകാൻ പററൂ എന്നൊരു ചിന്താഗതി പ്രചരിച്ചിട്ടുണ്ടു്. അതു തെററാണെന്നു, കുടുംബത്തിന്റെ ക്ലേശങ്ങൾ വഹിക്കുന്ന ദമ്പ

തികൾക്കും വിശുദ്ധരാകുവാൻ കഴിയുമെന്നും സ്ഥാപിക്കുവാനാണു് വിവാഹിതരായ പുണ്യവതികളുടെ ചരിത്രങ്ങൾ ലീലാമ്മ ഇങ്ങനെ നിരത്തിവച്ചതു്. രാജമ്മ അത്ഭുതപ്പെട്ടു. ഗ്രന്ഥപാരായണത്തിൽ വലിയ ഔൽസുക്യമില്ലാത്ത ചേച്ചി എങ്ങനെ ഈ ചരിത്രങ്ങളെല്ലാം പഠിച്ചു എന്നായിരുന്നു അവളുടെ വിചാരം. ചേച്ചിക്കുവേണ്ടി താനുപയോഗിച്ച അളവുകോലിനു് അല്പം പന്തികേടുണ്ടെന്നും അവൾക്കു തോന്നി. രാജമ്മ പറഞ്ഞു: "അമ്മച്ചിയെപ്പോലെ ചേച്ചിയും പുണ്യവാന്മാരുടെ ചരിത്രങ്ങൾ കുറെ പഠിച്ചിട്ടുണ്ടു്. എന്റെ അനുമോദനങ്ങൾ. അമ്മച്ചി പറഞ്ഞ ചരിത്രങ്ങൾ കേട്ടപ്പോൾ ഞാൻ വിചാരിച്ചു, സ്ത്രീയും പുരുഷനും തമ്മിൽ അകന്നുനിന്നെങ്കിലേ അവർക്കു സ്വർഗ്ഗരാജ്യത്തിൽ പോകാൻ ഒക്കൂ എന്നു്. ചേച്ചിയുടെ ചരിത്രങ്ങൾ കേട്ടപ്പോൾ തോന്നി, പുരുഷനും സ്ത്രീയും കൂടി ഒന്നിച്ചു ജീവിച്ചുകൊണ്ടും അവർക്കു പുണ്യവാന്മാരാകാമെന്നു്. ഏതായാലും ചേച്ചി വിവാഹിതരുടെ സ്ഥാനം രക്ഷിച്ചിരിക്കുന്നു. അതുകൊണ്ടു ചേച്ചിയോടാണു ഞാൻ യോജിക്കുന്നതു്. പുരുഷനും സ്ത്രീയുംകൂടി ഒന്നിച്ചു ജീവിച്ചാലും അവർക്കു പുണ്യവാന്മാരാകാം."

തന്റെ ആശയം തെററിധരിക്കപ്പെട്ടതിൽ മേരിക്കു വിസ്മയം തോന്നി. വിവാഹിതരെ ഇടിച്ചു പറയുവാനായിരുന്നില്ല മേരി തന്റെ വാഗ്ധോരണി ഉപയോഗിച്ചതു്. അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്ന സമ്പർക്കങ്ങൾ സ്ത്രീയും പുരുഷനും പാടില്ലന്നേ മേരിക്കു വിവക്ഷയുള്ളു. മേരി പറഞ്ഞു: "വിവാഹം ഒരു കൂദാശയാണു്. ഭർത്താവിനും ഭാര്യയ്ക്കും ചില പ്രത്യേക അനുഗ്രഹങ്ങൾ ആ കൂദാശയിൽനിന്നു ലഭിക്കുന്നു. ദമ്പതികൾക്കു് അതുമൂലം വിശുദ്ധരാകുവാൻ കഴിയുന്നതാണു്. വൈവാഹിക ജീവിതത്തെപ്പററിയല്ല എന്റെ പരാമർശനം. വിവാഹബന്ധമില്ലാതെ സ്ത്രീയും പുരുഷനും ഒന്നിച്ചു കൂടുകയും സമ്പർക്കം പുലർത്തുകയും ചെയ്യുന്ന രീതി വിശുദ്ധിക്കു വിഘാതമാണെന്നു ഞാൻ പറയുന്നു. അതേപ്പററി ലീലാമ്മയുടെ അഭിപ്രായമെന്തു്?"

## റോമാക്കാർക്കുള്ള ലേഖനം 16-ാം അദ്ധ്യായം

ആ തോട്ടം നീന്തിക്കടക്കുവാൻ കഴിയുമെന്നു ലീലാമ്മ ധൈര്യപ്പെട്ടു. അവൾ വേദപുസ്തകം തുറന്നു് റോമ്മാക്കാർക്കുള്ള വി. പൗലോസിന്റെ ലേഖനത്തിൽ 16-ാം അദ്ധ്യായമാണു ചൂണ്ടിക്കാട്ടിയതു്. അവൾ വായിച്ചു:– എന്നാൽ കാൺക്രേയോസ് സഭ

യിലെ ശുശ്രൂഷകയായ നമ്മുടെ സഹോദരി പെവുബെയെ, വിശുദ്ധന്മാൎക്കു യോഗ്യമാംവണ്ണം നമ്മുടെ കൎത്താവിൽ നിങ്ങൾ സ്വീകരിക്കയും, നിങ്ങളോടു് ആവശ്യപ്പെടുന്ന എല്ലാക്കാൎയ്യത്തിലും സഹായിക്കുകയും ചെയ്യേണ്ടതിനായി, നിങ്ങൾക്കു ഞാൻ ഭരമേല്പിക്കുന്നു. എന്തെന്നാൽ അവളും സഹായകാരിയായിരുന്നു എനിക്കും പലൎക്കും. ഈശോമിശിഹായിൽ എന്നോടുകൂടി വേലക്കാരിയായ പ്രിസ്സെല്ലായിക്കു വന്ദനം പറയുവിൻ. നിങ്ങൾക്കുവേണ്ടി വളരെ അദ്ധ്വാനിച്ചവളായ മരിയായിക്കു വന്ദനം പറയുവിൻ. നമ്മുടെ കൎത്താവിൽ വളരെ അദ്ധ്വാനിച്ച എൻെറ പ്രിയപ്പെട്ടവളായ പൎസെസിനു വന്ദനം പറയുവിൻ. നമ്മുടെ കൎത്താവിൽ തിരഞ്ഞെടുക്കപ്പെട്ടവനായ റോപ്പോസിനും, അവൻെറയും എൻെറയും അമ്മയ്ക്കും വന്ദനം പറയുവിൻ. പിലാലാഗോസിനും, ദിയോലിയായിക്കും, നേറോസിനും, അവൻെറ സഹോദരിക്കും, ആലുംപായിക്കും, അവരോടുകൂടിയുള്ള സകല വിശുദ്ധന്മാൎക്കും വന്ദനം പറയുവിൻ. വിശുദ്ധ ചുംബനംകൊണ്ടു നിങ്ങൾ അന്യോന്യം വന്ദനം പറയുവിൻ.

വായന നിറുത്തിയിട്ടു് ലീലാമ്മ പറഞ്ഞു: "വി. പൗലോസിൻെറയും മററു ശ്ലീഹന്മാരുടെയും കൂട്ടത്തിൽ നടന്നു് കൎത്താവിനുവേണ്ടി അദ്ധ്വാനിച്ച സ്ത്രീകളുടെ ഒരു ലിസ്റ്റാണു് ഈ അദ്ധ്യായത്തിൽ അപ്പസ്തോലൻ നല്കിയിരിക്കുന്നതു്. പെവുബെ, പ്രിസ്സെല്ലാ, മറിയാ, പെർസെസ്, അലുംപാ, ഇങ്ങനെ പലരുണ്ടു്. അവർ ശ്ലീഹന്മാരുടെ ഭാൎയ്യമാർ ആയിരുന്നു എന്നു് ആരും പറയുകയില്ലല്ലോ. ശ്ലീഹന്മാർ വിശുദ്ധന്മാരും അവർ പുണ്യവതികളുമായി. വി. പത്താം പീയൂസ് ഒരു മാപ്പാപ്പാ ആയിരുന്നല്ലോ. അദ്ദേഹത്തിൻെറ കൂട്ടത്തിൽ എന്നുമുണ്ടായിരുന്നു അന്ന, റോസ, മറിയ എന്ന മൂന്നു സഹോദരികൾ. വി. ഡോൺബോസ്കോയുടെ അമ്മയുടെ പേരു് മാർഗററ് എന്നായിരുന്നു. ആ അമ്മ വിശുദ്ധൻെറ കൂട്ടത്തിലാണു താമസിച്ചിരുന്നതു്".

## ഫ്രാൻസീസും ക്ലാരയും എന്ന ഗ്രന്ഥം

ഇനി, "ഫ്രാൻസീസും ക്ലാരയും" എന്ന പുസ്തകത്തിൽനിന്നു ഒരു ഖണ്ഡിക ഞാൻ വായിച്ചു കേൾപ്പിക്കാം; കേട്ടുകൊള്ളുക. തിരുസ്സഭാ മണ്ഡലത്തിൽ പ്രശോഭിച്ചുകൊണ്ടിരുന്ന വിശുദ്ധമതികൾ വളരെയാണു്. അബലകളെന്നു് അപരനാമം അന്യായമായി സിദ്ധിച്ചിട്ടുള്ള സ്ത്രീകളെക്കൊണ്ടു് ദൈവം വിസ്മയകരമായ കാൎയ്യ

ങ്ങൾ നിർവ്വഹിപ്പിച്ചിട്ടുണ്ടെന്ന് ലോകചരിത്രം തെളിയിക്കുന്നു. റിമേററിയിലെ ഭാഗ്യപ്പെട്ട കൊളുംബായും, സിയെന്നായിലെ വി. കാതറൈനും തിരുസ്സഭയിൽ അനന്യസാധാരണമായ സ്ഥാനബഹുമതികൾ ലഭിച്ചിട്ടുള്ളവരാണ്. ആറാം അലക്സാണ്ടർ മാർപ്പാപ്പായുടെ മുമ്പിൽ മുട്ടിന്മേൽ നിന്നുകൊണ്ട് വാഴ്ത്തപ്പെട്ട കൊളുംബാ പിതൃസ്നേഹ സമന്വിതം അദ്ദേഹത്തെ ശകാരിക്കുന്ന ഒരു രംഗം 15-ാം നൂററാണ്ടിൻെറ അന്ത്യഘട്ടത്തിൽ നാം കാണുന്നു. സിയെന്നായിലെ വി. കാതറൈൻെറ നിരന്തരവും നിർബ്ബന്ധപൂർവ്വവുമായ അപേക്ഷകൊണ്ടായിരുന്നത്രേ ഒമ്പതാം ഗ്രിഗോരിയോസ് മാർപ്പാപ്പാ കർദ്ദിനാളന്മാരുടെ തടസ്സങ്ങളെപ്പോലും അവഗണിച്ച് അവിഞ്ഞോൺ കൊട്ടാരത്തിൽനിന്നും 1377-ൽ റോമയിൽ തിരിച്ചുവന്നത്. 15-ാം നൂററാണ്ടിൽ ഇംഗ്ലീഷ്കാരെ ഓർളിയൻസിൽ നിന്നും പാലായനം ചെയ്യിച്ച ഫ്രാൻസു രാജ്യത്തെ രക്ഷിക്കുന്നതിനായി വി. ജോവാൻ ഓഫ്ആർക്ക് എന്നൊരു ഗ്രാമീണ കന്യക നിയോഗിക്കപ്പെടുകയുണ്ടായി. ലോകം മുഴുവനും ഇപ്പോൾ പ്രചരിച്ചിട്ടുള്ള വേദപ്രചാര സംഘത്തിൻേറയും വേദപ്രചാരപ്പിരിവിൻെറയും പ്രാരംഭ പ്രവർത്തനങ്ങൾ 19-ാം നൂററാണ്ടിൽ ഫ്രാൻസിൽ ജീവിച്ചിരുന്ന പാവുളിൻ ജാരിക്കോ എന്നൊരു സാധു വനിതയുടെ വിനീത ഹസ്തങ്ങളിലൂടെയാണ് നടന്നുകൊണ്ടിരുന്നത്. ഇന്നു സർവ്വത്ര പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള തിരുഹൃദയ ഭക്തിയുടെ പ്രഥമ പ്രേഷിതയാകുവാൻ ദിവ്യരക്ഷകനാൽത്തന്നെ നിയോഗിക്കപ്പെട്ടതു് 17-ാം നൂററാണ്ടിൽ പാരലമോണിയലിലെ വിസിറേറഷൻ കന്യകാലയത്തിൽ ജീവിച്ചിരുന്ന വി. മാർഗററവ് മേരി അൽക്കോക്കു് ആണെന്നുള്ളതു് അജ്ഞാതമല്ല. അതുപോലെതന്നെ രാജത്വത്തിരുനാളിൻെറ സ്ഥാപനാർത്ഥം പരിശ്രമിക്കുന്നതിനുവേണ്ടി മാർത്തെയ്ഡി നോമില്ലാ എന്ന മഹിളയേയും, ദിവ്യകാരുണ്യ കോൺഗ്രസ്സിൻെറ അടിസ്ഥാനപ്പണിക്കാരിയായി ലാടമീസിയേ എന്ന വനിതാ രത്നത്തേയും ദൈവം തെരഞ്ഞെടുത്തു എന്ന് അവരുടെ ചരിത്രങ്ങൾ സാക്ഷ്യം വഹിക്കുന്നു. വിശുദ്ധന്മാരോടു സഹകരിച്ചുകൊണ്ടു് മഹാ പ്രസ്ഥാനങ്ങൾക്കു ബീജാവാപം ചെയ്തിട്ടുള്ള വിശുദ്ധകളും അനവധിയാണ്. ഇവരിൽ പലതുകൊണ്ടു പ്രഥമഗണനീയ നമ്മുടെ ക്ലാരതന്നെ ആയിരിക്കണം. വിശുദ്ധന്മാരായ അഗസ്റ്റിൻ മോനിക്കാ; ജെറോം പാവുളാ; ബെനഡിക്ററ് സ്ക്കൊളാസ്റ്റിക്കാ; കുരിശിൻെറ വി. യോഹന്നാൻ; അമ്മത്രേസ്യാ; ഡോൺബോസ്ക്കോ മമ്മാ മാർഗ്ഗററററ് എന്നിവരുടെ സം

ഘടിത പ്രവൎത്തനങ്ങൾ തിരുസ്സഭയ്ക്കു് ശാശ്വതമായ അഭിമാനവും കീൎത്തിയും സമ്പാദിച്ചു കൊടുത്തിട്ടുണ്ടു്.

വായനകഴിഞ്ഞു ലീലാമ്മ പുസ്തകം മടക്കിവച്ചു; എന്നിട്ടു രണ്ടുപേരെയും മാറിമാറി നോക്കി. സ്ത്രീകൾക്കു് ഏററം അഭിമാനകരമായ ചില ചരിത്ര വസ്തുതകളാണു് ലീലാമ്മ അവരുടെ മുമ്പിലേക്കെറിഞ്ഞതെന്നു സമ്മതിക്കാതിരിക്കുവാൻ തരമില്ല. ആ പുസ്തകം തിരഞ്ഞെടുത്തുകൊണ്ടു വന്ന ലീലാമ്മയെ അവർ രണ്ടും ഉള്ളുകൊണ്ടു പ്രശംസിച്ചു. എന്നാൽ ജയിച്ചതാരു്? ലീലാമ്മയോ മേരിയോ? വിശുദ്ധ ജീവിതം ആഗ്രഹിക്കുന്നവർ ഇതരവൎഗ്ഗത്തോടു് അടുക്കാതെ ജീവിക്കണമെന്നു മേരി വാദിക്കുന്നു. ഇതര വൎഗ്ഗവുമായി കൂടിക്കഴിഞ്ഞു ജീവിച്ചാലും വിശുദ്ധരാകാമെന്നാണു് ലീലാമ്മയുടെ വാദം.

## രാജമ്മയുടെ വിധി

ഒടുവിൽ രണ്ടുപേരും രാജമ്മയുടെ നേരെ നോക്കി വിധി കേൾക്കുവാൻ. രാജമ്മ പറഞ്ഞു: "മൎത്ത്യർ രണ്ടു തരക്കാരാണെന്നാണു് എൻെറ വിചാരം. കാമാസക്തി വളരെ കൂടുതലുള്ളവരുണ്ടു്, വളരെ കുറവുള്ളവരുമുണ്ടു്. കൂടുതലുള്ളവൎക്കു് ഇതര വൎഗ്ഗത്തെ ഒന്നു കണ്ടാൽ മതിയാകും തിരമാലകൾപോലെ അവരുടെ കാമം കുതിച്ചു പൊങ്ങുവാൻ. കുറവുള്ളവൎക്കു് ഇതര വൎഗ്ഗത്തെ സ്പൎശിച്ചാൻ പോലും യാതൊരിളക്കവുമുണ്ടാകയില്ല. അതിനാൽ കാമാസക്തിയുള്ളവൎക്കു നൽകേണ്ട പ്രമാണങ്ങൾ അതില്ലാത്തവൎക്കു നല്കേണ്ടതില്ലെന്നു തോന്നുന്നു. കാമം മനുഷ്യനു ലഭിച്ചിരിക്കുന്ന ഒരു വലിയ ഗുണമാണു്. സ്വന്തം സുഖഭോഗങ്ങൾക്കുവേണ്ടി അതു തിരിച്ചു വിടുന്നവർ മനുഷ്യാധമന്മാരായിത്തീരുന്നു. ദൈവസേവനത്തിനായി അതു സമൎപ്പിക്കുന്നവർ ഏററം വലിയ വിശുദ്ധന്മാരായിത്തീരുന്നു. വി. അഗുസ്റ്റിൻ, മറിയംമഗ്ദലയിത്താ, കൊർത്തോണായിലെ മറിയം മുതലായവർ അങ്ങനെ വിശുദ്ധന്മാരായവരാണു്. മററുള്ളവരുടെ ചരിത്രം ഞാനിവിടെ വിവരിക്കുന്നില്ല.

"ഒരു പുരുഷൻ ഒരു സ്ത്രീയെയോ, ഒരു സ്ത്രീ ഒരു പുരുഷനേയോ നോക്കിയാൽ അഥവാ സ്പൎശിച്ചാൽ ഉടൻ പാപമായി എന്നു കരുതുന്നതു് അക്രമമാണു്. ദിവ്യരക്ഷകൻ പറഞ്ഞിരിക്കുന്നതു്: ഒരു സ്ത്രീയെ മോഹിക്കുവാൻ അവളെ നോക്കുന്ന ഏവനും ഉടനെതന്നെ ഹൃദയംകൊണ്ടു് അവളോടു വ്യഭിചാരം ചെയ്തുകഴിഞ്ഞിരിക്കുന്നു എന്നാണു്. അശുദ്ധോദ്ദേശ്യം പ്രവൃത്തിയെ മലിനമാക്കു

ന്നു. മോഹിക്കുവാൻവേണ്ടി ഒരു സ്ത്രീയെ നോക്കുന്നതു് ആരു്? എപ്പോൾ? കാമത്തിൽ പുകഞ്ഞു നടക്കുന്നവൻ തന്റെ അഭിലാഷ പൂർത്തിക്കുവേണ്ടി അലഞ്ഞു നടക്കുമ്പോഴാണു് നോട്ടംപോലും പാപമായിത്തീരുന്നതു്. അല്ലാത്തപ്പോൾ നല്ല ഉദ്ദേശത്തോടുകൂടി, ആവശ്യത്തെപ്രതി കാണുന്നതിലോ ഒന്നിച്ചു വസിക്കുന്നതിലോ പാപമില്ല. ഉദ്ദേശ്യ ശുദ്ധിയും ആവശ്യവും മാത്രം മതിയാകയില്ല; ഉതപ്പു് ഇല്ലാതിരിക്കുകയും വേണം. അടുക്കലടുക്കൽ കാണുന്നതും സംസാരിക്കുന്നതും പാപത്തിനു കാരണമായിത്തീരാമോ? പുരുഷനും പുരുഷനും തമ്മിലും സ്ത്രീയും സ്ത്രീയും തമ്മിലും പാപകരമായ ബന്ധങ്ങൾ ഉണ്ടാകാൻ പാടുണ്ടെന്നു സന്മാർഗ്ഗശാസ്ത്രജ്ഞന്മാർ പറഞ്ഞിരിക്കുന്നു. അതുകൊണ്ടു് അമിതമായ സംസാരവും സംസർഗ്ഗവും ആരുതമ്മിലായാലും സൂക്ഷിക്കേണ്ടതാണു്, പാപത്തിന്റെ പരിധിയിലേക്കു കടക്കാതിരിക്കുവാൻ. സ്ത്രീയും പുരുഷനും തമ്മിൽ അടുത്തു ജീവിക്കുന്ന ആധുനിക ലോകത്തിൽ അനാവശ്യവും അജ്ഞതാജന്യവുമായ ഭയം വെടിഞ്ഞു്, വിവേകത്തോടും അഭിജ്ഞനായ ആദ്ധ്യാത്മിക പിതാവിന്റെ അനുവാദത്തോടുംകൂടി പ്രവർത്തിക്കുന്നതാണു് ഏററം സുരക്ഷിതമെന്നു് എനിക്കു തോന്നുന്നു.

സമയം അർദ്ധരാത്രി കഴിഞ്ഞിരുന്നു. കിടക്കുവാൻ സമയമാണെന്നു മേരി അറിയിച്ചു. അവർ മൂന്നുപേരും എഴുന്നേററു കിടക്കമുറിയിലേക്കു പോയി.

# ടീലാർ കൃതികൾ

---

**പ്രഹസനങ്ങൾ 7.**

മോളി, മാമ്മോൻെറ വിക്രിയകൾ, ദേവകിയമ്മാൾ, കടന്നുപോകുന്ന യേശു, യേശുവും ശിഷ്യന്മാരും, The Commonite woman, അയിഷയുടെ സഖിമാർ.

**കഥാഗ്രന്ഥങ്ങൾ 6.**

ടീലാർ കഥകൾ ഒന്നാംഭാഗം, രണ്ടാംഭാഗം, മൂന്നാംഭാഗം, ഫ്രാൻസിസ്കൻ കഥകൾ, സേവനം, ലൂർദ്ദിലെ അത്ഭുതങ്ങൾ.

**ചരിത്രഗ്രന്ഥങ്ങൾ 6.**

മൂന്നു വിശുദ്ധന്മാർ, ഫ്രാൻസീസും ക്ലാരയും, ഫാദർ ജോൺ പൊററേടം, ഒരു ജീവിതത്തിൻെറ സൗരഭ്യം, ആധുനികശതകത്തിലെ കൊച്ചുവിശുദ്ധൻ, വി. മാർട്ടിൻ ഡിപോറസ്.

**പലവക 12.**

സാമുദായിക വിചിന്തനങ്ങൾ, സദാനന്ദ, ആധുനികപ്രശ്നങ്ങൾ, മനസാക്ഷി, വിവാഹം ജനനനിയന്ത്രണം, പ്രലോഭനങ്ങൾ, ക്രിസ്തീയ കുടുംബം, പൊതു സുനഹദോസുകൾ, Lumi solar perpetual calendar, അന്ധവിശ്വാസമോ?, അമ്മച്ചി.

B2872

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. 200 Acc. No. 13911

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

200
TIE-A

[redacted]
13911

ടീലാർ, ജി. സി.

അമ്മച്ചി.

KOTTAYAM PUBLIC LIBRARY

Call No. 200 Acc. No. 13911

r. ടീലാർ . ജി. ന്വി.

അന്വേച്ചി.